
www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ് ജന്മശതാബ്ദി സ്മരണിക



www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ്




## ജന്മശതാബ്ദി സ്മരണിക

തിരുവല്ലാ രൂപത

# 1894 - 1994

www.malankaralibrary.com



മലങ്കര കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ

www.malankaralibrary.com




പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

www.malankaralibrary.com



പരിശുദ്ധ പതിനൊന്നാം പീയൂസ് മാർപ്പാപ്പ

www.malankaralibrary.com



പുനരൈക്യ പുണ്യശില്പി
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

www.malankaralibrary.com



യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത
തിരുവല്ലാ രൂപതയുടെ അടിസ്ഥാന ശില്പി

www.malankaralibrary.com



തോമസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

www.malankaralibrary.com




ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാൻ

www.malankaralibrary.com



സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത
തിരുവല്ലാ രൂപതയുടെ ത്രിതീയ മെത്രാൻ

www.malankaralibrary.com




ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത
തിരുവല്ലാ രൂപതയുടെ നാലാമത്തെ മെത്രാൻ

www.malankaralibrary.com




ആർച്ച് ബിഷപ്പ് ലെയോ കീർക്കൻസ്
1930-കളിലെ ഇന്ത്യയുടെ ഡെലഗേറ്റ് അപ്പസ്തോലിക്ക

www.malankaralibrary.com




അഭിവന്ദ്യ ആർച്ച് ബിഷപ്പ്
ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

www.malankaralibrary.com



ഗീവർഗീസ് മാർ തീമൊത്തെയോസ് മെത്രാപ്പോലീത്ത
രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com



പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത

www.malankaralibrary.com



ലോറൻസ് മാർ അപ്രേം
തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ

www.malankaralibrary.com




ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ



പുലിക്കോട്ട് ജോസഫ് റമ്പാൻ

www.malankaralibrary.com

# രൂപതയുടെ ആദ്യകാല തേരാളികൾ




വെ. റവ. ഫാ. ഗീവർഗീസ്
ഒ.ഐ.സി.



മോൺ. തോമസ് വടശ്ശേരി



മോൺ.സഖറിയാസ് വാച്ചാപറമ്പിൽ



മോൺ. ജോൺ കച്ചിറമറ്റം



മോൺ. മാത്യു നെടുങ്ങാട്ട്


www.malankaralibrary.com



റമ്പാൻ ജോൺ മേളാംപറമ്പിൽ,



വെ. റവ. ഫാ. ജോർജ് വർഗീസ് പാലത്തിങ്കൽ (മുൻ വികാരി ജനറാൾ)



വെ. റവ. ഫാ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ (മുൻ വികാരി ജനറാൾ)

www.malankaralibrary.com



വെ. റവ. ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ
(വികാരി ജനറാൾ)

www.malankaralibrary.com



ആദ്യം പുനരൈക്യപ്പെട്ട അഞ്ചുപേരിൽ ജീവിച്ചിരി
ക്കുന്ന ഏക വ്യക്തി ഫാ. ജോൺ ഒ.ഐ.സി.

വെ. റവ. ഫാ. ജറോം ഒ.ഐ.സി.
ബഥനി സുപ്പീരിയർ ജനറാൾ



www.malankaralibrary.com



ആദ്യം പുനരൈക്യപ്പെട്ട അഞ്ചുപേരിൽ ജീവിച്ചിരി
ക്കുന്ന ഏക വ്യക്തി ഫാ. ജോൺ ഒ.ഐ.സി.

വെ. റവ. ഫാ. ജറോം ഒ.ഐ.സി.
ബഥനി സുപ്പീരിയർ ജനറാൾ



www.malankaralibrary.com



റവ. സി. ഫിലോമിന
എസ്.ഐ.സി.
ബഥനി സന്യാസ സമൂഹം മദർ ജനറാൾ



മദർ ഇമ്മാക്കുലേറ്റ് ഡി.എം.
മേരി മക്കൾ സന്യാസിനി സമൂഹം
മദർ ജനറാൾ



റവ. സി. മേരി ശോശാമ്മ
ഒ.എസ്.എസ്.
ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്
റീജിയണൽ ലീഡർ



മദർ ജെയിൻ എസ്.ഐ.സി.
പ്രൊവിൻഷ്യാൾ,
തിരുവല്ലാ പ്രോവിൻസ്



റവ. സി. സ്റ്റേഫാനി ഡി.എം.
പ്രൊവിൻഷ്യാൾ,
സെൻറ് മേരീസ് പ്രൊവിൻസ്



റവ. സി. സ്റ്റെല്ലാ ഡി.എം.
പ്രൊവിൻഷ്യാൾ,
സെൻറ് ജോസഫ്സ് പ്രൊവിൻസ്

www.malankaralibrary.com



ഫാ. ചെറിയാൻ താഴമൺ
ചീഫ് എഡിറ്റർ

www.malankaralibrary.com


# എഡിറ്റോറിയൽ ബോർഡ്



സി. ജിയോവാനി (അസി. മദർ ജനറാൾ) വെ. റവ. ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ (വികാരി ജനറാൾ), ഗീവർഗീസ് മാർ തീമൊത്തെയോസ് മെത്രാപ്പോലീത്ത, ഫാ. ചെറിയാൻ താഴമൺ (ചീഫ് എഡിറ്റർ)

*നില്ക്കുന്നവർ:* ഷിബു വർഗീസ് (എം.സി.വൈ.എം. കേന്ദ്ര സമിതി പ്രസിഡൻറ്), പ്രൊഫ. മോഹൻ പി. തോമസ്, ഫാ. മത്തായി കടവിൽ ഒ.ഐ.സി. (എം.സി.വൈ.എം. രൂപതാ ഡയറക്ടർ), കെ. ജെ. പീറ്റർ കീയ്യാലിൽ (ഐക്യദീപം മാനേജിംഗ് എഡിറ്റർ), എം. എം. റെജി (എം.സി.വൈ.എം. ജനറൽ സെക്രട്ടറി)


www.malankaralibrary.com



വാളക്കുഴിയിൽ
ജോസഫ് അച്ചൻ
തിരുമേനി
വൈദികനായിരുന്നപ്പോൾ




വാളക്കുഴയിൽ
ജോസഫ് റമ്പാൻ





വാളക്കുഴിയിൽ ജോസഫ് മാർ
സേവേറിയോസ് മെത്രാപ്പോലീത്ത

www.malankaralibrary.com



തിരുമേനിയുടെ ജന്മഗൃഹം. വാളക്കുഴി പാതിക്കാട്ട് ഭവനം





തിരുമേനിയുടെ മാതാപിതാക്കൾ
വാളക്കുഴിയിൽ ഉമ്മച്ചനും അക്കാമ്മയും



തിരുമേനി അമ്മയോടൊപ്പം
പരിശുദ്ധ മാർപ്പാപ്പ സമ്മാനിച്ച ജപമാല
അമ്മയുടെ കൈയ്യിൽ

www.malankaralibrary.com



# EDITORIAL BOARD

**CHIEF EDITOR** - FR. CHERIAN THAZHAMON

**MEMBERS** - FR. MATHAI KADAVIL O.I.C.

SR. GIOVANI S.I.C.

MR. SHIBU VARGHESE

PROF. MOHAN P. THOMAS

MR. PETER KEEYALIL

MR. M. M. REJI



DESIGN - BEAM, KTM. PH (0481) 563554

TYPESETTING - GRAPHIC SYSTEMS

OFFESET PRINTING - S. M. PROCESS, EKM.

PRINTING - ST. JOSEPHS PRINTING HOUSE

TIRUVALLA

www.malankaralibrary.com

# എഡിറ്റോറിയൽ

തിരുവല്ല,
**06-04-1994**

**കലുഷിതമായ** കടലിൽ മലങ്കര സഭാ നൗകയെ നയിക്കുവാൻ സഭാ നേതൃത്വം കണ്ടെത്തിയ കരുത്തനായ ആചാര്യ ശ്രേഷ്ഠൻ. ബോദ്ധ്യങ്ങൾക്കുവേണ്ടി മാറാതെ മലപോലെ ഉറച്ചുനിന്നവൻ. സത്യാന്വേഷണ കുതുകി. വിദ്യാദേവിയുടെ താരാട്ടു ഗായകൻ. പുനരൈക്യ പ്രസ്ഥാനത്തിൻെറ അന്തകനാകുവാൻ അരയും തലയും മുറുക്കിയിറങ്ങിയ 'അഭിനവ ശൗൽ' സത്യത്തിൻെറ (മനസാക്ഷിയുടെ) മുൻപിൽ അധികാര ശൃംഗങ്ങൾ തൃണവൽഗണിച്ച സാത്വി. പരുമല പരിത്യജിച്ചിറങ്ങിയ പുണ്യവാൻ. പതിനായിരങ്ങളെ സത്യവിശ്വാസ തുറമുഖത്തണച്ച കപ്പിത്താൻ. ജനഹൃദയങ്ങളെ സ്പർശിക്കാൻ കഴിവുള്ള മാന്ത്രികൻ. ലളിത ജീവിതവും ഉന്നത ചിന്തയും പുലർത്തിയ മഹാത്മാവ്. മലങ്കര മക്കളുടെ മനസ്സിൽ എന്നെന്നും പച്ചപിടിച്ചു നിൽക്കുന്ന അതുല്യ പ്രതിഭ. അജഗണത്തിനുവേണ്ടി അന്ത്യംവരെ അദ്ധ്വാനിച്ച ഇടയൻ. അനേകരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ആ അതുല്യ വ്യക്തിത്വത്തെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ നാം ബാദ്ധ്യസ്ഥരാണ്. അതിനുള്ള എളിയൊരു ശ്രമമാണീ സ്മരണിക. ഇതിലെ ലേഖനങ്ങൾ രണ്ടുതരമായി ഗണിക്കാം. ഗവേഷണ ബുദ്ധ്യാ എഴുതപ്പെട്ട ചരിത്ര ലേഖനങ്ങളും ഹൃദയവികാരങ്ങളെ പകർത്തുന്ന അനുഭവ സാക്ഷ്യങ്ങളും. ഹൃദയവികാരങ്ങൾ കടലാസിലേക്കു പകരുമ്പോൾ മങ്ങലുണ്ടാകാം. ചരിത്ര സംഭവങ്ങൾ വസ്തുനിഷ്ഠമാണ്. വിശകലനത്തിൽ വ്യക്തി നിഷ്ഠത കടന്നുവരാം. പരിപൂർണ്ണത അവകാശപ്പെടാനാവില്ല. പോരായ്മകൾ പൊതിരെ കാണും. കുറഞ്ഞ സമയംകൊണ്ടൊരു സാഹസം ചെയ്ത സംതൃപ്തി. സഹായിച്ചവർ അനേകരാണ്. അനുഗ്രഹിച്ചവർ അനവധിയാണ്. കടപ്പാട് കടമായി കിടക്കട്ടെ. നന്ദി അതു മാത്രമാണെൻ ഹൃദയവിചാരം.

ഫാ. ചെറിയാൻ താഴമൺ
ചീഫ് എഡിറ്റർ

www.malankaralibrary.com

## ഉള്ളടക്കം

The Holy Sage – A. P. Pushpagiri

ഓർമ്മകളിൽ നിന്ന്

*– ഗീവർഗീസ് മാർ തീമൊത്തെയോസ് മെത്രാപ്പോലീത്ത*

ഒരു അനുസ്മരണം

*– പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത*

അല്പം ചരിത്രം

*– ഫാ. ചെറിയാൻ താഴമൺ*

മാർ സേവേറിയോസ് പരിശുദ്ധ കാതോലിക്കാബാവായ്ക്ക് അയച്ച കത്ത്

*– സമ്പാ. ഫാ. ചെറിയാൻ മാമ്പ്രക്കുഴി*

പുണ്യശ്ലോകനായ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

*– മോൺ. മാത്യു മണ്ടുങ്ങാട്ട്*

ആർച്ചുബിഷപ്പ്–ബിഷപ്പ് മാർ സേവേറിയോസും, മോൺ. തോമസ് വടശ്ശേരിയും

*– വി. കിളിച്ചിമല*

മിഷണറി പ്രവീണനായ ശ്രേഷ്ഠാചാര്യൻ

*– പീറ്റർ കിഴ്വാലിൽ*

ബഥനി മക്കളുടെ മനസിൽ തിളങ്ങുന്ന മാർ സേവേറിയോസ് തിരുമേനി

*– സി. ജിയോവാനി* S. I. C.

പൗവ്വത്ത് വല്ല്യപ്പന്റെ ഓർമ്മക്കുറിപ്പിൽ നിന്ന്

*– സമ്പാ. ആന്റണി പൗവ്വത്ത്*

വാളക്കുഴിയിൽ മെത്രാച്ചൻ അനുസ്മരണകം

*– ഫാ. അലക്സാണ്ടർ പയ്യമ്പള്ളിൽ*

ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം, എക്യുമെനിക്കൽ സമീപനത്തിന് വിഘാതമായിരുന്നോ?

*– ഫാ. ചെറിയാൻ രാമനാലിൽ*

www.malankaralibrary.com


ക്ഷമാപണ പൂർവ്വം മാർ സേവേറിയോസിന് (കവിത)

- ജ്ഞാനദാസ്

പുനരൈക്യത്തിനു മുമ്പ് മാർ സേവേറിയോസ് തിരുമേനി പരിശുദ്ധ മാർപാപ്പാ തിരുമേനിക്ക് അയച്ച കത്തിന്റെ കോപ്പി

- സമ്പാ:- എം. എം. റെജി

ഒരു ഓർമ്മ.

- ഫാ. അബ്രഹാം പനയ്ക്കാമിററം

ആടുകളെ അടുത്തറിയുന്ന അജപാലൻ

- M. O. വർഗീസ് മേളാംപറമ്പിൽ

പൗരോഹിത്യ കൂട്ടായ്മയും എക്യുമെനിക്കൽ ഐക്യവും

- ഫാ. അലക്സ് പയ്യമ്പള്ളി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൗലോസ് അപ്പോസ്തോല പിതാവായ ആർച്ച് ബിഷപ്പ്-ബിഷപ്പ് വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

- വി. ജോർജ് ഇരുമേട, ചെങ്ങരൂർ

എല്ലാവരും ഒന്നാകേണ്ടതിന് പ്രാർത്ഥിച്ച മഹാത്മാവ്

- ഫാ. ജോൺ ബോസ്ക്കോ O. I. C

Remembering A Great Benefactor

- C. T. Simon Bangalore

അനുഗ്രഹിക്കൂ (കവിത)

- ഫാ. ചെമ്പകത്തച്ചൻ

അഭിനവ സാവൂരം

- ഫാ. ജയിക്കബ് വലിയപറമ്പിൽ

മാർ സേവേറിയോസ് തിരുമേനി

- സമ്പാ: സോമൻ താഴമൺ

പരിധിയും, പരിമിതിയും ഇല്ലാത്ത ആത്മാർപ്പണം

- M. M. സൈമൺ, കോട്ടൂർ

ആനിക്കാട്ടിന്റെ അഭിമാനമായ അഭിവന്ദ്യ മാർ സേവേറിയോസ്

- ഫാ. സ്ക്കറിയാ വട്ടമററം

www.malankaralibrary.com

അഭിവന്ദ്യ മാർ സേവേറിയോസ് മെത്രപ്പോലീത്ത-സ്നേഹനിധിയായ പിതാവ്,
തീക്ഷ്ണമതിയായ ഇടയൻ

– ഫാ. കുറിയാക്കോസ് പടിഞ്ഞാറെമണ്ണിൽ.

മലങ്കര സഭ ഇന്ന്

– ഫാ. മത്തായി കടവിൽ O. I. C.

മാർ സേവേറിയോസ് സ്മാരകങ്ങൾ

– പുന്നൻ വാളക്കുഴി

അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി ബഥനിയുടെ ഒരു രക്ഷാധികാരി

– ഫാ. പക്കോമിയോസ് O.I.C

നമ്മെ നയിച്ച പിതാക്കന്മാർ

– ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ

മാർ സേവേറിയോസ് മെത്രാപ്പോലിത്താ സ്ഥാപിച്ച ഇടവകകൾ

– ബാബു കല്ലുങ്കൽ

തിരുവല്ലാ രൂപത –ഒരു വിഹഗ വീക്ഷണം

– ജേക്കബ് M. എബ്രഹാം

****

www.malankaralibrary.com

# THE HOLY SAGE

In a mount adorned with green serene,
Flowers, big and small, colourful blossom all around.
Emanating fragrance of Heavenly grace,
Lived a sage loved by God and man.

Star knit veil, whole head covered,
Pectoral cross under snow white beard,
Rabbinic gown, the body all covered,
Lived the holy sage in prayer and love divine !!

Years hundred back, was born a child
On the banks of 'Manimala', destined great and holy.
The child grew up in age and wisdom, shone,
Like Rising Sun in Malankara, name 'Mar Severios'.

With the setting of the sun, darkness feared to creep in
Where the light of his life, sparkled holy and bright
Gave birth to "PUSHPAGIRI", to serve the sick and suffering,
On the 'Little Flower Mount', where he trampled years long.

Here, priests, nuns and faithful, in the Lord's service
Do work of divine charity, for the sick and suffering,
We believe the sage's blessings, will fall
Like Summer showers, on all the good work yet to come.

- A. P. Pushpagiri

www.malankaralibrary.com

# ഓർമ്മകളിൽ നിന്ന്

ഗീവറുഗീസ്
മാർ തിമോത്തിയോസ്
മെത്രാപ്പോലീത്താ

സ്മരണകൾ എന്നും ഉത്തേജകമാണ്. അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനിയെക്കുറിച്ചുള്ള ഓർമ്മ എന്നും ജീവിതത്തിൽ പച്ചപിടിച്ചു നിൽക്കുന്നു. ഞങ്ങളുടെ പുനരൈക്യത്തോടുകൂടിയാണ് ആ ബന്ധം ആരംഭിക്കുന്നത്. അന്ന് ഞങ്ങൾ യാക്കോബായ സഭയിലായിരുന്നു നിന്നിരുന്നത്. കത്തോലിക്കാ പുനരൈക്യത്തെക്കുറിച്ചു എന്റെ പിതാവ് ബ. ജേക്കബ് ചുണ്ടേവാലേൽ അച്ചനുമായി മാർ സേവേറിയോസ് തിരുമേനി നേരത്തേ സംസാരിച്ചിരുന്നു. എന്തുകൊണ്ടോ ആ കാര്യം ജേക്കബച്ചൻ നീട്ടിവെക്കുകയാണുണ്ടായത്. ഒരു ദിവസം കോട്ടയത്തുകൂടി അച്ചൻ നടന്നു പോകുമ്പോൾ കാറിൽ വന്ന തിരുമേനി സമീപേ വണ്ടി നിർത്തിയിട്ടു ചോദിച്ചു. "ജേക്കബച്ചാ, ഇനി എന്താണു താമസം ? എന്നോടുകൂടി കാറിൽ കയറിക്കൊള്ളുക" എന്ന്. അച്ചനെ അന്നു കൂട്ടിക്കൊണ്ടുപോയത് തിരുവല്ലായ്ക്ക് ആയിരുന്നു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിനുശേഷമാണ് പിറേറ ദിവസം അച്ചൻ ഭവനത്തിൽ വന്നത്. അതേ തുടർന്ന് ഞങ്ങളുടെ കുടുംബം മുഴുവനും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയുണ്ടായി.

അച്ചന്റെ നിർദ്ദേശ പ്രകാരം വന്ദ്യ തിരുമേനിയെ കാണാൻ ഞാൻ പലപ്പോഴും തിരുവല്ലായ്ക്കു പോയിട്ടുണ്ട്. ചെറുപുഷ്പഗിരിയിലായിരുന്നു അന്നത്തെ മെത്രാസന മന്ദിരം. ചില സന്ദർഭങ്ങളിൽ പിതാവിനെ കണ്ട കാര്യം ഇപ്പോഴും മനസ്സിൽ തളിരിട്ടു നിൽക്കുന്നു. എന്നെ പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്ന സംഗതി കേവലം ഹൈസ്കൂൾ വിദ്യാർത്ഥിയായ ഞാൻ മനസ്സിലാക്കിയിരുന്നില്ല.

S. S. L. C പരീക്ഷയ്ക്കു ചേർന്നു കഴിഞ്ഞു ഒരിക്കൽ അരമനയിൽ ചെന്നപ്പോൾ പിതാവു എന്നെ വിളിച്ചു ചോദിച്ചു: " S. S. L. C പാസായി കഴിഞ്ഞാൽ നീ എന്താണു ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ? തുടർന്നു പഠിക്കണമോ? ഒരദ്ധ്യാപകനാകണമോ ? ... ഒന്നും വേണ്ടാ, നീയൊരു വൈദികനായാൽ മതി". വൈദികനാകാനുള്ള ക്ഷണം അങ്ങനെയാണ് ആദ്യമായി എനിക്കു കിട്ടുന്നത്. ദൈവത്തിൽ നിന്നുള്ള വിളിയായി ഞാൻ അതെടുത്തു. വന്ദ്യ പിതാവിലൂടെ ലഭിച്ച ആ ദൈവവിളിക്കു മറുപടി നല്കാതിരിക്കാൻ പ്രയാസമായിരു

www.malankaralibrary.com

ന്നു. അതായിരുന്നു എന്റെ ദൈവവിളിയുടെ ആരംഭം.

1944-ൽ ഞാൻ മൈനർ സെമിനാരിയിൽ ചേർന്നു. പിതാവിനോടു അടുത്തു ജീവിച്ച കാലഘട്ടമാണ് തുടർന്നു ലഭിച്ചത്. അടുക്കുന്തോറും ആ ജീവിതത്തിന്റെ മാറ്റേറുന്നതായി തോന്നി. പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു പിതാവ്. നോമ്പും ഉപവാസവും കർശനമായി പാലിച്ചിരുന്നു. കഷ്ടാനുഭവ ആഴ്ചയിൽ തിരുമേനിയോടൊത്തു ശുശ്രൂഷയ്ക്കു കൂടുവാൻ പല സ്ഥലത്തും ഞാൻ പോയിട്ടുണ്ട്. എത്ര തളർന്നു പോയാലും ഉപവാസം ലംഘിക്കുവാൻ അനുവദിച്ചിരുന്നില്ല. പലപ്പോഴും രാത്രികാലങ്ങളിൽ മുകളിൽ ചാപ്പലിൽ നിന്നു പിതാവിന്റെ പ്രാർത്ഥന കേശക്കാൻ സാധിച്ചു. കരഞ്ഞുകൊണ്ടു പിതാവു പ്രാർത്ഥിക്കുന്നത് താഴെ കിടന്നിരുന്ന ഞങ്ങൾ കേട്ടിട്ടുണ്ട്.

സ്നേഹമുള്ള ഒരു പിതാവായിരുന്നു തിരുമേനി. നല്ല ഭക്ഷണ സാധനങ്ങൾ ആരെങ്കിലും കൊണ്ടുവന്നു കൊടുത്താൽ സെമിനാരിക്കാരുമായി പങ്കുവെയ്ക്കുമായിരുന്നു. ആ സ്നേഹവാത്സല്യം ഒന്നോ രണ്ടോ തവണയല്ല നിരവധി പ്രാവശ്യമാണ് ഞങ്ങൾ നുകർന്നിട്ടുള്ളത്.

അഭിവന്ദ്യ പിതാവിന്റെ പ്രേഷിത ചൈതന്യം എല്ലാവർക്കും അനുഭവമുള്ള ഒരു കാര്യമായിരുന്നു. പലപ്പോഴും പിതാവിനോടൊത്തു വി. കുർബാനയ്ക്കു കൂടുവാൻ പോകുമ്പോൾ ഇതു കണ്ടറിഞ്ഞിട്ടുള്ളതാണ്. യാത്രയ്ക്കിടയിൽ പരിചയമുള്ള ഏതെങ്കിലും ഒരു അകത്തോലിക്കാ ഭവനമോ ഒരു അകത്തോലിക്കാ വ്യക്തിയേയോ കണ്ടുമുട്ടിയാൽ അവരോടു സ്നേഹപൂർവ്വം പുനരൈക്യത്തെക്കുറിച്ചു പറയുമായിരുന്നു ആ സംസാരത്തിൽ എപ്പോഴും ആത്മീയത നിറഞ്ഞിരുന്നു. അനേകായിരങ്ങൾ അന്നു പുനരൈക്യപ്പെട്ടതിന്റെ രഹസ്യം മറ്റൊന്നായിരുന്നില്ല.

പുഷ്പഗിരി അരമനയുടെ മുററത്ത് മാവിന്റെ ചുവട്ടിൽ ഒരു ചാരുകസേര ഇട്ടു കിടക്കുമ്പോൾ പെററി സെമിനാരി വിദ്യാർത്ഥികളായ ഞങ്ങളെ വിളിക്കുകയും നല്ല ഉപദേശങ്ങൾ തരികയും ചെയ്തിട്ടുണ്ട്. ആ ഉപദേശങ്ങൾ ഇപ്പോഴും ചെവികളിൽ മുഴങ്ങുകയും ചൈതന്യം പകരുകയും ചെയ്യുന്നു. താദൃശ്യ ഉപദേശങ്ങൾ ശ്രവിച്ച പുറത്തുനിന്നുള്ള സന്ദർശകരിൽ ചിലരെങ്കിലും പുനരൈക്യപ്പെട്ടതായി അറിഞ്ഞിട്ടുണ്ട്.

മററുള്ളവരെക്കുറിച്ചു വളരെ കരുതലുള്ളവനായിരുന്നു പിതാവ്. കാൻഡിയിലെ പേപ്പൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ ഞാൻ വൈദികനായി തിരിച്ചെത്തി. നവ വൈദികനെന്ന നിലയിൽ പല പള്ളികളിലും ഞാൻ കുർബാന ചൊല്ലാൻ പോയി. നീളം കുറഞ്ഞ കാപ്പാസെററു മാത്രമേ പള്ളികളിൽ കിട്ടാറുണ്ടായിരുന്നുള്ളു. അതു എനിക്കു ചേരുമായിരുന്നില്ല. കാര്യം മനസ്സിലാക്കിയ പിതാവ് എനിക്കു പററിയ ഒരു കാപ്പ തൈപ്പിക്കുവാൻ അന്നു നാല്പതു രൂപാ എടുത്തു തന്നത് ഞാൻ ഓർക്കുന്നു. വലിയ സാമ്പത്തിക ബുദ്ധിമുട്ടിലൂടെ രൂപതയ്ക്കു അന്നു കടന്നു പോകേണ്ടിയിരുന്നു. എന്നിട്ടും തിരുമേനി കാട്ടിയ ഉദാരത എന്നും മായാതെ നിലകൊള്ളുന്നു,

അമയന്നൂർ പള്ളിയിൽ സഹായ വൈദികനായി ജോലി ചെയ്തു കൊണ്ടിരുന്നപ്പോൾ ഒരാൾ നിത്യ കുർബാനയ്ക്കു നൂറുരൂപാ പള്ളിയിൽ ഏല്പിച്ചു. എന്നോടു ആ തുക വാങ്ങിക്കൊണ്ടു തിരുമേനി കല്പിച്ചു: "നമുക്കിവിടെ ബുദ്ധിമുട്ടാണ്, ആ രൂപാ അരമനയിൽ ഏല്പിച്ചേക്കുക, നിത്യക്കുർബാന പള്ളിച്ചെലവിൽ നടത്തുവാൻ നാം കല്പിക്കുന്നു". എത്രയോ ബുദ്ധിമുട്ടുകളിലൂടെയാണ് ആ ജീവിതം മുന്നേറിയത്. ആ ധന്യജീവിതം എനിക്കൊരു പ്രചോദനമായിരുന്നു.

പുനരൈക്യത്തിന്റെ രജതജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുവാൻ അഭിവന്ദ്യ തിരുമേനിക്കു സാധിച്ചില്ല. ആ ആഘോഷങ്ങൾ ആസൂത്രണം ചെയ്തിട്ടാണ് പിതാവ് ദിവംഗതനായത്. രജതജൂബിലി വത്സരം ഉൽഘാടനം ചെയ്തു കൊണ്ട് അവിടുന്നു പ്രസംഗിച്ചു: "മക്കളേ, നമ്മളിപ്പോൾ ഒരു ലക്ഷം വിശ്വാസികൾ ആയിട്ടുണ്ട്, ഈ ജൂബിലി വത്സരത്തിൽ നമുക്കത് രണ്ടു ലക്ഷ മാക്കണം. അതിനായി ഓരോ വ്യക്തിയും മറെറാരാളെക്കൂടി പുനരൈക്യപ്പെടുത്തുവാൻ ശ്രമിക്കണം ". ഈ ജന്മശതാബ്ദി ആഘോഷിക്കുന്ന അവസരത്തിൽ ഈ വാക്കുകൾ നമുക്കു പ്രചോദനം നല്കട്ടെ. മരിക്കുന്നതിനുമുമ്പു ധ്യാനാവസരത്തിൽ തിരുമേനി വൈദികരോടു പറഞ്ഞ വാക്കുകൾ നാം ഇപ്പോഴും ഓർക്കണം. "ബഹുമാനപ്പെട്ട അച്ചന്മാരേ, നമ്മൾ ജോലിചെയ്തു കൊണ്ടു മരിക്കണം". അവസാനംവരെ കർത്താവിന്റെ ജോലി ചെയ്തുകൊണ്ടു ആ വന്ദ്യദേഹം ഇഹലോകവാസം വെടിഞ്ഞു.

***

www.malankaralibrary.com

# ഒരു അനുസ്മരണം

കാലം ചെയ്ത യൗസേഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നൂറാം പിറന്നാളാണ്. ആ അവസരത്തിൽ നാം അദ്ദേഹത്തെ ആഘോഷപൂർവ്വം അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അത് തിരുവചനത്താൽ നിർബന്ധിതമായ ഒരു കടമയാണ്. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ" (ഹെബ്രായ. 13:17) എന്ന് ഹെബ്രായാലേഖന കർത്താവു പറയുമ്പോൾ അതു നമ്മോടുള്ള ഒരു കല്പനയാണ്. അതിനാൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയുമാണ്.

മാർ സേവേറിയോസ് പിതാവിനെ അനുസ്മരിക്കുക എളുപ്പമാണ്. എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ചോ, പ്രവർത്തന ശൈലിയെക്കുറിച്ചോ പറയുക എന്നെ സംബന്ധിച്ച് പ്രയാസമേറിയ കാര്യമാണ്. കാരണം, ആ വന്ദ്യ പിതാവിനെ നേരിൽ കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. അദ്ദേഹം കത്തോലിക്കാ സഭയോടു പുനരൈക്യപ്പെട്ടപ്പോൾ ഞാൻ കേവലം ഒൻപതു വയസ്സുമാത്രമുള്ള ബാലനായിരുന്നു. അദ്ദേഹം കാലം ചെയ്യുമ്പോൾ, മലങ്കര സ്വതന്ത്ര സുറിയാനി സഭയിലെ ഒരു എവുപ്പദിയാക്കോനാണ് ഞാൻ. പ്രായമില്ലാഞ്ഞിട്ടല്ല അദ്ദേഹത്തെ കാണുവാൻ കഴിയാതെ പോയത്. മലങ്കര കത്തോലിക്കാ സഭയുമായിട്ട് യാതൊരു സൗഹാർദ്ദ ബന്ധം പോലുമില്ലാത്ത, ആ സഭയോടു ഒട്ടും താല്പര്യമില്ലാത്ത ഒരു സഭയിലെ അംഗമായതുകൊണ്ടുതന്നെയാണു കാണുവാൻ സന്ദർഭം ഉണ്ടാകാതിരുന്നത്. മറിച്ച്, യാക്കോബായ സഭയിലെ മെത്രാന്മാർ കുന്നുകുളത്തോ, അർത്താറ്റോ വന്നു എന്നറിഞ്ഞാൽ പോയി കാണുകയും കൈമുത്തി അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്ന പതിവ് എനിക്കുണ്ടായിരുന്നു.

മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ നേരിൽ കാണുകയും അദ്ദേഹത്തെ ശ്രവിക്കുകയും അദ്ദേഹത്തോടൊപ്പം വസിക്കുകയും, ശുശ്രൂഷ ചെയ്യുകയും ചെയ്തിട്ടുള്ള പലരിൽ നിന്നും ശ്രവിച്ചിട്ടുള്ള കാര്യങ്ങളാണ് ഈ അനുസ്മരണത്തിനുള്ള അവലംബം. രണ്ടു മൂന്നു കാര്യങ്ങളാണ് അദ്ദേഹത്തെക്കുറിച്ച് എന്റെ മനസ്സിൽ തെളിഞ്ഞു നില്ക്കുന്നത്.

പൗലോസ്
മാർ പീലക്സിനോസ്
മെത്രാപ്പോലീത്താ

www.malankaralibrary.com

അന്ത്യോക്യൻ ആരാധനക്രമത്തോട് പ്രത്യേക പ്രതിപത്തിയും അതിൻെറ ഉദാത്തമായ തനിമയിൽ അതിനെ നിലനിർത്തണമെന്നുള്ള അതിയായ ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു. റോമിൽ നിന്ന് അനുവാദം ഉണ്ടായിരുന്നെങ്കിലും അന്ത്യോക്യൻആരാധനാ ക്രമങ്ങൾ അതിൻെറ പരിപൂർണ്ണതയിൽ സംരക്ഷിക്കുവാൻ പല വൈഷമ്യങ്ങളും നിലനിന്നിരുന്ന കാലത്താണ് അദ്ദേഹം പുനരൈക്യപ്പെട്ടത്.

തിരുവല്ലാ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായിരുന്ന കാലം ചെയ്ത അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് രോഗാതുരനാകുകയും രൂപതാഭരണം നടത്തിക്കൊണ്ടു പോകുവാൻ കഴിയാതെ വരികയും ചെയ്തു. അപ്പോൾ പ്രഗത്ഭരായ ചില വൈദികരുടെ കരങ്ങളിലായിരുന്നു, രൂപതാ ഭരണത്തിൻെറ ചുക്കാൻ. അവരാകട്ടെ അന്ത്യോക്യൻ ആരാധനാ ക്രമങ്ങൾ വേണ്ടപോലെ മനസ്സിലാക്കാത്തവരും അതിനു സാഹചര്യം ലഭിക്കാത്തവരുമായിരുന്നു. തങ്ങൾ ജനിച്ചു വളർന്ന സമൂഹത്തിൻെറ ധാരണകളും ചിന്തകളും അവരിൽ കാണപ്പെടുക തികച്ചും സാധാരണമാണല്ലോ? യഥാർത്ഥ കത്തോലിക്കരാകുന്നതിന് അന്ത്യോക്യൻ ആരാധനാക്രമം അപര്യാപ്തമാണെന്നും ദണ്ഡവിമോചനമരുളുന്ന പ്രാർത്ഥനകളും പടിഞ്ഞാറൻ സഭയുടെ ഭക്താഭ്യാസങ്ങളുമാണ് അതിന് അനിവാര്യം എന്നുമുള്ള ചിന്തകൊണ്ട് യാമപ്രാർത്ഥനകളും വിശേഷ ദിവസങ്ങളിലെ പ്രത്യേക പ്രാർത്ഥനകളുമെല്ലാം കള്ള നാണയങ്ങളായി ചിത്രീകരിക്കപ്പെട്ടു. ഇങ്ങനെയുള്ള പശ്ചാത്തലത്തിലാണ് അദ്ദേഹം പുനരൈക്യപ്പെട്ടത്. അന്ത്യോക്യൻ ആരാധനാ ക്രമങ്ങളോട് ഇവ്വണ്ണമുള്ള സമീപനം തിരുമനസ്സിന് രുചിച്ചില്ലെന്നു മാത്രമല്ല, മനോ ദുഃഖത്തിനു കാരണമാകുകയു ചെയ്തു. എങ്കിലും യാതൊരു പ്രകോപനവും ഉണ്ടാകത്തക്കവിധത്തിൽ പെരുമാറിയില്ല എന്നുള്ളത് അദ്ദേഹത്തിൻെറ വ്യക്തി വിലാസത്തിൻെറ മകുടോദാഹരണമാണ്.

ഈ വിഷമ സന്ധിയിൽ തേഞ്ഞുമാഞ്ഞു പോവുകയും വികലമാക്കപ്പെടുകയും ചെയ്തു കൊണ്ടിരുന്ന അന്ത്യോക്യൻ ആരാധനാക്രമം കണ്ട് ഭഗ്നാശയനായ മാർ സേവേറിയോസ് പിതാവിന് അതിനെ പുനരുദ്ധരിച്ച് അതിൻെറ തനിമ പുനഃപ്രതിഷ്ഠിക്കുവാൻ വേണ്ട പ്രേരണാശക്തിയും മനോധൈര്യവും പകർന്നു കൊടുത്തു സഹായിച്ചത് എറണാകുളം അതിരൂപതയുടെ ഭാഗ്യസ്മരണാർഹനായ മാർ അഗസ്ററിൻ കണ്ടത്തിൽ തിരുമേനിയായിരുന്നു. അങ്ങനെ അന്ത്യോക്യൻ ആരാധനാക്രമം പരിപാലിക്കുവാനും പരിരക്ഷിക്കുവാനും മാർ സേവേറിയോസ് മെത്രാപ്പോലീത്തയ്ക്കു സാധിച്ചു.

വിദ്യാഭ്യാസ മേഖലയുടെ പ്രേഷിത സാദ്ധ്യത അനുഭവിച്ചറിഞ്ഞിരുന്ന അഭിവന്ദ്യ തിരുമേനി തിരുവല്ലാ രൂപതയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ അടിസ്ഥാനം ശക്തമാക്കി. ആരംഭകാലത്തെ എതിർപ്പുകളുടെയും പരാധീനതകളുടെയും പരിമിതികളുടെയും മദ്ധ്യത്തിൽ വളരെയധികം സ്കൂളുകൾ തുടങ്ങി എന്നത് അത്ഭുതാ വഹമായി തോന്നുന്നു.

നഷ്ടപ്പെട്ടുപോയ ആടിനെ തേടി അലയുന്ന നല്ല ഇടയൻെറ ഉത്തമ അപ്പസ്തോല പിൻഗാമിയായിരുന്നു വന്ദ്യ തിരുമേനി. വേർപെട്ടു നിന്നിരുന്ന സഹോദരങ്ങളെ യഥാർത്ഥ തൊഴുത്തിലേക്ക് നയിക്കുവാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. തൻെറ ഈ ദൗത്യ നിർവ്വഹണ മദ്ധ്യേയാണ് അദ്ദേഹം നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടത്. ആ വന്ദ്യ താതനെ നമുക്കു അനുസ്മരിക്കാം. "നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ്". (സുഭാഷിതം 10:7) എന്ന് ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോനും പറയുന്നുണ്ടല്ലോ ? അങ്ങനെ അനുഗ്രഹപ്രദമായ അദ്ദേഹത്തിൻെറ അനുസ്മരണ നമുക്കും അനുഷ്ഠിക്കാം. ആ വന്ദ്യ പിതാവിൻെറ പ്രാർത്ഥന നമുക്കു സംരക്ഷണവും മാർഗ്ഗ നിർദ്ദേശകവുമാകട്ടെ. ०००

www.malankaralibrary.com

# അല്പം ചരിത്രം

- ഫാ. ചെറിയാൻ താഴമൺ -

**തിരുവല്ലാ** രൂപതയുടെ ദ്വിതീയ അദ്ധ്യക്ഷനായിരുന്നു വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദിയാണ് 1994 ഏപ്രിൽ 7-ാം തീയതി വ്യാഴാഴ്ച. മല്ലപ്പള്ളി ദേവങ്കര മുറിയിൽ വാളക്കുഴി പാതിക്കാട്ട് ഭവനത്തിൽ 1894 ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച പുലരിയിൽ ജനിച്ച ശിശു ഭാവിയിൽ അനേകായിരങ്ങളെ സത്യവിശ്വാസത്തിലേക്കു നയിക്കുന്ന 'മലങ്കരയിലെ പൗലോസ്' ആയിത്തീരുമെന്ന് അന്ന് ആരും കരുതിയിരുന്നില്ല. മേയ്മാസം 18-ാംനു കല്ലൂപ്പാറ പുതിയടത്തു താഴത്തെ പീടികയിൽ തോമസ് കത്തനാർ ശിശുവിന് 'അയ്പ' എന്നു പേരു നല്കി ജ്ഞാനസ്നാനപ്പെടുത്തി. അദ്ദേഹം സ്നാനം ഏററ മാമോദീസാതൊട്ടി തന്നെയാണ് പാതിക്കാട് ഓർത്തഡോക്സ് പള്ളിയിൽ ഇപ്പോഴും ഉള്ളത്.

ശിശുവിന്റെ വളർച്ചക്ക് അനുസരിച്ചുള്ള വിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കളായ അക്കാമ്മയും ഉമ്മച്ചനും അതീവ ശ്രദ്ധാലുക്കളായിരുന്നു. പാതിക്കാട്ട് സ്ക്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം മല്ലപ്പള്ളി സി. എം. എസ്. സ്ക്കൂളിൽ ഇംഗ്ലീഷ് പഠനം ആരംഭിച്ചു. അദ്ദേഹത്തിന്റെ അദ്ധ്യാപകനായിരുന്ന പുത്തൂത്തറ യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക: ' ചുണയും ചൊടിപ്പുമുള്ള ഒരു ബാലനെ കൊണ്ടുവന്നു ചേർത്തു. ആ ബാലൻ വാളക്കുഴിയിൽ അയ്പേച്ചനായിരുന്നു. എന്റെ ക്ലാസിലാണ് ആദ്യമായി കൊണ്ടുവന്നാക്കിയത്. പ്രഥമ ദൃഷ്ടിയിൽത്തന്നെ ഉന്നത സ്ഥാനത്തുചെന്നെത്തുവാനുള്ള കഴിവ് ആ ബാലനിൽ ഞാൻ ദർശിച്ചു.... ഉത്സാഹം, പരിശ്രമം, വിനയം, ഔദാര്യശീലം ആദിയായ മഹത്ഗുണങ്ങൾ ആ ബാലന്റെ ബാല്യകാല സമ്പത്തായിരുന്നു''. 1909 മാർച്ചുമാസം 14-ാം തീയതി പാതിക്കാട്ട് ഇടവകയോഗം ചേർന്ന് അയ്പേച്ചനെ വൈദിക സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. ആ വർഷം തന്നെ ഏപ്രിൽ 15-ന് പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ കോട്ടയം ചെറിയ പള്ളിയിൽ വച്ച് അയ്പേച്ചന് ജോസഫ് എന്ന പേരിൽ കോറൂയോപട്ടം നല്കി. എം. ഡി. സെമിനാരിയിൽ പണിക്കരു വീട്ടിൽ ഫാ. പി. ററി. ഗീവർഗീസ് പ്രിൻസിപ്പാളും കയ്യാലത്ത് ശ്രീ. കെ. വി. ചാക്കോ ഹെഡ്മാസ്ററുമായിരുന്ന ആ കാലത്ത് കഥാപുരുഷൻ അവിടെ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കി.

സർവ്വകലാശാലാ പഠനത്തിനായി അദ്ദേഹം തൃശ്നാപ്പള്ളികോളജിൽചേർന്നു. എന്നാൽ പിന്നീട് സെറാമ്പൂർ കോളജിൽ എത്തി തത്വശാസ്ത്രത്തിൽ ബി. എ. ബിരുദംനേടി. 1921-ൽ ബ്രഹ്മവാറിൽ ഒരദ്ധ്യാപകനായും മിഷനറിയായും പ്രവർത്തിച്ചു. രണ്ടു വർഷം കഴിഞ്ഞ് അദ്ദേഹം തിരുവല്ല എം. ജി. എം ഹൈസ്ക്കൂളിൽ അദ്ധ്യാപകനായും ബോർഡിംഗ് മാനേജരായും നിയമിക്കപ്പെട്ടു. ഈ കാലത്താണ് അദ്ദേഹം മദ്ധ്യ തിരുവിതാംകൂറിലുള്ള അനേകായിരങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാനം നേടിയത്. 1929 ജനുവരി 8-ാം തീയതി വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. കഥാനായകൻ സ്വന്തം ഇടവകയായ പാതിക്കാട്ട് പള്ളിയുടെ വികാരിയായി സ്തുത്യർഹമായി ശുശ്രൂഷചെയ്തുവരവെ 1932 ഏപ്രിൽ 17-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ വച്ച് മലങ്കരയുടെ കാതോലിക്കാ ബാവായിൽ നിന്ന് റമ്പൻസ്ഥാനം സ്വീകരിച്ചു. തുടർന്ന് പഴയ സെമിനാരി മാനേജരായി നിയമിതനായി. ഭരണപാടവവും, സേവന തല്പരതയും ജീവിത വിശുദ്ധിയും അദ്ദേഹത്തിൽ ദർശിച്ച മലങ്കര സഭ അദ്ദേഹത്തെ മെത്രാപ്പോലിത്തായായി തെരഞ്ഞെടുത്തു. 1933 മെയ് 25-ാം തീയതി മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളി ആസ്

www.malankaralibrary.com

ഥാനമായുള്ള ഭദ്രാസനത്തിന്റെ അധിപനായി തിരുവല്ലാ ബഥനി പള്ളിയിൽ വച്ച് അദ്ദേഹത്തെ അഭിഷേചിച്ചു. പരുമല സെമിനാരി കേന്ദ്രമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. പുലിക്കോട്ടിൽ മാർ ദിവന്നാസിയോസിന്റെ നയവും, പരുമല കൊച്ചുതിരുമേനിയുടെ ജീവിത വിശുദ്ധിയും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഭരണനിപുണതയും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണവും മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതലാളിത്യവും മാർ സേവേറിയോസ് മെത്രാപ്പോലിത്തായിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു.

വൈദികനായിരുന്നപ്പോൾ മുതൽ അദ്ദേഹം കത്തോലിക്കാ സഭയുടെയും വിശിഷ്യ പുനരൈക്യ പ്രസ്ഥാനത്തിന്റെയും മുഖ്യ എതിരാളികളിൽ അമരക്കാരനായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ മരണമണി മുഴക്കിക്കൊണ്ട് അദ്ദേഹം മലങ്കരയിലാകമാനം ചുററിക്കറങ്ങി. യാക്കോബായ സഭയിലെ പ്രസംഗചാതുര്യമുള്ള വൈദികരെയും അത്മായരെയും അണിനിരത്തി കത്തോലിക്കാസഭയെ ഭത്സിക്കുവാനും തേജോവധം ചെയ്യുവാനുമായി അനേകം പ്രസംഗയോഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തെ തകർക്കുവാനായി തന്റെ ആവനാഴിയിലെ സർവ്വ അസ്ത്രങ്ങളും പ്രയോഗിക്കുന്നതിനിടയിലും തന്റെ ഉള്ളിൽ ഒരു വലിയ ആത്മിക വരൾച്ച അനുഭവപ്പെട്ടിരുന്നതായി പിൽക്കാലത്തുള്ള അദ്ദേഹത്തിന്റെ ചില കത്തുകളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കാം (cf. 1113 മീനമാസത്തിൽ കോതമംഗലത്തു നടത്തിയ പ്രസംഗം) കത്തോലിക്കാ സഭയെ എതിർക്കുവാനായി അദ്ദേഹം സഭകളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിരുന്നു. അദ്ദേഹവുമായി ബന്ധവും അടുപ്പവുമുണ്ടായിരുന്ന വാളക്കുഴി ശ്രീ. വി. ഓ. വർഗീസ് (തിരുമേനിയുടെ സഹോദരൻ) കയ്യാലാത്ത് ശ്രീ കെ. വി. മാത്യു (തിരുമേനിയുടെ സഹോദരി ഭർത്താവ്) കയ്യാലാത്ത് ശ്രീ. കെ. വി. ഏബ്രഹാം (ബാങ്കിലെ അവറാച്ചൻ) മേളാംപറമ്പിൽ ശ്രീ. ഉമ്മൻ തുടങ്ങി നേരത്തെതന്നെ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചിരുന്ന പലരുടെയും സംഭാഷണങ്ങളും ഇടപെടലുകളും കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അക്കാലത്ത് അദ്ദേഹത്തിന്റെ വിശ്വാസ പരമായ സംശയങ്ങൾ എഴുതി വാങ്ങിക്കൊണ്ട് നടുവിലേമുറിയിൽ ബഹുമാനപ്പെട്ട എൻ ജി. കുറിയാക്കോസ്, ബ. പ്ലാസിഡ് T. O. L. D. തുടങ്ങിയ പണ്ഡിതരായ വൈദികരുടെ പക്കലെത്തിച്ച് അവർ എഴുതി നല്കുന്ന ഉത്തരങ്ങൾ തിരികെ മാർ സേവേറിയോസ് തിരുമേനിയുടെ പക്കൽ എത്തിക്കുകയും ചെയ്യുക എന്ന സാഹസകൃത്യം നിറവേററിയിരുന്നത് അന്ന് യുവാവായിരുന്ന മേളാംപറമ്പിൽ ശ്രീ. എം. ഓ. വർഗീസ് (കൊച്ചുഞ്ഞ്) ആയിരുന്നു. (എം. ഒ. വർഗീസ് എം.ജി.എം. സ്കൂളിൽ കഥാപുരുഷന്റെ ശിഷ്യനായിരുന്നു) ആ സംഭവങ്ങൾ ഇന്നും അദ്ദേഹം രോമഞ്ചത്തോടെയാണ് ഓർക്കുന്നത്.

ദീർഘനാളത്തെ പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി അദ്ദേഹം പുനരൈക്യപ്പെടുന്നതിന് നിശ്ചയിച്ചു. പരുമല സെമിനാരിയിൽനിന്നും എങ്ങനെ ഇരുചെവി അറിയാതെ തിരുവനന്തപുരത്തെത്തും! അതിസാഹസികമായ ഒരു ദൗത്യം പുനരൈക്യ പ്രസ്ഥാനത്തിന്റെ ഏതാനും സാഹസികർ നിഷ്പ്രയാസം സാധിച്ചു. വാളക്കുഴി ശ്രീ. വി.ഒ. വർഗീസും, കയ്യാലാത്ത് ശ്രീ. കെ. വി. ഏബ്രഹാമും മേളാംപറമ്പിൽ ശ്രീ. ഉമ്മനും നടുവിലേമുറിയിൽ ബ. എൻ. ജി. കുറിയാക്കോസച്ചനും കൂടി കഥാപുരുഷനെ ഡിററക്ററീവ് നോവലുകളെ വെല്ലുന്ന സാഹസികരീതിയിൽ പരുമല സെമിനാരിയിൽനിന്നും തിരുവനന്തപുരത്ത് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പക്കലെത്തിച്ചു. ഈ സംഭവത്തെ വിവരിച്ചുകൊണ്ട് കയ്യാലാത്ത് ശ്രീ കെ. വി. ഏബ്രഹാം എഴുതിയ ഒരു കുറിപ്പിൽ മേളാംപറമ്പിൽ ശ്രീ ഉമ്മച്ചന്റെ സാമർത്ഥ്യമാണ് ഈ സാഹസം വിജയപ്രദമാക്കാൻ സഹായിച്ചതെന്നും അന്നത്തെ സംഭവങ്ങൾ ഒരു കിനാവുപോലെ തോന്നിപ്പോകുന്നുവെന്നും എഴുതിയിട്ടുണ്ട്. (പ്രസ്തുത കുറിപ്പിന്റെ കയ്യെഴുത്തു പ്രതി ലേഖകന്റെ പക്കൽ ഇപ്പോഴുമുണ്ട്).

ശ്രീ. കെ. വി. ഏബ്രഹാമിന്റെ സഹോദരൻ ശ്രീ. കെ. വി. ചാക്കോ (എം. ഡി സെമിനാരി ഹെഡ്മാസ്ററായിരുന്ന ആൾ) നേരത്തെ തന്നെ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. എന്നാൽ

www.malankaralibrary.com

ഭാര്യയും മക്കളും ചേർന്നിരുന്നില്ല. കെ. വി. ചാക്കോ രോഗിയായപ്പോൾ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ വരുത്തി കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിച്ച് നല്ല കത്തോലിക്കനായി മരിച്ചു. ഒരു കത്തോലിക്ക മൃതസംസ്ക്കാരം ലഭിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അന്ന് മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാ സഭയ്ക്കെതിരായുള്ള വിരോധത്താൽ എരിഞ്ഞിരുന്ന കാലമായിരുന്നു. അദ്ദേഹം ശ്രീ. കെ.വി. ചാക്കോയുടെ മൃതശരീരം ബലാല്ക്കാരമായി പാതിക്കാട്ട് യാക്കോബായ പള്ളിമുററത്ത് കൊണ്ടുപോയി സംസ്കരിച്ചു. (ഈ സംഭവത്തെക്കുറിച്ച് ശ്രീ. കെ. വി. ഏബ്രഹാമിൻെറ കയ്യെഴുത്തുകുറിപ്പിൽ സവിസ്താരം പ്രതിപാദിച്ചിട്ടുണ്ട്). തൻെറ സഹോദരനോട് കടുംകൈ ചെയ്ത മാർ സേവേറിയോസ് തിരുമേനിയോട് 1937 നവംബർ 29-ാം തീയതി ശ്രീ. കെ.വി. ഏബ്രഹാം മധുരമായി പ്രതികാരം ചെയ്തു. അന്നാണ് അദ്ദേഹം കൂടി കഥാപുരുഷനെ തിരുവനന്തപുരത്തെത്തിച്ച് കത്തോലിക്കാ സഭയിൽ ചേർത്തത്. ഇതോടുകൂടി കയ്യാലാത്ത് ശ്രീ. കെ. വി. ഏബ്രഹാമിന് ''മെത്രാൻ കള്ളൻ'' എന്ന പേരും കിട്ടി. (ശ്രീ. കെ. വി. ഏബ്രഹാമിൻെറ ഡയറിക്കുറിപ്പ് എഴുത്തുപ്രതി).

സത്യ സഭാമാതാവിൻെറ മടിയിലെത്തിയ സന്തോഷത്തിൽ അദ്ദേഹം പ്രാർത്ഥനയിലും സഭയെക്കുറിച്ചുള്ള കൂടുതൽ പഠനത്തിലും കത്തോലിക്കാ സഭയിലെ ദേശിയ, അന്തർദേശിയ നേതാക്കന്മാരെയും നായകന്മാരെയും സന്ദർശിക്കുന്നതിലും വ്യാപൃതനായിരുന്നു. യാക്കോബായ സഭയിൽ നിന്നു സർവ്വ അധികാരങ്ങളും ഭാവിയിൽ ലഭിക്കാമായിരുന്ന ഉന്നത പദവികളും തൃണവൽഗണിച്ചുകൊണ്ട് ആത്മരക്ഷ എന്ന അമൂല്യ രത്നം തേടിയെത്തിയ അദ്ദേഹത്തെ വീണ്ടും അധികാരങ്ങളും സ്ഥാനമാനങ്ങളും തേടിയെത്തി. 1938 ഒക്ടോബർ 8-ാം നം അദ്ദേഹം തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേററായി സ്ഥാനമേററു. അദ്ദേഹത്തിൻെറ പുനരൈക്യം തിരുവല്ലാ രൂപതയ്ക്ക് തേന്മഴ കണക്കേ ആശ്വാസകരമായിരുന്നു. മാർ തേയോഫിലോസ് മെത്രാപ്പോലിത്തായുടെ അനാരോഗ്യം കാരണം വളർച്ച മുട്ടിനിന്ന രൂപതയ്ക്ക് മാർ സേവേറിയോസ് തിരുമേനിയുടെ സേവനകാലം ഒരു കുതിച്ചുചാട്ടത്തിൻെറ കാലമായിരുന്നു. വിശ്വാസികളുടെ സംഖ്യ 5000ൽ നിന്നും 17,335 ഉം, വൈദികരുടെ എണ്ണം 24ൽനിന്നും 62ഉം, പള്ളികൾ 5ൽ നിന്നും 38ഉം, ചാപ്പലുകൾ 9ൽ നിന്നും 35ഉം ആയി. ഏഴ് ഹൈസ്കൂളുകൾ പുതുതായി ആരംഭിച്ചു. 9 മിഡിൽ സ്ക്കൂളുകൾ ആരംഭിച്ചു. പ്രൈമറി സ്കൂളുകളുടെ എണ്ണം 13ൽ നിന്ന് 21ആയി ഉയർത്തി. ഇങ്ങനെ അദ്ദേഹത്തിൻെറ സേവനകാലത്തേ നേട്ടങ്ങൾ അനവധിയാണ്. ബാലാരിഷ്ടതകളിൽ തളർന്നുകിടന്നിരുന്ന തിരുവല്ലാ രൂപതാ ശിശുവിനെ ഓജസും തേജസും ആരോഗ്യവുമുള്ള യുവതിയായി വളർത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ നിഷ്കളങ്കവും സ്നേഹമസൃണവുമായ വർത്തന രീതിയാണ് അനേകരെ കത്തോലിക്കാ സഭയിലേക്ക് ആകർഷിക്കുവാൻ സാദ്ധ്യമാക്കിയത്. (cf സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ലേഖനം 26/2/55)

1938 മുതൽ ഇംജിലയുടെ സ്ഥാനിക മെത്രാൻ എന്ന പേരിലാണ് അദ്ദേഹം രൂപതയുടെ അപ്പസ്റേറാലിക് അഡ്മിനിസ്ട്രേററായി ഭരണം നടത്തിയിരുന്നത്. 1950 മേയ് മാസം 5-ാം തീയതി മാർ തെയോഫിലോസ് മെത്രാപ്പോലിത്തായെ അമ്മേ ദയറായുടെ സ്ഥാനിക മെത്രാനാക്കുകയും മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ തിരുവല്ലാ രൂപതയുടെ മെത്രാനായി നിയമിക്കുകയും ചെയ്തു. 1952 ൽ അദ്ദേഹം തിരുവല്ലാ പട്ടണ ഹൃദയത്തിൽ തന്നെ മേരിഗിരി അരമന വാങ്ങി രൂപതാ സ്ഥാനം അവിടേക്കു മാററി. രൂപതയിൽ സന്ദർശനത്തിനെത്തിയ കർദ്ദിനാൾ യൂജിൻ ടിസ്സറാൻറ് തിരുമേനിയാണ് മേരിഗിരി അരമനയിൽ ആദ്യമായി താമസിച്ചതെന്നത് ദൈവപരിപാലന ഒന്നു മാത്രമാണ്.

മലങ്കര സഭയുടെ തനിമയും പാരമ്പര്യങ്ങളും വ്യക്തിത്വവും നിലനിർത്താൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. യാക്കോബായ പരിശീലനം ലഭിച്ച പുനരൈക്യപ്പെട്ട വൈദികരും റോമൻ കത്തോലിക്കാ പാരമ്പര്യത്തിൽ പരിശീലിപ്പിക്കപ്പെട്ട വൈദികരുംചേർന്നു തീഷ്ണമതികളുടെ ഒരു ഗണമായിരുന്നു അദ്ദേഹത്തിൻെറ സഹായികൾ. എന്നാൽ പാരമ്പര്യങ്ങളും പരിശീലനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഉണ്ടാക്കാവുന്ന സാഹചര്യങ്ങൾ

www.malankaralibrary.com

ഊഹിക്കാവുന്നതെയുള്ളു. ഇപ്രകാരമുള്ള അവസരത്തിൽ അദ്ദേഹം അനുഭവിച്ചിട്ടുള്ള മാനസിക വ്യഥ അടുത്തിടപെട്ടിട്ടുള്ള വൈദികരിൽ നിന്ന് ഗ്രഹിക്കാൻ ലേഖകനു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും പ്രാർത്ഥനാ ജീവിതവുമാണ് തളരാതെ അദ്ദേഹത്തെ നയിച്ചത്. "രാത്രിയുടെ അന്ത്യയാമങ്ങളിൽ അരമന ചാപ്പലിൽ പരിശുദ്ധ കുർബാനയുടെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തു പ്രാർത്ഥിക്കുന്നത് യാദൃശ്ചികമായി ചിലപ്പോൾ ഞാൻ കണ്ടിട്ടുണ്ട്". മാർ അത്തനാസിയോസ് തിരുമേനിയുടെ വാക്കുകളാണിവ. ഒരു ഉത്തമ ശില്പിയുടെ വൈദഗ്ദ്ധ്യത്തോടെ ഓരോ കല്ലും ഉറപ്പിച്ചു വച്ചാണ് രൂപതാസൗധം അദ്ദേഹം പണിതുയർത്തിയത്. കഥാപുരുഷന്റെ കബറടക്കത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപതയുടെ 'ജീവിക്കുന്ന വിശുദ്ധൻ' എന്നറിയപ്പെട്ടിരുന്ന മാർ മാത്യു കാവുക്കാട്ട് തിരുമേനി നടത്തിയ ചരമപ്രസംഗം ഇതിന് സാക്ഷ്യം നല്കുന്നുണ്ട്. 1954 ഏപ്രിൽ 22ന് മലങ്കര പാരമ്പര്യങ്ങളും ആരാധനാരീതികളും സംരക്ഷിക്കുന്നതിൽ തന്നെക്കാൾ നിഷ്ഠയും തീഷ്ണതയുമുള്ള പോളച്ചിറക്കൽ ചെറിയാൻ അച്ചനെ സക്കറിയാസ് മാർ അത്തനാസിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്ത അദ്ദേത്തിന്റെ മലങ്കര പാരമ്പര്യങ്ങളോടുള്ള താല്പര്യം അനുപമമാണ്.

വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യവും കഴിവും അനിതര സാധാരണമായിരുന്നു. അദ്ദേഹവുമായുള്ള വ്യക്തി ബന്ധമായിരുന്നു അനേകം അത്മായരെയും വൈദികരേയും സത്യവിശ്വാസ കൂട്ടായ്മയിലേക്ക് ആകർഷിപ്പിച്ചത് എന്ന് ഒരു ബാലനായിരുന്നപ്പോൾ മുതൽ കഥാപുരുഷനെ അടുത്തറിയുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ള ചുണ്ടേവാലേൽ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത സാക്ഷ്യപ്പെടുത്തുന്നു.

രോഗത്തിലും വേദനയിലുമായവരെ സന്ദർശിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. ബുദ്ധിമുട്ടനുഭവിക്കുന്നവരെ അവർ ആവശ്യപ്പെടാതെ തന്നെ സഹായിക്കുന്നതിൽ അഭിവന്ദ്യ തിരുമേനി സദാ സന്നദ്ധനായിരുന്നതായി അനേകം അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നത് ലേഖകൻ ശ്രവിച്ചിട്ടുണ്ട്.

നാടിന്റെ നാനാവിധമായ ഉന്നതിക്കും വികസനത്തിനും വേണ്ടി സാദ്ധ്യമായ വിധത്തിലെല്ലാം അദ്ദേഹം ശ്രമിച്ചിരുന്നു. സാമ്പത്തികമായി തിരുവല്ലാ രൂപത അതിന്റെ നെല്ലിപ്പലകയിലിരുന്ന കാലത്തുപോലും അനേകം സ്കൂളുകളും സ്ഥാപനങ്ങളും സ്ഥാപിക്കുവാൻ അദ്ദേഹം തയ്യാറായതിന്റെയും അവ സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചതിന്റെയും പിന്നിലെ ദർശനം മറ്റൊന്നായിരുന്നില്ല. അവികസിത മേഖലകളാണ് അദ്ദേഹം പലപ്പോഴും തെരഞ്ഞെടുത്തിരുന്നത്. ഒരു സാക്ഷ്യം ശ്രദ്ധിക്കുക. തടിയൂരിൽ ഒരു എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ അഞ്ചൽ ആഫീസ് സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടെന്നും അതുവഴി നമ്മുടെ ഒരു ചെറുപ്പക്കാരന് ജോലി ലഭിക്കുമെന്നും മനസ്സിലാക്കിയ തിരുമേനി അതിനാവശ്യമായ 350 രൂപ നല്കി ആ ചെറുപ്പക്കാരനെ സഹായിച്ചു. ഇന്ന് ബാംഗ്ലൂർ പട്ടണത്തിൽ സ്വന്തമായി ടിഫാനി ഹോട്ടലും അനുബന്ധമായുള്ള മററ് ബിസിനസുകളും നടത്തുന്ന ശ്രീ. സി. ററി. സൈമൺ ആണ് തിരുമേനിയുടെ ഔദാര്യത്തിന്റെ ഫലം അന്ന് അനുഭവിച്ച വ്യക്തി.

അഭിവന്ദ്യ തിരുമേനിയുടെ പുനരൈക്യ ആലോചനയുടെ കാലം മുതൽ അദ്ദേഹവുമായും മാർ ഈവാനിയോസ് തിരുമേനിയുമായും അടുത്തിടപെട്ടിരുന്ന ശ്രീ T. N. കുറിയാക്കോസ് നടുവിലേമുറിയിൽ (പിൽക്കാലത്ത് കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ ആയിരുന്നു. N. G. കുറിയാക്കോസച്ചന്റെ സീമന്ത പുത്രൻ) പറയുന്നത് ശ്രദ്ധേയമാണ്. മാർ ഈവാനിയോസ് തിരുമേനി കുശാഗ്ര ബുദ്ധിയും നൂററാണ്ടിൽ ഒന്നോ രണ്ടോ മാത്രം കാണാൻ സാധിക്കുന്നത്ര വ്യക്തി പ്രാഭവമുള്ളവനുമായിരുന്നു. എന്നാൽ മാർ സേവേറിയോസ് മെത്രാപ്പോലീത്താ വ്യക്തി ബന്ധത്തിന്റെ ഊഷ്മളതകൊണ്ട് ആരെയും വീർപ്പുമുട്ടിക്കുന്ന ആത്മാർത്ഥ ഹൃദയനായിരുന്നു.

കറാച്ചി ആർച്ച് ബിഷപ്പായ കർദ്ദിനാൾ ജോസഫ് കൊർഡേയ്റോ കാൻറി സെമിനാരിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാർ സെമിനാരി സന്ദർശിച്ചു. പ്രസ്തുത അവസരത്തെ അനുസ്മരിച്ചുകൊണ്ട് കർദ്ദിനാൾ പറയുന്നത്: 'മാർ

www.malankaralibrary.com

ഈവാനിയോസ് തന്റെ അഗാധമായ അറിവുകൊണ്ട് ഞങ്ങളെ അമ്പരപ്പിച്ചു. എന്നാൽ മാർ സേവേറിയോസ് തന്റെ എളിമ കൊണ്ടും വ്യക്തി ബന്ധംകൊണ്ടും ഞങ്ങളുടെ ഹൃദയങ്ങളെ കീഴടക്കി' എന്നാണ്.

തന്റെ ബോദ്ധ്യങ്ങൾക്കു വേണ്ടി നിലകൊള്ളാനും പടപൊരുതാനും അദ്ദേഹം എന്നെന്നും ശ്രമിച്ചിരുന്നു. 1113 മീനമാസം 26-ാം തീയതിയിലെ 'സത്യദീപം' വരികയിൽ "ഞാൻ എന്തുകൊണ്ട് കത്തോലിക്കനായി" എന്ന തലക്കെട്ടിൽ പരസ്യപ്പെടുത്തിയിരിക്കുന്ന ലേഖനത്തിൽ അദ്ദേഹം തന്നെ തന്റെ ഈ പ്രത്യേകതയെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം യാക്കോബായ സഭയിൽ വൈദികനും മെത്രാനുമായിരുന്നപ്പോൾ കത്തോലിക്ക സഭയെ അങ്ങേഅററം എതിർക്കുകയും അന്ന് കത്തോലിക്കാ സഭയിൽ ചേർന്ന തന്റെ സഹോദരൻ ശ്രീ വി. ഒ വർഗീസ് ബന്ധുക്കളായ കയ്യാലാത്ത് ശ്രീ കെ വി. ചാക്കോ, കെ. വി ഏബ്രഹാം, കെ.വി. മാത്യു തുടങ്ങിയവരോടു പോലും എതിർപ്പ് കാണിക്കുകയുംചെയ്തിരുന്നു. കയ്യാലാത്ത് ശ്രീ കെ.വി ചാക്കോ മരിച്ചപ്പോൾ നടന്ന സംഭവങ്ങൾ ഇതിനു മതിയായ തെളിവാണ്. യാക്കോബായ സഭയിൽ താൻ പ്രകടിപ്പിച്ച പ്രേഷിത ചൈതന്യത്തെ ഉല്ലംഘിക്കുന്നതായിരുന്നു കത്തോലിക്കാ സഭാ പ്രവേശനത്തിനുശേഷം അദ്ദേഹം പ്രകടിപ്പിച്ചത്. 'വികേന്ദ്രീകരണ' ശൈലിയാണ് അദ്ദേഹം അവലംബിച്ചിരുന്നത്. ബലവത്തായ കണ്ണികൾ ചങ്ങലയെ ശക്തമാക്കുമെന്നതുപോലെ ശക്തമായ ഇടവക സമൂഹങ്ങളും സമൂഹത്തിൽ ഉന്നത സ്ഥാനീയരായ അംഗങ്ങളുമാണ് രൂപതയെ ശക്തമാക്കുന്നത് എന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. അപ്പസ്തോലന്മാരെ നേരിൽ കണ്ട് വിളിച്ച ക്രിസ്തുനാഥനെപ്പോലെ വൈദിക ജീവിതത്തിലെക്കും സന്യാസ ജീവിതത്തിലേക്കും ഉത്തമരായ യുവജനങ്ങളെ നേരിൽ കണ്ടു ക്ഷണിക്കുന്നതിനും, അകത്തോലിക്കരെ കത്തോലിക്കാസഭാ മാതാവിന്റെ മടിയിലേക്ക് വ്യക്തിപരമായി ബന്ധപ്പെട്ട് കൂട്ടിക്കൊണ്ടുവരുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

പ്രേഷിത പ്രവീണനായ ആ മഹാത്മാവിന്റെ അവസാന ദിവസങ്ങളിൽ തന്റെ ഭദ്രാസനത്തിന്റെ ഏററം വിദൂരസ്ഥലങ്ങളായ പാലക്കാട്, തൃശൂർ തുടങ്ങിയ പ്രദേശങ്ങളിൽ കഠിനാദ്ധ്വാന നിരതനായിരുന്നു അദ്ദേഹം. ബഥനിയിലെ പടിഞ്ഞാറേമണ്ണിൽ ബഹുമാനപ്പെട്ട ഏബ്രഹാം അച്ചനോടൊപ്പമായിരുന്നു ജനുവരി മാസം 15-ാം തീയതി മുതൽ പര്യടനം ആരംഭിച്ചത്. യാത്രാമദ്ധ്യേ അസ്വസ്ഥതകൾ അനുഭവപ്പെട്ട അദ്ദേഹം 18-ാം തീയതി സന്ധ്യയോടെ മേരിഗിരി അരമനയിൽ മടങ്ങിയെത്തി. അധികം താമസിയാതെ രോഗീലേപന കൂദാശ സ്വീകരിച്ച് 7. 55 ന് പ്രാർത്ഥനാകീർത്തനങ്ങളാൽ മുഖരിതമായിരുന്ന അന്തരീക്ഷത്തിൽ ആ പുണ്യാത്മാവ് സ്വർഗ്ഗത്തിലെ വിശുദ്ധന്മാരോടൊപ്പം ചേർക്കപ്പെട്ടു. തിരുവല്ലാ പൗരാവലിക്കൊരു നടുക്കവും തിരുവല്ലാ രൂപതയ്ക്കൊരു ഹൃദയാഘാതവുമായിരുന്നു ആ വാർത്ത. അനേകായിരങ്ങളുടെ ആദരാഞ്ജലികൾക്കു ശേഷം മൃതശരീരം ജനുവരി 20-ാം തീയതി വ്യാഴാഴ്ച തിരുവല്ലാ സെൻറ് ജോൺസ് ഭദ്രാസന ദേവാലയത്തിൽ മദ്ബഹായിൽ ത്രോണോസിനു വടക്കുവശത്തായി ഒരുക്കിയിരുന്ന കബറിൽ സംസ്കരിച്ചു. 1972 ഡിസംബർ 29-ാം നു അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ പുതിയതായി നിർമ്മിച്ച കത്തീഡ്രൽ ദേവാലയത്തിന്റെ മദ്ബഹായ്ക്കു കിഴക്കുവശത്ത് പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കബറുകളിൽ ഒന്നാമത്തേതിൽ സ്ഥാപിച്ചു. എല്ലാവർഷവും ജനുവരി 18-ാം തീയതി കത്തീഡ്രൽ ദേവാലയത്തിൽ അദ്ദേഹത്തിന്റെ ഓർമ്മത്തിരുനാൾ കൊണ്ടാടുന്നു. നൂറുകണക്കിന് വിശ്വാസികൾ ആ പാവന ചരിതന്റെ കബറിങ്കലണഞ്ഞ് ആത്മശാന്തിനേടി മടങ്ങുന്നു. ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ നമുക്ക് പ്രേഷിത ചൈതന്യത്തിൽ നിറയാം. അതായിരിക്കും അദ്ദേഹത്തിന്റെ ആത്മാവിനു പ്രസാദകരമായ സ്മാരകം.

www.malankaralibrary.com

# തന്റെ പുനരൈക്യദിവസം മാർ സേവേറിയോസ് പരിശുദ്ധ കാതോലിക്കാബാവായ്ക്ക് അയച്ച കത്ത്

സമ്പാദകൻ: ഫാ. ചെറിയാൻ മാമ്പ്രക്കുഴി

ദി. വ. ദി. മ. ശ്രീ. മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് ഗ്രഹിപ്പാൻ,

യാക്കോബായ സഭയുടെയും അവിടുന്ന് അദ്ധ്യക്ഷം വഹിക്കുന്ന ഓർത്തഡോക്സ് സഭയുടെയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ചു നാം തമ്മിലും ശേഷം മേല്പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്ന് അത്യധികമായി നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലോ ഉണ്ടായിട്ടുള്ളത്. അതിലെ കുഴപ്പങ്ങൾക്ക് ദൈവികമായ ഏകപരിഹാരമാർഗ്ഗം ക്രൈസ്തവ സഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാര സ്ഥാനവുമാകുന്ന റോമ്മായിലെ വി. പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോട് പുനരൈക്യപ്പെടുകയാകുന്നു എന്ന് എന്റെ മനസിൽ തോന്നിയിട്ടുള്ള എന്റെ വിനീതമായ അഭിപ്രായം തിരുമനസിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എന്റെ ഹൃദയത്തിന്റെ പരമാർത്ഥ ബോദ്ധ്യത്തിൽ നിന്നാകുന്നു. ദൈവകൃപയുടെ വ്യാപാരത്താൽ ഈ ബോദ്ധ്യം ശക്തിപ്പെട്ടുവന്നിട്ടുള്ളതും എന്റെ മനസ്സാക്ഷി എന്നെ ശക്തിയായി ഹേമിച്ചിട്ടുള്ളതുമാകുന്നു. ഇങ്ങനെയുള്ള ദൈവ നടത്തിപ്പിന്റെയും മനസ്സാക്ഷി പ്രേരണയുടെയും ഫലമായി ഞാൻ മാർപ്പാപ്പാ തിരുമനസ്സിലെ അധികാരത്തേയും ആ സിംഹാസനത്തോടുള്ള നിഷ്കളങ്കമായ അനുസരണത്തിലുള്ള ജീവിതത്തേയും ആഗ്രഹിക്കുന്നതും സത്യസഭയാകുന്ന കാതോലിക സഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരമുള്ള ദൈവപ്രേരണ എന്റെ മനസ്സാക്ഷിയെ ഹേമിച്ചിരിക്കുന്ന നിലയ്ക്ക് മേലിൽ ഞാൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട നിരണം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരിക്കുന്നത് വിഹിതമല്ലാത്തതിനാൽ ആ ചുമതല ഞാൻ ഉപേക്ഷിച്ചിരിക്കുന്നതുമാകുന്നു.

ഈ കാലത്ത് നിരീശ്വരത്വവും മതമില്ലായ്മയും പൂർവ്വാധികം ശക്തി പ്രാപിച്ചുവരുന്നു. ഇവയോടെതിർത്തു ദൈവവിശ്വാസം സർവ്വലോകത്തിലും നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് കാതോലിക സഭയ്ക്കും മാർപ്പാപ്പായുടെ അപ്പസ്തോലിക സിംഹാസനത്തിനും മാത്രമേ കഴിവും പ്രാപ്തിയും ഉള്ളു എന്നാണ് എനിക്കു ബോദ്ധ്യമായിരിക്കുന്നത്. തിരുമനസ്സുകൊണ്ട് എന്റെ സ്നേഹബഹുമാനങ്ങൾക്ക് ധാരാളമായി പാത്രീഭവിച്ചിട്ടുള്ള ദേഹമാണ്. എന്റെ മാന്യ സഹോദരന്മാരായ മററു മേല്പട്ടക്കാരേയും ഇതേവരെ എന്റെ ഭരണത്തിലിരുന്നവരായ ബ. പട്ടക്കാരേയും ജനങ്ങളേയും കുറിച്ച് എനിക്ക് അത്യധികമായ മനോവിചാരമുണ്ട്. ഞാൻ കാതോലിക സഭയുമായി പുനരൈക്യപ്പെടുന്നതുകൊണ്ട് നിങ്ങളെല്ലാവരിൽ നിന്നും വേർപെടുകയാണെന്ന് ഞാൻ വിചാരിക്കുന്നില്ല. മനുഷ്യരുടെ ചിന്താഗതിയെ സത്യമാർഗ്ഗത്തിൽ നയിപ്പിക്കുന്നവനായ ദൈവം അവിടുത്തേയും എന്റെ മാന്യ സഹോദരങ്ങളായ മററു മേല്പട്ടക്കാരേയും നിങ്ങ

www.malankaralibrary.com

ളോടുകൂടെയുള്ള സകല പട്ടക്കാരേയും ജനങ്ങളേയും ഭൂമിയിൽ കർത്താവേശുമിശിഹായുടെ യഥാർത്ഥ മുന്തിരിത്തോട്ടമാകുന്ന വി. കാതോലിക സഭയുടെ അദ്ധ്യക്ഷനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മാർപ്പാപ്പായുമായുള്ള സംസർഗ്ഗത്തിലേക്കും തിരുസിംഹാസനത്തിന്റെ അനുസരണത്തിലേക്കും താമസംവിനാ വരുത്തുവാൻ സംഗതി ആക്കണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

പൗരസ്ത്യസഭയുടെ പുരാതനവും ശ്രേഷ്ഠവുമായിരിക്കുന്ന ശുശ്രൂഷക്രമങ്ങളും ആചാര മര്യാദകളും മലങ്കരയുള്ള ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ശിക്ഷണരാഹിത്യം മൂലം അലങ്കോലപ്പെട്ടു വരുന്നതായി തിരുമനസ്സുകൊണ്ട് തന്നെ പലപ്പോഴും കല്പിച്ചിട്ടുണ്ടല്ലോ. ഇവയുടെ മഹിമയ്ക്ക് ഭംഗം വരാതെ പുലർത്തികൊണ്ടു പോകുവാൻ ആവശ്യമുള്ള വ്യവസ്ഥകൾ മലങ്കര സുറിയാനി റീത്തു സംബന്ധിച്ച് മാർപ്പാപ്പായുടെ തിരുസിംഹാസനത്തിൽ നിന്നും ചെയ്തുതന്നിട്ടുള്ളത് എത്രയും ആകർഷണീയമാകയാൽ കാതോലിക പുനരൈക്യം മലങ്കര ജനങ്ങൾക്ക് ഈ കാരണത്താലും എത്രയും സുഖകരമായിത്തീർന്നിരിക്കുന്നു.

ഇപ്പോൾ നൂതനമായി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്ന സഭാ ഭരണ ക്രമങ്ങൾ, അപ്പസ്തോലികമായ സഭാ ഭരണതത്വങ്ങൾക്കും പൂർവ്വികമായ പാരമ്പര്യാചാരങ്ങൾക്കും യാക്കോബായ സഭയുടെ കാനോനാകൾക്കും കേവലം വിരുദ്ധവും പുരോഹിത സ്ഥാനത്തിൽ ദൈവത്താൽ നിക്ഷിപ്തമാക്കിച്ചെയ്തിട്ടുള്ള അവകാശാധികാരങ്ങളെ ധ്വംസനം ചെയ്യത്തക്കവയും സഭയ്ക്കു ഹാനികരവുമാണെന്നുള്ള ബോദ്ധ്യം എന്നെപ്പോലെ തന്നെ തിരുമനസ്സിലേക്കും ശേഷം മേല്പട്ടക്കാർക്കുമുണ്ടെന്നു തിരുമനസ്സിൽ നിന്നും അതു സംബന്ധിച്ച് ഹൂദായ കാനോനിലെ പാദസോക്കാകൾ ഉദ്ധരിച്ചും മററും ഞങ്ങളോടു സംസാരിച്ചിട്ടുള്ളതിൽ നിന്നും ഞാൻ മനസ്സിലാക്കിട്ടുള്ളതാണ്.

പൗരോഹിത്യത്തിന്റെ ദൈവസ്ഥാപിതമായ അപ്പസ്തോല പിൻതുടർച്ച കൈവെപ്പുമൂലം ലഭിച്ചിട്ടില്ലാത്തവരും, വിശ്വാസ സത്യങ്ങളെപ്പററിയുള്ള ഉപദേശ വിഷയത്തിൽ യാതൊരു ഐകരൂപ്യമില്ലാത്തവരുമായ പ്രോട്ടസ്റ്റൻറ് സഭകളോടും ഈ സഭകളിൽ നിന്നും ലൗകിക സഹായങ്ങൾ ആശിച്ചുകൊണ്ട് അവരുമായി സംസർഗ്ഗത്തിനു പുറപ്പെട്ടിരിക്കുന്ന പൗരസ്ത്യ ശീശ്മ സഭാംഗങ്ങളോടും യോജിക്കുന്നതിന് അവിടുന്ന് ആദ്ധ്യക്ഷ്യം വഹിക്കുന്ന ഓർത്തഡോക്സ് സഭ ഇപ്പോൾ ചെയ്തുവരുന്ന ശ്രമങ്ങൾ കേവലം വഴിപിഴച്ച മാർഗ്ഗമാണെന്ന് എനിക്കു ബോദ്ധ്യമുള്ളതിനാൽ കാതോലിക പുനരൈക്യത്തിലേക്ക് എന്റെ മനസ്സാക്ഷി എന്നെ നിർബന്ധിച്ചിട്ടുള്ളതാകുന്നു.

ഇപ്പോൾ തിരുവനന്തപുരം ആർച്ചുബിഷോപ്പായിരിക്കുന്ന നി. വ ദി. മ. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1930-ൽ കാതോലിക സഭയുമായി പുനരൈക്യപ്പെടുന്നതിനുമുമ്പ് അദ്ദേഹത്തെപ്പററി എത്ര ആഴമായും അകൈതവുമായുള്ള ഭക്തിബഹുമാനങ്ങളാണ് സമുദായത്തിൽ എല്ലാവർക്കും ഉണ്ടായിരുന്നത്. എന്നാൽ അദ്ദേഹം കാതോലിക്ക സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അദ്ദേഹത്തെ ആരും അനുഗമിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി കേവലം അസത്യമായും നീതിവിരുദ്ധമായും ദോഷാരോപണങ്ങൾ നമ്മുടെ പ്രധാനന്മാർ പോലും പറഞ്ഞു പരത്തിയത് എന്റെ ഹൃദയത്തെ അന്നും ഇന്നും വേദനപ്പെടുത്തിയിട്ടുള്ള ഒരു കാര്യമാണ്.

തിരുമനസ്സുകൊണ്ട് എന്നോടു കാണിച്ചിട്ടുള്ള എല്ലാ സ്നേഹ വാത്സല്യങ്ങൾക്കും ഞാൻ എന്നാളും കൃതജ്ഞനായിരിക്കുന്നതാണ്. സഭാസംബന്ധമായി ഞാൻ തിരുമേനിയിൽ നിന്ന് വേർപെടുന്നു എങ്കിലും വ്യക്തിപരമായി ഞാൻ തിരുമേനിയോട് എത്രയും അടുത്തിരിക്കുന്നു ദൈവനടത്തിപ്പും മനസ്സാക്ഷി പ്രേരണയും കൊണ്ടല്ലെങ്കിൽ ഈ വേർപാടിന് ഒരു നാളും ഞാൻ തുനിയുകയില്ലായിരുന്നു എന്ന് തിരുമനസ്സിലേക്ക് ബോദ്ധ്യം ഉണ്ടെന്നാണ് എന്റെ വിശ്വാസം. ഞാൻ പ്രവേശിക്കുന്നതായ ഈ കപ്പലിലേക്ക് തിരുമേനിയും എന്റെ മാന്യ സഹോദരങ്ങളായ മററു മേല്പട്ടക്കാരും കേരളത്തിലുള്ള സർവ്വ അകത്തോലിക്കരും പ്രവേശിപ്പാൻ സംഗതി ആയിരുന്നെങ്കിൽ ദൈവത്തിന് എത്ര മഹത്വവും നാം എല്ലാവർക്കും എത്ര ഭാഗ്യവുമായിരുന്നു. തിരുമനസ്സിലേ

www.malankaralibrary.com

യും അങ്ങേ ഭരണത്തിൻ കീഴിലുള്ള സർവ്വരുടെയും ആത്മ രക്ഷയെ സംബന്ധിച്ച് അങ്ങേക്ക് വലിയ ചുമതലയുള്ളതാണല്ലോ. ദൈവകൃപയുടെ വ്യാപാരത്തിൽ എന്റെ ഉത്തമമായ മനോബോദ്ധ്യം അനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതിൽ അവിടുത്തേക്കും എന്റെ സഹോദര മേല്പട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടാകാവുന്ന ദുഃഖം കേവലം താല്ക്കാലികമാണെന്നും സത്യമാർഗ്ഗം ഏതാണെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുമ്പോൾ നിങ്ങൾ എല്ലാവരും ഞാൻ തെരഞ്ഞെടുത്തിട്ടുള്ള പന്ഥാവിൽ കൂടിതന്നെ പുരോഗമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു; അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യാക്കോബായ സഭവകയോ, ഓർത്തഡോക്സ് സഭവകയോ ആയ യാതൊരു വസ്തുക്കളും പണങ്ങളും എന്റെ കൈവശം ഇല്ല. എന്റെ വകയായ കുറെ പുസ്തകങ്ങളും പെട്ടിയും മററും പരുമല സിമ്മനാരിയിൽ ഇരിക്കുന്നത് ആളയക്കുമ്പോൾ കൊടുത്തയയ്ക്കണമെന്നപേക്ഷിക്കുന്നു.

പേരിനുമാത്രം എനിക്ക് ഉണ്ടായിരുന്ന കാർത്തികപ്പള്ളി സെന്റ് തോമസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ മനേജർ സ്ഥാനം അവിടുത്തേക്ക് ഒഴിഞ്ഞെഴുതിയിട്ടുള്ള രേഖകൾ ഇതു സഹിതം അയയ്ക്കുന്നു.

കല്ലൂപ്പാറ പുതുശ്ശേരി ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യത്തിലേക്ക് പുതുതായി പണി ആരംഭിച്ചിരിക്കുന്ന കെട്ടിടം വകയ്ക്ക് തിരുവല്ലാ നാഷണൽ ബാങ്കിൽ നിന്നും എന്റെ സ്വന്തം ചുമതലയിൽ കടം വാങ്ങി കൊടുത്തിട്ടുള്ള വകയിൽ ഇനിയും നൂററിമുപ്പതു രൂപായോളം ബാങ്കിൽ അടച്ചു തീർക്കേണ്ടതായിട്ടുണ്ടെന്നുള്ള വിവരം തിരുമുമ്പാകെ ഞാൻ അറിയിച്ചിട്ടുണ്ടല്ലോ. ആ ബാദ്ധ്യത സ്കൂൾ വകയിൽനിന്നും കൊടുത്തു വീട്ടുവാൻ തിരുമനസ്സു കൊണ്ട് വേണ്ട ഏർപ്പാടു ചെയ്യുമെന്ന് വിശ്വസിക്കുന്നു.

അല്പ ദിവസങ്ങൾക്കു മുൻപ് പരുമല സിമ്മനാരി മാനേജരുടെ കണക്ക് തിരുമനസ്സു കൊണ്ട് നോക്കിയതിൽ എന്റെ പക്കൽനിന്നും ഒരു സംഖ്യ സിമ്മനാരി ആവശ്യത്തിലേക്ക് കടമായി വന്നിട്ടുണ്ടെന്ന് തിരുമനസ്സിലേക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടല്ലോ. പെരുന്നാൾ കഴിഞ്ഞപ്പോൾ ആ സംഖ്യ മുഴുവനും എനിക്ക് തിരിച്ചു തന്നതായി മാനേജർ കണക്കിൽ ചേർത്തു ചെലവെഴുതിയെങ്കിലും ആ വകയിൽ കുറേ പണം ഇനിയും എനിക്ക് കിട്ടേണ്ടതായിട്ടുണ്ട്.

എന്റെ മോട്ടോർകാർ തിരുമനസ്സിലേക്ക് തരണമെന്ന് തീർച്ചപ്പെടുത്തി, ആ കാര്യം ഒരു കത്തുംകൂടി ബ. തുമ്പമൺ പുത്തൻവീട്ടിൽ അച്ചന്റെയും മല്ലപ്പള്ളിൽ കയ്യാലാത്ത് മി. അബ്രഹാമിന്റെയും കൈവശം ഏല്പിച്ചു തിരുമനസ്സിലെ അടുക്കൽ അയച്ചു തന്നാറെ, അവ രണ്ടും അവിടുന്നു സ്വീകരിക്കാതിരുന്നതിൽ ഞാൻ മനസ്താപപ്പെടുന്നു.

ഈ കത്ത് ഇത്രയും ദീർഘമാകുവാൻ ഇടയായത് സംഗതിയുടെ പ്രാധാന്യവും സന്ദർഭത്തിന്റെ ഗൗരവും കൊണ്ടാണ്. തിരുമനസ്സിൽനിന്നും സഭാ സംബന്ധമായി ഞാൻ വേർപെടുന്നതിന്റെ യഥാർത്ഥ കാരണം എന്തെന്ന് തിരുമനസ്സിലേയും എന്റെയും അഭിമാന സംരക്ഷണത്തിനുവേണ്ടി പൊതുജനങ്ങളെകൂടി ഗ്രഹിപ്പിക്കുന്നതിന് ആവശ്യമാണെന്ന് തോന്നിയതുകൊണ്ട് ഈ കത്ത് പ്രസിദ്ധീകരിക്കുന്നതിനും ഞാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

അഭിമുഖമായി കണ്ടു യാത്ര പറയുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും, അങ്ങനെ ചെയ്യാഞ്ഞത് ഈ കാര്യം ഞാൻ അവസാനമായി തീർച്ചപ്പെടുത്തിയ സമയത്ത് തിരുമനസ്സുകൊണ്ട് സ്ഥലത്തില്ലായിരുന്നതിനാലും ഈ യാത്രപറച്ചിൽ നാം ഇരുകൂട്ടർക്കും മർമ്മഭേദകമായിരിക്കുമെന്നുള്ള വൈഷമ്യം ആലോചിച്ചിട്ടുമാണ്.

നിങ്ങളെല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

എന്ന് തിരുമേനിയെ എന്നും
എന്നും സ്നേഹിക്കുന്ന
+ മാർ സേവേറിയോസ്
മെത്രാപ്പോലീത്താ.


തിരുവന്തപുരം മെത്രാപ്പോലീത്താ അരമനയിൽ നിന്നും.
29-11-1937

www.malankaralibrary.com



തിരുമേനിയുടെ സഹോദരിയും ഭർത്താവ് കൈയ്യാലത്ത് കെ. വി. മാത്യുവും

തിരുമേനിയുടെ ജീവിച്ചിരിക്കുന്ന
സഹോദരി
ശോശാമ്മ വെട്ടിക്കോട്ട്






തിരുമേനിയുടെ ജന്മഗൃഹത്തിൽ ഇപ്പോൾ
താമസിക്കുന്നവർ

www.malankaralibrary.com

# വാളക്കുഴി കുടുംബത്തിൽനിന്ന് നാഥൻെറ മുന്തിരിത്തോപ്പിൽ



ഫാ. ജോസ് വാളക്കുഴി ഒ.ഐ.സി.
(മാർ സേവേറിയോസ് തിരുമേനിയുടെ
സഹോദര പൗത്രൻ)



സി. ഇസബെല്ല എസ്.ഐ.സി.
(സഹോദരപുത്രി)



സി. ജൊസറ്റാ എസ്.ഐ.സി.
(സഹോദര പൗത്രി)



സി. തെരസിറ്റാ എസ്.ഐ.സി.
(സഹോദരപുത്രി)

www.malankaralibrary.com


# ശ്രമകരമായ പ്രേഷിത യാത്രയിലെ ചില അനർഘ മുത്തുകൾ




മാർ സേവേറിയോസിൻെറ മാനസപുത്രി
"മേരിഗിരി അരമന" 1952-ൽ




മേരിഗിരി അരമന ഇന്ന്



പിറവം ബോർഡിംഗ്



സെൻറ് ജോസഫ്സ് സ്കൂൾ
പിറവം




ബേത്‌ലഹേം പള്ളി പിറവം – 1939


www.malankaralibrary.com

www.malankaralibrary.com


പുളിക്കീഴ് സെൻറ് ജോർജ്ജ്,
ആദ്യത്തെ പള്ളി 1939–ൽ




ചെറുപുഷ്പം പള്ളി കോട്ടൂർ




മല്ലപ്പള്ളി മിഷൻ ഹോം




www.malankaralibrary.com



സെൻറ് പോൾസ്
ഹൈസ്കൂൾ,
വെളിയനാട്



സെൻറ് പോൾസ്
പള്ളി കുമ്പനാട്
1942–ൽ




കുമ്പനാട്
പള്ളി മേട 1942–ൽ


www.malankaralibrary.com



സെൻറ് പോൾസ് പള്ളി വെളിയനാട് 1942-ൽ




സെൻറ് പോൾസ് പള്ളി വെളിയനാട് - ഇന്ന്




സെൻറ് പോൾസ് ബഥനി കോൺവൻറ്
വെളിയനാട്

www.malankaralibrary.com


മാതൃ ഇടവക-ആനിക്കാട് ബേത്‌ലഹേം 1939-ൽ



ആനിക്കാട് ബേത്‌ലഹേം പള്ളി ഇന്ന്



സെൻറ് മേരീസ് ഹൈസ്കൂൾ ആനിക്കാട് – തുടക്കം



www.malankaralibrary.com

# പുണ്യശ്ലോകനായ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

- മോൺ. മാത്യു നെടുങ്ങാട്ട് -

*(1987 നവംബർ 29-ാം തീയതി അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യസുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആനിക്കാട് ബേത്‌ലഹേം പള്ളിയിൽ വി. കുർബാനമദ്ധ്യേ മോൺ. മാത്യു നെടുങ്ങാട്ട് ചെയ്ത പ്രഭാഷണം)*

കർത്താവിൽ പ്രിയ സഹോദരരേ,

പുണ്യശ്ലോകനായ വാളക്കുഴിയിൽ അതിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മനാടായ ഈ ആനിക്കാടു ഗ്രാമത്തിൽ അദ്ദേഹത്താൽ സ്ഥാപിതമായ ഈ ബത്‌ലഹേം ഇടവകപ്പള്ളിയിൽ വന്നു ആ വന്ദ്യ പിതാവിന്റെ പുനരൈക്യ സുവർണ്ണ ജൂബിലി അനുസ്മരിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കുന്നതിനു സംഗതിയായതിൽ എനിക്കു അതിയായസന്തോഷവും സംതൃപ്തിയുമുണ്ട്. ആയതിലേക്കു എന്നെ ക്ഷണിച്ച ബഹു. വികാരിയച്ചനോട് എനിക്കുള്ള ഹൃദയംഗമമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു,

പ്രിയരേ,

അതിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം കേരള സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു മഹാസംഭവമാണ്. അതു തലമുറ തലമുറയായി അനുസ്മരിക്കപ്പെടുക തന്നെ വേണം. ദൈവത്തിന്റെ ശക്തമായ തൃക്കരം നമ്മുടെ പുനരൈക്യപ്രസ്ഥാനത്തോടുകൂടിയുണ്ട് എന്നതിന്റെ ഒരു ഉത്തമ സാക്ഷ്യമാണത്. മലങ്കര കത്തോലിക്കാ ഹൈരാർക്കിയുടെ സാമന്ത രൂപതയായ തിരുവല്ലാക്കു ശരിയായ ഒരു മേലദ്ധ്യക്ഷൻ ഇല്ലാതിരുന്ന അവസരത്തിൽ അതിനെ ഭരിക്കുവാനും നയിക്കുവാനും അങ്ങനെ പുനരൈക്യ പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുവാനും, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് വിളിക്കപ്പെട്ട ഒരു മെത്രാപ്പോലീത്തയായിരുന്നു നമ്മുടെ സ്നേഹപിതാവ് മാർ സേവേറിയോസ് തിരുമേനി.

ദൈവജനത്തിന്റെ ഭൗതിക തീർത്ഥാടന പാന്ഥാവിൽ, പഴയനിയമത്തിലും പുതിയനിയമത്തിലും, അവരെ നേർവഴിക്കു നയിക്കുവാൻ, കാലാകാലങ്ങളിൽ ദൈവം പിതാക്കന്മാരെയും, പ്രവാചകന്മാരെയും ഉപദേഷ്ടാക്കളേയും, ധീരരായിരുന്ന പുണ്യവാന്മായെും, പുണ്യവതികളേയും, മിഷ്യനറിമാരേയും വിളിച്ചതായി സഭാചരിത്രം ഉദ്ഘോഷിക്കുന്നുണ്ടല്ലൊ.

പഴയനിയമത്തിൽ അബ്രാഹം, ഇസഹാക്ക്, യാക്കോബ്, മോശ, ഏലിയ, ഏശായ, ഹെസക്കിയേൽ, ദാവീദ് മുതലായ പിതാക്കന്മാരെയും, പ്രവാചകന്മാരെയും നാം കാണുന്നു. പുതിയ നിയമത്തിൽ അപ്പസ്തോലന്മാർക്കു ശേഷം അറുവഷളനായിരുന്ന അഗസ്തീനോസിനെ മാനസാന്തരപ്പെടുത്തി ദൈവം സഭയുടെ ഏറ്റം വലിയ പിതാവാക്കിതീർത്തു. അതുപോലെ പാഷണ്ഡതകളെ നേരിടുവാൻ വി ക്ലെമെന്റ് പാപ്പാ, വി. അത്തനാസിയോസ്, വി. ഈവാനിയോസ്, വി. ബസേലിയോസ് മുതലായ സഭാപിതാക്കന്മാരും, വി. ഇഗ്നേഷ്യസ് ലെയോള, വി. ഡോമിനിക്ക്, മുതലായ പുണ്യവാന്മാരും, വി. ഫ്രാൻസിസ്സേവ്യർ, വി. ബോനിഫാസ്, വി. പാട്രിക്ക്, വി, ജോൺ ബ്രിട്ടോ, മുതലായ മിഷ്യനറിമാരും നമുക്കുണ്ട്. അവരൊക്കെപ്പോലെ തെരഞ്ഞെടുക്കപ്പെട്ടു വിളിക്കപ്പെട്ട ഒരു വന്ദ്യ പിതാവായിരുന്നു നമ്മുടെ മാർ സേവേറിയോസ് മെത്രാപ്പോലീത്ത.

പരിസേയനും പണ്ഡിതനും യഹൂദ സഭാതീഷ്ണനുമാ

www.malankaralibrary.com

യിരുന്ന സാവൂൾ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ മഹാപുരോഹിതനിൽനിന്നു തീട്ടൂരവും വാങ്ങി ദമാസ്കസിലേക്കു കുതിരപ്പുറത്തു സവാരി ചെയ്യുമ്പോൾ യേശു അവനെ വിളിച്ചു. അവൻ കർത്താവിനെ ദർശിച്ചു. അവൻ മാനസാന്തരപ്പെട്ടു പൗലോസ് അപ്പസ്തോലനായി മാറി.

ഇനിമേൽ ക്രിസ്തുവിനെ പീഡിപ്പിക്കുന്നവനായല്ല അവിടുത്തെ ഏററം വലിയശുശ്രൂഷിയായി തീർന്നു. ഏതാണ്ട് അതുപോലെ തന്നെയാണ് ദൈവം മാർ സേവേറിയോസ് മെത്രാപ്പോലീത്തായേ വിളിച്ചത്.

പുനരൈക്യ പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടെ യാക്കോബായ ഓർത്തഡോക്സ് സഭകൾ ശുഷ്കിച്ചുവരുന്നത് കണ്ട് അതിനെ ഉറപ്പിക്കാനും പടുത്തുയർത്തുവാനും, നിയോഗിക്കപ്പെട്ട, നിരണം ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട മാർ സേവേറിയോസ് തിരുമേനി ശുഷ്കാന്തിയോടുംതീഷ്ണതയോടുംകൂടിസഭാശുശ്രൂഷകൾനടത്തിനോക്കി. പക്ഷെ ഒരിക്കൽ വന്ദ്യ തിരുമേനി പറയുകയുണ്ടായി ''ഞാൻ ഒരു കല്ലു പണിയുമ്പോൾ മററു രണ്ടു കല്ലുകൾ ഇളകുന്ന'' അനുഭവമാണുണ്ടാകുന്നത്. അതിൻെറ കാരണം അവിടുത്തേക്കു ചിന്താവിഷയമായി. സഭാപണിയിൽ ഏതൊ കുറവുണ്ടെന്നു തിരുമേനി കണ്ടു. ആ കുറവ്എന്താണെന്നു മനസിലാക്കുവാൻ തിരുമേനിക്കു പ്രയാസമുണ്ടായില്ല. ഇത്തരുണത്തിൽ തനിക്കുമുമ്പേ കത്തോലിക്കസഭയിൽ ചേർന്നിരുന്ന ജേഷ്ഠസഹോദരൻ ശ്രീ. കുഞ്ഞിറക്കൻ സാറിൻെറ ഒത്താശകൾ തിരുമേനിയെ വളരെയധികം സ്വാധീനിക്കുകയും ചെയ്തു. യാക്കോബായ സഭക്കു ഒരു കുറവേയുള്ളു. സഭ ഉറയ്ക്കണമെങ്കിൽ ആ കുറവ് പരിഹരിക്കപ്പെടണം.

എന്താണ് ആ കുറവ്? നാം ദിവസംതോറും ചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ ഏററുപറയുന്നത് 'കാതോലികവും, അപ്പസ്തോലികവും ഏകവും, വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു' എന്നാണല്ലൊ. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നുയെന്ന് പറഞ്ഞശേഷം തന്നെയാണ് ഈ വിശ്വാസവും ഏററുപറയുന്നത്. ക്രിസ്തുവിൻെറ സത്യസഭ ഏതാണെന്നു നമ്മെ പഠിപ്പിക്കുവാൻ പിതാക്കന്മാർ നിഖ്യായിൽ സുനഹദോസുകൂടി നിശ്ചയിച്ചതാണ് സഭയുടെ നാലു ലക്ഷണങ്ങൾ. കാതോലികം, അപ്പസ്തോലികം, ഏകം, വിശുദ്ധം.

കാതോലികം അഥവാ സാർവത്രീകം; എല്ലായിടത്തും പ്രചരിച്ചിരിക്കുന്നത് അല്ലെങ്കിൽ പ്രചരിക്കാൻ പര്യാപ്തമായത്. അപ്പസ്തോലികം അതായത് ഒരു അപ്പസ്തോലനാൽ സ്ഥാപിതമായത്-അപ്പസ്തോലപിന്തുടർച്ച അവകാശപ്പെടാവുന്നത്. ഏകം, ഒരിടയനും ഒരു തൊഴുത്തും ഒരു വിശ്വാസവും ഉള്ളത്. വിശുദ്ധം, അതായത് വിശുദ്ധീകരിക്കുന്ന പ്രക്രിയകൾ ഉള്ളത്-വിശുദ്ധരെ പ്രദാനം ചെയ്യുന്നത്. ഈ നാലു ലക്ഷണങ്ങൾ ക്രിസ്തുവിൻെറ സഭക്കുണ്ടായിരിക്കും. ആ സഭയിലാണ് 'ഞാൻ വിശ്വസിക്കുന്നു' എന്ന് ഏററുപറയുന്നത്.

ഈ നാലുലക്ഷണങ്ങൾ യാക്കോബായ — ഓർത്തഡോക്സ് സഭയ്ക്കുണ്ടോയെന്നു വന്ദ്യപിതാവ് പരിശോധിച്ചുനോക്കി. അത് വിശുദ്ധമാണ്. കാരണം വിശുദ്ധീകരിക്കുന്ന കുർബാനയും കൂദാശകളും അവിടെയുണ്ട്. പരുമല തിരുമേനിയെപ്പോലുള്ള പുണ്യപ്പെട്ട ആളുകളും അവിടെയുണ്ട്. ഏകമാണോയെന്നു ചോദിച്ചാൽ, അതെ; ഒരു പാത്രീയർക്കീസിൻെറ അല്ലെങ്കിൽ കാതോലിക്കോസിൻെറ കീഴിൽ സഭ ഏകയോഗമായി കഴിയുന്നു. അത് അപ്പസ്തോലികവുമാണ്. കാരണം മാർ തോമ്മസ് അപ്പസ്തോലനാണ് ഇവിടെ സഭ സ്ഥാപിച്ചത്. ശ്ലൈഹിക പാരമ്പര്യം അഥവാ പിന്തുടർച്ച അതിനുണ്ട്. എന്നാൽ അത് കാതോലികം അഥവാ സാർവത്രീകം എന്നുപറയാനാവുന്നില്ല. 2000 വർഷത്തോളം പഴക്കമുണ്ടായിട്ടും അത് കിണററിലെ തവളയെപ്പോലെ O വട്ടത്തിൽ നീന്തിനടക്കുന്നതേയുള്ളു. വിശാലമായ ജലാശയത്തിലേക്കു നീന്തിപോകുവാൻ അതിനു സാധിക്കുന്നില്ല, സാധിക്കുകയുമില്ല. കാരണം സാർവത്രീകമാകണമെങ്കിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ, വിവിധ സംസ്കാരങ്ങളിൽ ജീവിക്കുന്ന ജനപദങ്ങളെ അതിലുൾപ്പെടുത്താൻ തക്ക പ്രവർത്തനശൈലി അതിനുണ്ടാകണം. അതുണ്ടായിട്ടില്ല.

കത്തോലിക്കാസഭയിലാണെങ്കിൽ വിവിധ രാജ്യങ്ങളിലെ വിവിധങ്ങളായ സംസ്കാരങ്ങ

www.malankaralibrary.com

ളെയും ജീവിത രീതികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് 21 റീത്തുകൾ അഥവാ ആരാധനാനുഷ്ഠാനങ്ങൾ ഉണ്ട്. ഓരോ രാജ്യത്തിനും അതിന്റേതായ സംസ്ക്കാരമുണ്ട്. ജീവിതശൈലിയുണ്ട്, ഭാഷയുണ്ട്. ആകയാൽ അനുയോജ്യമായ ആരാധനാക്രമവും സഭയ്ക്കുണ്ടായിരിക്കണം. കേരളത്തിൽ എങ്ങനെ ഈ സുറിയാനി റീത്തുണ്ടായിയെന്നു ചോദിച്ചേക്കാം. മാർ തോമ്മാശ്ലീഹാ കേരളത്തിൽ വന്നപ്പോൾ ആദ്യമായി ഇവിടെ കുടിയേറി പാർത്തിരുന്ന യഹൂദരെ സുവിശേഷം അറിയിക്കുവാനായിരുന്നു. അവർ സുറിയാനി സംസാരിക്കുന്നവരായിരുന്നല്ലൊ. പിന്നീട് ഹിന്ദുക്കൾ മാനസാന്തരപ്പെട്ടപ്പോൾ പല ഹിന്ദു ആചാരങ്ങളും സഭ സാം സ്വീകരിച്ചിട്ടുമുണ്ട്. ആകയാൽ കത്തോലിക്ക സഭ ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. ഈയൊരു സവിശേഷത മറെറാരു സഭക്കും അവകാശപ്പെടാനാവുമെന്നു തോന്നുന്നില്ല. ആകയാൽ റോമ്മാ മാർപാപ്പായുടെ കീഴിൽ ഒന്നിച്ചു നില്ക്കുന്ന സഭക്കു മാത്രമെ 'കാതോലികം അഥവാ സാർവത്രീകം'എന്നു പറയാനാവു. കാതോലികം എന്നു ഏററുചൊല്ലുന്നെങ്കിലും യാഥാർത്ഥത്തിൽ യാക്കോബായ-ഓർത്തൊഡോക്സ് സഭക്ക് കാതോലികം എന്ന ലക്ഷണമില്ല. ഇതാണ് അതിനുള്ള കുറവ്. ഈ കുറവ് പരിഹരിക്കാനാണ് അഭിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലിത്ത കത്തോലിക്ക സഭയിലേക്കു പുനരൈക്യപ്പെട്ടുകൊണ്ട് സാർവത്രീക സഭയുടെ കൂട്ടായ്മയിലേക്ക് കടന്നു ചെന്നത്. ഇതാണ് പുനരൈക്യം. പുനരൈക്യപ്പെട്ടവരെല്ലാം ചെയ്തത് ഇത്രമാത്രമെയുള്ളു.

മാർതോമ്മ ശ്ലീഹായാൽ സ്ഥാപിതമായ കേരള സഭ 17-ാം നൂററാണ്ടുവരെ ഏകയോഗമായി മുന്നേറികൊണ്ടിരുന്നു. വടക്കേ ഇൻഡ്യായിലേക്കും അതു വ്യാപിച്ചിരുന്നു. എന്നാൽ 17-ാം നൂററാണ്ടിൽ ഈ പ്രാദേശിക സഭ പോർത്തുഗീസ് മിഷ്യനറിമാരുമായി ഏററുമുട്ടി പിളർന്നുപോയി. ആരുമാരും ആഗ്രഹിക്കാതെ നിർഭാഗ്യവശാൽ സഭ രണ്ടായി പിളർന്നു. പഴയകൂററുകാർ, പുത്തൻകൂററുകാർ എന്ന രണ്ടു വിഭാഗം. പുത്തൻകൂററുകാർ പിന്നെയും ഭിന്നിച്ചു അങ്ങനെ ഭിന്നിച്ചു ഭിന്നിച്ചുനമ്മുടെ സുറിയാനി സഭ ഇന്നുപല വിഭാഗങ്ങളായി പല തട്ടുകളിൽ നില്ക്കുന്നു. ഈ ദുരവസ്ഥ പരിഹരിച്ചു വേർപെട്ട സഹോദരങ്ങളെ സാർവത്രീക സഭയുടെ കൂട്ടായ്മയിലേക്കു ആനയിക്കുവാനാണ് പുനരൈക്യ പ്രസ്ഥാനം വഴി മാർ ഈവാനിയോസ് മെത്രാപ്പോലിത്ത പരിശ്രമിച്ചത്. ദൈവകൃപയാൽ അത് വിജയിച്ചു. ഇന്നു നാം അതിന്റെ ഗുണഭോക്താക്കളായി തീരുകയും ചെയ്തിരിക്കുന്നു. ദൈവത്തിനു സ്തോത്രം.

അങ്ങനെ പൂർവിക സഭയോടു നാം യോജിച്ചു. അതുകൊണ്ടുകൂടിയാണ് പുനരൈക്യം എന്നു വിശേഷിപ്പിക്കുന്നത്. ഓരോരൊ അപ്പസ്തോലന്മാർ ഓരോരൊ രാജ്യങ്ങളിൽ പ്രാദേശിക സഭകൾ സ്ഥാപിച്ചു. അപ്പസ്തോല സംഘത്തിന്റെ തലവൻ മാർ പത്രോസ് ശ്ളീഹായോടുകൂടെ ശ്ളീഹന്മാർ എല്ലാവരും യോജിച്ചിരുന്നതുപോലെ പ്രാദേശിക സഭകൾ, പത്രോസിന്റെ പിൻഗാമിയായ പ. മാർപ്പാപ്പാ അദ്ധ്യക്ഷനായിരിക്കുന്ന റോമ്മാസഭയോടു യോജിച്ചാണ് നിലനിന്നിരുന്നത്. ഹൂദായ കാനൻ അനുശാസിക്കും പോലെ ലോകത്തിന്റെ 4 ഭാഗങ്ങളിലായി 4 പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരിൽ ഏററം വലിയവൻ റോമ്മായിലെ പാത്രിയർക്കീസായിരിക്കണം.അങ്ങനെ ക്രിസ്തുവിന്റെ സഭ ഒരു ഇടയന്റെ അധികാരത്തിലുള്ള ഒരു തൊഴുത്താണ്. അതനുസരിച്ചു കേരളസഭ റോമ്മാ മാർപ്പാപ്പായ്ക്കു വിധേയത്വം പുലർത്തിയിരുന്നു. ഈ സത്യം പുത്തൻകൂററുകാർക്കു ബോദ്ധ്യമുള്ള കാര്യവുമായിരുന്നു.

വേർപിരിഞ്ഞ പുത്തൻ കൂററുകാർക്കു ഒരു മെത്രാനില്ലാതിരുന്നതിനാൽ ആലങ്ങാട്ടു യോഗം ചേർന്നു. 12 വൈദികരുടെ കൈവയ്പോടുകൂടി അന്നത്തെ അർക്കിദിയാക്കോനെ മെത്രാൻ വേഷം കെട്ടിച്ചു. 12 അല്ല 120 വൈദികർകൂടിയാലും ഒരു മെത്രാനെ വാഴിക്കാൻ പററുകയില്ലന്നു എല്ലാവർക്കും അറിയാമല്ലൊ. അർക്കിദിയാക്കോൻ(Arch deacon) 1-ാം മാർ തോമ്മ എന്നു വിളിക്കപ്പെട്ടു.

വാശിയുംവൈരാഗ്യവും മൂത്തു ഇങ്ങനെയൊക്കെ സംഭവിച്ചെങ്കിലും തനിക്കു ശരിയായ മേല്പട്ടസ്ഥാനംഇല്ലായെന്നു1-ാം മാർതോമ്മാക്കു ബോദ്ധ്യമുണ്ടായിരുന്നു. ആകയാൽ അദ്ദേഹം റോമ്മാ സിംഹാസനത്തിലേക്കു അപേക്ഷ അയച്ചു. രണ്ടുകാ

www.malankaralibrary.com

ര്യങ്ങളാണ് അദ്ദേഹം ആവശ്യപ്പെട്ടത്. (1) തനിക്കു ശരിയായ മെത്രാൻ പട്ടം ലഭിക്കണം (2) തന്റെ ജനങ്ങളെ ഭരിക്കുവാനുള്ള അനുവാദവും വേണം. അപേക്ഷയനുസരിച്ചു തിരുസിംഹാസനത്തിൽ നിന്നു ഒരു കമ്മീസരിയെ അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ നിയോഗിച്ചു. കമ്മീസരിയുടെ റിപ്പോർട്ടു അനുകൂലമല്ലായിരുന്നതിനാൽ കാര്യം നടന്നില്ല. അല്ലെങ്കിൽ ആദിയിൽ തന്നെ സംപൂർണ്ണ പുനരൈക്യം നടന്നേനെ.

4-ാം മാർ തോമ്മായും ഇതുപോലെ 1704ൽ മാർപ്പാപ്പായ്ക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ അത് വേണ്ടവിധം റോമിൽ ഗൗനിക്കപ്പെട്ടില്ല. അതുകൊണ്ട് അദ്ദേഹം അന്ത്യോഖ്യയിലെ യക്കോബായ സഭയുമായി ബന്ധപ്പെടാൻ തുടങ്ങി.

5-ാം മർതോമ്മായും, 6-ാം മാർതോമ്മായും പുനരൈക്യത്തിനുവേണ്ടി കൂടുതൽ തീഷ്ണതയോടെ പരിശ്രമിച്ചതായി ചരിത്രം സാക്ഷിക്കുന്നു. 6-ാം മാർ തോമ്മ അങ്ങനെ നിരാശനായി ഇരിക്കുമ്പോഴാണ് വിദേശത്തു നിന്നും യാക്കോബായ മെത്രാപ്പോലീത്ത മാർ ഗ്രിഗറി കേരളത്തിൽ വന്നതും, 6-ാം മാർ തോമ്മാക്കു 1-ാം മാർ ദിവന്ന്യാസിയോസ് എന്ന പേരിൽ മെത്രാൻ പട്ടം കൊടുത്തതും. എന്നിട്ടും അദ്ദേഹം പുനരൈക്യശ്രമം വിട്ടില്ല. തൽഫലമായാണ് കരിയാററി മല്പാനും, പാറേമ്മാക്കൽ തോമ്മകത്തനാരും റോമിലേക്കു അയക്കപ്പെട്ടത്. ഇങ്ങനെ പല പല പുനരൈക്യ പരിശ്രമങ്ങരം സഭയിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം ചരിത്രമാണ്, സത്യമാണ്. പക്ഷേ ഇവയൊന്നും കാണാഞ്ഞിട്ടോ, കണ്ടില്ലെന്നു നടിച്ചിട്ടോ കേരളത്തിലെ ചില സഭാചരിത്രകാരന്മാർ കേരളസഭയ്ക്കു പോർട്ടുഗീസ്കാരുടെ വരവിനുമുമ്പ് റോമ്മാ സഭയുമായി യാതൊരു ബന്ധവുമില്ലയിരുന്നുയെന്നു എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. മാർ തോമ്മാമാരുടെ അപേക്ഷകരം ഇന്നും വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. നമ്മുടെ ബത്തേരി രൂപതാദ്ധ്യക്ഷൻ മാർ ബസേലിയോസ് തിരുമേനി ഈ രേഖകരം നേരിട്ടു കണ്ടിട്ടുണ്ട്. അപേക്ഷകരം മാത്രമല്ല അവ ചുററികെട്ടി അയച്ച വാഴവള്ളിയും അവിടെയുണ്ട്. അപേക്ഷകളിൽ സഭയുടെ പൂർവ്വചരിത്രവും വിവരിച്ചിട്ടുണ്ട്. അപ്പോരം ഒരു കാര്യം ചിന്തിക്കണം. വേർപാടിനുശേഷം എന്തുകൊണ്ട് മാർതോമ്മമാർ റോമ്മാ സിംഹാസനത്തിലേക്കു മാത്രം അപേക്ഷിച്ചത്. മാതൃസഭയിലേക്കു ചേരാൻ അവർ ശ്രമിച്ചുയെന്നേ പറയാനുള്ളു.

ഞാൻ ആദ്യമെ സൂചിപ്പിച്ചു മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം മലങ്കര കത്തോലിക്ക സഭയോടുകൂടാ ദൈവത്തിന്റെ തൃക്കരം ഉണ്ട് എന്നുള്ളതിന്റെ ഒരു ഉത്തമ സാക്ഷ്യമാണെന്ന്. നമ്മുടെസഭയിൽ തിരുവനന്തപുരം, തിരുവല്ലയെന്ന രണ്ടു ഭദ്രാസനങ്ങളാണുണ്ടായിരുന്നത് അതിൽ തിരുവല്ലായുടെ മെത്രാനായിരുന്ന പുണ്യശ്ലോകൻ മാർ തെയോഫിലോസ് തിരുമേനി നിർഭാഗ്യവശാൽ രോഗബാധിതനായി ഭരണം നടത്താൻ സാധിക്കാതെ പോയി. അഡ്മിനിസ്ട്രേററാൽ ഭരിക്കപ്പെട്ടുവെങ്കിലും അത് ഏതാണ്ടു നിശ്ചലാവസ്ഥയിലായിരുന്നു. 1935 മുതൽ ശരിയായ ഒരു അതിനാഥനില്ലാതെയിരുന്ന അവസരത്തിലാണ് ദൈവം നിരണം ഭദ്രാസനാധിപനായിരുന്ന അതിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ കത്തോലിക്കാ സഭയിലേക്കു വിളിച്ചത്. സാവൂളിന്റെ ആത്മാവോടെ യാക്കോബായ സഭയെ ഉറപ്പിച്ചു പരിപോഷിപ്പിക്കുവാൻ കച്ചകെട്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ആ വന്ദ്യ താതൻ 1937 നവംബർ 29 ാം തീയതി പുനരൈക്യപ്പെട്ട ശേഷം പൗലോസ് അപ്പസ്തോലനായിമാറി. 1938 ആഗസ്ററ് 20-ാം തീയതി അദ്ദേഹം മെത്രാനടുത്ത സകല അധികാരാവകാശങ്ങളോടെ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. സുഖമില്ലാതെ ഭരണം നടത്താൻ സാധിച്ചിരുന്നില്ലെങ്കിലും തിരുവല്ലായുടെ മെത്രാൻ സ്ഥാനം അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിക്കായിരുന്നു. അതുകൊണ്ടാണ് അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കയെന്നു വിളിക്കപ്പെട്ടത്. പിന്നീട് മാർ സേവേറിയോസ് തിരുമേനിയെ ആർച്ചു ബിഷപ്പ് സ്ഥാനത്തേക്കുയർത്തുകയും, തിരുവല്ലായുടെ ആർച്ചു ബിഷപ്പ് - ബിഷപ്പ് എന്നു വിളിക്കപ്പെടുകയും ചെയ്തു. വന്ദ്യപിതാവ് തിരുവല്ലാ രൂപതയുടെ ഭരണഭാരം ഏറെറടുത്തശേഷം അതിനുണ്ടായിട്ടുള്ള പുരോഗതി ആത്മീയമായും ഭൗതീകമായുമുള്ള വളർച്ച നിസ്സീമമാണ്. ആവശ്യാനുസരണം പള്ളികളും സ്കൂളുകളും മററു പലതരം പരോപകാര സ്ഥാപനങ്ങളും പടുത്തുയർത്തി. പുനരൈക്യ ദൗത്യം പ്രചരിപ്പിക്കാൻ

www.malankaralibrary.com

പുസ്തകങ്ങളും, ലഘുലേഖകളും, മാസികകളും പ്രസിദ്ധീകരിച്ചു. പ്രസംഗ യോഗങ്ങൾ ധാരാളം സംഘടിപ്പിച്ചു. അങ്ങനെ പുനരൈക്യത്തിന്റെ ഒരു വേലിയേററം തന്നെ രൂപതയിലുണ്ടായി.

വി. പൗലോസ് അപ്പസ്തോലനെപ്പോലെ ആത്മവീര്യത്തോടും, തീഷ്ണതയോടും അഭിവന്ദ്യ പിതാവ് സഭാ സേവനം നടത്തി. പൈതൃകമായ വാത്സല്യത്തോടെ തിരുവല്ലാ രൂപതയെയും, പുനരൈക്യ പ്രസ്ഥാനത്തെയും താലോലിച്ച് പരിപോഷിപ്പിച്ചു. അവിടുന്നു എല്ലാവർക്കും എല്ലാമായിരുന്നതിനാൽ എല്ലാവരുടെയും സ്നേഹപിതാവുമായിരുന്നു. "ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും, ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവരെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു. ഈ തൊഴുത്തിൽപെടാത്ത മററാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരു ആട്ടിൻപററവും ഒരു ഇടയനുമാകും" Jn. (10. 14-16). നമ്മുടെ കർത്താവിന്റെ ഈ തിരുവചനം മാർ സേവേറിയോസ് പിതാവിന്റെ ജീവിതത്തിൽ അന്വർത്ഥമായിരുന്നു.

തന്റെ സഹപ്രവർത്തകരായ വൈദികരോടു വന്ദ്യ തിരുമേനി എപ്പോഴും പൈതൃകമായ വാത്സല്യത്തോടെയാണ് പെരുമാറിയിരുന്നത്. 1942 മുതൽ തിരുമേനി കാലം ചെയ്തതുവരെ ഞാൻ അവിടുത്തോടുകൂടെ വിവിധ തലങ്ങളിൽ ശുശ്രൂഷ ചെയ്തവനാണ്. സ്നേഹവും ഔദാര്യവും മററുള്ളവരെകുറിച്ചുള്ള ആകാംക്ഷയും തിരുമേനിയിൽ പ്രകടമായിരുന്നു. ഒരവസരത്തിൽ പോലും ആ പിതാവ് മുഖം കറുപ്പിച്ചു സംസാരിക്കുകയോ പെരുമാറുകയോ ചെയ്തതായി ഞാൻ കണ്ടിട്ടില്ല.


1954 ൽ തനിക്കു ഒരു പിൻഗാമിയെ വാഴിച്ചശേഷം 1955 ജനുവരി 18-ാം തീയതി വൈകുന്നേരം അഭിവന്ദ്യ പിതാവ് ഒരു ദീർഘമിഷ്യൻ യാത്രകഴിഞ്ഞുവന്നു, ഇഹലോകവാസം വെടിഞ്ഞു. വി. പൗലോസ് അപ്പസ്തോലനോടുകൂടി വന്ദ്യ തിരുമേനിക്കും പറയാൻ കഴിഞ്ഞു, "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി: വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്കു സമ്മാനിക്കും" (2തിമോ. 4, 7-8).

മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യ സുവർണ്ണജൂബിലി അനുസ്മരിക്കുന്ന ഈ അവസരത്തിൽ, അവിടുത്തെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായി വേർപെട്ടു നില്ക്കുന്ന മററാടുകളും അവിടുത്തെ സ്വരം ശ്രവിക്കുന്നതിനും ഒരു ഇടയനും ഒരാട്ടിൻ പററവുമായി തീരുന്നതിനും നമുക്കു പ്രാർത്ഥിക്കാം.

## സ്വകർത്തവ്യ നിരതൻ

"...... സ്വകർത്തവ്യ നിർവ്വഹണാർത്ഥം സമയം മുഴുവൻ ചെലവഴിക്കണമെന്നുള്ള ഒരു നിഷ്ഠ (മാർ സേവേറിയോസ്) തിരുമേനിക്കുണ്ടായിരുന്നു...... ക്ലാർക്കന്മാരും സെക്രട്ടറിമാരും ചെയ്യേണ്ട മിക്ക ജോലികളും തിരുമേനി തനിച്ചു ചെയ്തിരുന്നു. തനിക്കു ലഭിച്ചിരുന്ന കത്തുകൾക്കു മിക്കവാറും തിരുമേനി സ്വന്തം കൈപ്പടയിൽത്തന്നെ മറുപടി അയയ്ക്കുമായിരുന്നു. എഴുത്തുകൾക്ക് മടങ്ങുന്ന തപാലിൽത്തന്നെ മറുപടി അയച്ചിരുന്നു. ഇക്കാര്യത്തിൽ പാശ്ചാത്യരെപ്പോലും തിരുമേനി തോല്പിച്ചിരുന്നു..... തന്നെ കാണാൻ വരുന്ന സന്ദർശകന്മാരെയെല്ലാം സ്വീകരിക്കുകയും തന്നോടു സംസാരിക്കുന്നതിനു ഇഷ്ടം പോലെ അവർക്കു സമയമനുവദിക്കുകയും പതിവായിരുന്നു മാർ സേവേറിയോസ് തിരുമേനിയുടെ ദീനാനുകമ്പ ഒന്നു പ്രത്യേകമായിരുന്നു ...... മനുഷ്യരുടെ ക്ലേശങ്ങളും പ്രയാസങ്ങളും ആവശ്യക്കാരേക്കാൾ നന്നായിട്ട് തിരുമേനി ഗ്രഹിച്ചിരുന്നു ... തിരുമേനി ആപൽഘട്ടങ്ങളിൽ സ്വാമിത്രങ്ങൾക്കു താങ്ങും തണലുമായി വർത്തിച്ചിരുന്നു ......" (റവ. ഡോ. ജോസഫ്, ഏററുമാനൂക്കാരൻ, സ്മരണകൾ, പുറം 38-41)

www.malankaralibrary.com




സേവേറിയോസ് തിരുമേനിയുടെ മാതാവിൻെറ മൃതസംസ്ക്കാരവേളയിൽ

www.malankaralibrary.com




റോമിൽ വലിയ ഇടയനോടൊപ്പം (പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ)

www.malankaralibrary.com



റോമിൽ
നടുവിൽ
കൂട്ടപ്ലാക്കൽ ഐസക്
ശെമ്മാശൻ (ഐസക്
മാർ യൂഹാനോൻ)



റോമിൽനിന്ന് തിരിച്ച്
കൊച്ചിയിൽ വന്നപ്പോൾ
സഹോദരങ്ങൾ
നൽകിയ സ്വീകരണം.
(ഇടത്തുനിന്ന്) വി. ഒ.
മാത്തൻ, വി. ഒ. വർഗീ
സ്, കെ. എം. ജോർജ്,
വി. ഒ. ജോസഫ്,
ഈപ്പൻ വാളക്കുഴി.



ഫാ. ബനഡിക്ട് (ബനഡി
ക്ട് മാർ ഗ്രീഗോറിയോ
സ്), മാർ ഈവാനിയോസ്
തിരുമേനി എന്നിവരോ
ടൊപ്പം

www.malankaralibrary.com



കർദ്ദിനാൾ ടിസറൻറ് തിരുമേനിയോടൊപ്പം സ്വീകരണ രഥത്തിൽ



തൻെറ പുനരൈക്യത്തിനുവേണ്ടി പരിശ്രമിച്ച മേളാംപറമ്പിൽ ഉമ്മച്ചൻെറ ഭവനത്തിൽ കർദ്ദിനാൾ ടിസറാൻറ്, ബനഡിക്ട് മാർ ഗ്രീഗോറിയോസ് എന്നിവരോടൊപ്പം.

www.malankaralibrary.com



ബസ്സോലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് എന്നിവരോടൊപ്പം (മാർ സേവോറിയോസ് മെത്രാപ്പോലീത്ത വലത്തേയറ്റത്ത്)




## എക്യുമെനിക്കൽ സമ്മേളനം

മുൻനിര: ഔഗേൻ മാർ തിമോത്തിയോസ്, യൂഹാനോൻ മാർത്തോമ്മാ, ബിഷപ് വെസ്കട്ട്, ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക, ബിഷപ് തോമസ് തറയിൽ, പുത്തൻകാവ് മാർ പീലക്സിനോസ്.

പിൻനിര: പാമ്പാടി മാർ ഗ്രിഗോറിയോസ്, മാത്യൂസ് മാർ അത്തനാസിയോസ് സഫ്രഗൻ, ബിഷപ്പ് സി. കെ. ജയിക്കബ്, ബിഷപ്പ് ലഗ്ഗ്, വാളക്കുഴി മാർ സേവേറിയോസ്, ബഥനിയുടെ മാർ തെവദോസ്യോസ്.

www.malankaralibrary.com



ശാന്തിനിലയത്തിൽ മിഷൻ സെമിനാരി
അംഗങ്ങളോടൊപ്പം



മാർ സേവേറിയോസ് മെത്രാപ്പോലീത്താ
തിരുവിതാം കൂർ ദിവാൻ
സർ സി. പി. രാമസ്വാമി അയ്യർ




വാളക്കുഴയിൽ ജോസഫ് അച്ചൻെറ
കത്തോലിക്കാ സഭയോടുള്ള വിരോ
ധത്തിൻെറ മൂകസാക്ഷി
(കത്തോലിക്കാ സഭാംഗമായ
കൈയ്യാലത്ത് കെ. വി. ചാക്കോ
നിര്യാതനായപ്പോൾ വാളക്കുഴിയിൽ
ജോസഫ് അച്ചൻ ബലാൽക്കാരമായി
പാതിക്കാട് യാക്കോബായ പള്ളി
യിൽ സംസ്കരിച്ചു. പ്രസ്തുത
കല്ലറയാണ് ചിത്രത്തിൽ.

www.malankaralibrary.com

ഗുരുവും ശിഷ്യനും




അനേകർക്ക് താങ്ങായിരുന്ന തിരുമേനിയുടെ ഊന്നുവടി



സന്യാസ അർത്ഥിനികളോടൊത്ത്






"എന്നും സമയനിഷ്ഠ"

തിരുമേനി ഉപയോഗിച്ച റിസ്റ്റ് വാച്ച്

www.malankaralibrary.com



മാർ ദീയസ്കോറസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരോടൊപ്പം



നിയുക്ത മെത്രാൻ ഫാ. ചെറിയാൻ പോളച്ചിറയ്ക്കൽ
(സഖറിയാസ് മാർ അത്തനാസിയോസ്) തൃശൂർ ബിഷപ്പ്
ഡോ. ജോർജ് ആലപ്പാട്ട് എന്നിവരോടൊപ്പം.

www.malankaralibrary.com

# ആർച്ച് ബിഷപ്പ് – ബിഷപ്പ് മാർ സേവേറിയോസും മോൺ. തോമസ് വടശ്ശേരിയും

വി. കിളിച്ചിമല

“മോൺ. വടശ്ശേരി” എന്ന പേരിൽ ഈ ലേഖകൻ പ്രസിദ്ധീകരിച്ച ജീവചരിത്ര കൃതിയുടെ അവതാരികയിൽ പ്രൊഫ. മാത്യു ഉലകംതറ എഴുതി. “നാടു മുഴുവൻ എതിരായിളകുകയും സ്വന്തം മേലധികാരികളുടെ വിപ്രതിപത്തിക്കുപോലും പാത്രമാകയും ചെയ്തപ്പോഴും മോൺ. വടശ്ശേരി ഫലചിന്തകൂടാതെ സ്വകർമ്മനിരതനായിരുന്ന രംഗങ്ങൾ ജീവചരിത്രകാരനായ ഫാ. വറുഗീസ് കിളിച്ചിമല ചൂണ്ടിക്കാട്ടുന്നുണ്ട്. വാസ്തവത്തിൽ അത്തരം രംഗങ്ങളാണ് ഒരുവന്റെ വ്യക്തിമാഹാത്മ്യത്തിന്റെ ഉരകല്ല്. എന്തുകൊണ്ടോ താദൃശ്യ മർമ്മങ്ങളിൽ ഗ്രന്ഥകാരന് അധികം വിരലൂന്നാൻ കഴിയാതെ പോയിരിക്കുകയാണ്”. പുസ്തകത്തിന്റെ പുതിയ പതിപ്പു പ്രസിദ്ധീകരിക്കാൻ സൗകര്യം കിട്ടിയില്ല. തന്മൂലം ചിന്തകനായ അവതാരിക കാരന്റെ നിർദ്ദേശത്തിനു വിശദീകരണം നല്കുന്നതിന് ഇതുവരെ കഴിയാതെ പോയി.

### വഴികാട്ടികളായ രണ്ടു മഹാത്മാക്കൾ

കേരളത്തിലെ ക്രൈസ്തവൈക്യസംരംഭത്തിനു മറക്കാനാവാത്ത രണ്ടു മഹാത്മാക്കളത്രേ മാർ സേവേറിയോസും മോൺ. വടശ്ശേരിയും. ബാല്യാരിഷ്ടതകൾ മാററി തിരുവല്ലാ രൂപതയെ നിലനിർത്തിയത് വന്ദ്യതിരുമേനിയുടെ പരിലാളനമാണ്. രൂപതയുടെ അന്നത്തെ കുതിപ്പിന്റെ അതിദ്രുത സ്ഥിതി വിദ്വാൻ വി. ററി. ഐയ്പ്പു എന്ന സരസകവി ചിത്രീകരിച്ചിട്ടുണ്ട്.

“തിരുവല്ലയാം രൂപത തന്നുടെ
ഭരണം നമ്മുടെ സേവറിയോസാം
തിരുമനസ്സേററിട്ടിരുവർഷം കൊ-
ണ്ടിരുപതുവർഷപ്പൊലിമ വളർത്തി-
ത്തിരുസഭമഹിമ വളർത്തീടുന്നു”(1)

വത്തിക്കാൻ പത്രമായ “ഒസ്സർവത്തോരെ റൊമാനോ” അക്കാലത്തെ രൂപതാവികസനം രേഖപ്പെടുത്തുന്നു: “... 1938 നവംബർ 20–ാം തീയതി മാർ സേവേറിയോസ് തിരുമേനി രൂപതാ ഭരണം കൈയേററു. തിരുമനസ്സിലെ ഭരണഫലമായി പുനരൈക്യ പ്രസ്ഥാനം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഇക്കഴിഞ്ഞ പതിനൊന്നു സംവത്സരക്കാലത്തിനിടയിൽ ഏഴായിരം അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും മുപ്പത്തിയഞ്ചു പള്ളികളും കപ്പേളകളും പണികഴിപ്പിക്കയും അഞ്ചു ഹൈസ്ക്കൂളുകളും എട്ടു മിഡിൽ സ്ക്കൂളുകളും നിരവധി പ്രാഥമിക വിദ്യാലയങ്ങളും മൂന്നു കന്യകാലയങ്ങളും ആരംഭിക്കയും ചെയ്തിട്ടുണ്ട്. രൂപതയിലെ വൈദികരുടെ സംഖ്യ മുപ്പത്തിയെട്ട് ആയിരുന്നത് 67ആയും കന്യാസ്ത്രീകളുടെ സംഖ്യ മൂന്ന് ആയിരുന്നത് 45 ആയുംവർദ്ധിച്ചിട്ടുണ്ട്. വിയോജിച്ചുനിൽക്കുന്ന സഹോദരന്മാരെ ഏകതൊഴുത്തിലേക്കാനയിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളൊന്നും തിരുമേനി പ്രയോഗിക്കാതിരുന്നിട്ടില്ല”. (2)

ആർച്ചുബിഷപ്പ്-ബിഷപ്പ് എന്ന സ്ഥാനത്തേക്കുയർത്തി തിരുസിംഹാസനം ഇദ്ദേഹത്തോടുള്ള ആദരവു പ്രകടിപ്പിച്ചു.

തൂലിക പടവാളാക്കിയ സഭാ സംരക്ഷകനെന്നതാണ് മോൺ. വടശ്ശേരിയുടെ വിശേഷണം. കേരള കത്തോലിക്കാ സഭ നടത്തിയ ആശയപ്പോരാട്ടത്തിന്റെ ചിത്രം ആ ജീവിതത്തിൽ കാണാം. 29–ഓളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ആ കത്തോലിക്കാ സാഹിത്യഭടൻ കേരളത്തിലെ സഭാ ശാസ്ത്രജ്ഞരിൽ അദ്വിതീയനത്രേ. പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേക ബഹുമതിക്കു പാത്രമാകുവാൻ ഇക്കാര്യം വേണ്ടുവോളം മതിയായി. “പേപ്പൽ ചേംബർലൈൻ” എന്ന

(1) വിദ്വാൻ വി. ററി. ഐയ്പ്പ്, പുനരൈക്യ പ്രസ്ഥാന പുരോഗതി (2) Osservatore Romano June 15, 1950

www.malankaralibrary.com

ബഹുമതിമുദ്ര അദ്ദേഹത്തിനു സമ്മാനിക്കുവാൻ പോരം ആറാമൻ മാർപ്പാപ്പാ മടിച്ചില്ല.

പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടു നിന്നവരാണ് മാർ സേവേറിയോസും ഫാ. വടശ്ശേരിയും. പ്രഗത്ഭമതികളുടെ പരിചരണം ആവശ്യപ്പെടുന്ന ഒന്നായിരുന്നു അവരുടെ പ്രവർത്തനരംഗം. തിരുമേനി രൂപതയുടെ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ, അച്ചൻ വികാരിജനറാം. വികാരിജനറാം സ്ഥാനത്തേക്കു അച്ചനെ ഉയർത്തിയതു തിരുമേനിതന്നെ. 1938 നവംബർ 20-ാം തീയതി തിരുമേനി രൂപതാ ഭരണം കൈയേററു, തുടർന്നു വടശ്ശേരിയച്ചൻ വികാരിജനറലായി ഉയർത്തപ്പെട്ടു.

എതിർപ്പുകളെ നേരിടുകയെന്ന ദുസ്സഹത അന്നു രൂപതയ്ക്കുണ്ടായി. ഇളം ചെടിക്കു കാഞ്ഞവെള്ളം വീഴുന്ന ദുസ്ഥിതി. ഫാ. കെ. ററി. സക്കറിയാസിൻെറ വരവു എതിർപ്പുകളുടെ എരിതീയിൽ എണ്ണ പകർന്നു. മാർ സേവേറിയോസു തിരുമേനിയും അധിക്ഷേപങ്ങൾക്കു ശരവ്യമായി. കുശാഗ്രബുദ്ധിയായ ഫാ. വടശ്ശേരിയെ ഈ അവസ്ഥ ചൊടിപ്പിച്ചു.

'ചൊല്ലിന്നുചൊല്ലുണ്ട്,
മല്ലിന്നു മല്ലുണ്ട്,
തല്ലിന്നു തല്ലുണ്ട്, കല്ലിന്നു
കല്ലുണ്ട്,
വില്ലിന്നു വില്ലുണ്ട്, വാളിന്നു വാളുണ്ട്,
വല്ലാതെവന്നു കയർക്കേണ്ട
താനെടോ'

എന്നനിലയിൽ ആതൂലികമല്ലൻ രംഗത്തുവന്നു. 'കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും'' എന്ന ബൃഹൽ ഗ്രന്ഥത്തിലൂടെ സഭാ വിമർശകർക്കു മറുപടി കൊടുത്തു.

## മുളയെടുക്കുന്ന അഭിപ്രായ ഭിന്നത

രൂപതാധ്യക്ഷൻെറ വലംകൈയായത്രേ വികാരി ജനറാം പ്രവർത്തിച്ചത്. 'കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും'' എന്ന പുസ്തകത്തിൻെറ കൈയെഴുത്തു കോപ്പി തിരുമേനി വായിച്ചു. അതിലെ ശൈലി പിതാവു ഇഷ്ടപ്പെട്ടില്ല. ഭേദഗതി വരുത്തണമെന്നുതന്നെ ആവശ്യപ്പെട്ടു.

വടശ്ശേരിയച്ചൻെറ മയമില്ലാത്ത ശൈലിയെ പ്രതികൂലിച്ചവരും അനുകൂലിച്ചവരുമുണ്ട്. ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം എഴുതി 'അകത്തോലിക്കാ വാദമുഖങ്ങൾക്കു അതേ ശൈലിയിലും രീതിയിലും മറുപടി പറയുകയാണ് ഉചിതമെന്നുള്ള ഗ്രന്ഥകാരൻെറ പ്രസ്താവനയോടു പൂർണ്ണമായി യോജിക്കുവാൻ പ്രയാസമാണെന്നുകൂടി പ്രസ്താവിക്കേണ്ടതുണ്ട്'' (3) ഫാ. സിറിയക്ക് മണ്ണനാൽ, ഫാ. തോമസ് മൂത്തേടൻ തുടങ്ങിയവർ പ്രസ്തുത ശൈലിയെ അനുകൂലിക്കുകയാണ്. ഫാ. മൂത്തേടൻ എഴുതി. 'ചിലർ പറയാറുണ്ട്, ഫാ. വടശ്ശേരിയുടെ പേനയ്ക്കു മൂർച്ച കൂടുമെന്ന്.' ബാലിശവും അക്ഷന്തവ്യവുമായ വാദമുഖങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വികാരങ്ങൾ പൊന്തിവരിക ആത്മാർത്ഥതയുള്ള ഗ്രന്ഥകാരന്മാർക്കെല്ലാം സ്വാഭാവികമായ ഒരു വാസനയാണ്'' (4)

സഭാ സ്നേഹം തുളുമ്പുന്നവനായിരുന്നു മാർ സേവേറിയോസ്. മോൺ. വടശ്ശേരിയും അങ്ങനെതന്നെ. പുസ്തകത്തിനു തിരുത്തൽ വേണമെന്നു തിരുമേനി നിർദ്ദേശിച്ചതു സഭാ സ്നേഹം കൊണ്ടുതന്നെ. തിരുത്തൽ കൂടാതെ പ്രസിദ്ധീകരണാനുമതി (Imprimatur) നല്കുന്നതല്ലെന്നായിരുന്നു തിരുമേനിയുടെ നില. പുസ്തകത്തിൻെറ പ്രസിദ്ധീകരണം സഭാ സംരക്ഷണത്തിനു ആവശ്യമാണെന്നായിരുന്നു അച്ചൻെറ പക്ഷം. ഇമ്പ്രിമാത്തൂർ കൂടാതെ തന്നെ പുസ്തകം പ്രസിദ്ധീകൃതമായി. വികാരി ജനറാം എന്ന തസ്തികയാണ് അതിനു പ്രേരകമായത്. ഗ്രന്ഥകർത്താ, തിരുവല്ലാരൂപതയുടെ വികാരി ജനറാം മോൺ. തോമസ് വടശ്ശേരി എൽ. ഡി എന്നാണു പുസ്തകത്തിൻെറ മുഖപക്ഷത്തു ചേർത്തിരിക്കുന്നത്.

പുസ്തക പ്രസിദ്ധീകരണം ഉളവാക്കിയ പരിണതി ചെറുതായിരുന്നില്ല. വടശ്ശേരിയച്ചനു സ്ഥാനചലനമുണ്ടായി, വികാരിജനറാം സ്ഥാനത്തുനിന്നു അദ്ദേഹം നിഷ്കാസിതനായി. വികാരിജനറാം സ്ഥാനം കൊണ്ടുണ്ടായതായിരുന്നു അച്ചൻെറ മോൺസിത്തോർ പദവി. സ്ഥാനപതനത്തോടെ ആ പദവിയും നഷ്ടപ്പെട്ടു. ചെറു പുഷ്പഗിരി മെത്രാസന മന്ദിരത്തിൽ നിന്നു തിരുവല്ലാ ഭദ്രാസന ദൈവാലയത്തിലേക്കു അദ്ദേഹം മാററപ്പെട്ടു.

(3) സത്യദീപം 1948, ജനുവരി 2

(4) സത്യദീപം 1961, മാർച്ച് 8

www.malankaralibrary.com

സേവേറിയോസ് തിരുമേനിയുടേയും മോൺ. വടശേരിയുടേയും ഉന്നം ഒന്നുതന്നെയായിരുന്നു. ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗത്തിന്റെ കാര്യത്തിലായിരുന്നു അവർ തമ്മിലുള്ള അഭിപ്രായാന്തരം. ഇത്തരം അഭിപ്രായ ഭിന്നതകൾ സഭാചരിത്രത്തിൽ അപൂർവ്വമല്ല. വി. പൗലൂസും ബർണബാസും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ട്. ആഗസ്തിനോസും ഇറാനിമോസും മത്സരിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ യാഥാസ്ഥിതികരും ഉൽപ്പതിഷ്ണുക്കളുമായ പിതാക്കന്മാർ ഉഗ്രവാക്സമരത്തിലേർപ്പെട്ടിട്ടുണ്ട്.

അനുയായികളുടെ സഹകരണം രണ്ടുപേർക്കുമുണ്ടായി. പരമസാത്വികനായ തിരുമേനിയുടെ ഉദ്ദേശ്യ ശുദ്ധിയെ ആരും ചോദ്യം ചെയ്തില്ല. വിവാദഗ്രന്ഥത്തിനു ഹൃദ്യമായ സ്വാഗതം ലഭിച്ചു. 500-ൽ ശിഷ്ടം പുറങ്ങളുള്ള ആ ദൈവശാസ്ത്രഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പു മുഴുവൻ (1000 കോപ്പി) ഒന്നരമാസത്തിനുള്ളിൽ വിററഴിഞ്ഞു. ഷെവ. ഐ സി. ചാക്കോ, ഷെവ. വി. സി. ജോർജ് തുടങ്ങിയ പണ്ഡിതന്മാരുടെ മുക്തകണ്ഠ പ്രശംസയ്ക്കും പുസ്തകം പാത്രമായി.

## ആഴത്തിലേക്ക് ഇറങ്ങുമ്പോൾ

സംഘർഷത്തിനു ഹേതു ഭാഷമാത്രമോ? ലക്ഷ്യത്തിലെത്താനുള്ള ഏതു മാർഗ്ഗത്തിലാണ് ആ സഭാചിന്തകരുടെ വൈരുദ്ധ്യം? കത്തോലിക്കാസഭയെ ആശ്ലേഷിച്ച ഒരുവനാണ് മാർ സേവേറിയോസ്. മലങ്കര സഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കാനുള്ള കൂറും വീറും അദ്ദേഹത്തിനുണ്ട്. കത്തോലിക്കാ വിജയഭേരിത്വത്തിന്റെ (Catholic triumphalism) വക്താവാണ് ദൈവശാസ്ത്രജ്ഞനായ മോൺ. വടശേരി. സഭാവിജയഭേരിത്വവാദിക്ക് പ്രാദേശിക സഭാപാരമ്പര്യം പ്രധാനമല്ല. റീത്തിനെപ്പററിയുള്ള ആശയവും അന്നു വളർച്ച പ്രാപിച്ചിരുന്നില്ല. കുർബാന, കാനോനിക ജപം, കൂദാശാനുഷ്ഠാനം തുടങ്ങിയവയിലുള്ള രീതി എന്നു മാത്രമേ അന്നു റീത്തിനു അർത്ഥം കല്പിച്ചിരുന്നുള്ളു. മാർ സേവേറിയോസിന്റെ ഉള്ളിലിരിപ്പു വെളിപ്പെടുത്താനുള്ള പദവൈപുല്യം അന്നത്തെ ദൈവശാസ്ത്ര ശബ്ദകോശത്തിനുണ്ടായിരുന്നില്ല. വത്തിക്കാൻ സുന്നഹദോസിന്റെ പദാവലിയിലൂടെ മാത്രമേ അതു സൂക്ഷ്മമായി വെളിപ്പെടുകയുള്ളു. സഭയുടെ വിജയഭേരിത്വ (triumphalism) മനസ്ഥിതിയെ കൗൺസിൽ തിരുത്തുന്നു. തനിമയുള്ള സഭ (Individual church) എന്ന നിർവ്വചനം നല്കിക്കൊണ്ടു റീത്തിനെ കൗൺസിൽ പൂർവ്വോപരി ഉയർത്തി പ്രതിഷ്ഠിക്കുന്നു. നിലവിലിരുന്ന ദൈവശാസ്ത്രത്തിന്റെ സമർത്ഥനായ വക്താവാണ് മോൺ. വടശേരി. വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചം ഉർദ്ദശനം ചെയ്ത ക്രാന്തദർശിയാണ് മാർ സേവേറിയോസ്

## എതിർക്കപ്പെട്ട വഴിത്തിരിവ്

മാർ ഈവാനിയോസിനാൽ പ്രസിദ്ധീകൃതമായ “ഗിരിദീപം”, പുലിക്കോട്ടു ജോസഫ് റമ്പാനും ചേപ്പാട്ടു പീലിപ്പോസു റമ്പാനും ചേർന്നു തയ്യാറാക്കിയ “മലങ്കര സഭയുടെ കുഴൽക്കണ്ണാടി”, ശ്രീ. എ. പീലിപ്പോസിന്റെ “കാതോലിക പുനരൈക്യ ചിന്തകൾ” എന്നിവയാണ് മലങ്കര സഭൈക്യത്തിന്റെ ആദ്യകാലകൃതികൾ. ഇവയാണ് മാർ സേവേറിയോസിന്റെ സഭാശ്ലേഷത്തിനു പ്രേരകമായത്. മോൺ. വടശേരിയുടെയും തുടർന്നുള്ളവരുടെയും രചനകളെ പ്രസ്ഥാനത്തിന്റെ ദ്വിതീയ ഘട്ടത്തിലെ കൃതികൾ എന്നു വിളിക്കാം. “കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും”, “എല്ലാ സഭകളും ശരിയോ?”, “കൽക്കദോനിയാ സുന്നഹദോസ്”, “മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?”, “വി. കുർബാനയും അകത്തോലിക്കാസഭകളും”, “എന്റെ തെങ്ങേലി പ്രസംഗം”, “സലാമാറമ്പാന്റെ അപവാദ വ്യവസായം”, ‘മാർപാപ്പായുടെ പരമാധികാരം മനുഷ്യദത്തമോ ദൈവദത്തമോ” തുടങ്ങിയവ ഈ ഘട്ടത്തിലേതാണ്. ഒന്നാം ഘട്ടത്തിലേയും രണ്ടാം ഘട്ടത്തിലേയും കൃതികളെ ഒരു താരതമ്യ പഠനത്തിനുവിധേയമാക്കുന്നതുകൊള്ളാം. രണ്ടാംഘട്ടകൃതികളുടെ ഉദയവേളയിൽതന്നെ വിമുഖത പ്രദർശിപ്പിച്ച മാർ സേവേറിയോസിന്റെ ക്രാന്തദർശിത്വം അപ്പോൾ പ്രകാശമാനമാകും.

ഒന്നും രണ്ടും ഘട്ടങ്ങളിലെ കൃതികൾ തമ്മിൽ ശൈലിയിലും പ്രമേയത്തിലും അന്തരമുണ്ട്. സംവാദാത്മക (dialogue) ശൈലിയാണ് ആദ്യഘട്ടകൃതികളിലേത്; സമൂഹത്തെ ആകമാനം കണക്കിലെടുത്തും മലങ്കരയുടെ വ്യക്തിത്വം സംരക്ഷി

www.malankaralibrary.com

ച്ചുകൊണ്ടുമുള്ള സഭൈക്യമായിരുന്നു അവയിലെ വിഷയം. മോൺ. വടശേരിയുടെയും മററും വരവോടെ രീതി മാറി; വഴിത്തിരിവു പ്രത്യക്ഷപ്പെട്ടു; വിവാദാത്മക ശൈലിവന്നു; സത്യം വെളിപ്പെടുത്താനുള്ള ആവേശത്തിൽ സ്നേഹം പലേടത്തും മുറിപ്പെട്ടുവീണു; കത്തോലിക്കാവിജയഭേരിത്വ (triumphalism) മനോഭാവത്തിൻെറ ലഹരിയിൽ മലങ്കരയുടെ വ്യക്തിത്വം പ്രകാശിപ്പിക്കാൻ മറന്നുപോയി; സഭൈക്യമെന്നതിനെക്കാൾ പുനരൈക്യമെന്നതിലേക്കു ശ്രദ്ധ തിരിയുന്നതിനും ഇടവന്നു. പരിണതഫലമോ? സഭൈക്യപ്രധാനമായ ആദ്യകാല കൃതികൾ ലഭ്യമല്ലാതായി; പ്രസ്ഥാനത്തിൻെറ ആവിർഭാവത്തെക്കുറിച്ചുള്ള ശരിയായധാരണ അങ്ങനെ കുറഞ്ഞു. പുനരൈക്യപ്രധാനമായ കൃതികളിൽ നിന്നായിരുന്നു ഇന്നുള്ളവർ കുറെയെങ്കിലും അറിവു നേടിയത്. ഇതരപുനരൈക്യങ്ങളിൽ നിന്നു വ്യതിരിക്തമാണ് മലങ്കരയിലെ സഭൈക്യമെന്നു തന്മൂലം അവർക്കൊട്ടു മനസിലായതുമില്ല. അതുമൂലം അഭിനവമായ എക്യുമെനിസത്തിൻെറ വെളിച്ചത്തിൽ മലങ്കര സഭൈക്യത്തിനു പ്രസക്തിയില്ലെന്നുവരെ ചിലർ ആരോപിച്ചു.

## സ്വർഗ്ഗത്തിലെ കൂടിക്കാഴ്ച

മാർ സേവേറിയോസ് തിരുമേനി പുണ്യാത്മാവായിരുന്നു; മോൺ വടശേരിയും പുണ്യാത്മാവു തന്നെ. രണ്ടുപേരും ഇന്ന് സ്വർഗ്ഗത്തിലാണ്. വത്തിക്കാൻ സുന്നഹദോസു മുഴുമിക്കുന്നതിനു മുമ്പ് ഇരുവരും ലോകത്തോടു യാത്ര പറഞ്ഞു- തിരുമേനി 1954-ൽ, മോൺസിഞ്ഞോർ 1966-ൽ. സ്വർഗ്ഗത്തിലെ അവരുടെ കൂടിക്കാഴ്ച താഴെക്കാണുംവിധം സങ്കല്പിക്കാം: "വന്ദ്യ തിരുമേനി" കൈ ചുംബിച്ചുകൊണ്ടു അച്ചൻ പറഞ്ഞുതുടങ്ങി "ഇപ്പോൾ ഭൂമിയിലായിരുന്നെങ്കിൽ ഒരു പുതിയ പുസ്തകം ഞാൻ പ്രസിദ്ധീകരിക്കുമായിരുന്നു, "മലങ്കര സഭൈക്യം വത്തിക്കാൻ വെളിച്ചത്തിൽ" എന്ന പേരിൽ. പുനരൈക്യവേളയിൽ തിരുമേനി കത്തോലിക്കാബാവായ്ക്കു അയച്ച കത്തിൻെറ വിശദീകരണം മാത്രം മതി ആ പുസ്തകത്തിന്". സ്വതസിദ്ധമായ പുഞ്ചിരിയോടെ തിരുമേനി ഉത്തരിച്ചു. "ഇന്നത്തെ മലങ്കര കത്തോലിക്കർ ലക്ഷ്യബോധമില്ലാതെ നട്ടംതിരിയുകയാണ്. വിഷയദാരിദ്ര്യംകൊണ്ടവർ ഞെരിപിരി കൊള്ളുന്നു; പ്രതിവർഷം, പ്രതിമാസം വിഷയത്തിനുവേണ്ടി പരക്കം പായുന്നു. കാതോലിക്കാബാവായ്ക്കു നാം അയച്ച കത്തിൻെറ പതിനായിരം കോപ്പികൾ പുതുതായി അച്ചടിച്ചു അവരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനു ആഗ്രഹിച്ചുപോകയാണ്. അങ്ങനെയെങ്കിലും അവരുടെ നിഷ്ക്രിയത്വവും ലക്ഷ്യ ബോധ രാഹിത്യവും കുറഞ്ഞെങ്കിൽ!".

രണ്ടുപേരും പരാമർശിക്കുന്ന കത്തിലെ ചില വാക്യങ്ങൾ ചുവടേ ഉദ്ധരിക്കാം: "യാക്കോബായ സഭയുടേയും അവിടുന്നു ആധ്യക്ഷ്യം വഹിക്കുന്ന ഓർത്തഡോക്സു സഭയുടേയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ചു നാം തമ്മിലും ശേഷം മേൽപ്പട്ടക്കാരുടെസാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്നു അത്യധികമായ നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലൊ ഉണ്ടായിട്ടുള്ളത്. അതിലെ കുഴപ്പങ്ങൾക്കു ദൈവികമായ ഏക പരിഹാരമാർഗ്ഗം ക്രൈസ്തവ സഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാരസ്ഥാനവുമായിരിക്കുന്ന റോമായിലെ വി. പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോടു പുനരൈക്യപ്പെടുകയാകുന്നു എന്ന എൻെറ മനസിൽ തോന്നീട്ടുള്ള വിനീതമായ അഭിപ്രായം തിരുമനസിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എൻെറ ഹൃദയത്തിൻെറ പരമാർത്ഥ ബോധ്യത്തിൽ നിന്നാകുന്നു ...

"ഈ കാലത്തു നിരീശ്വരത്വവും മതമില്ലായ്മയും പൂർവ്വാധികം ശക്തി പ്രാപിച്ചുവരുന്നു. ഇവയോടെതിർത്തു ദൈവവിശ്വാസം സർവ്വലോകത്തിലും നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് കാതോലിക സഭയ്ക്കും മാർപ്പാപ്പായുടെ അപ്പസ്തോലിക സിംഹാസനത്തിനുമാത്രമേ കഴിവും പ്രാപ്തിയും ഉള്ളു എന്നാണ് എനിക്കു ബോധ്യമായിരിക്കുന്നത്.

"ഇപ്പോൾ നൂതനമായി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്ന സഭാഭരണക്രമങ്ങൾ, അപ്പസ്തോലികമായ സഭാഭരണതത്വങ്ങൾക്കും പൂർവ്വികമായ പാരമ്പര്യാചാരങ്ങൾക്കും യാക്കോബായ സഭയുടെ കാനോനാകൾക്കും കേവലം വിരുദ്ധവും പുരോഹിതസ്ഥാനത്തിൽ ദൈവ

www.malankaralibrary.com

ത്താൽ നിക്ഷിപ്തമാക്കിച്ചെയ്തിട്ടുള്ള അവകാശാധികാരങ്ങളെ ധ്വംസനം ചെയ്യത്തക്കവയും സഭയ്ക്കു ഹാനികരവുമാണെന്ന ബോധ്യം എന്നെപ്പോലെ തന്നെ തിരുമനസിലേക്കും ശേഷം മേൽപ്പട്ടക്കാർക്കുമുണ്ടെന്നു, തിരുമനസിൽ നിന്നും അതു സംബന്ധിച്ച ഹൂദായകാനോനിലെ പാസോക്കാകൾ ഉദ്ധരിച്ചും മററും ഞങ്ങളോടു സംസാരിച്ചിട്ടുള്ളതിൽ നിന്നു ഞാൻ മനസിലാക്കീട്ടുള്ളതാണ്.

''വിശ്വാസ വിഷയങ്ങളിൽ ഐകരൂപ്യമില്ലാത്ത കൂട്ടങ്ങളോടുള്ള സംസർഗ്ഗത്തിനു അവിടുന്നു ആധ്യക്ഷം വഹിക്കുന്ന സഭ ഇപ്പോൾ ചെയ്തു വരുന്ന ശ്രമങ്ങൾ കേവലം വഴിപിഴച്ച മാർഗ്ഗമാണെന്നു എനിക്കു ബോധ്യമുള്ളതിനാൽ കാതോലിക പുനരൈക്യത്തിലേക്കു എന്റെ മനസാക്ഷി എന്നെ നിർബന്ധിച്ചിട്ടുള്ളതാകുന്നു.

'' ... ഞാൻ പ്രവേശിക്കുന്നതായ ഈ കപ്പലിലേക്കു തിരുമേനിയും എന്റെ മാന്യസഹോദരങ്ങളായ മററു മേൽപ്പട്ടക്കാരും കേരളത്തിലുള്ള സർവ്വ അകത്തോലിക്കരും പ്രവേശിപ്പാൻ സംഗതിയായിരുന്നെങ്കിൽ ദൈവത്തിനു എത്ര മഹത്ത്വവും നാമെല്ലാവർക്കും എത്ര ഭാഗ്യവുമായിരുന്നു...''.

## മോൺ. വടശ്ശേരിയുടെ ഭാഷ്യം

മേൽ ഉദ്ധരിച്ച കത്തിനു മോൺ. വടശേരി സ്വർഗ്ഗത്തിലിരുന്നുകൊണ്ടു തയ്യാറാക്കുമെന്നു പ്രതീക്ഷിക്കുന്ന പൂരണം താഴെക്കാണും പ്രകാരം സംഗ്രഹിക്കാം:

1 ഡയലോഗു മനോഭാവത്തിനു നിരക്കാത്ത ഒരു പ്രയോഗവും ഈ കത്തിലില്ല. 1937-ൽ തന്നെ ഈ മനോഭാവം തിരുമേനി പ്രകടിപ്പിച്ചുവെന്നോർക്കുമ്പോൾ ആശ്ചര്യം തോന്നുന്നു.

2 യാക്കോബായ ഓർത്തഡോക്സു സഭകളിൽ ഇന്നു പ്രത്യക്ഷപ്പെടുന്ന അസ്വസ്ഥതകൾ അപൂർണ്ണതയുടെ അടയാളങ്ങളാണ്. പൂർവ്വമാതൃസഭയിൽ നിന്നുവേർപെട്ടിരിക്കുന്നിടത്തെല്ലാം ഈ അസ്വസ്ഥതകൾ കാണാം. അപൂർണ്ണത തീർക്കുന്നതിനുള്ള മാർഗ്ഗമാണ് വന്ദ്യ തിരുമേനി കാട്ടിക്കൊടുക്കുന്നത്.

3 പൂർണ്ണതയിലേക്കുള്ള കുതിക്കൽ എക്യുമെനിസത്തിനു വിരുദ്ധമല്ല. ഔദ്യോഗിക നിയമഗ്രന്ഥമായ ഹൂദായ കാനോൻ 7-ാം അധ്യായം 1-ാം വാക്യം മലങ്കര സഭാംഗം സ്വീകരിക്കണമെന്നു പറയുന്നത് എങ്ങനെ എക്യുമെനിസ വിരുദ്ധമാകും?

4 മലങ്കര സഭൈക്യത്തിനാണ് വന്ദ്യ തിരുമേനി ആഹ്വാനം ചെയ്യുന്നത്. സാർവ്വത്രിക സഭയിലേക്കുള്ള പുനരൈക്യമാണ് അന്ന് എന്റെ ഗ്രന്ഥങ്ങളിൽ വിഷയമാക്കിയത്.

5 വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ വന്ദ്യ തിരുമേനിയുടെ ആശയങ്ങൾ കൂടുതൽ പ്രകാശമാനങ്ങളായിത്തീരുന്നു.

6 എന്റെ ഗ്രന്ഥങ്ങൾ കത്തോലിക്കാ വിജ്ഞാന ശാഖയ്ക്കുമുതൽക്കൂട്ടുതന്നെയാണ്. എന്നാൽ, മലങ്കര റീത്തു തനിമയുള്ള മലങ്കര സഭയാണെന്നും മലങ്കര സഭൈക്യമാണ് അവിടെ ലക്ഷ്യമെന്നും അറിയേണ്ടതുണ്ട്. എങ്കിൽ എന്റെ ഗ്രന്ഥങ്ങൾ പലതും മലങ്കര സഭൈക്യ പ്രവർത്തനത്തിനു പ്രഥമദൃഷ്ട്യാ അപരിത്യാജ്യങ്ങളല്ല.

7 തിരുമേനിയുടേയും എന്റെയും കാലഘട്ടം എതിർപ്പുകൾ നിറഞ്ഞതായിരുന്നു. എന്നിട്ടും ഞങ്ങൾ ഓടിനടന്നു. ഇന്നു എതിർപ്പുകളെ ഭയപ്പെടേണ്ടതില്ല. ആധുനിക മലങ്കര കത്തോലിക്കന്റെ നിഷ്ക്രിയത്വം തീർത്തും അപലപനീയമാണ്.

8 ''എല്ലാവരും ഒന്നാകുവാൻ'' വന്ദ്യ തിരുമേനി ദാഹിക്കുന്നു. എക്യുമെനിസത്തിന്റെ അന്തസത്ത അവിടുന്നു കണ്ടെത്തി.

## സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കുള്ള നോട്ടം

മാർ സേവേറിയോസും മോൺ. വടശ്ശേരിയും സ്വർഗ്ഗത്തിലിരുന്നുകൊണ്ടു ഭൂമിയിലേക്കു നോക്കുന്നുണ്ട്. മലങ്കരയിലെ തങ്ങളുടെ അനുയായികളുടെ നേരെയാണു നോട്ടം. അവരുടെ ലക്ഷ്യരാഹിത്യം കണ്ടുമ്പോൾ ആ കണ്ണുകൾ ഈറനണിഞ്ഞുപോകുന്നു. പൈങ്കിളി സാഹിത്യംകൊണ്ടു തൃപ്തിപ്പെടുന്നവരല്ല അവർ രണ്ടു പേരും. ⊙

www.malankaralibrary.com

# മിഷണറി പ്രവീണനായ ശ്രേഷ്ഠാചാര്യൻ

- പീററർ കീയ്യാലിൽ -

**ഇരുപതാം** നൂററാണ്ടിന് ചരിത്രത്തിൽ പ്രതിഷ്ഠ നേടിക്കൊടുത്ത മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിത പൂർണ്ണമായ പുരോഗതിക്കുവേണ്ടി അക്ഷീണം യത്നിച്ച മഹാത്മാക്കളിൽ ഉന്നത ശീർഷനാണ് പുണ്യചരിതനായ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. യാക്കോബായസഭയിൽ നിരണം ഭദ്രാസനാധിപനായിരിക്കെ വിശ്വാസത്തിനുവേണ്ടി അധികാരം തൃണവൽഗണിച്ചുകൊണ്ട് തിരുസഭയെ പുൽകുവാനും തന്റെ സഹോദരങ്ങളെ സത്യസഭയിലേക്ക് നയിക്കുവാനും അദ്ദേഹം കാണിച്ച തീക്ഷ്ണത ധീരോദാത്തമായിരുന്നു.

ആരംഭകാലത്ത് മലങ്കര കത്തോലിക്കാ സഭയെ നയിക്കുവാനും പഠിപ്പിക്കുവാനും പവിത്രീകരിക്കുവാനും, മലങ്കരയുടെ തനതായ പാരമ്പര്യങ്ങളും പൈതൃകങ്ങളും നിഷ്ക്കർഷയോടെ അഭ്യസിച്ചിരുന്ന പണ്ഡിതവരേണ്യരായ ഉത്തമ ഇടയന്മാരെ ലഭിച്ചത് വലിയ ഭാഗ്യവും സഭാനാഥന്റെ പ്രത്യേക കരുതലുമാണ്. മാർത്തോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും അന്ത്യോഖ്യൻ ആരാധന ക്രമവും അഭംഗുരം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിഗത സഭയായിട്ട് മലങ്കര കത്തോലിക്കാസഭ ഇന്നു നിലനിൽക്കുന്നതിന്റെ പ്രധാന കാരണം നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരാണ്.

1653-ലെ കൂനൻ കുരിശു സത്യം മുതൽ മലങ്കര മക്കളുടെ സ്വപ്നമായിരുന്ന സഭൈക്യം സാക്ഷാൽക്കരിക്കുന്നതിന് കരുത്തുററ നേതൃത്വം നൽകിയത് ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായായിരുന്നു. മലങ്കര സഭയുടെ ആരാധന രീതികളും പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭരണക്രമവും അഭംഗുരം പാലിക്കുവാൻ പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അനുമതി നേടിയെടുത്തതാണ് അദ്ദേഹത്തിന്റെ നേട്ടം. ആരാധന രീതികളിലും ഭരണക്രമങ്ങളിലും ഒട്ടും മാററം വരുത്താതെയും മായം ചേർക്കാതെയും മലങ്കര സഭയെ ആഗോള അപ്പസ്തോലിക സഭയുമായുള്ള ഐക്യത്തിൽ കൊണ്ടുവരുവാൻ 1932-ലെ മലങ്കര ഹയരാർക്കി സ്ഥാപനത്തിലൂടെ അദ്ദേഹത്തിനു കഴിഞ്ഞു. പ്രാദേശിക സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ട് തുല്യതയുടെ അടിസ്ഥാനത്തിൽ സാർവ്വത്രിക സഭയുമായി പൂർണ്ണയോജിപ്പിലെത്താമെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് സീറോ മലങ്കര സഭ. തങ്ങളുടെ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കുന്നതോടൊപ്പം വി. പത്രോസിന്റെ സിംഹാസനത്തോട് കൂറും ഐക്യവും നിലനിറുത്തുകയും ചെയ്യുന്നത് സഭൈക്യത്തിന്റെ അടിസ്ഥാന ഘടകമാണെന്ന് ഉറച്ചു വിശ്വസിക്കുന്നവരുടെ സമൂഹമാണ് മലങ്കര കത്തോലിക്കാസഭ.

പുനരൈക്യപ്രസ്ഥാനത്തിന്റെ ബാല്യദശ എല്ലാം കൊണ്ടും ക്ലേശപൂർണ്ണമായിരുന്നു. പുനരൈക്യപ്പെട്ട അഭിവന്ദ്യ പിതാക്കന്മാരുടെയും, വൈദികരുടേയും, സന്യസ്തരുടേയും, വിശ്വാസികളുടേയും ദൃഢവിശ്വാസവും ആത്മധൈര്യവും പ്രാർത്ഥനയും ഒന്നുമാത്രമായിരുന്നു അന്നത്തെ ദുർഘട ഘട്ടം തരണം ചെയ്യുവാൻ സഹായകമായത്. തിരുവല്ലാ രൂപതയെ സംബന്ധിച്ചിടത്തോളം അതിന്റെ ആരംഭകാലം വളരെ ദുരിതപൂർണ്ണമായിരുന്നു. പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി രോഗിയായതോടുകൂടി ശരിയായ നേതൃത്വരാഹിത്യത്തിനു പുറമെ സാമ്പത്തിക പ്രാരാബ്ധങ്ങളും അതിനെ വീർപ്പുമുട്ടിച്ചിരുന്നു. ഇപ്രകാരമുള്ള ഒരു ദശാസന്ധിയിലാണ് അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെ പുനരൈക്യം. സുദൃഢങ്ങളായ കരങ്ങളിലേക്ക് രൂപതാ ശിശുവിന്റെ സംരക്ഷണം കൈമാറിയത് ദൈവപരിപാലന മാത്രമാണ്.

മാർ സേവേറിയോസ് തിരുമേനി ഓർത്തഡോക്സ് സഭ

www.malankaralibrary.com

അടങ്ങിയിരുന്നുള്ളു. പരസ്യ പ്രസ്താവനകൾ വഴിയും പ്രസംഗങ്ങൾ വഴിയും ലഘു ലേഖകൾ വഴിയും പുസ്തകങ്ങൾ വഴിയും- അവ എത്രമാത്രം സത്യപ്രസ്താവനകൾ ആയാൽ തന്നെയും_വിമർശന രൂപത്തിൽ പറഞ്ഞ് അകത്തോലിക്കാ സഹോദരങ്ങളെ വേദനിപ്പിക്കുന്നത് തിരുമേനിക്ക് ഹൃദയഭേദകമായിരുന്നു. മുൻകാല സ്നേഹബന്ധങ്ങൾ നഷ്ടപ്പെടുത്താതെ, ആ സുഹൃത് ബന്ധങ്ങളിലൂടെ അനുഗാമികളെ വർദ്ധിപ്പിക്കാമെന്നുള്ള തിരുമേനിയുടെ ചിന്ത ഒരു നയതന്ത്രജ്ഞന്റെ ബുദ്ധി വൈഭവമായിരുന്നു. തിരുമേനിയോട് ഇടപെടുന്ന ഇതര സഭാംഗങ്ങളോടും ബന്ധുമിത്രാദികളോടു പോലും സ്വകാര്യ സംഭാഷണങ്ങളിൽ പങ്കെടുക്കുമ്പോൾ അവരുടെ പുനരൈക്യം സംബന്ധിച്ചുള്ള അന്വേഷണങ്ങളായിരുന്നു കൂടുതലും. കത്തോലിക്കരോടും ഇതര സഭകളിൽപെട്ടവരോടും പക്ഷാഭേദം കൂടാതെ, സ്നേഹമസൃണമായി, സമത്വത്തോടെ ഇടപഴകുന്നത് കണ്ട് അസന്തുഷ്ടി കാണിക്കുന്നവരോട് തിരുമേനി പറയുമായിരുന്നു. "അവരും എന്റെ മക്കളാണ്, നാളെ അവർ എന്റെ മടിയിൽ ഇരിക്കും". (വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലിത്താ, ജീവചരിത്ര സംക്ഷേപം, വി. ഒ. വറുഗീസ് മല്ലപ്പള്ളി).

യാക്കോബായ ഓർത്തഡോക്സ് സഭകളിലെ സഹോദരങ്ങളുടെ സത്യസഭാ പ്രവേശനമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ചിരുന്നത്. അതുകൊണ്ടുതന്നെ അന്ത്യോഖ്യൻ ആരാധനക്രമത്തിലും മലങ്കരയുടെ ആചാരാനുഷ്ഠാനങ്ങളിലും അണുവിട മാററം വരുത്തുവാൻ അവിടുന്നു സമ്മതിച്ചിരുന്നില്ല. സീറോ മലബാർ സഭ അവളുടെ പൈതൃകങ്ങളും പാരമ്പര്യങ്ങളും കണ്ടെത്തി പരിപാലിക്കുവാൻ നടത്തുന്ന ശ്രമങ്ങളുടെ പരിണിതഫലം കാണുമ്പോൾ മലങ്കര സഭയുടെ പൈതൃകം കാത്തുസൂക്ഷിക്കുവാൻ നിഷ്ഠ പുലർത്തിയ മാർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ ക്രാന്തദർശിത്വം വ്യക്തമാകുകയാണ്. വിദേശ മിഷണറിമാരുടെ ഇടപെടൽ മൂലം കേരളസഭയ്ക്കുണ്ടായ അപചയം മലങ്കര സഭയിൽ ആവർത്തിക്കപ്പെടാതിരിക്കാൻ ആരംഭത്തിലേ അദ്ദേഹം ശ്രദ്ധാലുവായിരുന്നു എന്നത് അത്ഭുതാവഹമാണ്.

അനുദിനം പുനരൈക്യപ്പെട്ടുകൊണ്ടിരുന്ന വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിറവേററുന്നതിനുള്ള ആരാധന സ്ഥലങ്ങളുടേയും വൈദികരുടെയും ദൗർലഭ്യം അന്ന് ഒരു മുഖ്യ പ്രശ്നമായിരുന്നു. അതിന് അല്പമെങ്കിലും പരിഹാരം കാണുവാൻ കഴിഞ്ഞത് പഴയകൂർ സുറിയാനിക്കാരായ വൈദികരുടെ ആഗമനത്തോടുകൂടിയായിരുന്നു. ഈ വന്ദ്യ വൈദികരെ കൃതജ്ഞതയോടുകൂടി മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു. യഥാർത്ഥത്തിലുള്ള ഒരു കത്തോലിക്കാ ചൈതന്യം മലങ്കര സുറിയാനിക്കാരിൽ വളർത്തിയെടുക്കുവാനും ശിക്ഷണ ബോധത്തോടുകൂടിയ കത്തോലിക്കാ ജീവിതം അവരിൽ കരുപ്പിടിപ്പിക്കുവാനും ആദികാല പ്രവർത്തകരായിരുന്ന ഇവർക്ക് കഴിഞ്ഞിരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുതന്നെ ഒരു കാര്യം സൂചിപ്പിക്കട്ടെ, അവരിലൂടെ അവർ ജനിച്ചു വളർന്ന രീതിയിൽ അനുഷ്ഠിച്ചിരുന്ന പല ഭക്താഭ്യാസങ്ങളും മലങ്കര സഭയിലേക്കു കടന്നു വന്നു. ഇതൊക്കെ ആചരിച്ചെങ്കിൽ മാത്രമേ ഒരുവനിൽ ഉത്തമ കത്തോലിക്കാ വിശ്വാസം സംജാതമാകയുള്ളു എന്നൊരു ചിന്താഗതിയും അക്കാലത്തു ശക്തമായി വേരോടാൻ ഇടയായത് ചരിത്രത്തിന്റെ ആവർത്തനം മാത്രമാണ്. ജപമാല ഭക്തി (കൊന്ത), ഉത്തരീയ സഖ്യാംഗത്വം (വെന്തിങ്ങ), കൊത്തുരൂപങ്ങളും പടങ്ങളും മുഖേന വിശുദ്ധരെ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യുക, പീഢാനുഭവയാത്ര (സ്ളീബാപാഥ അല്ലെങ്കിൽ കുരിശിന്റെ വഴി), വി. കുർബാനയുടെ വാഴ്വും പ്രദക്ഷിണവും, മുട്ടുകുത്തിനിന്നുള്ള കുർബാന സ്വീകരണം തുടങ്ങി പല രീതികളും അങ്ങനെ മലങ്കര സഭയിലേക്കു കടന്നുവന്നു. ഇന്ന് ഇവയൊക്കെ ദീർഘനാളത്തെ ആചരണങ്ങൾ കൊണ്ട് തഴക്കവും പഴക്കവുമായെങ്കിലും സഭയിലേക്ക് പുതുതായി കടന്നുവരുന്നവർക്ക് എന്തോ അല്പം 'മായം ചേർക്കൽ' അനുഭവപ്പെട്ടാൽ അവരെ കുററം പറഞ്ഞിട്ടു കാര്യമില്ല. ഇങ്ങനെയുള്ള ഭക്തിപ്രകടന മാർഗ്ഗങ്ങളോടു മാർ സേവേറിയോസ് തിരുമേനിക്കു സ്വന്ത നിലയിൽ തികഞ്ഞ ഭക്ത്യാദരവുകൾ ഉണ്ടായിരിക്കുകയും അവ ഉപയോഗിക്കുകയും ചെയ്തിരുന്നെങ്കിലും അകത്തോലിക്കരുടെ പുനരൈക്യത്തിനു ഈ ദൃശ്യ കർമ്മങ്ങൾ വിഘാതമാകാതിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ഈ ആഗ്രഹം ഒരു

www.malankaralibrary.com

കത്തിലൂടെ ഇപ്രകാരമാണ് തിരുമേനി പ്രകാശിപ്പിച്ചിരിക്കുന്നത്. "യാക്കോബായക്കാർക്കു രുചിക്കാത്ത ഭക്തി പ്രകടനങ്ങളും രീതികളും ഇപ്പോഴെ എടുക്കുന്നതു സൂക്ഷിച്ചു വേണ്ടതാണ് ... മാർ ഈവാനിയോസ് തിരുമേനി അന്ത്യോഖ്യൻ റീത്ത് അനുവദിപ്പിച്ചതുതന്നെ അവരുടെ തഴക്കത്തെ ആദരിച്ചാണല്ലോ ?" (വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ജീവചരിത്ര സംക്ഷേപം, പേജ് 56, വി. ഒ. വറുഗീസ്, മല്ലപ്പള്ളി).

മലങ്കര സുറിയാനി റീത്തിലെ ആചാരാനുഷ്ഠാനങ്ങളിലും മററും കാണുന്ന ഐകരൂപ്യമില്ലായ്മയിൽ അറുപത്തിനാലെണ്ണം തിരുമേനി പ്രത്യേകം വേർതിരിച്ച് വൈദികരെ അറിയിക്കുകയും ഇവയിൽ അനുകരിക്കുവാൻ പററുന്ന ആചാരങ്ങൾ ഏവയെന്ന് നിർണ്ണയിച്ച് ഐകരൂപ്യം വരുത്തുന്നതിന് തിരുമേനി പരിശ്രമിക്കുകയും ചെയ്തു എന്നതിനാൽ തന്നെ ഇക്കാര്യങ്ങളിലുള്ള തിരുമേനിയുടെ ജാഗ്രത സുവ്യക്തമാണ്.

സ്വന്തം കൈകളാൽ അനുയോജ്യനായ പിൻഗാമിയെ വാഴിച്ചതും (അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനി) പടിപടിയായി ജോലികൾ അദ്ദേഹത്തെ ഭരമേല്പിച്ചതും, അപ്രകാരം ചുമതലപ്പെടുത്തുന്ന വിവരം കാലാകാലങ്ങളിൽ വിശ്വാസികളെ അറിയിച്ചതും തിരുമേനിയുടെ ദീർഘവീക്ഷണത്തിൻെറ മകുടോദാഹരണമാണ്. മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ കാലശേഷം കൽദായ, ലത്തീൻ റീത്തുകാർ സീറോ മലങ്കര റീത്തു കയ്യടക്കുമെന്നും അങ്ങനെ കുരുന്നിലേതന്നെ ഈ റീത്തു തകരുമെന്നും തല്പര കക്ഷികൾ പറഞ്ഞു പരത്തിയ ദുഷ്പ്രചരണത്തിന് ഇതോടെ തിരശീല വീണു.

തെക്കൻ പ്രദേശങ്ങളിൽ അന്ന് പുനരൈക്യപ്രസ്ഥാനം വേരോടിക്കഴിഞ്ഞിരുന്നുവെങ്കിലും വടക്കൻ പ്രദേശങ്ങളിൽ അതു നാമമാത്രമായേ നടന്നിരുന്നുള്ളു. തിരുമേനിയുടെ ശ്രദ്ധ കൂടുതലും മൂവാററുപുഴ, കുന്നംകുളം മേഖലകളിലെ യാക്കോബായ കേന്ദ്രങ്ങളിലേക്കു തിരിഞ്ഞു. പുനരൈക്യപ്രസ്ഥാനം വളരേണ്ടത് ഈ പ്രദേശങ്ങളിലാണെന്നു മനസിലാക്കിയ തിരുമേനി ധാരാളം ഇടവകകളും സ്കൂളുകളും മഠങ്ങളും സ്ഥാപിച്ചുകൊണ്ട് ശക്തമായി മുന്നേറി. പുനരൈക്യപ്പെടുന്നവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിന് അക്ഷീണം യത്നിച്ചുകൊണ്ടിരുന്നപ്പോഴും 'എണ്ണത്തേക്കാൾ വണ്ണത്തെയാണ് ഞാൻ കൂടുതൽ അഭിലഷിക്കുന്നത്' എന്നു സാധാരണ പറയുന്ന തിരുമേനി യാക്കോബായ സഭയിലെ അററത്തെ പ്രഗത്ഭ കുടുംബങ്ങളേയും വ്യക്തികളേയും സഭയിലേക്ക് കൊണ്ടുവരാനാണ് പരിശ്രമിച്ചത്. യാക്കോബായ സഭയിലെ അന്നത്തെ പണ്ഡിതരും വാഗ്മികളുമായ പല പട്ടക്കാരെയും സഭയിലേക്ക് സ്വീകരിച്ചുകൊണ്ട് ഈ പ്രദേശങ്ങളിൽ പുനരൈക്യം ശക്തിപ്പെടുത്തി. എന്നാൽ സാധാരണ ജനങ്ങളുടെ ഇടയിൽ വേണ്ട വിധത്തിൽ പുനരൈക്യ സന്ദേശം എത്താതിരുന്നതുകൊണ്ട് വലിയൊരു കൂട്ടമായി അവരെ വളർത്തുവാൻ സാധിച്ചില്ലെങ്കിലും ഇന്ന് ശക്തമായ ഇടവകകൾ ഈ പ്രദേശങ്ങളിൽ വളർന്നുവരുന്നു.

തിരുവല്ലാ രൂപതയിലെ സ്കൂളുകളിൽ നല്ലൊരു ഭാഗവും വടക്കൻ മേഖലയിൽ, പ്രത്യേകിച്ചും മൂവാററുപുഴ മേഖലയിലെ യാക്കോബായ കേന്ദ്രങ്ങളായ പിറവം, വെളിയനാട്, തിരുവാണിയൂർ, അഞ്ചൽപ്പെട്ടി തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചതു കഥയില്ലായ്മയായി തോന്നാമെങ്കിലും ദീർഘവീക്ഷണമുള്ളവർക്ക് തിരുമേനിയുടെ ക്രാന്തദർശിത്വമായി അതിനെ കാണാവുന്നതാണ്. മലങ്കര കത്തോലിക്കാസഭ ഇനി എവിടെയാണ് വളരേണ്ടതെന്നും വ്യാപിക്കേണ്ടതെന്നും അതിനായി ഊർജ്ജസ്വലതയോടെ വർത്തിക്കേണ്ടതെങ്ങനെയെന്നും തിരുമേനി അക്കാലത്തു തന്നെ മനസിലാക്കി.

തിരുമേനിയുടെ ഭരണകാലത്ത് തിരുവല്ലാ രൂപതയിൽ പ്രതിവർഷം ശരാശരി 750-ൽ പരം ആളുകൾ അംഗങ്ങളായി ചേർക്കപ്പെട്ടുകൊണ്ടിരുന്നു. രൂപതാഭരണം കയ്യേററതിനുശേഷം ആദ്യത്തെ പത്തുകൊല്ലത്തിനുള്ളിൽ 7000 അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും 35 പള്ളികളും 26 ചാപ്പലുകളും 7 ഹൈസ്കൂളുകളും 9 മിഡിൽ സ്കൂളുകളും 8 പ്രൈമറി സ്കൂളുകളും 4 അനാഥശാലകളും 4 കന്യകാമഠങ്ങളും ആരംഭിക്കുകയും ചെയ്തു എന്നതിൽ

തന്നെ ആ കർമ്മയോഗിയുടെ അശ്രാന്തപരിശ്രമത്തിന്റെ ഒരേകദേശ രൂപം കിട്ടും. അദ്ദേഹത്തിന്റെ മിഷണറി പ്രവർത്തനം എരിവുള്ളതും തീഷ്ണതയുള്ളതും അത്ഭുതാവഹവുമായിരുന്നു.

പുനരൈക്യ പ്രവർത്തനം സജ്ജീവമാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് 1950 ഡിസംബർ 12-ാംനു- പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിലെ ഏതാനും പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു: 'ഏത് ഭക്തികൃത്യങ്ങളായാലും റീത്തിന്റെ പ്രത്യേക സ്വഭാവമനുസരിച്ചുതന്നെ നടത്തണം ... പുനരൈക്യമേഖലയായിരിക്കണം നമ്മുടെ ഭക്ഷണവും പാനീയവും. യാക്കോബായക്കാരെക്കുറിച്ചുള്ള ചിന്ത നമ്മുടെ മനസിൽ എപ്പോഴും ഉണ്ടായിരിക്കണം. അവരുടെ പുനരൈക്യം നമ്മുടെ ജീവൻ ആയിരിക്കണം. പുനരൈക്യവേല ചെയ്യാത്ത മണിക്കൂറുകളും ദിവസങ്ങളും നമുക്കു നഷ്ടമായി ഗണിക്കണം. പുനരൈക്യവേല പ്രാർത്ഥനയോ, പ്രായശ്ചിത്തം എടുക്കയോ, എഴുതുകയോ, പ്രസംഗിക്കുകയോ, സംസാരിക്കുകയോ, ശുശ്രൂഷിക്കുകയോ ഏതെങ്കിലും ആവാം. നാം ഓരോരുത്തരും അതിനായി നമ്മെത്തന്നെ ചെലവാക്കണം. ഫലത്തെക്കുറിച്ച് നോക്കേണ്ടാ. അതു ചിലപ്പോൾ ആശാജനകമായിരിക്കാം. ചിലപ്പോൾ ഒരു ഫലവും കണ്ടില്ലെന്നു വരാം. ജോലി ചെയ്തു എന്നുള്ളതു മതി. മിഷ്യൻവേലയിൽ നമ്മുടെ ആയുധങ്ങൾ എത്ര പരിശുദ്ധങ്ങളും ദൈവികമായതും ആയിരിക്കണം'.

ഈ പ്രബോധനം ഇന്നും പ്രസക്തമല്ലേ?

□ □ □


***Best compliments from:—***



# GOOD SAMARITAN HOME

**GANDHI NAGAR P. O.**

**KOTTAYAM 686008**

www.malankaralibrary.com

# ബഥനിമക്കളുടെ മനസ്സിൽ തിളങ്ങുന്ന മാർ സേവേറിയോസ് തിരുമേനി

- സി. ജിയോവാനി എസ്. ഐ. സി. -

ബഥനി സന്യാസിനീസമൂഹത്തിന്റെ ചരിത്രത്തിലൂടെ, ഓർമ്മകൾക്ക് എത്താവുന്ന ദൂരത്തോളം പിന്നോട്ടു നടക്കുമ്പോൾ, തിളങ്ങി നിൽക്കുന്ന പല പ്രകാശ ഗോളങ്ങളിലേക്കും മനസ്സ് പതിയുന്നു. വർഷങ്ങൾ പിന്നിട്ടിട്ടും അവയിൽ പലതിനും തെല്ലും മങ്ങൽ ഏല്ക്കാതെ മനസ്സിൽ സജീവമായി നില കൊള്ളുന്നു. സ്നേഹത്തിന്റെയും, സേവനത്തിന്റെയും, ത്യാഗത്തിന്റെയും മനോഹര പ്രതീകങ്ങളായ ആ രൂപങ്ങളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്നതും, ഓർമ്മകൾക്ക് സുഖം പകരുന്നതുമായ ഒരു രൂപമാണ്—നാമമാണ് മാർ സേവേറിയോസ്. അഭിവന്ദ്യ സേവേറിയോസ് തിരുമേനിക്ക് ബഥനി മക്കളുമായുള്ള ബന്ധം ഒരു പൈതൃക സ്നേഹത്തിന്റെ ഗീതമാണ്. ത്യാഗത്തിന്റെ കഥയാണ്-സഹനത്തിന്റെ വിജയമാണ്. ബഥനി മക്കളുടെ അന്തരാത്മാവിൽ ആ പാവനനാമം ഇന്നും ഓളം വെട്ടി നിൽക്കുന്നു.

ബഥനി സന്യാസിനീ സമൂഹത്തെ, അതിന്റെ ചരിത്രത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിൽ, വളർച്ചയുടെ പാതയിലേക്ക് നയിച്ച ഒരു മഹത് വ്യക്തിയായിരുന്നു മാർ സേവേറിയോസ് തിരുമേനി. ബഥനി സമൂഹത്തിന്, മലങ്കര സഭയിലുള്ള പ്രസക്തിയെ നന്നായി ഗ്രഹിച്ചിരുന്ന ആ വന്ദ്യ താതൻ, സമൂഹത്തിന്റെ അന്തരാത്മാവിനെയും, തുടിപ്പുകളെയും ജീവിതമുറകളെയും ഉൾക്കൊള്ളാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു സന്യാസ സമൂഹത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ മിഴിവുറ്റ വ്യക്തിഭാവത്തിനും, ഊർജ്ജസ്വലമായ വളർച്ചയ്ക്കും, കറതീർന്ന പ്രവർത്തന ശൈലിക്കും ആ സമൂഹവുമായി ഇടപെടുന്ന വ്യക്തികളും അവരിൽ നിന്ന് ലഭിക്കുന്ന അനുഭവങ്ങളും സമൃദ്ധമായ ഉറവിടങ്ങളാണ്. മാർ സേവേറിയോസ് തിരുമേനിയുടെ വ്യക്തി പ്രഭാവം നേരിട്ടനുഭവിച്ചറിഞ്ഞ ബഥനി മക്കളിൽ പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു. ശേഷിച്ചിരിക്കുന്നവർ, ആ ചൈതന്യമാർന്ന വ്യക്തിത്വത്തിലെ വൈശിഷ്ട്യങ്ങൾ പുതിയ തലമുറയ്ക്ക് ആവേശത്തോടെ കൈമാറിക്കൊണ്ടിരിക്കുന്നു. ആ തേജോഗോളം ചരിത്രത്തിന് ഒരു സ്മരണയായി തീർന്നിരിക്കുന്നുവെങ്കിലും ബഥനിമക്കളിൽ തലമുറതലമുറകളായി സജീവമായി നിലനിൽക്കുന്നു.

യാക്കോബായ സഭയിൽ പാകികിളിർപ്പിച്ച്, കത്തോലിക്കാസഭയിലേക്ക് പറിച്ച് നടപ്പെട്ട ബഥനി സന്യാസിനീസമൂഹം 1936 ജൂലൈ 2-ാം തീയതി വരെ സമൂഹ സ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രത്യേക പൈതൃക പരിലാളനയിൽ വളർന്നു വന്നിരുന്നു. മലങ്കര കത്തോലിക്കാ സഭ തിരുവല്ല, തിരുവനന്തപുരം എന്നീ രൂപതകളായി തിരിഞ്ഞതിനെ തുടർന്ന് ബഥനി സന്യാസിനീ സമൂഹവും രണ്ടു രൂപതകളിലേയ്ക്കായി വിഭജിക്കപ്പെട്ടു. 1936 ജൂലൈ 3-ാംതീയതി തിരുവല്ല രൂപതയിൽ മാർ തെയോഫിലോസ് തിരുമേനിയുടെ കീഴിൽ മൂന്ന് അംഗങ്ങളോടുകൂടി ഒരു രൂപതാസമൂഹമായി ബഥനി സന്യാസിനീ സമൂഹം സ്ഥാപിക്കപ്പെട്ടു. തിരുവനന്തപുരത്ത് മാർ ഈവാനിയോസ് തിരുമേനിയുടെയും, തിരുവല്ലായിൽ മാർ തെയോഫിലോസ് തിരുമേനിയുടെയും പ്രത്യേകമായ സംരക്ഷണയിലും മേൽ നോട്ടത്തിലും രണ്ടു രൂപതാ സമൂഹങ്ങളായി ബഥനി സന്യാസിനീ സമൂഹം വളർന്നുകൊണ്ടിരുന്നുവെങ്കിലും, തിരുവല്ലായിൽ അധികനാൾ മാർ തെയോഫിലോസ് തിരുമേനിയുടെ സംരക്ഷണയിൽ സമൂഹത്തിന് വളരുവാനുള്ള ഭാഗ്യം ലഭിച്ചില്ല. അനാരോഗ്യം തിരുമേനിയെ രൂപതാഭരണത്തിനു അപ്രാപ്തനാക്കിത്തീർത്തു. വാസ്തവത്തിൽ ഈ കാലയളവിൽ തിരുവല്ലായിലു

www.malankaralibrary.com

ളള ബഥനി സന്യാസിനീ സമൂഹത്തിൻെറ സ്ഥിതി വളരെ ദയനീയമായിരുന്നു. അമ്മയുടെ ഗർഭാശയത്തിൽ നിന്ന് പുറം ലോകത്തേക്ക് പിറന്നു വീഴുന്ന കുഞ്ഞിന് അനുഭവപ്പെടുന്ന വിധത്തിലുളള അസ്വസ്ഥതയും, നിസ്സഹായതയും, തിരസ്ക്കരണ ബോധവും പേറി ബഥനി മക്കൾ മുമ്പോട്ടു വലിഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. അപ്പോഴാണ് ആ മഹത്സംഭവം നടന്നത്! തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ആ മഹാസംഭവം! 1937 നവംബർ 29-ാം തീയതി മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതായിരുന്നു മറക്കാനാവാത്ത ആ മഹാസംഭവം. തിരുവല്ലാ രൂപതയേയും, ബഥനി സന്യാസിനീ സമൂഹത്തേയും സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന സംഭവം തന്നെയായിരുന്നു മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം. അനാരോഗ്യം മൂലം രൂപതാ ഭരണത്തിന് അശക്തനായിത്തീർന്ന മാർ തെയോഫിലോസ് തിരുമേനിയുടെ പിൻഗാമിയായി നിയമിതനായ മാർ സേവേറിയോസ് തിരുമേനി, തിരുവല്ലാ രൂപതയുടെ വളർച്ചയോടൊപ്പം ബഥനി സന്യാസിനീ സമൂഹത്തിൻെറ സുസ്ഥിതിയ്ക്കുവേണ്ടിയും അക്ഷീണം പരിശ്രമിച്ചു. അങ്ങനെ ഒരു രൂപതാ സമൂഹമായി തിരുവല്ലായിൽ വേരൂന്നിയ ബഥനി സന്യാസിനീ സമൂഹത്തെ അതിൻെറ ബാലാരിഷ്ടതകളിൽ നിന്നും കോരിയെടുത്ത് അസ്ഥിയും, മാംസവും വച്ചു പിടിപ്പിച്ച് ചോരയും, നീരും നൽകി, മാർ സേവേറിയോസ് തിരുമേനി വളർത്തി എന്ന് പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല.

1955 ജനുവരി 18 ാം തീയതി വന്ദ്യപിതാവ് ഈ ലോകത്തോടു യാത്രപറഞ്ഞത് ബഥനിമക്കളെ താങ്ങാനാവാത്ത ദുഃഖത്തിലാഴ്ത്തി. വന്ദ്യപിതാവിൻെറ സംരക്ഷണയിൽ ഒരു രൂപതാ സമൂഹമായി ബഥനി സന്യാസിനീ സമൂഹം തഴച്ചു വളർന്നിരുന്നുവെന്ന സത്യം ഈ അവസരത്തിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ ബഥനി മക്കൾ അനുസ്മരിക്കുന്നു. ഓർമ്മയിൽ നിന്ന് മാഞ്ഞുപോകാത്ത ആ കാലഘട്ടത്തിൻെറ — ഓർമ്മയിൽ നിന്ന് ഒരിക്കലും മായാൻ ആഗ്രഹിക്കാത്ത ആ സുവർണ്ണ കാലത്തിൻെറ-ഏതാനും ചില ചിത്രങ്ങളും, സംഭവങ്ങളുമാണ് അനുവാചകരുടെ മുമ്പിൽ നിരത്തിവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നത്. വന്ദ്യപിതാവിൻെറ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ അതിന് കൂടുതൽ പ്രസക്തിയും ഉണ്ടായിരിക്കുമല്ലോ.

നൈപുണ്യമുളള ഒരു അദ്ധ്യാപകനായും, ബോർഡിംഗ് മാസ്ററായും തൻെറ പ്രേഷിത വേലയ്ക്ക് തുടക്കം കുറിച്ച മാർ സേവേറിയോസ് തിരുമേനി, അദ്ധ്യാപനത്തിലൂടെ അനേകായിരം കുഞ്ഞുങ്ങളെ ഈശ്വരവിശ്വാസത്തിലും, സദാചാരനിഷ്ഠയിലും തലമുറകളായി വാർത്തെടുക്കാനാവും എന്ന് വിഭാവനം ചെയ്തത് തികച്ചും സ്വാഭാവികമാണ്. ഈ പ്രേഷിതരംഗങ്ങളിൽ സിസ്റ്റേഴ്സിന് കൂടുതൽ അർപ്പണബോധത്തോടെയും, ഫലവത്തായും പ്രവർത്തിക്കാനാവും എന്ന് മനസ്സിലാക്കിയ തിരുമേനി, രൂപതയുടെ പല ഭാഗങ്ങളിലും മഠങ്ങളും, വിദ്യാലയങ്ങളും, ബോർഡിംഗ് ഹൗസുകളും സ്ഥാപിക്കുവാൻ സിസ്റ്റേഴ്സിനെ പ്രേരിപ്പിച്ചു. അദ്ധ്യാപനത്തിലൂടെ, മതപരവും, ധാർമ്മികവുമായ മൂല്യങ്ങൾ അനേകായിരം പിഞ്ചുഹൃദയങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിൻെറ മേന്മയെക്കുറിച്ച് സിസ്റ്റേഴ്സിനെ കൂടെക്കൂടെ ബോദ്ധ്യപ്പെടുത്തിയിരുന്നു. ഇന്ന് തിരുവല്ലാ രൂപതയിൽ ബി-യൂണിററിൽ, രൂപതയുടെ അഭിമാനമായി നിലകൊളളുന്ന പ്രശസ്ത വിദ്യാലയങ്ങളായ പിറവം, കുന്നംകുളം, അഞ്ചൽപ്പെട്ടി, ചെങ്ങരൂർ എന്നിവ പിതാവിൻെറ നിർദ്ദേശാനുസരണവും, സഹായത്തോടെയും സ്ഥാപിക്കപ്പെട്ടിട്ടുളളതാണ്.

അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ പൈതൃകമായ സ്നേഹം ആവോളം അനുഭവിക്കുകയും, ആസ്വദിക്കയും ചെയ്തവരാണ് പ്രായമായ തലമുറയിലെ ബഥനി സിസ്റ്റേഴ്സിൽ പലരും. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ എന്നതിലുപരിയായി, വാത്സല്യം നിറഞ്ഞ ഒരു പിതാവിനെയാണ് സിസ്റ്റേഴ്സിന് തിരുമേനിയിൽ ദർശിക്കാനായത്. പിതാവിൻെറ വാത്സല്യത്തോടുകൂടിയ 'മകളെ' എന്ന വിളിയും സംസാരവും വളരെയധികം സന്തോഷം പകരുന്ന ഒരനുഭവമായിരുന്നു. ഈ പൈതൃക സ്നേഹം എല്ലാ തലങ്ങളിലും ദൃശ്യമായിരുന്നു. വിശേഷ ദിവസങ്ങളിൽ പിതാവിന് സമ്മാനമായി ലഭിക്കുന്ന വിഭവങ്ങളുമായി മഠത്തിലേക്ക്

www.malankaralibrary.com

വന്നിരുന്ന പിതാവ് എല്ലാം തുല്യമായി പങ്കുവച്ചിട്ട് "ഇത് എന്റെ പെൺമക്കൾക്ക്" (സിസ്റ്റേഴ്സ്) "ഇത് എന്റെ ആൺമക്കൾക്ക്" (വൈദികർ) എന്ന് പറഞ്ഞിരുന്നത് എങ്ങനെ വിസ്മരിക്കാനാവും ! പഠിക്കുവാൻ പോയിരുന്ന സിസ്റ്റേഴ്സിന് പിതാവ് ഇപ്രകാരം എഴുതുമായിരുന്നു. "മകളെ, ഒന്നുകൊണ്ടും പ്രയാസപ്പെടരുത്. പണത്തിന്റെ കാര്യത്തിൽ ഒട്ടും വിഷമിക്കരുത്. ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിക്കണം. വേണ്ട സമയത്ത് വേണ്ടതുപോലെ ദൈവം എല്ലാം നടത്തി തരും". അങ്ങനെ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്ന ആ പൈതൃക സ്നേഹം തന്റെ തൂലികയിലും തുളുമ്പി നിന്നിരുന്നു.

സിസ്റ്റേഴ്സിന്റെ വിദ്യാഭ്യാസത്തിലും, വ്യക്തിത്വ വികസനത്തിലും പിതാവ് പ്രത്യേക താല്പര്യവും, ശ്രദ്ധയും കാണിച്ചിരുന്നു. സ്വന്തം ജീവിതത്തിൽ വിജ്ഞാനകവാടം വെട്ടിത്തുറക്കുവാനും, തങ്ങളോട് ഇടപെടുന്ന എല്ലാവർക്കും ലോഭം കൂടാതെ അത് പകർന്നു കൊടുക്കുവാനും സിസ്റ്റേഴ്സിനെ പിതാവ് ഉപദേശിക്കുമായിരുന്നു. വിവിധ പ്രേഷിത രംഗങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ വേണ്ടത്ര അറിവും, പ്രാവീണ്യവും സിസ്റ്റേഴ്സ് ആർജ്ജിച്ചിരിക്കണം എന്ന നിഷ്ക്കർഷ പിതാവിനുണ്ടായിരുന്നു. വിദ്യാഭ്യാസം, ആതുര സേവനം, മററ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ലക്ഷ്യമാക്കി പല സിസ്റ്റേഴ്സിനെയും കോളേജിലും, നേഴ്സിംഗിനും, ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിനും അയയ്ക്കുകയും പലരുടെയും പഠനച്ചെലവുകൾ പിതാവുതന്നെ വഹിക്കുകയും ചെയ്തിട്ടുണ്ട്. പഠിച്ച് വിജയം വരിച്ച് വരുന്നവരെ അനുമോദിക്കുവാനും തിരുമേനി മറന്നിട്ടില്ല.

ബഥനി സന്യാസിനീ സമൂഹത്തിന്റെ പ്രാരംഭ ദശയിൽ ആദ്യകാല അംഗങ്ങൾക്ക് ദാരിദ്ര്യത്തിലൂടെയും, ക്ലേശങ്ങളിലൂടെയും പലപ്പോഴും നടന്നു നീങ്ങേണ്ടിയിരുന്നു. അന്നന്നത്തെ അപ്പത്തിനുപോലും ബുദ്ധിമുട്ട് അനുഭവിച്ച ഒരു കാലഘട്ടം. എന്നാൽ ഉത്തമനായ ഒരു പിതാവ് സ്വന്തം മക്കൾക്കായി കുടുംബസ്വത്ത് കരുതി വയ്ക്കുന്ന പ്രകാരം ദീർഘദൃഷ്ടിയോടുകൂടിയ സേവേറിയോസ് തിരുമേനിയുടെ പ്രവർത്തനം ബഥനി സന്യാസിനീ സമൂഹത്തെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിച്ചുകൊണ്ടിരുന്നു. പല മഠങ്ങളും, സ്കൂളുകളും തുടങ്ങുന്നതിന് പിതാവിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത് ബഥനിമക്കൾ ഇന്നും നന്ദിപൂർവ്വം സ്മരിക്കുന്നു.

അഭിവന്ദ്യ തിരുമേനി ബഥനിമക്കൾക്ക് തീഷ്ണത നിറഞ്ഞ ഒരു ഗുരുനാഥൻ കൂടിയായിരുന്നുവെന്ന് സമ്മതിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. സന്യാസനിഷ്ഠയിൽ ഉറച്ചുനിൽക്കുന്നതിന് സിസ്റ്റേഴ്സിനെ പിതാവ് നിഷ്ക്കർഷിച്ചിരുന്നു. എപ്പോഴെങ്കിലും നിഷ്ഠാപരമായ ജീവിതത്തിന് വീഴ്ച വന്നു എന്നറിഞ്ഞാൽ ഒരു ഗുരുനാഥനടുത്ത ഗൗരവത്തോടെ ശാസിക്കുവാനും, തിരുത്തുവാനും തിരുമേനി ശ്രദ്ധിച്ചിട്ടുണ്ട്. പ്രാർത്ഥനയ്ക്കോ, ധ്യാനത്തിനോ, മുടക്കം വരുത്തുന്ന വിധത്തിലുള്ള ഏതെങ്കിലും ജോലി സിസ്റ്റേഴ്സ് ഏറെറടുക്കുന്നതിൽ പിതാവിന് താല്പര്യമില്ലായിരുന്നു. ഗോതമ്പു മണി നിലത്തുവീണ് അഴുകുന്നില്ലെങ്കിൽ അത് ഫലം പുറപ്പെടുവിക്കയില്ലെന്നും, സ്വയ ശൂന്യവത്ക്കരണമാണ് സന്യാസത്തിന്റെ അന്തസത്തയെന്നും പരിശീലനത്തിലിരിക്കുന്നവരെയും വ്രതസ്ഥരെയും തന്റെ പ്രസംഗത്തിലൂടെയും ഉപദേശങ്ങളിലൂടെയും തിരുമേനി കൂടെക്കൂടെ ഉത്ബോധിപ്പിച്ചിരുന്നു.

മലങ്കര സഭയിൽ പരിവർത്തനത്തിന്റെ ഒരു കാലഘട്ടമായിരുന്ന അന്ന് പുനരൈക്യ ദീപശിഖ കെടാതെ തലമുറതലമുറകളിലേക്ക് കൈമാറുവാൻ മററു പല ഘടകങ്ങളോടുമൊപ്പം സമൂഹത്തിൽ വിലയും നിലയും ഉള്ള കുടുംബങ്ങളിൽ നിന്ന് സന്യാസത്തിലേക്ക് പെൺകുട്ടികൾ കടന്നു വരേണ്ടതും അനിവാര്യമാണെന്ന് തിരുമേനിക്ക് ബോദ്ധ്യപ്പെട്ടതിനാൽ പല കുടുംബങ്ങളിൽ നിന്നും സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഭിമുഖ്യമുള്ള പെൺകുട്ടികളെ പിതാവ് നേരിട്ട് പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് തിരുവല്ലാ പ്രൊവിൻസിലെ പ്രായമായ സിസ്റ്റേഴ്സിൽ പലരും ഇതിന് പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്. സന്യാസത്തിലേക്ക് ഒരു പുതിയ അർത്ഥിനികൂടി കടന്നുവന്നു എന്നറിയുമ്പോൾ പിതാവിനുള്ള സന്തോഷം അവാച്യമായിരുന്നു. പല കുടുംബങ്ങളോടുമുള്ള പിതാവിന്റെ വ്യക്തിപരമായ സ്നേഹവും, ബന്ധവും സന്യസ്ത ജീവിതത്തിലേക്ക് തങ്ങളു

www.malankaralibrary.com

ടെ മക്കളെ അയയ്ക്കുന്നതിന് മാതാപിതാക്കൾക്ക് ധൈര്യം പകർന്നുകൊടുത്തിട്ടുണ്ട്. മഠം സന്ദർശിക്കുമ്പോൾ അതിനോടനുബന്ധിച്ചുള്ള ബോർഡിംഗ് ഹൗസിലെ കുട്ടികളെ വിളിച്ച് സംസാരിക്കുകയും, പ്രത്യേകിച്ച് യാക്കോബായ സമുദായത്തിൽപ്പെട്ട കുട്ടികളോട് കൂടുതൽ താല്പര്യത്തോടെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. പിതാവിൻെറ ആ കുശലാന്വേഷണങ്ങൾ പല പെൺകുട്ടികൾക്കും കത്തോലിക്കാ സഭയെ ആശ്ലേഷിക്കുവാനോ, സന്യാസത്തിലേക്ക് പ്രവേശിക്കുവാനോ, ഉള്ള ധൈര്യവും, പ്രേരണയും പകർന്നു കൊടുത്തിട്ടുണ്ട് എന്നത് ഒരു സത്യമാണ്. വീട്ടുകാരുടെ കടുത്ത എതിർപ്പിനെ തൃണവൽഗണിച്ചു കൊണ്ട് സന്യാസ ജീവിതത്തെ ആശ്ലേഷിച്ചിട്ടുള്ള പലരും ഇതിന് ജീവിക്കുന്ന സാക്ഷികളായി ബഥനി സന്യാസിനീ സമൂഹത്തിൽ ഇന്നും ഉണ്ട്.

വിദൂര സ്ഥലങ്ങളിലേക്ക് പോകുമ്പോൾ അതിനോടടുത്തുള്ള മഠത്തിലേക്ക് ആവശ്യമുള്ള സാധനങ്ങൾ എന്തെന്ന് മനസ്സിലാക്കി, തൻെറ സന്തത സഹചാരിയായിരുന്ന പീലിപ്പോച്ചനെകൊണ്ട് വാങ്ങിപ്പിച്ച് സ്വന്തം കാറിൽ എത്തിച്ചു കൊടുക്കുന്നതിനും പിതാവിന് ഒരു പ്രയാസവും തോന്നിയിരുന്നില്ല. കുന്നംകുളം മഠത്തിൻെറ പരിസരത്ത് ചില പൈശാചിക പ്രവർത്തനങ്ങൾ തുടർച്ചയായി ഉണ്ടായപ്പോൾ, സിസ്റ്റേഴ്സിനെ അത് പ്രയാസപ്പെടുത്തുന്നു എന്ന് മനസ്സിലാക്കിയ തിരുമേനി ആ ദുഷ്ട ശക്തിയെ തൻെറ പ്രാർത്ഥനാ ശക്തികൊണ്ട് വിലക്കിയ സംഭവവും അത്ഭുതം കൂറുന്ന മനസ്സോടെ മാത്രമെ ഓർമ്മിക്കാനാവൂ. 1954 ൽ ചെങ്ങരൂർ മഠത്തിൽ വച്ച് സിസ്ററർ നയോമി ഫ്രാൻസിസ് ഇടിവെട്ടേററ് മരിച്ചപ്പോൾ പിതാവ് തിരുവല്ലായിൽ നിന്ന് പെട്ടെന്ന് ചെങ്ങരൂർക്ക് വന്നതും, വളരെയധികം സഹതാപം ഉൾക്കൊണ്ട് സിസ്റേറഴ്സിൻെറ അതീവ ദുഃഖത്തിൽ ആഴ്ന്നിറങ്ങിയതും, ഒരു ദൈവദൂതനെപ്പോലെ ശേഷനടപടിക്രമങ്ങൾക്ക് നേതൃത്വം നൽകിയതും ഒരിക്കലും ബഥനി മക്കളുടെ ഓർമ്മയിൽനിന്ന് മായുകയില്ല.

സിസ്റേറഴ്സിൻെറ ആത്മാർത്ഥമായ സ്നേഹത്തിലും പ്രാർത്ഥനയിലും പിതാവിന് നല്ല വിശ്വാസമുണ്ടായിരുന്നു. മലങ്കര സഭയുടെ വിലപ്പെട്ട കണ്ണികളിൽ ഒന്നാണ് ബഥനി സമൂഹവും എന്ന് ഓരോ സിസ്ററിനും ബോദ്ധ്യം ജനിക്കത്തക്കവിധത്തിൽ വളരെ കരുതലും, അംഗീകാരവും നൽകിയാണ് ബഥനി സന്യാസിനി സമൂഹത്തെ പിതാവ് വളർത്തിയത്. "മരിക്കുമ്പോൾ കരയാൻ ഈ പെൺമക്കളെ കാണുകയുള്ളു" എന്ന് തമാശരൂപേണയാണെങ്കിലും പിതാവ് പലപ്പോഴും പറഞ്ഞിരുന്നത്. ബഥനി മക്കളുടെ ആത്മാർത്ഥത നിറഞ്ഞ സ്നേഹത്തെ പിതാവിന് അതിൻെറ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ സാധിച്ചിരുന്നു എന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

യേശു പലപ്പോഴും വിശ്രമത്തിനും ആശ്വാസത്തിനുമായി മാർത്തയും, മറിയവും, ലാസറും താമസിച്ചിരുന്ന ബഥാനിയായിലെ ആ കൊച്ചു ഭവനത്തിലേക്ക് കടന്നുചെന്നിരുന്നതുപോലെ, പ്രേഷിത ശൈലിയിൽ വി. പൗലോസ് എന്ന വിശേഷണത്തിനർഹനായ അഭിവന്ദ്യ സേവേറിയോസ് പിതാവ് തൻെറ അദ്ധ്വാനത്തിനിടയിൽ അല്പം വിശ്രമത്തിനും ആശ്വാസത്തിനുമായി ബഥനി മഠത്തിലേക്ക് കടന്നുവരിക പതിവായിരുന്നു. പിതാവിൻെറ സാന്നിദ്ധ്യം ബഥനി മക്കൾക്ക് വളരെ ആനന്ദപ്രദവും പ്രചോദനദായകവുമായിരുന്നുവെന്ന് പ്രത്യേകിച്ച് എടുത്തു പറയാതെ വ്യക്തമാണല്ലോ. മിക്കവാറും എല്ലാ ഞായറാഴ്ചകളിലും തിരുമേനി മഠത്തിലായിരുന്നു ദിവ്യബലി അർപ്പിച്ചിരുന്നത്. കൂടാതെ വിശേഷ ദിവസങ്ങളിലെല്ലാം ബഥനി മക്കളോടൊപ്പം സ്വല്പ സമയം ചിലവിടാൻ തിരക്കിനിടയിലും പിതാവ് അവസരം കണ്ടെത്തിയിരുന്നു. രോഗികളായ സിസ്റേറഴ്സിനെ കൂടെകൂടെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്യുന്നതിൽ പിതാവ് ഔത്സുക്യം കാണിച്ചിരുന്നു. ഏതെങ്കിലും ഒരു സിസ്ററിൽ ദുഃഖഭാവം കണ്ടാൽ അവരെ തനിച്ച് വിളിച്ച് സംസാരിക്കുകയും പ്രശ്നങ്ങൾ പഠിച്ച് വേണ്ട പ്രതിവിധികൾ നിർദ്ദേശിച്ച് കൊടുക്കുകയും ചെയ്യുന്നതിനു ഹൃദയ വിശാലതയും, ഹൃദയാർദ്രതയും പിതാവിൽ പലരും ദർശിച്ചിട്ടുണ്ട്.

പൂർണ്ണ അർത്ഥത്തിൽ ബഥനി സമൂഹത്തിന് മാർ സേവേറിയോസ് തിരുമേനി താങ്ങും തണലുമായിരുന്നു. ഒരു രൂപതാദ്ധ്യക്ഷൻ എന്ന നിലയിലും, ഒരു വത്സല പിതാവ്

www.malankaralibrary.com

എന്ന നിലയിലും സമൂഹത്തിന്റെ ചിന്താധാരകളോടൊത്ത് ഒഴുകുന്നതിനും, അവയോട് വികാരതീവ്രതയോടും, അനുഭൂതിശക്തിയോടും കൂടി പ്രതികരിക്കുന്നതിനും പിതാവിന് സാധിച്ചു എന്നുള്ളത് ബഥനി സന്യാസിനീ സമൂഹത്തിന്റെ വളർച്ചയ്ക്ക് മുഖ്യകാരണമായി നിൽക്കുന്നു. സത്യത്തെ തേടാനും അംഗീകരിക്കാനുമുള്ള ധീരതയും, പ്രവർത്തന മണ്ഡലത്തിലെ കാര്യക്ഷമതയും, ഭാവത്തിൽ തുളുമ്പിയിരുന്ന ഗാംഭീര്യവും, പുഞ്ചിരിയിൽ പ്രകടമായിരുന്ന നിഷ്കളങ്കതയും ആ വത്സല പിതാവിനെ ബഥനി മക്കളുടെ മനസ്സിൽ ഇന്നും മായാതെ, മങ്ങാതെ പ്രകാശിപ്പിക്കുന്നു.

അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ ആ വലിയ സ്നേഹത്തിടമ്പിനെ ലോകത്തിന് വെളിപ്പെടുത്തേണ്ടത്- പിൻ തലമുറയ്ക്കു ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ടത് ബഥനി മക്കളുടെയും കൂടി ഒരു കടമയും, കർത്തവ്യവുമായി കരുതുന്നു. തികഞ്ഞ ഈശ്വരവിശ്വാസം, നിറഞ്ഞ ഭക്തി, സൗമ്യത, സ്നേഹ ലാളിത്യം, നർമ്മ ബോധം, കർമ്മശേഷി, ആത്മാർത്ഥത തുടങ്ങിയ വലിയ ഗുണങ്ങളുടെ ഉടമയായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ ജീവിതം ഒരു നിത്യരശ്മിയായി മലങ്കര സഭാ മണ്ഡലത്തിൽ ജ്വലിച്ചു നിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സഭയ്ക്കും, ബഥനിമക്കൾക്കും ഒരു മുതൽക്കൂട്ടായി ജീവിച്ച് കൂടുതൽ നന്മകൾ വർഷിക്കുവാനായി സ്വർഗ്ഗത്തിലേക്ക് പറന്നുപോയ ആ പുണ്യാത്മാവിന്റെ പ്രേഷിത ചൈതന്യവും, ആദ്ധ്യാത്മികതയും, മലങ്കര സഭയ്ക്കും, ബഥനിസന്യാസിനീ സമൂഹത്തിനും എന്നും മാതൃകയും, പ്രചോദനവും, ഉണർവും പ്രദാനം ചെയ്യട്ടെ. ബഥനി മക്കളുടെ സർവ്വോൽക്കർഷത്തിനും വേണ്ടി വിശാല മനസ്കതയോടെയും, സ്നേഹനിർഭരമായും, ത്യാഗസുരഭിലമായും ജീവിതം കാഴ്ചവച്ച്, നിത്യസമ്മാനത്തിനായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ മഹനീയ പിതാവേ, അങ്ങ് എന്നും ബഥനിമക്കളുടെ ഹൃദയത്തിൽ- സ്മരണയിൽ- മായാതെ തിളങ്ങി നിൽക്കും...!

***

Best Compliments From:-

**Bethany Sisters**

CHUNKAPPARA

www.malankaralibrary.com

# പവ്വത്ത് വല്ല്യപ്പന്റെ ഓർമ്മക്കുറിപ്പിൽ നിന്ന്


# മാർ സേവറിയോസ് പിതാവുമായുള്ള കൂടിക്കാഴ്ച

സമ്പാദകൻ: **ആൻറണി പവ്വത്ത്**

***1934-ാം മാണ്ട്*** വലിയ നോയമ്പിന്റെ അവസരം ഒരു ഞായറാഴ്ച പുത്തൻപീടിക പള്ളിയിൽ പോയി വി. കുർബാന കണ്ട് പീടികയിൽ അച്ചന്റെ വീട്ടിൽ കയറി വിശ്രമിച്ച് വൈകിട്ട് കൈപ്പട്ടൂർക്ക് പോയി. കൈപ്പട്ടൂർ പള്ളിയുടെ പടിഞ്ഞാറെതാണ് എന്റെ കുടുംബം "പവ്വത്ത്". കൈപ്പട്ടൂർ പള്ളി പണിയിച്ചത് എന്റെ വല്ല്യപ്പച്ചനും, അപ്പനും, സ്ഥലവാസികളും ചേർന്നാണ്. 1876-ാം മാണ്ട് പത്രോസ് പാത്രിയർക്കീസ് ബാവ പള്ളിക്ക് കല്ല് ഇട്ട് പണിതീർത്ത് ചാത്തുരുത്തി (പരുമല) തിരുമേനി പള്ളി കൂദാശ ചെയ്തു. വീടിന്റെ മുററത്ത് നിന്നാൽ പള്ളിയും, പരിസരവും വ്യക്തമായി കാണാം. പള്ളി മുററത്ത് ഒരു മെത്രാനും, രണ്ട് അച്ചന്മാരും കുറെ ആൾക്കാരും നിൽക്കുന്നത് കണ്ട് ഞാൻ വീട്ടിൽ വിവരം അന്വേഷിച്ചു. അത് വാളക്കുഴി മെത്രാനാണ്, സ്ഥാനം ഏററിട്ട് ആദ്യമായി പള്ളി സന്ദർശിക്കുകയാണ്, ഇന്ന് തിരുമേനിയുടെ കുർബാനയായിരുന്നു. ഒന്ന് പരിചയപ്പെടാമെന്ന് വിചാരിച്ച് ഞാൻ അവിടെ കയറിച്ചെന്നപ്പോൾ എല്ലാവരും എന്തോ തമ്മിൽ തമ്മിൽ പറയുന്നതായി ഞാൻ മനസിലാക്കി. ഞാൻ തിരുമേനിയുടെ കൈമുത്തി പരിചയപ്പെടുത്തി. ഈ പള്ളി പണിയിച്ചത് എന്റെ വല്ല്യപ്പച്ചനും. അപ്പനും ഈ നിൽക്കുന്നവരുടെ അപ്പന്മാരും കൂടിയാണെ''ന്ന് പറയുകയും തിരുമേനി എടുത്ത് ഒരു ചോദ്യം "കത്തോലിക്കാ സഭയുടെ പ്രതാപം കൊണ്ട് അങ്ങോട്ട് പോയതാണോ?''. ഇതുതന്നെ അവസരമെന്ന് കണ്ട് ഞാൻ ആരംഭിച്ചു "അല്ലേ!! വിശ്വാസം കൊണ്ട് പോയതാണേ. കാതോലികം, അപ്പസ്തോലികം, ഏകംവുമായ സഭ കത്തോലിക്കാസഭയാണെന്ന് പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ട് കത്തോലിക്കാസഭയിൽ ചേർന്നു.


''അൽ ഹേയി കീപ്പോ ബെസ്ശെമഊൻ'' എന്ന സുറിയാനി ഗീതം ഞാൻ ചൊല്ലിയിട്ട് പറഞ്ഞു പത്രോസാണ് സഭയുടെ അധികാരി, പത്രോസിനോടാണ് ക്രിസ്തു സഭ സ്ഥാപിക്കാൻ പറഞ്ഞത്, ആ പത്രോസിന്റെ പിൻഗാമിയാണ് റോമാ മാർപ്പാപ്പാ അന്നുമുതൽ ഇന്നുവരെ കത്തോലിക്കാസഭയ്ക്ക് ഒരു കോട്ടവും വന്നിട്ടില്ലാ. യാക്കോബായ സഭ 500-ാം മാണ്ടോടാണ് ആരംഭിച്ചത്. 451-ൽ കൽക്കുദിനാ സുന്നഹദോസിൽ വച്ച് 630 വിശുദ്ധ പിതാക്കന്മാർ ചേർന്ന് അലക്സാന്ത്രിയാ പാത്രിയർക്കീസ് ദിയസ്ക്കോറോസിനെ മുടക്കിയതിന്റെ പിൻഗാമിയാണ് യാക്കോബായക്കാർ. വട്ടശേരിൽ തിരുമേനിയുടെ വ്യക്തമായ അഭിപ്രായവും ഇതുതന്നെയാണ് (അദ്ദേഹത്തിന്റെ 1914-ലെ ഓമല്ലൂർ പള്ളിയിലെ പ്രസംഗം വിവരിച്ചു.) തിരുമേനി ഇന്ന് വിശുദ്ധ കുർബാന മദ്ധ്യേ ചൊല്ലിയ വിശ്വാസപ്രമാണത്തിൽ കാതോലികവും, അപ്പസ്തോലികവും, ഏകവുമായ വിശുദ്ധ സഭ യാക്കോബായസഭയാണെന്നാണോ വിചാരിക്കുന്നത്? എന്നാൽ അവിടെയാണ് തെററ്. പിതാവിന് മറുപടി പറയാൻ നിർവാഹമില്ലാതായി. ഞാൻ കൈമുത്തി യാത്രചോദിച്ച് പോന്നു. അവിടെ നിന്നവരോട് മൂപ്പിലാൽ ചരിത്രം പഠിച്ച് സംസാരിക്കുന്നുണ്ടല്ലോയെന്ന് പറഞ്ഞതായി ഞാൻ അറിഞ്ഞു. 1937 ഡിസംബർ മാസം കോന്നിയിൽ എന്റെ വീട്ടിൽ മാർ ഈവാനിയോസ് തിരുമേനിയും, വാളക്കുഴി മാർ സേവേറിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയുംകൂടി എന്റെ മൂത്ത മകൻ സ്കറിയാ സുഖമില്ലാതെ കിടപ്പിലാണെന്ന് അറിഞ്ഞ് യാത്രാമദ്ധ്യേ വീട്ടിൽ കയറി പ്രാർത്ഥിച്ചു. വാളക്കുഴി തിരുമേനി കൈപ്പട്ടൂർ പള്ളിയിൽ വെച്ച് നടന്ന സംസാരത്തെ ഓർമ്മിപ്പിച്ച് 'എന്റെ വിശ്വാസത്തെ തട്ടിയുണർത്തിയ ഒരു സംഭവ'മെന്ന് പറഞ്ഞു. അതിനുശേഷം ഞാനും, പിതാവും തമ്മിൽ പല അവസരങ്ങളിൽ കണ്ട് സഭാപരമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും ഞാൻ കത്തോലിക്കനായ കാരണങ്ങളും മററും വിശദീകരിച്ചും പിന്നീട് അദ്ദേഹം പല അവസരങ്ങളിലും കോന്നിയിൽ എന്റെ ഭവനം സന്ദർശിച്ച് ഞങ്ങളെ അനുഗ്രഹിക്കുന്നതിന് ഇടയായിട്ടുണ്ട്. □

www.malankaralibrary.com




സെൻറ് മേരീസ് ചാപ്പൽ
ഇരുവെള്ളിപ്ര


സെൻറ് തോമസ് ഹൈസ്കൂൾ
ഇരുവെള്ളിപ്ര ▼




സെൻറ് ആൻറണീസ്
മലങ്കര കാത്തലിക് ചർച്ച്
കല്ലമ്പാല



മിഷൻ ബിൽഡിംഗ് എറണാകുളം ▷




www.malankaralibrary.com



സെൻറ് തോമസ് ചർച്ച്
തേക്കുംകൽ





സെൻറ് മേരീസ് ചർച്ച് പാമ്പാടി



സെൻറ് ജോർജ്ജ് ചർച്ച്
തിരുമൂലപുരം


www.malankaralibrary.com





സെൻറ് ജോർജ് ചർച്ച് പുന്നവേലി

◁ സെൻറ് ജോർജ് കാത്തലിക് ചർച്ച്
കല്ലുങ്കൽ




സെൻറ് ജോർജ് മലങ്കര കാത്തലിക് ചർച്ച്
ചുങ്കപ്പാറ

www.malankaralibrary.com



സെൻറ് ബ്ലാസിയൂസ് കളംബൂർ

സെൻറ് സ്റ്റീഫൻസ് ചർച്ച്
പനയമ്പാല






സെൻറ് മേരീസ് ചർച്ച് അമയന്നൂർ



ചെങ്ങരൂർ സെൻറ് ജോർജ് ഇടവകയിലെ സ്വീകരണം

www.malankaralibrary.com

www.malankaralibrary.com




ജനകീയ ഇടയൻ

www.malankaralibrary.com

പുനരൈക്യത്തിനുശേഷമുള്ള സ്വീകരണങ്ങളിൽനിന്ന്
മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടും
അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയോടുമൊപ്പം





ആദ്യകാല മിഷ്യനിലെ ആവേശം

www.malankaralibrary.com



സെൻറ് ജോൺസ് കത്തീഡ്രലിലെ തിരുനാളാഘോഷത്തിൽ തിരുമേനി

www.malankaralibrary.com

# വാളക്കുഴിയിൽ മെത്രാച്ചൻ അനുസ്മരണകൾ

## ഫാ: അലക്സാണ്ടർ പയ്യമ്പള്ളിൽ

അഭിവന്ദ്യ മർ സേവേറിയോസ് തിരുമേനി വാളക്കുഴിയിൽ മെത്രാച്ചൻ എന്നാണ് സ്വദേശമായ മല്ലപ്പള്ളിയിലും, പരിസര പ്രദേശങ്ങളിലും സാധാരണയായി അറിയപ്പെടുന്നത്. അഭിവന്ദ്യ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ യവസരത്തിൽ തിരുമേനിയെപ്പററിയുള്ള ചില അനുസ്മരണകൾ രേഖപ്പെടുത്തുന്നതിനാണ് ഞാൻ ഈ ചെറിയ ലേഖനം എഴുതുന്നത്.

അഭിവന്ദ്യ തിരുമേനിയെ യാക്കോബായ സഭയിലെ വൈദികൻ, മെത്രാൻ, മലങ്കര കത്തോലിക്കാ സഭയിലെ മെത്രാപ്പോലീത്താ എന്നീ നിലകളിൽ പല സന്ദർഭങ്ങളിലും അറിയുന്നതിനായിട്ട് സാധിച്ചിട്ടുണ്ട്. തിരുമേനി തിരുവല്ലാ രൂപതയിലെ പല ഇടവകകളിൽ പരിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതായും, പ്രസംഗിക്കുന്നതായും, മററു ശുശ്രൂഷകൾ നടത്തുന്നതായും, ഞാൻ ഓർമ്മിക്കുന്നു അഭിവന്ദ്യ തിരുമേനി പുനരൈക്യത്തിനു മുൻപ് ചെങ്ങരൂർ യാക്കോബായ പള്ളിയോടനുബന്ധിച്ചുള്ള ഒരു പ്രസംഗയോഗത്തിൽ മാനസാന്തരത്തിനു മുമ്പുള്ള ശൗലിനേപ്പോലെ കത്തോലിക്കാസഭയ്ക്കെതിരായി പ്രസംഗിക്കുന്നതും ഞാൻ സ്മരിക്കുകയാണ്. പുനരൈക്യത്തിനുശേഷം മാനസാന്തരത്തിനുശേഷമുള്ള പൗലോസിനെപ്പോലെ തന്റെ പ്രസംഗങ്ങളിലും, ലേഖനങ്ങളിലും, പുനരൈക്യത്തിനുവേണ്ടി സദാ ആഹ്വാനം ചെയ്തിരുന്നു. തിരുമേനിയുടെ പുനഃരൈക്യത്തിനുശേഷം ഞാൻ ഒരു ശെമ്മാശ്ശനായിരിക്കുമ്പോൾ 1948- ജനുവരിയിൽ എനിക്കെഴുതിയതും ഇപ്പോൾ എന്റെ കൈവശമുള്ളതുമായ ഒരു ചെറിയ കത്തിൽപ്പോലും പുനഃരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനെ അനുസ്മരിപ്പിച്ചിരുന്നു. കത്തിന്റെ അവസാന ഭാഗം ഇങ്ങനെ ആയിരുന്നു. "Pray for the reunion of our friends and relatives in the Jacobite Church. May God bless you.
+ Mar Severios

തന്റെ പ്രസംഗങ്ങളിൽ സഭയുടെ അംഗമായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ആവർത്തിച്ചു പറയുമായിരുന്നു. "മിശിഹാ തൻ മണവാട്ടി......" എന്ന ഗീതം പ്രസംഗമദ്ധ്യേ ആലപിക്കുകയും ചെയ്തിരുന്നു.

സ്വന്തം ഇടവകയായ ആനിക്കാട്ട് ബേത്ലഹേം പള്ളിയിൽ ആദ്യം നിർമ്മിച്ചതായ ഷെഡ്ഡിൽ വച്ച് ക്രിസ്മസ് ശുശ്രൂഷകൾ നടത്തുന്നതും, പ്രാർത്ഥനയുടെ ഇടയിൽ "തൗകലഹ്ഹൻ.തൗകലഹ്ഹൻ" എന്ന സുറിയാനി ഗീതം ആലപിക്കുന്നതും, തീ ഉഴല്ച്ച ശുശ്രൂഷ നടത്തുന്നതും മററും ഒരു 12 വയസ്സുകാരനായി ഞാൻ ഓർമ്മിക്കുകയാണ്. ആനിക്കാട്ട് പള്ളി ആരംഭിക്കുന്നതിനു മുൻപ്, ചങ്ങനാശ്ശേരി രൂപതയിലെ മല്ലപ്പള്ളികടുത്തുള്ള നെടുങ്ങാടപ്പള്ളിയിലെ ഇടവകപ്പള്ളിയിലും, ഓംവക ചാപ്പലിലും, തിരുമേനിയുടെ വന്ദ്യ മാതാവ് ഉൾപ്പെടെ വീട്ടുകാരെയും, സ്ഥലവാസികളായ പലരെയും കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുന്ന സന്ദർഭത്തിൽ കൗതുകത്തോടുകൂടി ഞാൻ സംബന്ധിച്ചിരുന്നു.

യേശുക്രിസ്തുവുമായുള്ള ഉററ ബന്ധത്തിൽ ഓരോ വ്യക്തിയും തന്നെത്താൻ പരിത്യജിച്ച്, എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കണമെന്ന് എല്ലാ പ്രസംഗങ്ങളിലും തിരുമേനി പ്രത്യേകമായി പറയുമായിരുന്നു. "ഗോതമ്പുമണി നിലത്തു് വീണ് അഴുകുന്നില്ലെങ്കിൽ അതു് ഫലം പുറപ്പെടുവിക്കുകയില്ല" എന്ന് പതിവായി പ്രസംഗങ്ങളിൽ അവിടുന്ന് ഉത്ബോധിപ്പിച്ചിരുന്നു. ഇപ്രകാരം ഉള്ള അവസരങ്ങളിൽ തിരുമേനിയുടെ ശബ്ദം ഇടറുകയും, ഗദ്ഗദത്തോടുകൂടി സംസാരിക്കുവാൻ ഇടയാകുകയും ചെയ്തിരുന്നു.

വൈദികവിദ്യാർത്ഥികളായി ചെറുപുഷ്പഗിരി അരമനയിൽ താമസിക്കുമ്പോൾ വെളുപ്പിനെ പ്രഭാത പ്രാർത്ഥനകൾക്കും മററുമായി ഞങ്ങൾ ചാപ്പലിൽ ചെല്ലുമ്പോൾ തിരുമേനി നേരത്തേ തന്നെ ചാപ്പലിൽ വന്ന് പ്രാർത്ഥനയിലും, ധ്യാനത്തിലും, മുഴ

www.malankaralibrary.com

കിയിരിക്കുന്നതായി കാണാമായിരുന്നു. അതുപോലെതന്നെ രാത്രിയിൽ 'സുത്താറ' പ്രാർത്ഥന കഴിഞ്ഞ് ഇംഗ്ലീഷിലുള്ള ആത്മീയ ഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നത് സ്മരിക്കുന്നു. വിശുദ്ധ കുർബ്ബാന കഴിഞ്ഞ് വളരെ സമയം ചാപ്പലിൽ തിരുമേനി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തിരുമേനി നടത്തിയിരുന്ന ആരാധനക്രമങ്ങളും, വി. കുർബ്ബാന അർപ്പണവും വളരെ ഭക്തിനിർഭരവും, ആസ്വാദ്യകരവുമായിരുന്നു.

അനുദിന ജോലികൾക്കിടയിൽ പഠനത്തിനും മററു കൃത്യനിർവ്വഹണത്തിനും തിരുമേനി സമയം കണ്ടെത്തിയിരുന്നു. എണ്ണമില്ലാതെ വന്നുകൊണ്ടിരുന്ന കത്തുകൾക്ക് നിന്നുകൊണ്ട് പൊക്കമുള്ള ഡസ്കിന്മേൽ വച്ച് ധൃതഗതിയിൽ മറുപടി എഴുതിവിട്ടിരുന്നതും പതിവായിരുന്നു.

വൈദിക വിദ്യാർത്ഥികളോട് ഉററബന്ധം തിരുമേനി പുലർത്തിയിരുന്നു. അവരുടെ തെരഞ്ഞെടുപ്പിൽ തിരുമേനി നേരിട്ട ശ്രദ്ധപതിപ്പിച്ചിരുന്നു. വൈദികവിദ്യാർത്ഥികളാകുവാൻ സാദ്ധ്യതയുള്ളവരോട് തിരുമേനി നേരിട്ടും ബന്ധം പുലർത്തിയിരുന്നതായിട്ടറിയാം. ഞാൻ സെമിനാരിയിൽ ചേരുന്നതിനു മുമ്പായി 1944-ൽ തിരുമേനി അയച്ചിരുന്ന എഴുത്ത് ഞാൻ സൂക്ഷിച്ചിട്ടുണ്ട്. അരമനയിൽ വച്ച് നേരിട്ട് പേരൊരാളോട് സെമിനാരിയിൽ പ്രവേശിക്കുന്നതിനെപ്പററി സംസാരിച്ചപ്പോൾ അവസാനമായി അദ്ദേഹം തിരുമേനിക്ക് മറുപടി കൊടുത്തു. ''തിരുമേനി ഒട്ടും സംശയിക്കേണ്ട. ഒന്നുകിൽ ഞാൻതന്നെ വരാം അല്ലെങ്കിൽ ജ്യേഷ്ഠനെ അയയ്ക്കാം''. ഞങ്ങൾ അഞ്ചുപേരായിരുന്നു ഒരുമിച്ച് പഠനം ആരംഭിച്ചത്. വെളിയനാട്ടുകാരൻ അബ്രഹാം, കുന്നിക്കരുടിക്കാരൻ കരുവിള, അയിരൂർക്കാരൻ മാത്യു, അമയന്നൂർകാരൻ ജോർജ്ജ്, മല്ലപ്പള്ളിക്കാരനായ ഞാൻ എന്നിവരാണ് ഞങ്ങൾ. ഇപ്പോൾ ഞങ്ങളുടെ ബാച്ചിൽ ഒരു മെത്രാപ്പോലീത്തായും ഷഷ്ഠിപൂർത്തികഴിഞ്ഞ നാലു വൈദികരുമാണുള്ളത്.

അരമനയിൽ താമസിച്ചിരുന്ന വൈദികരോടും സന്ദർശകരായി വന്നിരുന്ന വൈദികരോടും വൈദികവിദ്യാർത്ഥികളോടും അഭിവന്ദ്യ പിതാവു് നർമ്മസംഭാഷണങ്ങളിൽ ഏർപ്പെടുക പതിവായിരുന്നു. സന്ധ്യാപ്രാർത്ഥന കഴിഞ്ഞു് ചെറുപുഷ്പഗിരിയിലെ രണ്ടാം നിലയിലുള്ള ചാപ്പലിനരികിലുള്ള മുറിയിൽ ഒരു വലിയ വട്ടമേശയ്ക്കരികിലിരുന്ന് വട്ടമേശ സമ്മേളനം നടത്തിയിരുന്നു. ഈ സമ്മേളനം ഫലിതനിർഭരവും വിജ്ഞാനപ്രദവുമായിരുന്നു. തിരുമേനി മദ്രാസിൽ നിന്ന്, സിലോണിലുള്ള കാന്റീ സെമിനാരിയിലേക്ക് ആദ്യമായി നടത്തിയ വിമാനയാത്രയുടെ വിവരങ്ങൾ അതിലുൾപ്പെട്ടിരുന്നു.

ആയാസത്തിനുവേണ്ടി വൈകുന്നേരങ്ങളിൽ കമ്മീസും മസ്നപ്സായും മററും ധരിച്ച് ഒരു വടിയുമായി സ്വല്പസമയം അരമനപുരയിടത്തിലുള്ള വഴികളിൽക്കൂടി നടക്കുന്നതു കാണാമായിരുന്നു. പുഷ്പഗിരി ആശുപത്രിയുടെ പുറകുവശത്തു നിൽക്കുന്നതും, അനേകർക്കു തണൽ നൽകുന്നതും, ഇപ്പോൾ ഷഷ്ഠിപൂർത്തി കഴിഞ്ഞിരിക്കുന്നതുമായ പടുകൂററൻ വാകമരം അന്നു തിരുമേനിക്കു വിശ്രമമരുളുന്നതിനു മാത്രം വലിപ്പമുള്ള ഒരു ചെറുവൃക്ഷം ആയിരുന്നു. അതിന്റെ ചുവട്ടിൽ കാൽ പൊക്കിവച്ചു കിടക്കാവുന്ന ചാരുകസേരയിൽ കിടന്ന് അവിടുന്ന് വിശ്രമിച്ചിരുന്നു. ആ അവസരത്തിൽ സ്ഥിരമായി അരമനക്കാര്യങ്ങൾ നടത്തിക്കൊണ്ടിരുന്ന ആജാനുബാഹുവായ ഒരു 'തടിയൻ' നടത്തിപ്പുകാരൻ അന്നത്തെ പ്രവർത്തന റിപ്പോർട്ട് കൊടുക്കാറുണ്ടായിരുന്നു. തിരുമേനിമാർ കല്പിച്ചിരുന്ന ഓരോ വാചകത്തിനും പ്രത്യുത്തരമായി തിരുമേനിമാരോട് ഉത്തരം പറയുന്ന പുരാതന രീതിയനുസരിച്ച് അയാൾ 'അടിയൻ, അടിയൻ' എന്ന് മറുപടി പറഞ്ഞിരുന്നു. സമീപത്തു കൂടിപോകുന്ന ഞങ്ങൾക്ക് തടിയൻ, തടിയൻ എന്ന് അതു തിരിഞ്ഞിരുന്നു.

അഭിവന്ദ്യ തിരുമേനിക്ക് വൈദിക വിദ്യാർത്ഥികളോട് ഉണ്ടായിരുന്ന വാത്സല്യം അതീവമായിരുന്നു. ഭക്ഷണശേഷം ചാപ്പലിൽ സന്ദർശനം നടത്തിവരുന്ന വൈദിക വിദ്യാർത്ഥികളെ വിളിച്ച് മധുര സാധനങ്ങൾ കൊടുക്കുമായിരുന്നു. തിരുമൂലപുരത്തുള്ള ''കൊച്ചുമാലിൽ വൈദ്യൻ'' കാഴ്ചവച്ച ഒരു വലിയ പൂവൻകുല നിമിഷങ്ങൾക്കകം തീർന്നുപോയതു് ഇങ്ങനെയുള്ളൊരവസരത്തിലായിരുന്നു. തിരുമൂലപുരം മഠത്തിൽ നിന്ന് ബഹുമാനപ്പെട്ട മദർ ഹ്യൂബ്ബായും മററും അഭിവന്ദ്യ തിരുമേനിക്ക് സമ്മാനമായികൊടുത്തിരുന്ന നെയ്യപ്പവും മററും ഇതുപോലെ തീർന്നുപോയിരുന്നു. തിരുമേനി കത്തോലിക്കാ സഭയിൽ ആദ്യമായി നാലുപേർക്കാണ് വൈദിക പട്ടം നൽകിയതു്. അന്ന് 1942-ൽ കത്തീഡ്രലായി ഉപയോഗിച്ചിരുന്ന ഓലഷെ

www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം എക്യുമെനിക്കൽ സമീപനത്തിന് വിഘാതമായിരുന്നോ ?

ഫാ: ചെറിയാൻ രാമനാലിൽ

ചരിത്രം തിരുത്തിക്കുറിക്കപ്പെടുന്നതു് അതിന്റെ പിന്നിൽ പ്രവർത്തിച്ച വ്യക്തികളുടെ സുചിന്തിത തീരുമാനങ്ങളുടെ ഫലമായാണല്ലോ? 1936-ൽ അന്നത്തെ നിരണം ഭദ്രാസനാധിപനായിരുന്ന ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ എടുത്ത തീരുമാനം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും, സഭാംഗങ്ങൾക്കും, കുടുംബാംഗങ്ങൾക്കും, വേദനാജനകമായിരുന്നു. ചരിത്രപ്രസിദ്ധമായ പല പ്രധാനപള്ളികളുമുൾപ്പെടുന്ന നിരണം ഭദ്രാസനമുപേക്ഷിച്ച് അന്നു കേവലം ബാല്യദശയിലായിരുന്ന മലങ്കര കത്തോലിക്കാ സഭാംഗമാകുവാൻ തീരുമാനിച്ചതു്, ഇരുട്ടിലേക്കു് വലിയൊരു എടുത്തുചാട്ടമായിരുന്നു. അദ്ദേഹത്തെ ദൈവ പുരുഷനെപ്പോലെ കരുതിയിരുന്നവരെ വിട്ട്, അദ്ദേഹം 'ശൗലി'നെപ്പോലെ തീക്ഷ്ണമായി സേവിച്ച സഭയെ വിട്ട്, പുതിയൊരു പ്രസ്ഥാന

ഡ്ഡിൽ വച്ചാണ് ഈ മഹത് സംഭവം നടന്നതു്. ബഹു. കുര്യൻ കന്നങ്കേരിക്കളത്തിലച്ചൻ, സഖറിയാസ് ഐരാററിപ്പടവിലച്ചൻ, ചെറിയാൻ പവ്വത്തിക്കുന്നേലച്ചൻ, ജേക്കബ് വഴതലക്കാട്ടച്ചൻ എന്നിവരാണ് അന്നു് നവ വൈദികരായി തീർന്നതു്. ഞാൻ 14 വയസ്സുകാരനായാണ് ഈ ശുശ്രൂഷയിൽ പങ്കെടുത്തതു്. അന്നു് പട്ടംകൊടയിൽ സംബന്ധിക്കുവാൻ മല്ലപ്പള്ളിയിൽനിന്നു് സൈക്കിളിൽ വന്നതോടെ എന്റെ സൈക്കിൾ സവാരിയുടെ അരങ്ങേററവും നടന്നു.

1952 ഡിസംബർ 26-ാം തീയതിയാണ് അഭിവന്ദ്യ സേവേറിയോസ് തിരുമേനിയിൽനിന്നു് അവസാനമായി വേറെ നാലുപേർ വൈദികപട്ടം സ്വീകരിച്ചതു്. അതു് ബഹു. ആന്റണി കാരാട്ടച്ചനും, ബഹു. കുരുവിള പാറേക്കടവിലച്ചനും, ബഹു. അബ്രഹാം പള്ളിപുറത്തുശ്ശേരിലച്ചനും, ഞാനുമാണ്.

അഭിവന്ദ്യ തിരുമേനി കാലം ചെയ്ത 1955 ജനുവരി മാസത്തിന്റെ ഒന്നാം തീയതി ഞാൻ വികാരിയായിരുന്ന വെച്ചൂച്ചിറ പള്ളിയിൽ, കുരിശടി കൂദാശയും, പള്ളിപ്പെരുന്നാളും, പ്രസംഗയോഗവും പ്രമാണിച്ച് അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയോടൊപ്പം അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും അവിടെ ആഗതനായിരുന്നു. ഈ സമയങ്ങളിൽ അഭിവന്ദ്യ തിരുമേനി വളരെ ക്ഷീണിതനായി കാണപ്പെട്ടു. അവിടുത്തെ അവസാനത്തിനു കാരണമായ അസുഖങ്ങളുടെ ആരംഭമാണതെന്നു് ഞാൻ കരുതുന്നു. വരവേല്പ് ഘോഷയാത്രയ്ക്കുശേഷം നടന്ന സ്വീകരണ യോഗത്തിൽ അദ്ദേഹം പ്രസംഗം നടത്തിയപ്പോൾ തൊണ്ടയടച്ചിരുന്നു. അദ്ദേഹം പ്രസംഗം ആരംഭിച്ച് കഴിഞ്ഞയുടനെ ജനറേറ്റർ തകരാറ് മൂലം മൈക്ക് നിന്നുപോയി. പ്രസംഗം അടുത്തുനിന്നവർക്കുപോലും കേൾക്കാൻ പാടില്ലാതെ വന്നു. പ്രസംഗം ഉറക്കെ ഞാൻ ഏറ്റു പറയാമെന്നു് അറിയിച്ചു. ഇനിയും ജീവനുള്ള ഒരു മൈക്കിൽ കൂടിയാണ് ഞാൻ സംസാരിക്കുന്നതു് എന്നു് ഫലിതമായി പറഞ്ഞു് തിരുമേനി പ്രസംഗം തുടർന്നു. ഇതിനുശേഷം നടത്തിയ വി. കുർബ്ബാനയിലും, പ്രാർത്ഥനയിലും തൊണ്ടയടച്ച ശബ്ദമാണ് കേൾക്കുവാനിടയായതു്. അഭിവന്ദ്യ തിരുമേനിക്കു് അവസാനമായി ലഭിച്ച പൊതു സ്വീകരണവും, വരവേല്പുമായിരുന്നു വെച്ചൂച്ചിറയിലേതു്.

3-ാം തീയതി രാവിലെ അഭിവന്ദ്യ തിരുമേനി അവിടെ നിന്നും തിരിച്ചുപോയി. അതിന്റെ എല്ലാം മധുരസ്മരണകൾ ആ ദേശവാസികളിൽ മുററിനിൽക്കെ ആ മാസം 18-ാം തീയതി അഭിവന്ദ്യ തിരുമേനി അപ്രതീക്ഷിതമായി കാലം ചെയ്യുകയാണുണ്ടായതു്. വെച്ചൂച്ചിറയിൽനിന്നും പോയപ്പോൾ മറന്നുപോയ തിരുമേനിയുടെ മെതിയടികൾ വളരെ പൂജ്യമായി വെച്ചൂച്ചിറ പള്ളിക്കാർ സൂക്ഷിച്ചിട്ടുണ്ടു്. തിരുമേനിയുടെ പാവന സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

ത്തിലേക്കു കടന്നു വരുന്നതു് ആശങ്കയ്ക്കിട നൽകുന്ന നടപടിയായിരുന്നു.

“Lead kindly light” രചിച്ച ന്യൂമാനെപ്പോലെ സന്നിഗ്ദ്ധതയുടെ ദീർഘരാത്രങ്ങളും പിന്നിട്ട തിരുമേനി, ശാന്തതയുടെ തുറമുഖത്തെത്താൻ ഏറെ സമയമെടുത്തു. അതിനദ്ദേഹത്തെ പ്രേരിപ്പിച്ച ചിന്തകൾ പലതായിരുന്നു.

സഭകളുടെ പുനരേകീകരണത്തിന്റെ മഹാസുദിനത്തിനുവേണ്ടി കാത്തു നിൽക്കാതെ അഭിവന്ദ്യ തിരുമേനി സ്വന്ത നിലയിലെടുത്ത തീരുമാനം പലരും അസ്ഥാനത്തായി കരുതി, ഇന്നും അതു് അക്ഷന്തവ്യമായി കരുതുന്നവരേറെയുണ്ടു്. കഴിഞ്ഞ 64 വർഷങ്ങളായി നടന്നിട്ടുള്ള മനസ്സാക്ഷിക്കടുത്ത തീരുമാനങ്ങളെയെല്ലാം മററുദ്ദേശങ്ങളുടെ പേരിൽ എഴുതിത്തള്ളാനെ അധികം പേർക്കും സാധിച്ചിട്ടുള്ളു!

ശ്രേഷ്ഠമായ ആരാധനക്രമവും, ശ്ലൈഹിക കൈവയ്പും കൂദാശജീവിതത്തിനുള്ള വലിയ സാദ്ധ്യതകളും, കേരളത്തിൽ 300 ൽ ഏറെ വർഷത്തെ പാരമ്പര്യവും ശക്തമായ ശാക്തികചേരികളുടെ പിന്തുണയുമുള്ള ഒരു വലിയ സഭയിലെ അംഗമായിരുന്ന തിരുമേനിയെപ്പോലെ അനേകരും എന്തുകൊണ്ടു് വ്യക്തിപരമായി ഇതുപോലുള്ള തീരുമാനങ്ങളെടുത്തു എന്നുള്ളതു് ഒട്ടും മനസ്സിലാവാതെ, പണത്തിനൊ, പദവിയ്ക്കോ, വേണ്ടിയുള്ള നടപടിയായിട്ടോ, സ്വന്തം സഭയെ ഒററിക്കൊടുക്കലോ ആയി കരുതുന്നവരേറെയുണ്ടു്. തിരിഞ്ഞുനോക്കുമ്പോൾ, സംഘാതസംവാദത്തിനും വിശാലമായ സഭൈക്യശ്രമങ്ങൾക്കും കണ്ഠകോടാലിയായി ഇതിനെ കാണുന്നവരുമുണ്ടു്.

എന്നാൽ സഭകൾ, സ്വതന്ത്ര സഹോദരീസഭകൾ, സ്വയംശീർഷകത്വമുള്ള സഭകൾ, തുടങ്ങിയ ആശയങ്ങൾ, അന്നും, ഇന്നും, എന്നും, കാതോലികവും, ശ്ലൈഹികവും. ഏകവും, വിശുദ്ധവുമെന്ന നിഖ്യാദർശനങ്ങൾക്കപ്പുറമാണ്. എന്നാൽ സ്വയംശീർഷകത്വവും വേൾഡ്കൗൺസിൽ ഓഫ് ചർച്ചസിന്റെ കടക്കീഴിൽ വരുന്ന സഭൈക്യവും, ചരിത്രത്തിലെ സഭാനേതൃത്വത്തിന്റെ പാപങ്ങൾക്കു് ഒരു ചെറിയ പരിഹാരമെ ആകുന്നുള്ളു. യു. എന്നിന്റെ മോഡലിൽ സഭകളുടെ ഒരു പാർലമെന്റ് എന്നതിൽ കവിഞ്ഞു്, സഭയുടെ, കാതോലികവും, അപ്പസ്തോലികവുമായ സ്വഭാവത്തിനു് അവ ഒരു മുതൽക്കൂട്ടായിരുന്നിട്ടില്ല, ആകാൻ സാധിക്കുകയുമില്ലെന്നു് ആസന്നകാല സംഭവങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് സഭയുടെ ഐക്യം, സഹോദരി സഭകളുടെ കൂട്ടായ്മയിലോ, സഭകളുടെ ശാഖാവാദത്തിലൊ മാത്ര, ഗുരു, ആശയങ്ങളിലോ അല്ല ഉറച്ചുനിൽക്കുന്നതു്. ജനാധിപത്യപരമായി ഒരു സഭാഭരണഘടനയിൽ ഊററംകൊള്ളുന്നവരും തികച്ചും മാനുഷികമായ ഒരു ഭരണഘടനയെന്നതിനെ കരുതിയാൽ മതി, സഭയുടെ ഐക്യം വേറെവിടെയോ ആണെന്നു കരുതേണ്ടിയിരിക്കുന്നു. സ്വയംശീർഷകത്വത്തിൽ അടുത്തകാലത്തു കാലുറപ്പിച്ചു നിൽക്കുന്ന സഭയുടെ നിലപാടു സുരക്ഷിതമല്ല. കാരണം സ്വയം ശീർഷകത്വം ഉടലെടുത്തതു് മതപരമായ ദേശീയതയാലൊ, രാഷ്ട്രത്തിനൊപ്പം, ശക്തിനേടിയ ദേശീയസഭ എന്ന ആശയത്തിലൊ ആണു്. യൗനായ സഭയും റഷ്യൻസഭയും അതിനുദാഹരണങ്ങളാണു്, എന്നാൽ പ്രോട്ടസ്റ്റന്റ് സഭാദർശനത്തിനപ്പുറത്തു്, പാശ്ചാത്യ പൗരസ്ത്യസഭകളും പൗരസ്ത്യസഭകളും സഭയുടെ ദൃശ്യവും ഘടനാപരവുമായ ഐക്യവും, ശ്ലൈഹികതയും ഒരു മെത്രാനെ കേന്ദ്രീകരിച്ച കുർബ്ബാനയിലുള്ള ഐക്യവും അംഗീകരിക്കുന്നുണ്ടു്.

എന്നാൽ ഈ സഭകൾ ഇന്നു് മെത്രാനെ കേന്ദ്രീകരിച്ചുള്ള ഒരു സ്വയം ശീർഷകത്വം പ്രയോഗത്തിൽ അംഗീകരിക്കുകയല്ല, മെത്രാൻ കഴിഞ്ഞു് കാതോലിക്കായോ, പാത്രിയാക്കീസോവരെ പോകാൻ തയ്യാറുള്ള സ്വയം ശീർഷകത്വം. കാതോലിക്കാമാരെ കൂട്ടിയിണക്കുന്ന, പാത്രിയാക്കീസന്മാരെ കൂട്ടിയിണക്കുന്ന, വർണ്ണങ്ങളുടെയും, ഭാഷകളുടെയും, പരിധികളുടെയും അപ്പുറത്തെത്തുന്ന ഒരു ഐക്യത്തെപ്പററി പറയുമ്പോൾ വാക്കുകൾ ആവിയായി പോകുന്നു! നാവിലെ വെള്ളം വററിപോകുന്നു! ഇന്ത്യൻ ഓർത്തഡോക്സ് സഭയെപ്പററി പഠിപ്പിക്കുന്നവരും ദേശീയതയുടെ പുറംമതിലുകൾക്കപ്പുറത്തു് കാതോലികവും ശ്ലൈഹികവും ഏകവും പരിശുദ്ധവുമായ, വിശാല കൂട്ടായ്മ അംഗീകരിക്കാൻ അറച്ചു നിൽക്കുന്നു, മെത്രാൻ ഒരു പ്രദേശത്തെ സഭയെ കൂട്ടിയിണക്കുന്നപോലെ ''സ്നേഹത്തിൽ അധീശനായിരിക്കുന്ന'' ഹൂദായ കാനോനിൽ പറയുന്ന നാലു പാത്രിയർക്കേററുകളെ കൂട്ടിയിണക്കുന്ന (അന്നു് നാലെ ഉണ്ടായിരുന്നുള്ളു!) ഒരു സാർവ്വത്രിക പിതാവിനെ അംഗീകരിക്കുന്ന വിശാല കാഴ്ചപ്പാടു് ഡയലോഗുകളുടെ, കാലഘട്ടത്തിനു മുൻപൊ, ലോകാവസാനം വരെ നീണ്ടുപോകാൻ സാദ്ധ്യതയുള്ള ഡയലോഗുകൾ നടക്കുമ്പോഴേ, ആരെങ്കിലും സഭൈക്യം സ്വപ്നം

# ആടുകളെ അടുത്തറിയുന്ന അജപാലൻ

## എം. ഒ. വർഗീസ് മേളാംപറമ്പിൽ

ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി സ്മരണികയിൽ അനുസ്മരണ എഴുതുവാൻ ലഭിച്ച അവസരം ദൈവനിശ്ചയമായി ഞാൻ കരുതുകയാണ്. സ്നേഹവാത്സല്യങ്ങളുടെ ഇരിപ്പിടമായിരുന്ന വാളക്കുഴിയിൽ ജോസഫ് ശെമ്മാശന്റെ ശിഷ്യനാകുവാനും അദ്ദേഹത്തിന്റെ വാത്സല്യങ്ങൾ അനുഭവിച്ചറിയുവാനും ഇടയായത് തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽ ഫിഫ്ത്ഫോമിലെ ക്ലാസ്സ് അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ ക്ലാസ്സിലേക്ക് എനിക്ക് ക്ലാസ്സ്കയറ്റം കിട്ടിയപ്പോഴാണ്. അന്ന് എനിക്ക് പതിനഞ്ച് വയസ്സായിരുന്നു. സ്കൂളിലെ അദ്ധ്യാപകൻ എന്നതിലുപരിയായി ബോർഡിംഗിന്റെ ചുമതലകൂടി ഉണ്ടായിരുന്നതിനാൽ അന്ന് തിരുവല്ലായിൽ വ്യാപാരം നടത്തിയിരുന്ന എന്റെ പിതാവുമായി ബന്ധപ്പെടേണ്ട ആവശ്യങ്ങൾ ഉണ്ടാകുകയും ആ ബന്ധം ആത്മബന്ധമായി വളരുകയും ചെയ്തു. അവർ തമ്മിലുണ്ടായിരുന്ന സൗഹൃദം ശെമ്മാശനുമായി നേരിൽ ഇടപെടാനുള്ള സന്ദർഭങ്ങൾ എനിക്ക് ലഭ്യമാക്കി. എന്റെ മൂത്ത സഹോദരിയെ വാളക്കുഴി കുടുംബത്തിൽ വിവാഹം കഴിച്ചപ്പോൾ ഞങ്ങളുടെ ബന്ധം കുടുംബബന്ധമായിതീർന്നു.

ഒരു നല്ല ഫുട്ബോൾ കളിക്കാരൻകൂടിയായിരുന്ന ശെമ്മാശൻ എല്ലാവർക്കും പ്രിയംകരനായിരുന്നു. എപ്പോഴും പ്രസന്നവദനനായിരുന്ന ശെമ്മാശന് സൈക്കിൾ സവാരി ഒരു ഹരമായിരുന്നു. മല്ലപ്പള്ളിക്കും മറ്റും യാത്ര പോകുമ്പോൾ സൈക്കിളായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ട വാഹനം.

1929 ജനുവരി 8-ാം തീയതി അദ്ദേഹം വൈദികനായി. തുടർന്ന് 1933 മെയ് മാസം 25-ാം തീയതി മെത്രാനുമായി. അന്ന് അദ്ദേഹത്തിന് മുപ്പത്തി ഒൻപത് വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. യുവമെത്രാൻ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിതനായി.

പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭയിലേക്കു കടന്നുവരുന്നവർക്ക് വളരെയധികം ത്യാഗങ്ങളും, പീഡകളും, അവഹേളനങ്ങളും, സാമൂഹ്യ ബഹിഷ്കരണങ്ങൾ വരെ അനുഭവിക്കേണ്ടി വന്നിരുന്നെങ്കിലും ധാരാളം യാക്കോ

---

കാണുകയോ, അതു പ്രവൃത്തിയിൽ വരുത്തുകയോ ചെയ്താൽ ശുദ്ധമായ മനസ്സാക്ഷിയുടെ നടപടിയായെയോ, പരിശുദ്ധ മനസ്സിന്റെ തുടിപ്പുകളായെയോ അതിനെ കാണാൻ സാധിക്കാത്തവർ എല്ലാ സഭാ നേതൃത്വത്തിലുമുണ്ട്. മാർ സേവറിയോസ് തിരുമേനിയുടെ നടപടി ശുദ്ധമനസ്സാക്ഷിയുടെ, ആത്മരക്ഷയിൽ ആവേശം കൊണ്ട ഒരു പ്രവർത്തിയായി കണ്ട് അദ്ദേഹത്തെ അനുധാവനം ചെയ്തവർ ഏറെയാണ്. മാർ ഇവാനിയോസ് തിരുമേനിയും മാർ തെയോഫിലോസ് തിരുമേനിയും മാർ സേവേറിയോസ് തിരുമേനിയും, മാർ പീലക്സിനോസ് തിരുമേനിയും ചെയ്തത് 1-ാം മാർത്തോമ്മ 1657 ലും നാലാം മാർത്തോമ്മാ 1704 ലും, 5-ാം മാർത്തോമ്മാ 1728 നും 1765നും മിടയ്ക്കു നടത്തിയ ശ്രമങ്ങളെയും പരിസമാപ്തിയിലെത്തിക്കുകയായിരുന്നു, ആറാം മാർത്തോമ്മയായ വലിയ മാർ ദിവന്നാസിയോസ് 1799 ലും, 5-ാം ദിവന്ന്യാസിയോസ് മാർ കരിയാറ്റിലിന്റെ സഹായത്തോടുകൂടി എടുത്ത കാൽവയ്പുകളും ലക്ഷ്യങ്ങളിലെത്തിക്കുകയായിരുന്നു. മേൽപറഞ്ഞ വന്ദ്യപിതാക്കന്മാരാരുംതന്നെ, സ്വാർത്ഥമതികളോ, സഭയോടുകൂറില്ലാത്തവരോ അല്ലായിരുന്നു. നേരെ മറിച്ച് മാർത്തോമ്മായുടെ സുവിശേഷ ദൗത്യം ഫലമണിയിക്കുവാൻ ഏറെ വെമ്പൽ കൊണ്ടവരായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരു കുടുംബമാണെന്നും, ഈ കുടുംബം എന്നും ഒന്നായി കഴിയണമെന്നും ആഗ്രഹിച്ചവർ. മാർ സേവേറിയോസ് തിരുമേനിയുടെ കാൽവയ്പ് ഈ ലക്ഷ്യത്തിലേക്കായിരുന്നു. അദ്ദേഹത്തിന്റെ ആദർശസൂക്തം 'പിതാവെ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണമെ' എന്ന് കർത്താവ് ശിഷ്യന്മാർക്കുവേണ്ടിയും അവരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയും നടത്തിയ പ്രാർത്ഥനയായിരുന്നു (യോഹ. 17:20, 21, 22)

www.malankaralibrary.com

ബായക്കാർ കത്തോലിക്കാ സഭയിൽ ചേർന്നുകൊണ്ടിരുന്നു. പുനരൈക്യപ്പെട്ടന്നവർ അന്നു് അനുഭവിക്കേണ്ടി വന്ന യാതനകൾ ഇന്നത്തെ തലമുറക്കു് കെട്ടുകഥകളായി തോന്നിയേക്കാം.

തിരുവല്ലാ രൂപതയുടെ ബാല്യകാല അരിഷ്ടതകളും സാമ്പത്തിക ഞെരുക്കങ്ങളും വൈദിക ക്ഷാമവും പുനരൈക്യത്തിനു് തടസ്സമായിരുന്നില്ല. യാക്കോബായ സഭയിൽ നിന്നുള്ള ഒഴുക്കു് തടയുവാൻ ഊർജ്ജസ്വലനായ തിരുമേനി കൊടുങ്കാറ്റുപോലെ പുനരൈക്യപ്രസ്ഥാനത്തിനെതിരായി ആഞ്ഞടിക്കുവാൻ തുടങ്ങി. തന്റെ സവ്വ കഴിവുകളും സമയവും അതിനായി നീക്കി വച്ചു. നിരണംഭദ്രാസനത്തിലെ അത്മായ സംഘടനകളെ പുനർജ്ജീവിപ്പിച്ചു് ശക്തിപ്പെടുത്തി. പള്ളികൾതോറും പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. പ്രസംഗപാടവംകൊണ്ടു് ആരെയും തെറ്റിധരിപ്പിക്കുവാൻ പാടവമുള്ള സക്കറിയാസ് ശെമ്മാശനെകൊണ്ടു് പുനരൈക്യ പ്രസ്ഥാനത്തിനും കത്തോലിക്കാ സഭയ്ക്കുമെതിരായി പ്രസംഗിപ്പിച്ചു. കത്തോലിക്കാ സഭയ്ക്കെതിരായി പ്രസംഗിക്കുന്നതിനു് കത്തോലിക്കാ സഭയെക്കുറിച്ചു് കൂടുതൽ പഠിക്കുവാൻ അദ്ദേഹം ഒരുമ്പെട്ടു.

അഭിവന്ദ്യ തിരുമേനിയും എന്റെ പിതാവും അവരവരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടു് അവരവരുടെ സഭയ്ക്കുവേണ്ടി പ്രവർത്തിച്ചിരുന്നെങ്കിലും അവർ തമ്മിലുള്ള സ്നേഹബന്ധം ബലവത്തായിരുന്നു. ദൈവപരിപാലനമെന്നു പറയട്ടെ, തിരുമേനിയുടെ കത്തോലിക്കാ സഭാ പ്രവേശനത്തിനു അവരുടെ സ്നേഹബന്ധം ഒരു ഉപാധിയായി. അവർ തമ്മിലുള്ള സംഭാഷണവേളകളിൽ കത്തോലിക്കാ സഭൈക്യം പലപ്പോഴും എന്റെ പിതാവു് തിരുമേനിയുടെ ചിന്തയ്ക്കു് വിഷയീഭവിപ്പിച്ചിട്ടുണ്ടു്. പ്രസ്തുത സന്ദർഭങ്ങളിൽ പലപ്പോഴും എന്റെ പിതാവിനോടൊത്തു പ്രവർത്തിക്കുവാൻ എനിക്കു ലഭിച്ച അവസരങ്ങൾ വലിയ ദൈവാനുഗ്രഹമായി ഞാൻ കരുതുകയാണു്. നാല്പതുവർഷങ്ങൾക്കു മുൻപു് എന്റെ പിതാവെഴുതിയ ''പൂർവ്വസ്മരണകൾ'' എന്ന ഗ്രന്ഥത്തിലെ പ്രസക്തഭാഗം ഇവിടെ ചേർക്കുന്നു. ''മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു് എന്റെ എളിയ സേവനവും ഉണ്ടായിരുന്നു. ദൈവത്തിന്റെ മുൻകരുതൽ എന്നവണ്ണം എന്റെ സീമന്തപുത്രി മറിയാമ്മയെ തിരുമേനിയുടെ കുടുംബത്തിൽ കല്ല്യാണം കഴിച്ചു് അയച്ചിട്ടുണ്ടു്. എന്റെ മരുമകന്റെ പുരയിടത്തിനടുത്തു് വാളക്കുഴി കുടുംബം വക എലവുങ്കൽ പള്ളിയിൽ വച്ചു് തിരുമേനിയുമായി ഏതാനും മണിക്കൂറുകൾ സ്വതന്ത്രമായി ചിലവഴിക്കുവാൻ സമയം കിട്ടിയതു് ഒരു സൗകര്യമായിതീർന്നു. സേവേറിയോസ് തിരുമേനി ആർച്ചുബിഷപ്പ് തിരുമേനിയെ സന്ദർശിക്കാൻ പ്രൈവറ്റായി പോയ സന്ദർഭത്തിലും ഒടുവിൽ അദ്ദേഹം തന്റെ ഇടവകയോടു് അന്ത്യയാത്ര പറഞ്ഞു് തിരുവനന്തപുരം അരമനയിലേക്കു പോയപ്പോഴും ഞാൻകൂടെ ഉണ്ടായിരുന്നു''.

മാർ സേവേറിയോസ് തിരുമേനി തിരുവല്ലാ രൂപതയുടെ മെത്രാനായിരുന്നപ്പോൾ അദ്ദേഹവുമായി വളരെ അടുത്തു പ്രവർത്തിക്കുവാൻ എനിക്കു് ഭാഗ്യം ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തെ പോലെ നിഷ്ക്കളങ്കനും സ്നേഹനിധിയുമായ ഒരു പിതാവിനെ കണ്ടെത്തുക ദുഷ്കരമാണു്. യാതൊരുവിധ ആഡംബരങ്ങളുമില്ലാതെ വളരെ ലളിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി വിശ്രമമില്ലാതെ ഓടിയിരുന്ന അദ്ദേഹം രാത്രിയാമങ്ങളിൽ ആരുടെയും ശ്രദ്ധയിൽപെടാതെ മണിക്കൂറുകളോളം വിശുദ്ധ കുബ്ബാനയുടെ സന്നിധിയിൽ ചെലവഴിച്ചിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ദീർഘായുസ്സുള്ളവരാണെങ്കിലും വിശ്രമരഹിതമായ കഠിനാദ്ധ്വാനമായിരിക്കണം അദ്ദേഹത്തിന്റെ അകാല വേർപാടിനു കാരണം.

തിരുമേനിക്കു് എന്നോടുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങളായിരിക്കണം എന്റെ കനിഷ്ഠപുത്രിയെ അദ്ദേഹത്തിന്റെ അനന്തിരവനെക്കൊണ്ടു് വിവാഹം ചെയ്യിക്കുവാൻ ഇടയായതു്.

തിരുവല്ലാ രൂപതയ്ക്കു തിരുമേനി ചെയ്ത സേവനം അതുല്യമാണു്. അദ്ദേഹത്തിനു ലഭിച്ച ആർച്ചുബിഷപ്പ് സ്ഥാനം അതിനുള്ള അംഗീകാരമായി കരുതാം. തിരുവല്ലാ രൂപതയിലെ ഭൂരിപക്ഷം പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ നേട്ടങ്ങളാണു്. തിരുവല്ലായിൽ ഒരു വനിതാ കോളജ് എന്നതു് അദ്ദേഹത്തിന്റെ പൂവണിയാതെ പോയ ഒരു അഭിലാഷമാണു്. കന്ദംകുളം മേഖലയെക്കുറിച്ചും മലബാർ പ്രദേശങ്ങളെപ്പറ്റിയും ദീർഘവീക്ഷണപടുവായ അദ്ദേഹത്തിനു് പല സ്വപ്നങ്ങളും ഉണ്ടായിരുന്നു.

www.malankaralibrary.com

# പൗരോഹിത്യ കൂട്ടായ്മയും എക്യുമെനിക്കൽ ഐക്യവും

ഫാ. അലക്സ് പയ്യമ്പള്ളി

യേശുക്രിസ്തുവിന്റെ ഏക ജീവനിലും ഏക പൗരോഹിത്യത്തിലും പങ്കാളികളാകുന്നവർക്ക് ഏക ജീവന്റേതായ ആഴമുള്ള ഐക്യവും കൂട്ടായ്മയും ആവശ്യമാണ്. അതു ബലപ്പെടുന്നതുവഴി മാത്രമെ മാനവജാതിയുടെ പുനരൈക്യം സാധിക്കൂ. അതു തകർന്നതാണ് സഭയുടെ ശിഥിലീകരണത്തിനു കാരണം. എക്യുമെനിക്കൽ ഐക്യം ഉണ്ടാകണമെങ്കിൽ അതിന് ആദ്യമായി പൗരോഹിത്യ കൂട്ടായ്മ ബലപ്പെടണം. ആ ലക്ഷ്യത്തിനുവേണ്ടി മുന്നിട്ടു പ്രവർത്തിച്ച ധീര ജീവിതങ്ങൾ എന്നും ആദരണീയമത്രെ.

ക്രിസ്തീയ പുരോഹിതന്മാർ മാനവ ജാതിക്ക് ദൈവത്തോടും മനുഷ്യർ തമ്മിൽത്തമ്മിലുമുള്ള പുനരൈക്യത്തിന് അടിസ്ഥാനമാകേണ്ടവരാണ്. എന്നാൽ മനുഷ്യരെ പല സഭകളാക്കിയും ജാതികളാക്കിയും തരംതിരിക്കാനും ഭിന്നിപ്പിക്കുവാനുമുള്ള കാരണക്കാരായി ഈ പുരോഹിതന്മാർ വേഷമെടുത്തപ്പോൾ ക്രിസ്തു മുറിക്കപ്പെട്ടവനായിത്തന്നെ ലോകത്തിൽ കാണപ്പെട്ടു. ആദിമ സഭയിൽ പുരോഹിതന്മാരെ അടിസ്ഥാനമാക്കി വേർതിരിവിന്റെ ചിന്താഗതി ഉണ്ടായപ്പോൾ പൗലോസ് ശ്ലീഹായും അപ്പസ്തോലന്മാരും ആ പ്രവണതയെ ചെറുക്കുകയും വിമർശിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ പൗരോഹിത്യം വഴി മനുഷ്യർക്ക് ദൈവത്തോടും മനുഷ്യർക്ക് തമ്മിൽ തമ്മിലും ഐക്യം ഉണ്ടാകുവാൻ ദൈവം ആഗ്രഹിച്ചു. അതു സാക്ഷാൽക്കരിക്കാൻ ക്രിസ്തുവിന്റെ ദാസരായി പ്രവർത്തിക്കുകമാത്രമാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളികളാകുന്നവർക്കുള്ള ദൗത്യം എന്നും ശ്ലീഹാ വ്യക്തമായി പഠിപ്പിച്ചു. എന്നാൽ ഈ ക്രിസ്തീയ പുരോഹിതന്മാരിൽ ചിലർ തങ്ങളിൽത്തന്നെ അടിസ്ഥാനമിട്ടുകൊണ്ട് സഭകൾ പണിതുയർത്തിയപ്പോൾ പാപത്തിന്റെ മുഖമുദ്രയുള്ള ഭിന്നിത സഭകൾ സംജാതമായി. ഭിന്നിതമായ അസ്തിത്വമാണല്ലോ പാപം. എത്രയെത്ര വഴക്കുകളും വക്കാണങ്ങളും കൊലപാതകങ്ങൾ വരെയും ഈ പുരോഹിതന്മാരുടെ പാപത്തിന്റെ അനന്തരഫലമായി രൂപം കൊണ്ടു. പൗരോഹിത്യ കൂട്ടായ്മ ഓരോ പുരോഹിതന്റെയും അസ്തിത്വത്തിന് ആവശ്യമാണ് എന്നു മനസ്സിലാക്കുന്നവർ അതു സാധിച്ചു കിട്ടുന്നതിനായി എന്തു ത്യാഗവും സഹിക്കും. ആ വലിയ ത്യാഗം ചെയ്ത മഹാന്മാരുടെ അന്തർഗതത്തെ സ്വാധീനിച്ച ദൈവിക ദർശനം എന്താണ്? എനിക്കു വിചിന്തനം ചെയ്യുവാൻ സാധിച്ച ഏതാനും കാര്യങ്ങൾ സംക്ഷിപ്തമായി കുറിക്കട്ടെ.

### 1. മനുഷ്യ വർഗത്തിന്റെ ഐക്യം

മനുഷ്യരുടെ അന്തരാത്മാവിൽ ഏക ദൈവ പിതാവും ഏക പുത്രനും ഏക പരിശുദ്ധാത്മാവും ജീവിക്കുന്നതുവഴി ത്രിത്വത്തിലെ ഐക്യം തന്നെ മാനവ ജാതിയിൽ ഉണ്ടാകുവാൻ ദൈവം ആഗ്രഹിച്ചു. "പിതാവേ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകണമേ" എന്നു യേശുനാഥൻ പ്രാർത്ഥിച്ചതിൽ നിന്നു മനുഷ്യൻ ഒന്നായിത്തീരാൻ ദൈവം അനാദിയിലെ ആഗ്രഹിച്ചിരുന്നു എന്നു മനസ്സിലാക്കാം. ദൈവത്തിന്റെ ആഗ്രഹത്തിനു മാറ്റമുണ്ടാകുന്നില്ല.

### 2. തകർന്ന മനുഷ്യബന്ധം

ആദ്യപാപം മൂലം ആദിമാതാപിതാക്കന്മാർ അവരുടെ അന്തരംഗത്തു് ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തി. (കൂട്ടായ്മ

---

കബറടക്ക ശുശ്രൂഷയുടെ ഭാഗമായി നടത്തിയ നഗരി കാണിയ്ക്കലിന് തിരുവല്ലാ പൗരാവലി ജാതിമതഭേദമെന്യേ പ്രകടിപ്പിച്ച ബഹുമാനവും ആദരവും ദുഃഖവും അദ്ദേഹത്തോടു തിരുവല്ലാ പൗരാവലിക്കുണ്ടായിരുന്ന ആദരവിന്റെയും സ്നേഹത്തിന്റെയും മകുടോദാഹരണമായിരുന്നു. സ്നേഹനിധിയായ ആ പുണ്യചരിതനോട് നമുക്കു നീതിപുലർത്താം. നമ്മുടെ പ്രേഷിതജോലി അവിരാമം തുടരാം.

www.malankaralibrary.com

എന്നു പറഞ്ഞാൽ കൂട്ടം എന്നല്ല അർത്ഥം, പലർ ഏക ജീവനിൽ ഒന്നായി ജീവിക്കുന്ന സ്ഥിതി എന്നാണർത്ഥം) ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തിയപ്പോൾ മനുഷ്യർക്കു തമ്മിൽത്തമ്മിലുണ്ടായിരുന്ന കൂട്ടായ്മയും നഷ്ടമായി. ഏക ദൈവത്തിൽ ഒന്നായിരിക്കുന്ന സ്ഥിതി എന്ന ബന്ധം പോയപ്പോൾ 'ഞാൻ-നീ' ബന്ധം ഉടലെടുത്തു, മനുഷ്യരെ വീണ്ടും ദൈവത്തോടും തമ്മിൽത്തമ്മിലും സംയോജിപ്പിക്കുവാൻ ദൈവം പദ്ധതി ഒരുക്കി. മനുഷ്യർക്കായി ദൈവമനുഷ്യനായ—ഏക പുരോഹിതനായ ക്രിസ്തുവിനെ നൽകുക എന്ന പദ്ധതി ഒരുക്കി.

### 3 ശക്തിരഹിതമായ പഴയ നിയമ പൗരോഹിത്യം

പഴയനിയമത്തിലെ മൃഗബലി നടത്തുന്ന പൗരോഹിത്യത്തിന് ദൈവത്തോടുള്ള ഐക്യവും മനുഷ്യൈക്യവും നേടുവാൻ കഴിവില്ലായിരുന്നു. പാപങ്ങൾ ഇല്ലാതാക്കാൻ അവയ്ക്ക് കഴിവില്ലായിരുന്നു. പാപം മാററുവാൻ വീണ്ടും വീണ്ടും മൃഗബലി അർപ്പിച്ചതിൽനിന്ന്, ആ ബലിമൂലം പാപമോചനം സാധിച്ചില്ല എന്നു മനസ്സിലാക്കാമായിരുന്നു എന്ന് എബ്രായക്കെഴുതിയ ലേഖനത്തിൽ പറയുന്നു. മനുഷ്യകുലത്തെ ദൈവത്തോട് ഐക്യപ്പെടുത്തുന്നതിനും അതുവഴി മനുഷ്യവർഗ്ഗത്തിന്റെ ജീവൈക്യം നേടിക്കൊടുക്കുന്നതിനും പ്രാപ്തിയുള്ള ഒരു പുരോഹിതനെ ലോകം കാത്തു കാത്തിരുന്നു.

### 4 ക്രിസ്തുവിന്റെ പൗരോഹിത്യം

ലേവായ പുരോഹിത കുടുംബത്തിൽ ജനിച്ചവനല്ല ക്രിസ്തു. പഴയനിയമപ്രകാരമുള്ള പൗരോഹിത്യം ക്രിസ്തുവിനില്ല. എന്നാൽ ക്രിസ്തു മാത്രമാണ് ഏക നിത്യപുരോഹിതൻ, എങ്ങനെ? ദൈവം തന്നെയായ ദൈവവചനമാണ് ക്രിസ്തു. പുത്രനായ ദൈവപുത്രനാണ് യേശുക്രിസ്തു. ദൈവപുത്രൻ സ്വാംശീകരിച്ച ആ മനുഷ്യത്വത്തിലെ സകല ഖണ്ഡങ്ങളും സൃഷ്ടിക്കപ്പെട്ടവയാണ്. ആ മനുഷ്യത്വത്തിലൂടെ ദൈവപുത്രന് നമ്മളോടും നമുക്ക് ദൈവപുത്രനോടും സംസർഗ്ഗം ചെയ്യാൻ സാധിക്കുന്നു. ദൈവപുത്രനിലൂടെയും ദൈവപുത്രനോടുകൂടിയും നമുക്ക് ദൈവപിതാവിനോട് സംസർഗ്ഗം ചെയ്യാൻ സാധിക്കുന്നു. തന്നെയല്ല, ദൈവപുത്രനോടു സംയോജിക്കാൻ കഴിഞ്ഞാൽ അതുവഴി ദൈവപിതാവിനോടും ദൈവത്തിലെ എല്ലാ നന്മകളോടും സംയോജിക്കുവാൻ കഴിയും. ദൈവപിതാവിനോടു സംയോജിപ്പിക്കുന്ന ഏക പുരോഹിതൻ ക്രിസ്തുവാണ്. ക്രിസ്തു തന്റെ ജീവനും ആത്മാവും മനുഷ്യക്കായി നല്കുകയും മനുഷ്യവർഗ്ഗത്തെ തന്റെ ശരീരത്തോടും വ്യക്തിത്വത്തോടും സംയോജിപ്പിക്കുകയും ചെയ്ത പ്രവൃത്തിയാണ് ഗാഗുൽത്തായിലെ കുരിശുമരണ സമയത്തു നടത്തിയതെന്ന് കൊളോസ്യർ 1:22 ൽ ശ്ലീഹാ വ്യക്തമാക്കുന്നു. ആ പ്രവൃത്തി നടത്തിയവൻ എന്ന നിലയിൽ യേശു പുരോഹിതനാണ്. യേശു തന്നിൽക്കൂടി ഓരോ മനുഷ്യനെയും ദൈവപിതാവിനോടും സംയോജിപ്പിക്കുന്നു. പാപം മാററുന്നു. സ്വർഗ്ഗംതരുന്നു. അതിനാൽ യേശു പുരോഹിതനാണ്. അങ്ങനെ പാപികളായ മനുഷ്യരെ തന്നോടു സംയോജിപ്പിച്ചപ്പോൾ യേശുക്രിസ്തുവിന്റെ മനുഷ്യശരീരത്തിൽ ലോകപാപങ്ങളുടെ ശിക്ഷാവിധി സഹിക്കേണ്ടിവന്നു. അങ്ങനെ യേശുക്രിസ്തു ബലിവസ്തു കൂടിയാണ്. ഗാഗുൽത്തായിലെ ആ സ്നേഹയാഗത്തിലെ ബലിവസ്തുവും പുരോഹിതനുമായ യേശുക്രിസ്തുവല്ലാതെ രക്ഷയ്ക്കു മററു വഴിയോ രക്ഷാകരമായ മററു ബലിവസ്തുവോ രക്ഷിക്കുന്ന മററു പുരോഹിതനോ ഇല്ല.

### 5. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരൽ

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരാൻ എല്ലാ മനുഷ്യരെയും യേശു ക്ഷണിച്ചിരിക്കുന്നു. യേശുവിൽ ഒന്നായിത്തീരുന്നവർ അതിനാൽത്തന്നെ യേശുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും പങ്കാളികളായിത്തീരുന്നു. നിങ്ങൾ രാജകീയ പുരോഹിത ഗണമാണെന്ന് അറിയുന്നില്ലേ എന്ന് വി. പത്രോസ് ശ്ലീഹാ ആദിമ ക്രൈസ്തവരോടു ചോദിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവനിലേക്കും ശക്തിയിലേക്കും എല്ലാവരെയും സംയോജിപ്പിച്ച് യേശുവിലൂടെ പിതാവിലേക്ക സംയോജിപ്പിക്കുവാനുള്ള ജോലി ചെയ്യുമ്പോൾ ഓരോ ക്രൈസ്തവനും പൗരോഹിത്യ ശുശ്രൂഷ നടത്തുകയാണ്. സുവിശേഷ പ്രസംഗം വഴി താൻ പൗരോഹിത്യ ശുശ്രൂഷ നടത്തുകയാണ് വി. പൗലോസ് ശ്ലീഹാ റോമാ ലേഖനത്തിൽ പറയുന്നുണ്ടല്ലോ.

ഈ രാജകീയ പൗരോഹിത്യം കൂടാതെ, യേശുവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലും പങ്കുചേരാൻ ചിലരെ പ്രത്യേകമായി യേശു തെരഞ്ഞെടുത്തു. കുരിശിലെ യാഗം വിവിധ സ്ഥലങ്ങളിലും സമയങ്ങളിലും സാക്ഷാൽക്കരിച്ച് കുരിശിലെ ബ

www.malankaralibrary.com

ലിയും ഫലവും ആളുകൾക്ക് അനുഭവപ്പെടാനുള്ള ശുശ്രൂഷ നടത്താനുള്ള (കൂദാശകൾ) അധികാരവും കടമയും ചിലർക്ക് പ്രത്യേകമായി നൽകി. അവരെ യേശു ഒരു പ്രത്യേക അഭിഷേകം നൽകി തൻെറ വ്യക്തിത്വത്തോടു സംയോജിപ്പിച്ചു. അവരുടെമേൽ പ്രത്യേകമായി പരിശുദ്ധാത്മാഭിഷേകം നൽകിക്കൊണ്ടും, അതു വഴി തൻെറ വ്യക്തിത്വത്തോട് ആഴത്തിൽ സംയോജിപ്പിച്ചുകൊണ്ടുമാണ് തൻെറ പൗരോഹിത്യ ശുശ്രൂഷാധികാരം നൽകിയതു്. അവരുടെ വ്യക്തിത്വ കേന്ദ്രമായി യേശു വസിച്ചുകൊണ്ടു് തൻെറ ജോലി തുടരുവാൻ തീരുമാനിച്ചു. യേശുവിനോടു് വളരെ ആഴത്തിൽ ഒന്നായവരെന്ന നിലയിൽ അവർക്ക് പ്രത്യേക മഹത്വവും ചുമതലയും ഉണ്ടായിരുന്നു.

## 6. ശിഷ്യരുടെ ശിഥിലീകരണ പ്രവണത

തങ്ങളിൽ ആരാണ് വലിയവൻ എന്ന ചോദ്യവുമായി ചെന്ന ആ ശിഷ്യന്മാർ ആദ്യം മുതലെ ശിഥിലീകരണ പ്രവണത കാട്ടിയിരുന്നു. യേശുവിൻെറ ജീവനും ആത്മാവും സ്വീകരിച്ചു യേശു അവരുടെ വ്യക്തിത്വ കേന്ദ്രമായിത്തീരുവാൻ അവർ നിരന്തരം താഴ്ത്തി സമർപ്പിക്കേണ്ടിയിരുന്നു. പരിശുദ്ധാത്മാവ് നിറഞ്ഞു യേശു അവരുടെ വ്യക്തിത്വത്തിൻെറ കർത്താവായി മാറുന്നതുവരെ അവർ പ്രേഷിത വേലയ്ക്ക് ഇറങ്ങേണ്ടതില്ലെന്നു് യേശു അവരോടു പറഞ്ഞു. യേശു അവരുടെ ജീവിത കേന്ദ്രമല്ലാതിരിക്കുകയാണെങ്കിൽ അവരുടെ ക്രൈസ്തവ പൗരോഹിത്യം പ്രകാശമില്ലാത്തതായിത്തീരും. ക്രിസ്തു നൽകിയ അധികാരങ്ങൾ ക്രിസ്തുവിൽ വസിക്കയില്ലാത്തതിനാൽ അവരുടെ കൂദാശാ പരികർമ്മങ്ങൾ വഴി ജനങ്ങൾക്ക് ക്രിസ്തുവിനോടു് ഐക്യപ്പെടുന്നതിന്റെ അനുഗ്രഹം ലഭിക്കുമെങ്കിലും അവരുടെ ശുശ്രൂഷകൾ ശക്തി കുറഞ്ഞതും പ്രകാശമില്ലാത്തതുമായ പ്രവൃത്തികളായിരിക്കും. ക്രിസ്തുവിൽ കേന്ദ്രീകൃതരായ വ്യക്തികൾ തമ്മിൽത്തമ്മിൽ കൂടുതൽ കൂടുതൽ ഐക്യപ്പെടുന്നു. സ്വയ കേന്ദ്രീകൃതരായ വ്യക്തികൾക്ക് ആന്തരീകമായ ഐക്യമില്ല. മനഃശാസ്ത്രപരമായ 'ഞാൻ—നീ' ബന്ധം മാത്രമെ ഉള്ളു. ക്രിസ്തു കേന്ദ്രീകൃതരായിത്തീരാത്ത പുരോഹിതർ സ്വയകേന്ദ്രീകൃതരാവുകയും ശിഥിലീകരണ പ്രവണതയുള്ളവരാവുകയും ചെയ്യും. സ്വയ കേന്ദ്രീകൃതരായ പുരോഹിതർക്കു് ദൈവത്തോടുള്ള പുനരൈക്യവും മനുഷ്യർക്ക് തമ്മിൽ തമ്മിലുള്ള പുനരൈക്യവും സമ്പാദിക്കുവാൻ സാധിക്കുകയില്ല.

## 7 ശിഥിലീകൃതമായ പൗരോഹിത്യത്തിന് ഏക സഭയെ മെനഞ്ഞെടുക്കാൻ സാദ്ധ്യമല്ല.

രാജകീയ പുരോഹിതവർഗ്ഗമായ ഏക സഭയെ മെനഞ്ഞെടുക്കുക എന്ന ജോലിയിൽ സ്വയ കേന്ദ്രീകൃതരായി ശിഥിലീകരിക്കപ്പെട്ടു കഴിയുന്ന പുരോഹിതരെപ്പോലെ തടസ്സം നില്ക്കുന്നവരാരുമില്ല. സ്ഥലവും കാലവും അനുസരിച്ചു് പലയിടത്തു പലരായി കഴിയുന്ന മനുഷ്യരെ സ്ഥലകാലത്തിനുപരിയായ (transcendent) ഐക്യം വഴി സംയോജിപ്പിക്കുന്ന ക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷ വിവിധ സ്ഥലകാലങ്ങളിൽ സാക്ഷാല്ക്കരിക്കാനുള്ള ചുമതല നിർവ്വഹിക്കുന്ന പുരോഹിതന്മാർ യേശുവിലുള്ള ആന്തരിക കൂട്ടായ്മയും പരസ്പരമുള്ള കൂട്ടായ്മയും പാലിക്കുവാൻ ഏററം കടപ്പെട്ടവരാണ്. ക്രിസ്തുവിൻെറ പൗരോഹിത്യം പുനരൈക്യത്തിനും കൂട്ടായ്മക്കുമുള്ളതാണെങ്കിൽ, അതില്ലാത്തിടത്തു് വികൃതമായ പൗരോഹിത്യമാണ് പ്രദർശിപ്പിക്കുന്നതു്. മനശാസ്ത്രപരമായ ഐക്യത്താലോ ജാതിയുടെ ഐക്യത്താലോ സാമൂഹ്യമായ ഐക്യത്താലോ സഭയുടെ കൂട്ടായ്മ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയില്ല. ക്രൈസ്തവ പുരോഹിതരുടെ ആന്തരികമായ കൂട്ടായ്മ വഴി മാത്രമെ അതു നേടിയെടുക്കാൻ സാധിക്കു.

ശിഥിലീകരണത്തിനുള്ള വക്താക്കളായി പുരോഹിതന്മാർ വേഷം കെട്ടുന്നതു് കാണാറുണ്ടു്. നമ്മുടെ സഭ, നമ്മുടെ പ്രസ്ഥാനം എന്നെല്ലാം പറഞ്ഞു ആളുകളെ പല തട്ടുകളിലാക്കാൻ ശ്രമിക്കുന്ന പുരോഹിതന്മാർ ക്രൈസ്തവധർമ്മമല്ല നിർവ്വഹിക്കുന്നതു്. ജനതകളുടെയും ലോകത്തിന്റെയും തലമുറകളുടെയും ഐക്യത്തിനുള്ള കണ്ണികളായി വർത്തിക്കേണ്ടവരാണ് പുരോഹിതന്മാർ. ചരിത്രത്തിലൂടെ ജീവിച്ചുപോകുന്ന ക്രിസ്തുവിനെത്തന്നെയാണ് പുരോഹിതന്മാരിലൂടെ കാണേണ്ടതു്. യേശുക്രിസ്തു ഇന്നലെയും ഇന്നും നാളെയും എന്നും മാററമില്ലാത്തവൻ ആണല്ലോ. യേശു കേന്ദ്രീകൃതരാകാതെ സ്വയകേന്ദ്രീകൃതരായിത്തീരുന്നതാണ് ഈ പുരോഹിതന്മാർ ശിഥിലീകരണ വക്താക്കളാകുവാൻ കാരണമായതു്.

## 8. തെററായ പ്രബോധനങ്ങൾ

സ്വയ കേന്ദ്രീകൃതരായ പുരോഹിതന്മാർ അവരിൽ കേന്ദ്രീകൃതമായ ഒരു ലോകത്തെയും സമൂഹത്തെയും കെട്ടിപ്പടുക്കുവാൻ എന്തെല്ലാം പണികൾ നടത്തുന്നു. വിഭാഗീയ ചിന്താഗതി വളർത്താനുള്ള ഉപദേശങ്ങൾ പരത്തുന്നു. ഭക്ത്യാഭ്യാസങ്ങളുടെ പേരിൽപ്പോലും വിഭാഗീയ ചിന്താഗതി വളർത്താൻ ശ്രമിക്കുന്നു. ആചാരത്തിൻെറയും പാരമ്പര്യാനുഷ്ഠാനത്തിന്റെയും പേരിൽ ചേരിത്തിരിവുണ്ടാക്കാൻ നോക്കുന്നു. ഐക്യത്തിൻെറ കൂദാശയാകേണ്ട സഭയുടെ പേരു പറഞ്ഞു അനൈക്യം വളർത്തുന്നു. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നു പറയുന്നതിൻെറ മറെറാരു പതിപ്പായി, ''നിൽക്കുന്നിടത്തു നിന്നു നന്നായാൽ മതി'' എന്ന ചിന്ത വളർത്തുന്നു. നിൽക്കുന്നിടത്തു നില്ക്കാനല്ല, യേശുവിൽ

www.malankaralibrary.com

ഐക്യപ്പെട്ട് വളരുവാനായി നില്ക്കുന്നിടത്തുനിന്നു മാറുവാൻ യേശു ആവശ്യപ്പെട്ടാൽ മാറുവാൻ തയ്യാറാകണമെന്നു ജനങ്ങളെ പഠിപ്പിക്കുവാൻ ഉള്ള കഴിവ് ഇവർക്കു് ഇല്ലാതെ വരുന്നു. യേശുവിലുള്ള പരമമയ ഐക്യത്തിനു ചൂണ്ടുപലകയാകേണ്ടവർ തങ്ങളിൽ കേന്ദ്രീകൃതമായ ഒരു സമൂഹത്തിന്റെ രാജാക്കന്മാരായി വ്യർത്ഥമായി അഭിമാനിക്കുന്നു.

ഐക്യത്തിനുള്ള കൃപ ഓരോ വ്യക്തിക്കും ദൈവം നൽകിക്കൊണ്ടിരിക്കുന്നു. കൃപയോടു മനുഷ്യൻ സഹകരിച്ചു പ്രവർത്തിക്കണം. ഈ കൃപയുടെ നീർച്ചാലുകളാകാൻ ദൈവം നിയോഗിച്ചവർ ഐക്യത്തിനു പകരം ശിഥിലീകരണത്തിന്റെ വക്താക്കളായാൽ അവർ യേശുവിന്റെ രക്ഷയെ തടയുന്നവരായിത്തീരുന്നു.

സഭാ ചരിത്രം പരിശോധിക്കുക. ആളുകളുടെ കുറ്റം കൊണ്ടല്ല, പുരോഹിത ശ്രേഷ്ഠന്മാരുടെ പാപം കൊണ്ടാണ് സഭയിൽ ഭിന്നിപ്പും പൊട്ടലും ഉണ്ടായതു്. സഭയിൽ സമ്പൂർണ്ണമായ ഐക്യത്തിനുള്ള എക്യുമെനിക്കൽ പരിശ്രമം നടന്നു വരുന്നുണ്ടു്. സമ്പൂർണ്ണമായ ഐക്യത്തിനുള്ള ആഗ്രഹം ഓരോ ക്രൈസ്തവനും ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ ഓരോ പുരോഹിതനും വളരെയധികമായ ആഗ്രഹം ഉണ്ടാകണം. എക്യുമെനിക്കൽ പരിശ്രമങ്ങൾ വിജയിക്കാതെ പോകുന്നതിന്റെ കാരണമെന്തു്. പൗരോഹിത്യ കൂട്ടായ്മ ആന്തരികമായി ഉണ്ടാകാതെ എക്യുമെനിക്കൽ ഐക്യം ഉണ്ടാകയില്ല, യേശുവിന്റെ ഏകജീവനും ഏകആത്മാവും വഴി പുരോഹിതന്മാർ ഒന്നായിത്തീരണം. അപ്പോൾമാത്രമെ എക്യുമെനിസത്തിനുശക്തിയുണ്ടാകു. പുരോഹിതന്മാരുടെ ആത്മാവിൽ ഏകജീവന്റെ കൂട്ടായ്മയുണ്ടാകുമ്പോൾ അവർ ക്രിസ്തുവിനോടു് ഏററം ഒന്നായിത്തീർന്നു പ്രവർത്തിച്ചു പ്രകാശിക്കുന്നവരായിത്തീരും. അതു് സകല നാരകീയ ശക്തികളെയും ജയിക്കുന്ന ശക്തിയായിത്തീരും.

## 9 സംഘർഷനിമിഷം

സാർവ്വത്രിക പൗരോഹിത്യ കൂട്ടായ്മയിലേക്കു പ്രവേശിക്കുവാനായി സ്വയം താഴ്ത്തുവാൻ മനസ്സാകുന്ന ഓരോ പുരോഹിതന്റെ ഉള്ളിലും സംഘർഷമുണ്ടാകും. പരിശുദ്ധാത്മ പ്രവർത്തനം വിജയിച്ചാൽ സ്വയം താഴ്ത്തി സാർവ്വത്രിക കൂട്ടായ്മയിലേക്കു പ്രവേശിക്കും. ആദ്യശിഷ്യന്മാരിൽ പരിശുദ്ധാത്മാവു പ്രവർത്തിച്ചപ്പോൾ അവർ കർത്താവിന്റെ ദാസരായിത്തീർന്നു, ഏക ദൈവിക ജീവന്റെ കൂട്ടായ്മ പ്രകടമാക്കുന്നവിധം സഭയുടെ ഐക്യം വിളങ്ങുന്നവരും വളർത്തുന്നവരും ആയിത്തീർന്നു. ഭിന്നിതസഭയിൽ മഹാ പുരോഹിതനായിരിക്കുന്നതിനെക്കാൾ നല്ലതു്. സർവ്വത്രിക പൗരോഹിത്യകൂട്ടായ്മയിൽ ചേരുന്നതാണെന്നു് ബോദ്ധ്യപ്പെടുന്നവർ അതിനുവേണ്ടി സ്വയം താഴ്ത്തുന്നതിലുള്ള ത്യാഗം സഹിക്കാൻ തയ്യാറാകും. മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിൽ ഈ ആന്തരിക സംഘർഷം ജയിച്ചതിനെപ്പററി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വർണ്ണിക്കുന്നുണ്ടു്. താൻ സാർവ്വത്രിക കൂട്ടായ്മയിൽ ചേരുന്നതു വഴി യേശുവിന്റെ ഒരു മുറിവു് ഉണങ്ങിക്കിട്ടുമെങ്കിൽ, അതിനു വേണ്ടി തന്റെ മാംസപേശികൾ മുഴുവൻ അറുത്തുമുറിച്ച് ആ മുറിവിൽ വെയ്ക്കാൻപോലും തയ്യാറാണെന്നുള്ള തീരുമാനത്തോടുകൂടിയാണു് അദ്ദേഹം പ്രാർത്ഥന വഴി ആ സംഘർഷത്തെ ജയിച്ചതു്. മാർ സേവേറിയോസ് തിരുമേനിയുടെ ജീവിതത്തിലും ഈ സംഘർഷനിമിഷത്തെ ജയിക്കാനുണ്ടായിരുന്നു. വീരോചിതമായി ആ രംഗം ജയിച്ചതുവഴിയാണു് ആ വ്യക്തിത്വം മഹത്വമണിഞ്ഞതു്. ഇതിനുള്ള കൃപ ദൈവം നല്കുമ്പോൾ ഓരോരുത്തരും കൃപയോടു സഹകരിച്ചു ജയം നേടണം.

## 10 ഇന്നത്തെ സഭാന്തരീക്ഷം

എക്യുമെനിക്കൽ ചിന്താതരംഗം വളരെയേറെ ഫലം നൽകിയ ഒരു നൂററാണ്ടാണ് ഇതു്. പൗരോഹിത്യ കൂട്ടായ്മയിലേക്കു പുരോഹിതരെ നിർബ്ബന്ധമായി നയിക്കുവാൻ തക്കവണ്ണം എക്യുമെനിക്കൽ ചിന്താധാരയുടെ സമ്മർദ്ദം വർദ്ധിച്ചിട്ടുണ്ടു്. പക്ഷേ സമ്പൂർണ്ണമായ കൂട്ടായ്മയിലേക്കു് വരാൻ മടിച്ചുകൊണ്ടു് സ്വയംശീർഷകത്വം വിളംബരം ചെയ്യാനാണ് പലർക്കും താല്പര്യം. സാർവ്വത്രികപൗരോഹിത്യ കൂട്ടായ്മയിലേക്കു് ബാഹ്യമായി കടന്നുവന്നവരിൽ ചിലർക്കുപോലും സ്വയശീർഷകത്വചിന്തയാണ് മുന്നിട്ടുനിൽക്കുന്നതു്. സഭയിലുള്ള ഐക്യം നിത്യ സ്വർഗ്ഗത്തിലെ (ത്രിത്വത്തിൽ ഉറച്ചേരുന്നവരുടെ) ഐക്യമായി രൂപാന്തരപ്പെടാനുള്ളതാണു്. അതിനുവേണ്ടി ദാസരായി ശുശ്രൂഷ നടത്താനുള്ള ബോദ്ധ്യം എല്ലാവർക്കും ഉണ്ടായിരുന്നെങ്കിൽ! യേശുമാത്രമാണു് നിത്യ പുരോഹിതനെന്നും, യേശുവിന്റെ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വം കൃപയാൽ യേശു നൽകിയതു മാത്രമാണ്എന്റെ യോഗ്യതയെന്നും, ഞാൻ എന്നിൽത്തന്നെ പാപികളിൽ ഒന്നാമനാണെന്നും വി. പൗലോസിനെപ്പോലെ ഓരോ പുരോഹിതനും ചിന്തിച്ചിരുന്നെങ്കിൽ എത്ര നല്ലതു്. എല്ലാത്തിനും ദൈവത്തെ സ്തുതിച്ചുകൊണ്ടു് വിനീത ദാസരായി പ്രവർത്തിച്ചിരുന്നെങ്കിൽ എത്ര നല്ലതു്. താഴ്മയുടെ ആഴത്തിൽ മാത്രമെ പൗരോഹിത്യ കൂട്ടായ്മ ഉദയം ചെയ്യൂ. പൗരോഹിത്യ കൂട്ടായ്മയുടെ അനന്തര ഫലമായി മാത്രമെ എക്യുമെനിക്കൽ ഐക്യം സഭയിൽ പ്രകാശിക്കു. അങ്ങനെ മാത്രമെ ദൈവം ആഗ്രഹിക്കുന്ന നിലയിലുള്ള സ്വർഗ്ഗീയ ഐക്യം സഭയിൽ പ്രകാശിക്കുകയുള്ളു. അങ്ങനെയുള്ള ഒരു സഭ മാത്രമെ ലോകത്തിൽ ഐക്യത്തിന്റെയും സ്വർഗ്ഗീയതയുടെയും കൂദാശയായി നന്നായി പ്രകാശിക്കുകയുള്ളു.

www.malankaralibrary.com

# ക്ഷമാപണപൂർവ്വം

# മാർ സേവേറിയോസിന്

— ജ്ഞാനദാസ്



ഇക്കാര്യത്തിൽ
അങ്ങേയ്ക്ക് അസംതൃപ്തി ഉണ്ടെന്ന്
ഞങ്ങൾക്കറിയാം
വന്ദ്യ പിതാവേ ! മാപ്പ് !

മദ്യവും മയക്കുമരുന്നും പോലെ
   സപ്തതിയും
   ശതാബ്ദിയും
ഞങ്ങളുടെ ശീലമായി
മാറിയിരിക്കുന്നു.

വന്ദ്യ പിതാവേ,
ഇപ്പോൾ അങ്ങു സമ്മതിക്കുക !
ഇപ്പോഴത്തേക്കു മാത്രം

അടുത്ത ശതാബ്ദി
ആഘോഷിക്കാനുള്ള കുഞ്ഞുങ്ങൾ
ഏതോ അമ്മമാരുടെ
ഗർഭാശയം തേടിപുറപ്പെട്ടിട്ടുണ്ട്

[ഏതോ ഒരു വൈദ്യൻ
'ശിശുസംഹാരി' ലേഹ്യവും
കണ്ടു പിടിച്ചെന്നു കേട്ടു!]

അന്നത്തേക്ക്
അന്നത്തേക്കെങ്കിലും
ശീലങ്ങളിൽ നിന്ന് മനുഷ്യന്
മുക്തി കിട്ടുമോ?

ഒരുവേള,
സപ്തതിയേക്കാൾ
ശതാബ്ദിയേക്കാൾ
ശക്തനായ ഒരുവൻ
അന്നത്തേക്ക്
ജനിച്ചെന്നും വരാം

www.malankaralibrary.com

# പുനരൈക്യത്തിനു മുമ്പ് മാർ സേവേറിയോസ് തിരുമേനി പരിശുദ്ധ മാർപാപ്പാ തിരുമേനിക്ക് അയച്ച കത്തിന്റെ കോപ്പി

സമ്പാ: എം. എം. റെജി

തിരുവിതാംകൂർ
3-10-1937

പരിശുദ്ധ പിതാവേ,

അവിടുത്തെ പരിശുദ്ധ സിംഹാസനത്തിൻ മുമ്പാകെ എനിക്കുള്ള ബഹുമാനാദരവുകൾ ഏററം വിനയപൂർവ്വം ആദ്യമായി ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു. മലങ്കരയിലുള്ള നിരണം അതിരൂപതയുടെ ഭരണം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഞാൻ യാക്കോബായ സഭയിലെ ഒരു മെത്രാപ്പോലീത്തായാണ്. സ്നേഹനാഥനായ കർത്താവിന്റെ അനുഗ്രഹത്താൽ അപ്പസ്തോലന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ പരിശുദ്ധ പിതാവിനോടുള്ള അനുസരണത്തിലും ഐക്യത്തിലും ജീവിക്കേണ്ടത് ദൈവത്തിന്റെ തിരുവിഷ്ടമാണെന്ന് എനിക്ക് ഇപ്പോൾ പരിപൂർണ്ണ ബോദ്ധ്യം വന്നിരിക്കുന്നു. തൻനിമിത്തം പരിശുദ്ധ പിതാവ് എന്നെ കരുണാപൂർവ്വം സ്വീകരിക്കണമെന്ന് എത്രയും വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിനയാന്വിതമായ ഈ അപേക്ഷ എന്റെ പ്രിയ ഗുരുഭൂതനും, ഇപ്പോൾ തിരുവനന്തപുരം മെത്രാപ്പോലീത്തായുമായിരിക്കുന്ന മാർ ഈവാനിയോസ് തിരുമേനി മുഖാന്തിരം പരിശുദ്ധ പിതാവിന് അയച്ചുകൊള്ളുന്നു. പരിശുദ്ധ പിതാവിനോടുള്ള അനുസരണം മുഖാന്തിരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ആയുഷ്പര്യന്തം ശുശ്രൂഷിച്ചുകൊള്ളാമെന്ന് പരിശുദ്ധപിതാവിന്റെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ട് ഞാനിതാ ഉറപ്പു നല്കികൊള്ളുന്നു.

പരിശുദ്ധ പിതാവിന്റെ ആശീർവാദം അഭ്യർത്ഥിച്ചുകൊണ്ട് ക്രിസ്തുവിൽ അവിടുത്തെ വിനീതനും അനുസരണയുള്ളവനുമായ മകൻ.

(ഒപ്പ്)
മാർ സേവേറിയോസ് മെത്രാപ്പോലീത്താ

www.malankaralibrary.com

# ഒരു ഓർമ്മ

ഫാ. അബ്രഹാം പനക്കാമിററം
M. A., B. T., M R E.
നിരണം

വാളക്കുഴിയിൽ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മ ശതാബ്ദി കൊണ്ടാടുന്ന ഈ അവസരത്തിൽ അദ്ദേഹത്തെക്കുറിച്ച് എന്റെ വന്ദ്യ പിതാവ് പനയ്ക്കാമിററത്തു തോമസ് കശ്ശീശായിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ളതും, എന്റെ കുട്ടിക്കാലത്തു ഞാൻ നേരിൽ കണ്ടിട്ടുള്ളതുമായ ചില കാര്യങ്ങൾ കുറിച്ചുകൊള്ളട്ടെ.

എന്നെ നിരണം വലിയ പള്ളിയിൽവച്ച് ജ്ഞാനസ്നാനപ്പെടുത്തിയത് അഭിവന്ദ്യ തിരുമേനിയാണ്. അന്ന് അദ്ദേഹം നിരണം ഭദ്രാസന മെത്രാപ്പോലീത്തായാണ്. എന്റെ പിതാവും, തിരുമേനിയും, പുത്തൻകാവിൽ കൊച്ചുതിരുമേനിയും (അഭിവന്ദ്യ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ) കൽക്കട്ടായിൽ ഏതാണ്ട് ഒരേ സമയത്താണ് ഉന്നത വിദ്യഭ്യാസം നടത്തിയത്. കൂടാതെ വാളക്കുഴി കുടുംബവുമായി ഞങ്ങൾക്കുള്ള ബന്ധവും മൂലം എന്റെ പിതാവും തിരുമേനിയുമായി കൂടുതൽ അടുത്തിരുന്നു. തിരുമേനി വളരെ നിഷ്ഠയോടും, അടുക്കും ചിട്ടയോടും കൂടി ഭദ്രാസന ഭരണം നടത്തിയിരുന്നു. ഇതിനു തെളിവായിട്ടുള്ള ചില കല്പനകൾ ഇപ്പോഴും എന്റെ കൈവശം ഉണ്ട്. എന്റെ പിതാവിനെ ഭദ്രാസന സെക്രട്ടറിയായി തിരുമേനി നിയമിച്ചിരുന്നു. അപ്രകാരം അദ്ദേഹവും തിരുമേനിയെ ഭരണ കാര്യങ്ങളിൽ സഹായിച്ചിരുന്നതായും കാണുന്നു.

സേവേറിയോസ് തിരുമേനിയുടെ ഭരണ പ്രാപ്തിയും, നയവും ആ കാലത്ത് തിരുമേനിക്ക് നല്ല പേർ ഉണ്ടാക്കികൊടുത്തിരുന്നു. എന്റെ പിതാമഹൻ പനയ്ക്കാമിററത്തു അബ്രഹാംകശീശ്ശാ പ്രായാധിക്യം മൂലം രോഗക്കിടക്കയിലായപ്പോൾ, നിരണം വലിയ പള്ളിയുടെ വികാരി എന്ന നിലയിൽ കൈവശം സൂക്ഷിച്ചിരുന്ന താക്കോലുകൾ തിരുമേനിയെ ഏൽപ്പിച്ചതായും, അതിനു തിരുമേനി രസീതു കൊടുത്തതായും കാണിക്കുന്ന ഒരു കല്പന എന്റെ പക്കൽ ഇപ്പോഴും ഉണ്ട്. അതിന്റെകോപ്പി ഇതോടൊപ്പം വയ്ക്കുവാൻ എനിക്കു സന്തോഷമുണ്ട്. നിവർത്തിയുള്ളടത്തോളം ആരേയും പിണക്കാതെ തിരുമേനി കാര്യങ്ങൾ നടത്തുമായിരുന്നുവെന്നാണ് എന്റെ പിതാവ് പറഞ്ഞ് ഞാൻ അറിഞ്ഞിരിക്കുന്നത്. കൂടാതെ എല്ലാവരോടും സ്നേഹവും കരുണയും. ദയയും തിരുമേനിയുടെ വിശിഷ്ട സ്വഭാവവും ആയിരുന്നു.

www.malankaralibrary.com

തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽ തിരുമേനി അദ്ധ്യാപകനും ബോർഡിംങ്ങ് മാസ്ററും ആയിരുന്ന കാലത്തെക്കുറിച്ചും ചിലതൊക്കെ ഞാൻ കേട്ടിട്ടുണ്ട്. അന്ന് തിരുമേനി ജോസഫ് ശെമ്മാശനായിരുന്നു. കുട്ടികളുടെ മാനസീകവും കായീകവുമായുള്ള കഴിവുകളെ തിരുമേനി പ്രോത്സാഹിപ്പിച്ചിരുന്നുവെന്നുള്ളതിലുപരി സ്വഭാവ രൂപീകരണത്തിന് വേണ്ട ഉപദേശങ്ങളും നൽകിയിരുന്നു. ശെമ്മാശൻ തന്നെ ഒരു നല്ല ഫുട്ട്ബോൾ കളിക്കാരനുമായിരുവെന്നും, നാലുമണി കഴിഞ്ഞാൽ കുട്ടികളോടൊപ്പം പന്ത് കളിക്കുമായിരുന്നുവെന്നും അദ്ദേഹം പഠിപ്പിച്ച പലരിൽനിന്നും മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

എന്റെ കുട്ടിക്കാലത്ത് എന്റെ പിതാമഹൻ അബ്രഹാം കശീശ്ശാ രോഗ കിടക്കയിലായിരുന്നപ്പോൾ, തിരുമേനി അദ്ദേഹത്തെ കാണാൻ പതിവായി ഞങ്ങളുടെ കുടുംബത്ത് വരാറുണ്ടായിരുന്നു. ഡോറിന്റെ രണ്ടു വശത്തും, സ്ലീബായും, മുടിയും, വടിയും ചിഹ്നമുള്ള ഷവർലെ കാർ പടിക്കൽ വരുമ്പോൾ ഞങ്ങൾ കുട്ടികൾ ഓടിയെത്തും; തിളങ്ങുന്ന ചുവന്ന കുപ്പായം ഇട്ട തിരുമേനി ചിരിച്ചുകൊണ്ട് ഇറങ്ങി വരുന്നതും, ഞങ്ങൾ കൈമുത്തിക്കഴിയുമ്പോൾ ഞങ്ങളെ താലോലിക്കുന്നതും മററും മറക്കാൻ സാധിക്കുന്നില്ല.

ഞാൻ എസ്. എസ്. എൽ.സി. പാസ്സായെന്നറിഞ്ഞപ്പോൾ, എന്നെ കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് എന്റെ വന്ദ്യ പിതാവ് എന്നെ തിരുമനസ്സിലെ അടുത്തു കൊണ്ടുപോയി. ഇപ്പോഴത്തെ മേരിഗിരി അരമനയുടെ മുകളിലത്തെ നിലയിലാണ് അന്ന് അദ്ദേഹം താമസിച്ചിരുന്നത്. എന്റെ പിതാവും, തിരുമേനിയുമായുള്ള ആ സ്നേഹബന്ധം നേരിൽ ഞാൻ മനസ്സിലാക്കിയത് അന്നാണ്. അന്ന് തിരുമേനിയുടെ അസിസ്ററൻറായി വാഴിച്ചിരുന്ന അത്താനാസിയോസ് തിരുമേനിയോട് എന്നെക്കുറിച്ച് തിരുമേനി ഇപ്രകാരം പറഞ്ഞു. ''ഞാൻ ആണ് ഇവനെ മാമ്മോദീസാ മുക്കിയത്. ദൈവം അനുഗ്രഹിക്കട്ടെ''. ഇപ്പോഴും തിരുവല്ല കത്തീഡ്രൽ പള്ളിയ്ക്കു മുമ്പിൽ കൂടി ഞാൻ കടന്നു പോകുമ്പോൾ തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന ആ പള്ളിയെനോക്കി ഒന്നു കുരിശു വരയ്ക്കാറുണ്ട്.

ഞാൻ ഇൻറർമീഡിയററിന് പഠിക്കുമ്പോളാണ് തിരുമേനി കാലം ചെയ്യുന്നത്. തിരുമേനിയുടെ കബറടക്ക ശുശ്രൂഷ വേളയിൽ നഗരി കാണിക്കലിനായി തിരുവല്ലാ പട്ടണം ചുററി, തിരുമേനിയെ വഹിച്ചു കൊണ്ടുള്ള രഥം നീങ്ങുമ്പോൾ, ഞാനും മുമ്പിൽ നടക്കുന്നുണ്ടായിരുന്നു. തിരുമേനിയുടെ ആത്മാവ് ഇമ്പങ്ങളുടെ പറുദീസായിൽ ആശ്വസിക്കുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ooo

## നല്ല ഇടയൻ

''...വിശ്രമമില്ലാതെ പണിയെടുത്ത ഒരു കഠിനാദ്ധ്വാനി ആയിരുന്നു അദ്ദേഹം (മാർ സേവേറിയോസ്). ...ദിനന്തോറും കൃത്യമായി 4. 45ന് ഉണർന്ന് ധ്യാനം, നമസ്ക്കാരം, വി. കുർബാന, ഉപകാര സ്മരണ തുടങ്ങിയ സുകൃതകൃത്യങ്ങൾക്കായി 7.30 വരെയുള്ള സമയം ഉത്സാഹത്തോടെ വിനിയോഗിച്ചിരുന്നു.... പകൽ സമയം മുഴുവനും, രാത്രിയുടെ നല്ലൊരു ഭാഗവും യാത്രചെയ്തും, പല ചടങ്ങുകൾ ഓരോ ദിവസവും അങ്ങു നിർവ്വഹിച്ചിട്ടുണ്ട്.... ശത്രുക്കളെ കീഴടക്കുവാൻ കഴിയുന്ന പെരുമാററ മധുരിമയും, സൌമ്യശീലവും, സഹന സമ്പത്തും, ആ മഹാത്മാവ് കൈയ്യടക്കിയിരുന്നു... വൈദികരുടെ വാർഷിക ധ്യാനവേളകളിൽ അഭിവന്ദ്യ തിരുമേനി അവരോടൊന്നിച്ച് ധ്യാനിക്കുകയും അവരെ അപ്പസ്തോലിക ചൈതന്യ നിരതരാക്കുവാൻ ഉതകുന്ന ഉപദേശങ്ങൾ നൽകുകയും ചെയ്യുക പതിവായിരുന്നു. ആ നല്ല ഇടയന്റെ ഇടയ ലേഖനങ്ങളിൽ വിശുദ്ധീകരണ വിഷയം വൈദികരുടേയും അത്മായരുടേയും സജീവ ശ്രദ്ധയ്ക്കു ഇടതടവില്ലാതെ വിഷയീഭവിച്ചു കൊണ്ടിരുന്നു ...''

(മോൺസിഞ്ഞോർ ജോൺ കച്ചിറമററം - സ്മരണകൾ പുറം 43_47)

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പൗലോസ് അപ്പസ്തോലപിതാവായ ആർച്ചുബിഷപ്പ് – ബിഷപ്പ് വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

— വി. ജോർജ്ജ് ഇരുമേട, ചെങ്ങരൂർ —

**മല്ലപ്പള്ളി** ബി. എ. ക്കാരുടെ നാട് എന്ന് പണ്ടുമുതൽ പറഞ്ഞുവന്നിരുന്നതുപോലെ, മണിമലയാറിന്റെ തീരങ്ങൾ ഡസൻകണക്കിന് മെത്രാന്മാരുടെ ജന്മഭൂമിയാണെന്നുള്ളത് ദൈവത്തിന്റെ പ്രത്യേക പരിപാലനതന്നെ. മണിമലയാറ്റിൽ നീന്തിക്കുളിച്ച ബാലശിരോമണികൾ, കേരള ക്രൈസ്തവസഭകളിലെല്ലാം സഭാമേലദ്ധ്യക്ഷന്മാരായി വന്നിട്ടുണ്ട് എന്നത് രസകരമായ ഒരു യാഥാർത്ഥ്യമാണ്.

കാലംചെയ്ത വട്ടശേരി തിരുമേനിയും, വാളക്കുഴി തിരുമേനിയും, മാരേട്ടു തിരുമേനിയും, പോളച്ചിറയ്ക്കൽ തിരുമേനിയും, മൂത്തേടത്തു തിരുമേനിയും മണിമലയാറിന്റെ തീരത്തുള്ള കുടുംബങ്ങളിൽ ജനിച്ചു വളർന്നെങ്കിൽ, അവരുടെ പിൻതലമുറക്കാരായി, ആ പുണ്യനദിയോടുതന്നെ ബന്ധപ്പെട്ടവരാണ്, പടിയറ തിരുമേനിയും, തങ്ങളത്തിൽ തിരുമേനിയും, തുരുത്തിക്കോണം തിരുമേനിയും, ചിറമേൽ തിരുമേനിയും, പൂതിക്കോട്ടു തിരുമേനിമാരും, മോടയിൽ തിരുമേനിയും, കലമണ്ണിൽ തിരുമേനിയും, പനമ്മൂട്ടിൽ തിരുമേനിയും, പള്ളിക്കൽ തെക്കുംതല തിരുമേനിയും, കണിയാന്ത്ര തിരുമേനിയും, മുളമൂട്ടിൽ തിരുമേനിയും, കാരിക്കുഴി തിരുമേനിയും. ഈ ധന്യദേശത്തുനിന്നും എല്ലാ സഭകളിലേക്കും മണിമുത്തുകൾ നൽകി അലങ്കരിച്ച ദൈവത്തെ നമുക്കു പ്രത്യേകം സ്തുതിക്കാം. ക്രൈസ്തവസഭകളിലെ, സുവിശേഷവേലക്കാരായ വൈദികരും പാസ്റ്റർന്മാരും, സന്യാസിനീസന്യാസികളും, അൽമായ പ്രമുഖരുമായ നിരവധി ദൈവജനശുശ്രൂഷകരോടൊപ്പം ഹൈന്ദവരുടെയും, മഹമ്മദീയരുടെയും സന്യാസികളും മൗലവിമാരും, മതപണ്ഡിതരും ഈ നാടിന്റെ അഭിമാന ഭാജനങ്ങളായി പ്രശോഭിക്കുന്നുണ്ട് എന്നത് ചാരിതാർത്ഥ്യ ജനകമാണ്.

1994 ജന്മശതവാർഷികമായി കൊണ്ടാടുന്ന മല്ലപ്പള്ളി വാളക്കുഴി കൊച്ചുതിരുമേനി, ക്രൈസ്തവസഭയിലെ അത്യുന്നത പദവിയിൽതന്നെ എത്തിച്ചേർന്ന ആർച്ചുബിഷപ്പ് - ബിഷപ്പ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആയിതീർന്നത് ദൈവത്തിന്റെ മഹാപരിപാലനയുടെ ഉത്തമ ഉദാഹരണം ആണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു വൈദികനായി, സെറാംപൂരിൽ ഉപരിപഠനം നടത്തി, തിരുവല്ലാ എം.ജി.എം. ഹൈസ്ക്കൂളിലെ അദ്ധ്യാപക വൃത്തി സ്വീകരിച്ച വാളക്കുഴി ജോസഫച്ചനെ, നിരണം ഇടവകയുടെ മെത്രാപ്പോലീത്താ ആയി വാഴിച്ച്, സഭാഭരണം നടത്തുന്ന കാലഘട്ടം, സഭാചരിത്രത്തിലെ നിർണ്ണായക വർഷങ്ങൾ ആയിരുന്നു

സമുദായക്കേസും, ആഭ്യന്തരകലഹങ്ങളുംകൊണ്ട് നട്ടംതിരിഞ്ഞുകൊണ്ടിരുന്ന മലങ്കര സുറിയാനി സമുദായത്തിന്, ശാശ്വതസമാധാനവും പുരോഗതിയും ഉണ്ടാകുന്നതിന്, ബഥനി പ്രസ്ഥാനവും, സന്യാസസമൂഹങ്ങളും സ്ഥാപിച്ചുകൊണ്ടും മാവേലിക്കര പണിക്കരുവീട്ടിൽ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സഭാനേതൃത്വം നൽകി. അനുകൂലവും പ്രതികൂലവുമായ കോടതിവിധികളും തുടർന്നുള്ള കോടതി കയററങ്ങളും കേസു നടത്തിപ്പും ഒഴിവാക്കി സ്ഥിരസമാധാനം

www.malankaralibrary.com

കൈവരിക്കുന്നതിന്, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുക മാത്രമാണെന്ന് മനസിലാക്കി മാർ ഈവാനിയോസ് തിരുമേനി സഭാപരിവർത്തനം ചെയ്തപ്പോൾ, ഓർത്തഡോക്സ് സഭയുടെ നിരണം ഇടവക മെത്രാപ്പോലീത്താ ആയിരുന്ന വാളക്കുഴി മാർ സേവേറിയോസ് തിരുമേനി, പുനരൈക്യപ്രസ്ഥാനത്തിന് എതിരായി സർവ്വകഴിവുകളും ഉപയോഗിച്ച്, സഭാംഗങ്ങളുടെ ഒഴുക്കിന് തടസം ഇട്ടു എന്നത് ചരിത്രവസ്തുതയാണ്. മാർ ഈവാനിയോസ് തിരുമേനി തന്റെ ഗുരു ആയിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനെതിരായി പ്രവർത്തിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നതിന് മാർ സേവേറിയോസ് മെത്രാപ്പോലീത്താ സന്നദ്ധനായി.

'റോമ്മാസഭയ്ക്കും' 'റീത്തുപ്രസ്ഥാനത്തിനും' എതിരായി മതപ്രസംഗ പരമ്പരതന്നെ നടത്തി കത്തോലിക്കാസഭയെയും, സഭാവിശ്വാസത്തെയും പരസ്യമായി ആക്ഷേപിച്ചുകൊണ്ട് നാടുനീളെ സഞ്ചരിച്ചിരുന്ന വടക്കൻ ശെമ്മാശൻ എന്ന് അറിയപ്പെട്ട, ആരക്കുന്നം കെ. റ്റി. സഖറിയാ ശെമ്മാശനെ വരുത്തി, നിരണം ഭദ്രാസനത്തിലെ പല പള്ളികളിലും, തിരുമേനി പ്രസംഗിപ്പിക്കുക ഉണ്ടായി.

നിരണം ഭദ്രാസനത്തിന്റെ കിഴക്കൻ മേഖലയിലെ പ്രധാന ഇടവകയാണ് ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി. സുറിയാനി പണ്ഡിതനും പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനുമായ ബഹു. മുണ്ടപ്ളാക്കൽ യാക്കോബ് കശ്ശീശാ വികാരിയായിരുന്നു. കല്ലൂപ്പാറ കടമാൻകുളം കേന്ദ്രമായി, പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച്, ചെങ്ങരൂരിലേക്ക് വ്യാപിച്ചു തുടങ്ങിയ കാലഘട്ടം. വടക്കൻ ശെമ്മാശനെ ചെങ്ങരൂരും വരുത്തി പ്രസംഗയോഗം സംഘടിപ്പിച്ചു. 'റോമ്മാസഭയേ, നിനക്കു രക്ഷയില്ല, നിന്റെ സഭ സഭയല്ല, നിനക്കു സുല്ല്' എന്നിങ്ങനെ തുടങ്ങുന്ന വെല്ലുവിളികളോടും ആക്ഷേപങ്ങളോടുംകൂടി, ഗംഭീരപ്രസംഗം ചെയ്ത ശെമ്മാശൻ, വിശുദ്ധ പത്രോസിനെ സംബന്ധിച്ച്, 'ശ്ലീഹന്മാരുടെ തലവൻ' എന്നത്, റോമ്മാക്കാരുടെ കണ്ടുപിടുത്തം ആണ് എന്ന് ഒരു ദിവസം പ്രസംഗിച്ചു. ഇതുകേട്ട മുണ്ടപ്ളാക്കൽ അച്ചൻ എഴുന്നേറ്റ്, 'ശെമ്മാശാ, പ്രസംഗം നിറുത്തിയാട്ടെ, ഇത്തരം തെറ്റുകൾ ഇനിയും ആവർത്തിക്കരുത്' എന്നുപറഞ്ഞ് പ്രസംഗയോഗം നിറുത്തിവച്ചുകൊണ്ട് അച്ചൻ ഒരു പ്രതിസന്ധി തന്നെ സൃഷ്ടിച്ചു. രോഷാകുലരായ ഇടവകജനങ്ങൾ, രണ്ടു ചേരിയിലായി. അച്ചന്റെ അനുകൂലികൾ ഒരു ഭാഗത്തും മറ്റുള്ളവർ മറുഭാഗത്തുംനിന്ന് വാഗ്വാദം നടത്തിയപ്പോൾ 'ഇടവക മെത്രാപ്പോലീത്താ വന്ന് നടത്തിക്കൊള്ളട്ടെ, എന്റെ മനഃസാക്ഷി ഇതു നടത്തുവാൻ സമ്മതിക്കുന്നില്ല' എന്നുപറഞ്ഞുകൊണ്ട് അച്ചൻ പള്ളി പൂട്ടി വീട്ടിൽപോയി രാത്രിയിൽതന്നെ തൽപ്പരകക്ഷികൾ, പരുമല പള്ളിയിൽ ചെന്ന് മാർ സേവേറിയോസ് മെത്രാച്ചനെ കണ്ട്, പിറ്റേദിവസം അദ്ദേഹത്തെ കൊണ്ടുവന്നു. തിരുമേനി വന്നപ്പോൾ മുണ്ടപ്ളാക്കലച്ചൻ വന്ന് താക്കോൽ ഏൽപ്പിച്ചു. തിരുമനസിലെ സാന്നിദ്ധ്യത്തിൽ പ്രസംഗയോഗം തുടരുകയും പുനരൈക്യപ്രസ്ഥാനത്തിന് എതിരായി ശക്തമായ പ്രചരണങ്ങൾ നടത്തുന്നതിന് അനുവദിക്കുകയും ചെയ്തു.

എന്നാൽ ദൈവപരിപാലന എത്ര അത്ഭുതകരമായി പ്രവർത്തിച്ചു. ഈ ഇടവക മെത്രാപ്പോലീത്താതന്നെ രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ, സഭയിലെ സർവസ്ഥാനമാനങ്ങളും ഉപേക്ഷിച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ സവിധത്തിൽ എത്തി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു.

പരുമല സെമിനാരിയിൽനിന്നും, താൻ ധരിച്ചിരുന്ന കുപ്പായം ഒഴിച്ച്, സ്വന്തമായുള്ള സകല സാധനസാമഗ്രികളും സെമിനാരി മാനേജർ അച്ചനെ ഏൽപ്പിച്ച്, പുനരൈക്യതാരങ്ങളിൽ ഒരാളായ മേളാമ്പറമ്പിൽ ഉമ്മച്ചന്റെ കാറിൽ, അഭിവന്ദ്യ സേവേറിയോസ് തിരുമേനി തിരുവനന്തപുരത്തേക്ക് പോകുകയാണ് ചെയ്തത്. അവിടെ തന്റെ ഗുരുനാഥന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയിലെ ഒരു വൈദിക മേലദ്ധ്യക്ഷനായി സ്വീകരിക്കപ്പെട്ടു.

തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ആലസ്യവിധേയനായ മാർ തിയോഫിലോസ് തിരുമേനിയുടെ സ്ഥാനത്ത് ഭരണം നടത്തിയിരുന്ന മോൺ. വാച്ചാപറമ്പിൽ അച്ചനിൽനിന്നും സേവേറിയോസ് തിരുമേനി ഭരണഭാരം ഏറ്റെടുത്തു.

www.malankaralibrary.com

## രൂപതാ ഭരണത്തിലെ വൈഷമ്യങ്ങളും നേട്ടങ്ങളും

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ അസുഖം കാരണം ക്ഷീണിതയായ രൂപതയെ ബഹു. വാച്ചാപറമ്പിലച്ചന്റെ നേതൃത്വത്തിൽ, കുറെ പരിപോഷിപ്പിച്ചെങ്കിൽ തന്നെയും വളരെ ഏറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പ്രാരംഭദശയിൽ അനുഭവപ്പെട്ടിരുന്നു.

ഓർത്തഡോക്സ് സഭയിലെ പ്രബലന്മാരായ പല അല്മായ നേതാക്കന്മാരും അന്ന് തിരുവല്ലായിൽ ഉണ്ടായിരുന്നു. മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നു എന്ന് അറിഞ്ഞപ്പോൾ മുതൽ, തിരുമേനിയെ വ്യക്തിപരമായി ആക്ഷേപിക്കുന്നതിനും, ഉപദ്രവിക്കുന്നതിനുപോലും തയ്യാറുള്ള വ്യക്തികൾ അവസരം നോക്കി പാർത്തിരുന്നു. എന്നാൽ തിരുമേനിയാകട്ടെ പ്രാർത്ഥനയോടും ദൈവാശ്രയത്തോടുംകൂടി അവരുടെ നടുവിൽകൂടി യാത്ര ചെയ്യുകയും, അവരെയെല്ലാം തന്നെ സ്നേഹത്തോടും, പുഞ്ചിരിയോടും കൂടി നേരിടുകയും ചെയ്തത് അത്ഭുതാവഹമായിരുന്നു. തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ തന്റെ ശിഷ്യരായിരുന്ന പലരുംതന്നെ മറുപക്ഷത്തുണ്ടായിരുന്നു എന്നത് തിരുമനസിലേക്ക് ആശ്വാസം നൽകി.

ഒരു ദിവസം, ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽ പെരുനാൾ നടക്കുമ്പോൾ മാർ സേവേറിയോസ് തിരുമേനി, സ്വദേശമായ മല്ലപ്പള്ളിയിലേക്ക് കാറിൽ വരുന്നു എന്ന് അറിഞ്ഞ ഇടവക ജനങ്ങൾ റോഡിൽ നിരന്ന്, തടസം ഉണ്ടാക്കുന്നതിന് ശ്രമിച്ചു. അന്നും, ചെങ്ങരൂർ പള്ളി വികാരിയായിരുന്ന ബഹു. മുണ്ടപ്പാക്കൽ അച്ചൻ, റോഡിൽ ഇറങ്ങിനിന്ന് തിരുമേനിയുടെ കാർ നിറുത്തിച്ച് കൈമുത്തിയപ്പോൾ റോഡിലുണ്ടായിരുന്ന സർവ്വരും മാറിക്കൊടുക്കുന്ന രംഗം ഞാൻ ഇപ്പോഴും ഓർക്കുന്നു. ബഹു. മുണ്ടപ്ളാക്കൽ അച്ചൻ തന്നെ, ഏതാനും വർഷങ്ങൾക്കുള്ളിൽ അഭിവന്ദ്യ തിരുമേനിയുടെ സവിധത്തിൽ എത്തി പുനരൈക്യ വാഗ്ദാനം ചെയ്ത് കത്തോലിക്കാ സഭയിൽ ചേർന്ന് ചരിത്രം സൃഷ്ടിച്ചു എന്നത് ദൈവപരിപാലനയുടെ മറെറാരു മകുടോദാഹരണമായിരുന്നു.

അന്ന്, തിരുവല്ലാ രൂപതയ്ക്കു ആളുംഅർത്ഥവും ഇല്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ മഹാകരുണ അവിടെയും പ്രവർത്തിച്ചു. കത്തോലിക്കാ സഭയിലെ മലബാർ സുറിയാനി റീത്തിൽപെട്ട അനേകം ചെറുപ്പക്കാർ വിദേശമിഷ്യനുവേണ്ടി പ്രവർത്തിക്കുന്നതിനു സന്നദ്ധമായി, ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും പോയ്ക്കൊണ്ടിരുന്നു. അങ്ങിനെ സന്നദ്ധരായ യുവാക്കൾക്കുവേണ്ടി ബഹു. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് അച്ചൻ, തിരുവല്ലാ ശാന്തിനിലയത്തിൽ ഒരു അപ്പസ്റേറാലിക്ക് സ്ക്കൂൾ ആരംഭിച്ചു. ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ കാളാശേരി തിരുമേനി, തിരുവല്ലായെയും, തിരുവനന്തപുരത്തെയും പ്രാദേശിക മിഷ്യൻ രംഗങ്ങൾ ആയി പ്രഖ്യാപിച്ചുകൊണ്ട്, താല്പര്യമുള്ള ചെറുപ്പക്കാരെ വിട്ടുകൊടുത്തു എന്നത് ഒരു മഹാഭാഗ്യമായി.

മോൺ. മാത്യു നെടുങ്ങാട്ട്, മോൺ. ജോൺ കച്ചിറമററം, മോൺ. തോമസ് വടശ്ശേരി, നേര്യംപറമ്പിൽ തോമസച്ചൻ, ഇരട്ടമാക്കിൽ ഫിലിപ്പച്ചൻ, വടക്കേതലക്കൽ സഖറിയാ അച്ചൻ, വലിയപറമ്പിൽ ജേക്കബ് അച്ചൻ, ആറായ്ക്കപടവിൽ അലക്സാണ്ടർ അച്ചൻ, പാട്ടാശേരിലച്ചൻ, പാററാനിയച്ചൻ, വഴുതലയ്ക്കാട്ടച്ചൻ, പടിഞ്ഞാറേക്കരയച്ചൻ, പെരുമ്പള്ളിൽ അച്ചൻ, വടക്കേക്കരയച്ചൻ, തുടങ്ങിയ പ്രഗത്ഭ വൈദികരും ത്യാഗമൂർത്തികളായ നിരവധി ബഥനി സന്യാസിമാരും, തിരുവല്ലാ രൂപതയെ ജീവന്റെ ജീവനായി കരുതി വളർത്തിയെടുക്കുന്നതിന് തയ്യാറായി വന്നു എന്നത് മാർ സേവേറിയോസ് തിരുമേനിയുടെ ദൈവാശ്രയത്തിനും പ്രാർത്ഥനകൾക്കും ലഭിച്ച സമ്മാനമാണ്. പ്രാർത്ഥനകൊണ്ടു മാത്രമേ നമ്മുടെ പുനരൈക്യമിഷ്യൻ വളരുകയുള്ളു എന്ന് ഉറപ്പായി വിശ്വസിച്ചിരുന്ന അഭിവന്ദ്യ തിരുമേനി റോം സന്ദർശിച്ച അവസരത്തിൽ പ്രത്യേകം താല്പര്യമെടുത്ത് അനുവാദം വാങ്ങിയാണ്, തിരുവല്ലായിലെ "മിണ്ടാമഠം" എന്ന സർവ്വസമയ പ്രാർത്ഥനാ സന്യാസിനീഭവനം സ്ഥാപിച്ചത് എന്ന വസ്തുത, അധികം ആളുകൾ അറിഞ്ഞിരിക്കുകയില്ല.

ഇപ്പോൾ കത്തീഡ്രൽ ഇരിക്കുന്ന സ്ഥലം, ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി അകത്തോലിക്കാ മിഷ്യൻ ഡയ

www.malankaralibrary.com

റക്ടർ ബഹു. തോട്ടശ്ശേരിലച്ചന്റെ താൽപര്യമനുസരിച്ച് കയ്യാലത്ത് പോത്തൻ വക്കീൽ വാങ്ങിയതാണ്. അവിടെ റോഡരികിൽ ഉള്ള സെന്റ് ജോർജ് കുരിശടി, അഭിവന്ദ്യ കാളാശ്ശേരി തിരുമേനി വെഞ്ചരിച്ച് സ്ഥാപിച്ചതുമാണ്. തിരുവല്ലാ രൂപതയ്ക്ക് ആദ്യം ലഭിച്ച ഈ സ്ഥലത്ത് ഒരു ഓല ഷെഡ് വച്ചാണ് കത്തീഡ്രൽ ആരംഭിച്ചതും, ബഹു. ഗീവറുഗീസ് ഒ. ഐ. സി. അച്ചന്റെ നേതൃത്വത്തിൽ മിഷ്യൻ പ്രവർത്തനം തുടങ്ങിയതും. ബഹു. അച്ചന്റെ നേതൃത്വത്തിൽ അനേകം പ്രഗത്ഭമതികൾ ഓർത്തഡോക്സ് സഭയിൽ നിന്നും, മാർത്തോമ്മാ സഭയിൽ നിന്നു പോലും പുനരൈക്യപ്പെട്ട് ഇടവകക്കാർ ആയി തീർന്നതോടൊപ്പം, സമൂഹത്തിൽ അവഗണിയ്ക്കപ്പെട്ടുകിടന്ന ഹരിജനങ്ങളെ ധാരാളമായി ക്രൈസ്തവ വിശ്വാസത്തിലേക്ക് കൊണ്ടുവരുവാൻ സാധിച്ചു എന്നതും ഒരു ചരിത്രവസ്തുതയാണ്.

ബഹു. ജോൺ ഒ. ഐ സി. അച്ചനും ബഥനി ആശ്രമത്തിലെ ബഹു. വൈദികശ്രേഷ്ഠരും തിരുവല്ലാ രൂപതയ്ക്കു വേണ്ടി ചെയ്ത സേവനങ്ങൾ ഒരു കാലത്തും മറക്കാവതല്ല. മാർ സേവേറിയോസ് തിരുമേനിയുടെ വ്യക്തിപരമായ കഴിവുകളും ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസവും കൊണ്ടാണ് യാക്കോബായ സഭയിലെ പ്രഗത്ഭരും പ്രശസ്തരുമായ പല വൈദികശ്രേഷ്ഠരും അവരുടെ കുടുംബങ്ങളും കത്തോലിക്കാസഭയിൽ ചേർന്നത്. ക്നാനായ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ദീയസ്കോറോസ് തിരുമേനി, വന്ദ്യ ദിവ്യ ശ്രീ. പുലിക്കോട്ടിൽ റമ്പാച്ചൻ, ബ. കലേക്കാട്ടിലച്ചൻ, ബ. ചിററക്കാട്ടച്ചൻ, ബ. മൂലമണ്ണിലച്ചൻ, ബ. മാരേട്ടച്ചൻ, ബ. മുണ്ടപ്ളാക്കൽ അച്ചൻ, ബ. ചുണ്ടേവാലേലച്ചൻ, ബ. തൈക്കാട്ടച്ചൻ, നിരണത്ത് ബ. ബി. ഡി. അച്ചൻ, ബ. ശോമ്പ്രയച്ചൻ, ബ സി.റി. കുര്യാക്കോസച്ചൻ, ബ. പവ്വത്തികുന്നേൽ അച്ചൻ തുടങ്ങിയ വൈദിക ശ്രേഷ്ഠരെയും ശ്രീ. എ. പീലിപ്പോസ് ജഡ്ജി, വട്ടശ്ശേരിൽ വി. എ വറുഗീസ് സാർ, തുണ്ടിയിൽ കുഞ്ഞ്, മേളാമ്പറമ്പിൽ ഉമ്മച്ചൻ, കലേക്കാട്ടിൽ കുഞ്ഞുകുഞ്ഞ്, തൈപ്പറമ്പിൽ പി റ്റി. ഏബ്രഹാം തുടങ്ങിയ അൽമായ പ്രമുഖരെയും പുനരൈക്യപ്രസ്ഥാനം ഒരിക്കലും മറക്കുകയില്ല.

ഇന്നു തിരുവല്ലായിൽ കണ്ണായ സ്ഥാനങ്ങളിലെല്ലാം രൂപതയ്ക്ക് സ്ഥലവും സ്ഥാപനങ്ങളും ഉണ്ടെങ്കിൽ അവയെല്ലാം അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ പ്രാർത്ഥനാ ജീവിതത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമായി ലഭിച്ചതാണ്. തിരുമനസിലേക്ക് വിശ്വസ്ത മിത്രങ്ങളായി ധൈര്യം നൽകിയ അരമനയിലെ പീലിപ്പോച്ചനും, കറിയാച്ചനും, ചെറിയാച്ചനും, കുട്ടിസാറും വഹിച്ച വിലയേറിയ സേവനങ്ങൾ ബഹു. വൈദികരുടെ വിശിഷ്ടസേവനങ്ങളോടൊപ്പം അനുസ്മരിക്കപ്പെടേണ്ടതാണ്.

മാർ സേവേറിയോസ് തിരുമേനിയുടെ പൈതൃകസ്നേഹം എത്രമാത്രം വലുതായിരുന്നു എന്ന്, നേരിട്ട് അനുഭവിച്ചിട്ടുള്ള അനവധി ആളുകൾ ഉണ്ട്. വലതുകൈ കൊടുക്കുന്നത് ഇടതുകൈ അറിയരുത് എന്ന പ്രമാണത്തിൽ അർഹതയുള്ള അനേകം സാധുക്കളെ തിരുമേനി സഹായിച്ചിരുന്നു. പ്രത്യേകിച്ചും കുട്ടികളുടെ വിദ്യാഭ്യാസത്തിനും, മക്കളുടെ വിവാഹത്തിനും, ഞെരുങ്ങിയിരുന്ന എത്രയോ മാതാപിതാക്കൾക്ക് അഭിവന്ദ്യ തിരുമേനി സഹായഹസ്തം നീട്ടിയിട്ടുണ്ട്. വിദേശത്തുനിന്നും ഉദാരമതികളായ ധാരാളം പേർ തിരുമേനിക്ക് അയച്ചുകൊടുത്തിരുന്ന സംഭാവനകൾ എല്ലാംതന്നെ പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് ദാനം ചെയ്തിരുന്നു എന്നത് ഏററം ശ്രേഷ്ഠമായ വസ്തുത ആയിരുന്നു. കൊടുക്കുംതോറും തിരുമേനിയ്ക്കു കിട്ടിക്കൊണ്ടും ഇരുന്നു.

1952-ൽ ചെങ്ങരൂർ കോൺവന്റ്സ്ക്കൂൾ ആരംഭിച്ചവർഷം, അവിടെ അദ്ധ്യാപികയായിരുന്ന ബഥനി സന്യാസിനി ബഹു. സിസ്ററർ നയോമി ഫ്രാൻസിസ്, ഇടിമിന്നലേററ് അപകടമരണം സംഭവിച്ചു. എത്രയും പെട്ടെന്ന് തിരുമേനി സ്ഥലത്തു വന്നു സിസ്റേറഴ്സിനെ ആശ്വസിപ്പിക്കുകയും തന്റെ സ്വന്തം കാർ, ഡ്രൈവറെ കൂട്ടി വിട്ടുതന്ന് അങ്കമാലി, അകപ്പറമ്പ് കൂരൻകുടുംബത്തിൽനിന്നും സിസ്ററിന്റെ മാതാപിതാക്കളെ കൊണ്ടു വരുന്നതിന് എന്നെ അയച്ച കാര്യം ഞാൻ ഓർക്കുന്നു. സ്വന്തം പിതാവിനടുത്ത സ്നേഹവാത്സല്യങ്ങളോടുകൂടി തിരുമേനി ചെയ്ത എല്ലാ കാര്യങ്ങളും അവിടുന്ന് അനുഭവിച്ച ഹൃദയവേദനകളും, ഓർക്കുമ്പോൾ ഇപ്പോഴും കണ്ണുകൾ നിറയുന്നു.

അഭിവന്ദ്യ തിരുമേനിയ്ക്ക് കുഞ്ഞുങ്ങളോടുള്ള പൈതൃക വാത്സല്യം കൊണ്ടു തന്നെയാണ് നിരവധി സ്കൂളുകൾ സ്ഥാപിക്കുകയും ഇരുവള്ളിപ്ര, പിറവം, വെളിയനാട്, കുന്നംകുളം മുതലായ ബോർഡിംഗുകൾ ആരംഭിക്കുകയും ചെയ്തത്.

കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ ആദ്യസംഘടനയായ കെ. സി. എസ്. എൽ, തിരുവല്ലാ രൂപതാഘടകം സ്ഥാപിച്ചത് അഭിവന്ദ്യ സേവേറിയോസ് തിരുമേനിയാണ്. ലേഖകൻ പുതുശ്ശേരി എം. ജി. എം. ഡി. ഹൈസ്കൂളിൽ അദ്ധ്യാപകനായി പ്രവേശിച്ചപ്പോൾ, അവിടെയുള്ള എല്ലാ സഭാ വിഭാഗങ്ങളിലും പെട്ട കുട്ടികൾക്കും, ഹൈന്ദവകുട്ടികൾക്കും വേണ്ടി ഓരോ വിഭാഗത്തിലും പെട്ട അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം പ്രത്യേകം പ്രാർത്ഥനാ ഗ്രൂപ്പുകൾ സംഘടിപ്പിച്ചു. എല്ലാവെള്ളിയാഴ്ചകളിലും ഉച്ച സമയത്ത് പല ക്ലാസുകളിലായി പ്രാർത്ഥനകൾ നടന്നപ്പോൾ, കത്തോലിക്കാകുട്ടികൾ അടുത്തുള്ള ഈട്ടിക്കൽ പള്ളിയിൽ പോയി പ്രാർത്ഥനകൾ നടത്തി കത്തോലിക്കാ കുട്ടികൾക്കുവേണ്ടി ക്രമീകരിച്ച ധ്യാനപരിപാടി അഭിവന്ദ്യ സേവേറിയോസ് തിരുമേനി ഉത്ഘാടനം ചെയ്യുകയും, മീററിംഗിനോടനുബന്ധിച്ച് ചങ്ങനാശേരിയ്ക്കും പാലായ്ക്കുംവേണ്ടി വാഴിച്ച കൊച്ചു തിരുമേനി മാർ കാവുകാട്ടു പിതാവിനും, വയലിൽ പിതാവിനും സ്വീകരണം നൽകുകയും ചെയ്തു.

അതേ തുടർന്ന്, തിരുവല്ലാ രൂപതയിൽ കെ. സി. എസ് എൽ. സംഘടന സ്ഥാപിക്കുന്നതിനുവേണ്ടി എന്നെ കെ. സി. എസ്. എൽ കേന്ദ്ര ആദ്ധ്യാത്മിക പിതാവായ ബഹു. വില്യമച്ചന്റെ അടുത്ത് തിരുമേനി കത്തു നൽകി, അയച്ചു. തിരുവല്ലാ രൂപതയിലെ കെ. സി. എസ്. എൽ. പ്രതിനിധിയായി നിയമിയ്ക്കുകയും ചെയ്തു. തിരുമനസ്സിലെ കല്പന പ്രകാരം രൂപതയിലെഎല്ലാ സ്കൂളുകളിലും കെ. സി. എസ്. എൽ. ശാഖകൾ സ്ഥാപിച്ചുകൊണ്ട്, കുട്ടികളും, യുവഅദ്ധ്യാപകരും അടങ്ങിയ വളർന്നു വരുന്ന തലമുറയെ, ഇതര രൂപതകളിലും ഇതര റീത്തുകളിലും പെട്ട വിദ്യാർത്ഥികളും അദ്ധ്യാപകരും വൈദികരും സന്യാസിനിമാരും വൈദിക മേലദ്ധ്യക്ഷന്മാരും ആയിപോലും പരിചയപ്പെടുന്നതിനും സുവിശേഷ വേലകളിൽ ഭാഗഭാക്കുകൾ ആവുന്നതിനും അവസരം നൽകി തിരുമേനി യുവജനങ്ങളെ അനുഗ്രഹിച്ചു.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. മുതിർന്നവരുടെ വിശ്വാസപരിശീലന കാര്യത്തിൽ അദ്ദേഹം ഒട്ടുംതന്നെ പിന്നിലായിരുന്നില്ല. രൂപതയിലെ എല്ലാവിഭാഗം ജനങ്ങളെയും പ്രായലിംഗവ്യത്യാസമില്ലാതെ ശ്രദ്ധിച്ചിരുന്നു തിരുമേനി. തന്റെ സേവനവും ശ്രദ്ധയും ലഭിക്കേണ്ട ആർക്കും അല്പംപോലും വൈകാതെ അവ അദ്ദേഹം ലഭ്യമാക്കിയിരുന്നു.

ആ വന്ദ്യപിതാവിന് നമോവാകം.


ഠഠഠ

## "THE POPE NEVER RESTS"

"…. തനിക്കു സഹജമായിരുന്ന ആത്മാർത്ഥതയോടും തീക്ഷണതയോടുംകൂടി രൂപതയുടെ (തിരുവല്ല) വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി അദ്ദേഹം (മാർ സേവേറിയോസ് തിരുമേനി) അക്ഷീണം അദ്ധ്വാനിച്ചു… ഒന്നര മാസത്തിനുമുമ്പ് മാർപാപ്പാ തിരുമനസ്സുകൊണ്ട് അപകടകരമായ രോഗം ബാധിച്ച് ഏതാണ്ട് ആസന്നമരണനായ വിവരം നാം അറിഞ്ഞിട്ടുള്ളതാണല്ലോ. നാലഞ്ചു മണിക്കൂർ നീണ്ടുനിന്ന ബോധക്ഷയം മാറി അല്പം ആശ്വാസം ലഭിച്ചപ്പോൾ, മാർപാപ്പാ തിരുമനസ്സുകൊണ്ട് എഴുന്നേററിരുന്ന് ഔദ്യോഗിക കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ തുടങ്ങി. അപ്പോൾ അടുത്തുനിന്ന ഡോക്ടർ വിനയ പൂർവ്വം പറഞ്ഞു: "പരിശുദ്ധ പിതാവെ! അവിടുന്നു പരിപൂർണ്ണമായി വിശ്രമിക്കണമെ" എന്ന്. ഒരു മന്ദസ്മിതത്തോടെ മാർപ്പാപ്പ മറുപടി പറഞ്ഞു: " The Pope never rests· The Pope can never get tired· The Pope works till his death And when he dies other takes up his work. He too works till his death"· ("മാർപ്പാപ്പാ ഒരിക്കലും വിശ്രമിക്കുന്നില്ല. മാർപ്പാപ്പാ ക്ഷീണിതനാകുന്നില്ല. മാർപ്പാപ്പാ മരിക്കുന്നതുവരെ വേല ചെയ്യുന്നു. മരിക്കുമ്പോൾ മററൊരാൾ ആ ജോലി ഏറെറടുക്കുന്നു. അദ്ദേഹവും മരണം വരെ ജോലി ചെയ്യുന്നു".) ഏതാണ്ട് ഇതേ മനോഭാവം തന്നെയായിരുന്നു സേവേറിയോസ് തിരുമേനിക്കുമുണ്ടായിരുന്നത്. ദൈവ സ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി അദ്ദേഹം അദ്ധ്വാനിച്ചു. വിശ്രമമറിയാതെ അദ്ധ്വാനിച്ചു. അദ്ദേഹത്തിന്റെ അദ്ധ്വാനത്തെ ദൈവം അനുഗ്രഹിക്കുകയും ചെയ്തു ……"

(മാർ മാത്യു കാവുക്കാട്ട്, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ, സ്മരണകൾ പുറം 9–13


www.malankaralibrary.com



ചെറുപുഷ്പഗിരി അരമന



മെത്രാഭിഷേക വേദി - തിരുവല്ലാ ബഥനിപള്ളി
(1933 മെയ് 25)




ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത യുടെ മെത്രാഭിഷേകത്തിൽ സഹകാർമ്മികൻ (ജനുവരി 29 - 1953)




സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിൽ മുഖ്യ കാർമ്മികൻ (1955)

www.malankaralibrary.com




വിദേശപര്യടനം കഴിഞ്ഞെത്തിയ മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായ്ക്ക് പട്ടം അരമനയിൽ നൽകിയ സ്വീകരണം.



മംഗലപ്പുഴ അപ്പസ്തോലിക് സെമിനാരിയിൽ

www.malankaralibrary.com


ബഥനിയുടെ അഭ്യുദയകാംക്ഷി






ആദ്യകാല ബഥനി സന്യാസിമാരോടൊപ്പം

www.malankaralibrary.com




മൈനർ സെമിനാരിക്കാരോടൊപ്പം
ഫാ. തോമസ് പാഴൂർ (റെക്ടർ) മൂലമണ്ണിൽ തോമസ് മല്പാൻ എന്നിവർ തിരുമേനിയോടൊപ്പം



തിരുമൂലപുരം ബോർഡിംഗിൽ

www.malankaralibrary.com



മാതൃസംഘം വാർഷിക ധ്യാനം

www.malankaralibrary.com



സന്യാസിനികളുടെ ഉത്തമ മാർഗ്ഗ ദർശി

www.malankaralibrary.com


## അഖില കേരള മലങ്കര കത്തോലിക്കാ കോൺഗ്രസ് നേതൃത്വം




ഫാ. തോമസ് നേര്യംപറമ്പിൽ (ഡയറക്ടർ), കെ. വി. ഏബ്രഹാം കയ്യാലാത്ത് (ഡയറക്ടർ തൊട്ട് വലത്ത്), കണ്ണന്താനത്ത് കീവർച്ചൻ (പ്രസിഡൻറ് - ഡയറക്ടറുടെ തൊട്ട് ഇടത്ത്), ശ്രീ. എം. ഒ. വർഗീസ് മേളാംപറമ്പിൽ (ജനറൽ സെക്രട്ടറി, പ്രസിഡൻറിനടുത്ത്)




ആദ്യകാല സുവിശേഷസംഘം പ്രസിഡൻറ് മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജി (സഭയ്ക്കും മാർപ്പാപ്പയ്ക്കും വേണ്ടി എന്ന പേപ്പൽ ബഹുമതി നേടി)



കൈയ്യാലത്ത് കെ. വി. ഏബ്രഹാം മലങ്കര കത്തോലിക്കാ കോൺഗ്രസ് നേതാവ് (സഭയ്ക്കും മാർപ്പാപ്പയ്ക്കും വേണ്ടി എന്ന പേപ്പൽ ബഹുമതി നേടി)




മേളാംപറമ്പിൽ ഉമ്മച്ചൻ (മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തിന്റെ സൂത്രധാരകരിൽ ഒരാൾ)



കിളിലേത്ത് ചാക്കോ (ആദ്യമായി പുനരൈക്യപ്പെട്ട അഞ്ചുപേരിൽ ഒരാൾ)

www.malankaralibrary.com

# ഏതാനും സ്മാരകങ്ങൾ



എം. എസ്. എം. യു. പി. സ്കൂൾ
കടപ്ര - മാന്നാർ




തിരുമേനിയുടെ നാമത്തിലുള്ള പുഷ്പഗിരി ആശുപത്രിയിലെ പ്രഥമ ബ്ലോക്കിന്റെ ഉദ്ഘാടന ശില



മാർ സേവേറിയോസ് മെമ്മോറിയൽ ഐ.ടി.സി. പിറവം.



പിറവം ഐ.ടി.സി. സ്ഥാപകനും പ്രിൻസിപ്പലുമായ ഫാ. ചാക്കോ ഇലവുപറമ്പിൽ



പുഷ്പഗിരി ഹോസ്പിറ്റൽ തിരുവല്ല

www.malankaralibrary.com

# "എല്ലാവരും ഒന്നാകേണ്ടതിന്" പ്രാർത്ഥിച്ച മഹാത്മാവ്

ഫാ. ജോൺ ബോസ്കോ O.I.C.

*"എല്ലാവരും ഒന്നാകേണ്ടതിന്"*
*അഭിവന്ദ്യ സേവേറിയോസ്*
*മെത്രാപ്പോലീത്തായുടെ*
**ഔദ്യോഗിക മുദ്ര**

**വിവിധ** അപ്പസ്തോലിക സഭാസമൂഹങ്ങൾ അവയുടെ സാരാംശത്തിൽ ഐക്യപ്പെട്ട് ഒരു നേതൃത്വത്തിൽ ആയിക്കാണുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ച ഒരു മഹത്വ്യക്തിയാണ് തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മാർ സേവേറിയോസ് തിരുമേനി. അദ്ദേഹത്തിന്റെ ജന്മശതാബ്ദി 1994 ഏപ്രിൽ മാസത്തിൽ നാം ആചരിക്കുകയാണ്. താൻ വിഭാവനം ചെയ്ത സഭകളുടെ ഐക്യം സാധിതമാകുന്നതിന് തീക്ഷ്ണമായി അദ്ദേഹം പ്രാർത്ഥിച്ചു. ഈ സത്യം നമ്മുടെ ചിന്തയ്ക്കും മാതൃകയ്ക്കും വിഷയമാക്കുക തികച്ചും അവസരോചിതം തന്നെ.

പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെതന്നെ ശിഷ്യന്മാർ പന്ത്രണ്ടുപേരും ഒന്നായിരിക്കണമെന്ന് പ്രാർത്ഥിച്ച (യോഹ. 17-ാം അദ്ധ്യായം) യേശുമിശിഹായുടെ ഐക്യദർശനം തന്നെയാണ് സഭകളുടെ ഐക്യത്തിനായി പ്രാർത്ഥിക്കുന്നതിന് മാർ സേവേറിയോസ് തിരുമേനിക്കും പ്രചോദനമേകിയത്. റോമാസഭയും മററു പൗരസ്ത്യ സഭകളുമായുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിന് ദൈവം ഇടയാക്കുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. തദനുസൃതമായൊരു പ്രാർത്ഥനാ ശൈലിയും തന്റെ ദിനചര്യയിൽ രൂപപ്പെടുത്തുന്നതിന് അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

യാക്കോബായ ഓർത്തഡോക്സ് സഭയിൽ മേല്പട്ടസ്ഥാനത്തേക്കുള്ള അദ്ദേഹത്തിന്റെ വിളി സഭയെ അഭിവൃദ്ധ്യോന്മുഖമായ തലങ്ങളിലേക്കു നയിക്കുന്നതിനുള്ള ഒരു അവസരമാക്കുന്നതിന് അദ്ദേഹം ശ്രദ്ധിച്ചു. സഭയിൽ ഒരു ബലിയായി തന്നെ സമർപ്പിക്കുന്ന മനോഭാവത്തിൽ തന്റെ ദൗത്യം സഭയിൽ അദ്ദേഹം നിർവഹിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ കത്തോലിക്കാസഭയോട് കടുത്ത എതിർപ്പുതന്നെയാണുണ്ടായിരുന്നത്. എങ്കിലും തന്റെ ശിഷ്യന്മാർക്കുവേണ്ടി യേശുമിശിഹാ പിതാവിനു സമർപ്പിച്ച പ്രാർത്ഥനയുടെ ചൈതന്യം സേവേറിയോസ് തിരുമേനിയുടെ വ്യക്തിത്വത്തിന്റെ തന്നെ ഒരു ഭാഗമായിരുന്നു.

സഭയുടെ സ്വയംഭരണാവകാശതത്വത്തിൽ മതിപ്പുണ്ടായിരുന്ന തിരുമേനി സ്വതന്ത്രസഭാ ശാഖകൾക്കെല്ലാംകൂടി പൊതുവിൽ ഒരു മേലധികാരി മാത്രമേ ആകാവൂയെന്ന് ഊന്നി പറഞ്ഞിരുന്നു. സഭയുടെ ഏകത്വം നിലനിർത്തുന്നതിന് ഈ വ്യവസ്ഥ കൂടിയേ തീരുവെന്നതിന് അദ്ദേഹത്തിന് സംശയമില്ലായിരുന്നു. ഈ വീക്ഷണമാണ് "എല്ലാവരും ഒന്നാകേണ്ടതിന്" എന്ന ആദർശത്തിനുവേണ്ടി അതിതീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഈ പ്രാർത്ഥനാഭിനിവേശം സഭൈക്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ യുക്തിക്കു തന്നെ മിഴിവേകി.

സ്മര്യപുരുഷൻ എഴുതിയിട്ടുള്ള കത്തുകളിൽ സഭൈക്യ പ്രക്രിയകളിൽ രഹസ്യമായ

www.malankaralibrary.com

പ്രാർത്ഥനയ്ക്കുള്ള അതുല്യമായ പങ്കിനെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. സ്വന്തം പുനരൈക്യത്തെ ഉദ്ദർശനം ചെയ്ത് തന്റെ വിശ്വസ്ത മിത്രങ്ങൾക്ക് അദ്ദേഹം ഇങ്ങനെ എഴുതി: ഞാൻ പ്രാർത്ഥനാപൂർവ്വം മുൻവിധി കൂടാതെ ചിന്തിക്കുന്നുയെന്നു മാത്രമേ പറയാനുള്ളൂ.. മുൻവിധി കൂടാതെ ചിന്തിക്കുന്നതിന് എന്നെത്തന്നെ വിധേയനാക്കിയിരിക്കുകയാണ്. ദൈവത്തിനിഷ്ടമുള്ളിടത്ത് എന്നെ കൊണ്ടുചെന്നടുപ്പിക്കും...''നിങ്ങളിൽ കൃപ പ്രവർത്തിക്കുന്നവൻ അതു പൂർത്തിയാക്കും'' എന്നുണ്ടല്ലോ. ദൈവത്തെ പരീക്ഷിക്കാതെ തന്റെ നടത്തിപ്പിന് വിട്ടുകൊടുക്കുക. ദൈവം നടത്തുന്നു (1113 കന്നിമാസം 23-ാം തീയതി എഴുതിയ ഒരു കത്തിൽ നിന്ന്. വി. ഒ. വറുഗീസ് മല്ലപ്പള്ളി, 'മാർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ ജീവചരിത്രസംക്ഷേപം', 1957, P. 32). പ്രാർത്ഥനയുടെ ശക്തിയാൽ തന്നിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഒരു ബോദ്ധ്യത്തെക്കുറിച്ച് യാക്കോബായ സഭയിലെ തന്റെ മേലധികാരികൾക്ക് അദ്ദേഹമെഴുതുന്നത് ശ്രദ്ധേയമാണ്: ''...ദൈവകൃപയുടെ വ്യാപാരത്താൽ ഈ ബോദ്ധ്യം ശക്തിപ്പെട്ടു വന്നിട്ടുള്ളതും എന്റെ മനസാക്ഷി അതിന് എന്നെ ശക്തിയായി ഹേമിച്ചിട്ടുള്ളതുമാകുന്നു. ഇങ്ങനെയുള്ള ദൈവനടത്തിപ്പിന്റെയും മനസാക്ഷിപ്രേരണയുടെയും ഫലമായി ഞാൻ മാർ പാപ്പാ തിരുമനസിലെ അധികാരത്തെയും ആ സിംഹാസനത്തോടുള്ള നിഷ്ക്കളങ്കമായ അനുസരണത്തിലുള്ള ജീവിതത്തെയും ആഗ്രഹിക്കുന്നതും സത്യസഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ളതുമാകുന്നു ... മനുഷ്യരുടെ ചിന്താഗതിയെ സത്യമാർഗ്ഗത്തിൽ നയിക്കുന്നവനായ ദൈവം ... സത്യമാർഗ്ഗമേതെന്ന് ബോദ്ധ്യപ്പെടുമ്പോൾ നിങ്ങളെല്ലാവരും ഞാൻ തിരഞ്ഞെടുത്തിട്ടുള്ള പന്ഥാവിൽകൂടെ തന്നെ പുരോഗമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു''. (Ibid. PP. 40-42). 'എല്ലാവരും ഒന്നാകേണ്ടതിന്'' മനമുരുകി പ്രാർത്ഥിച്ച നമ്മുടെ കർത്താവേശുമിശിഹായുടെ ഹൃദയാഭിലാഷം മാർ സേവേറിയോസ് തിരുമേനിയുടെ പ്രാർത്ഥനാ ജീവിതത്തിൽ എത്രമാത്രം സാക്ഷാത്കൃതമായെന്ന് മേൽ വിവരിച്ച അദ്ദേഹത്തിന്റെ ആത്മാവിഷ്ക്കരണത്തിൽനിന്ന് സുതരാം വ്യക്തമാണ്. ഇത്തരത്തിലുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം അനേകായിരങ്ങളുടെ കത്തോലിക്കാസഭാ പ്രവേശം സുഗമമാക്കിത്തീർത്തുയെന്നതാണ് സത്യം. ഈ മാതൃക തുടരുകയാണ് സഭാഐക്യ സംരംഭവിജയത്തിനായി പുനരൈക്യത്തിൻ സഭാമക്കൾക്ക് ഇനി ചെയ്യാനുള്ളത്. മലങ്കരയിലെ പുനരൈക്യമഹാസംഭവത്തിനു തുടക്കം കുറിക്കുന്നതിന് 'ബഥനി'യുടെ താപസിക ജീവിതത്തിനു സാധിച്ചുയെന്ന വസ്തുത അത്രയെളുപ്പം നാം വിസ്മരിക്കാതിരിക്കുക.

മാർ സേവേറിയോസ് തിരുമേനിയുടെ നിഷ്ക്കളങ്കമായ വ്യക്തിത്വം അർത്ഥവത്തായി വരച്ചു കാട്ടുന്ന അദ്ദേഹത്തിന്റെയൊരു ആദ്ധ്യാത്മിക സൂക്തത്തിന്റെ ഉദ്ധരണി ഇവിടെ തികച്ചും പ്രസക്തമാണ്: ''ദൈവത്തെ നമ്മുടെ ഇഷ്ടത്തിനുവേണ്ടി താഴ്ത്തണമെന്നാഗ്രഹിക്കാതെ, നമ്മെ ദൈവ ഇഷ്ടത്തിനുവേണ്ടി ഉയർത്തുകയും ദൈവത്തിന്റെ ഹിതവും പ്ലാനും നമ്മിൽ നിറവേററപ്പെടേണ്ടതിനുവേണ്ടി പ്രാർത്ഥിക്കയും പരിശ്രമിക്കനും ചെയ്യണം'' (Ibid. P. 90). ദൈവത്തിന്റെ ഹിതവും പ്ലാനും തന്നിൽ നിറവേററപ്പെടുന്നതിനുവേണ്ടി നമ്മുടെ സ്മര്യപുരുഷൻ നിരന്തരം പ്രാർത്ഥിക്കുകയും നിസ്തന്ദ്രമായി പരിശ്രമിക്കയും ചെയ്തു. അതിന്റെ ഫലമായിരുന്നു അവിശ്വസനീയമെന്നു തോന്നാവുന്ന അദ്ദേഹത്തിന്റെ കത്തോലിക്കാസഭാ പ്രവേശം. ആ മഹാസംഭവത്തിന്റെ അടിസ്ഥാനപരമായ രഹസ്യം അദ്ദേഹത്തിന്റെ പ്രാർത്ഥനാതൃഷ്ണ ഒന്നുമാത്രമാണ്. ഒരേ ഒരാളിന്റെ ആദ്ധ്യാത്മിക സവിശേഷത അനേകായിരങ്ങളുടെ പുനരൈക്യത്തിനും പുരോഗതിക്കും ഹേതുവായി. താനുൾപ്പെട്ടിരുന്ന സഭയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി ദൈവതിരുമനസിന്റെ ഉന്നതമേഖലകളിലേക്ക് അദ്ദേഹം തന്നെ ഉയർത്തി. 'ഇതാ ഞാൻ, എന്നെ അയച്ചാലും' എന്ന് അദ്ദേഹം പ്രത്യുത്തരിച്ചു. ജപം തപങ്ങളാകുന്ന രണ്ടു ചിറകുകളാണ് ആ മഹാത്മാവിനെ അവിടേക്കുയർത്തിയത്. 'എല്ലാവരും ഒന്നാകേണ്ടതിന്'' എന്ന ലക്ഷ്യത്തോട് മാർ സേവേറിയോസ് തിരുമേനിയെപ്പോലെ ഹൃദയം തകർന്നു നിലവിളിക്കാൻ ഇവിടെ ഏതാനുംപേരെങ്കിലുമുണ്ടെങ്കിൽ സഭാഐക്യത്തിന്റെ തലത്തിൽ ഇവിടെ നടക്കാത്തതായി ഒന്നുമുണ്ടാവില്ല. ഇപ്രകാരം പ്രാർത്ഥിക്കുന്നതിനുള്ള പ്രേരണ മാർ സേവേറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിൽ പിതാവം ദൈവത്തിൽ നിന്ന് മലങ്കര മക്കൾക്കു ലഭിക്കട്ടെയെന്നാശംസിക്കുന്നു.

www.malankaralibrary.com

# REMEMBERING A GREAT BENEFACTOR

C. T. SIMON, BANGALORE

The first time I met His Grace Mar Severios was in or about the year 1938 when he came to Ayroor for the "Christ the King" feast and celebrations. On that occasion, he also presided over the Sunday School Anniversary at the Lourde Ashramam, Ayroor. It is worth mentioning here that in those days all catholic children, both syro-Malabar and syro Malankara, had common catechism classes in the Lourde Ashramam under the Carmelite fathers, as there was no regular priests of the Thiruvalla diocese at St.Patrick's church, Ayroor. At the said Sunday school anniversary meeting (I was at that time only about 16 years) I made a small speech, which I remember was learnt by heart and delivered extempore. His Grace in his concluding remarks spoke a few words of encouragement about my speech. Some time later when he met my father, late Mr S. Thomas, he enquired whether I would be interested to join the seminary. Unfortunately at that time we were not in a position to decide favourably. I have atoned for it later by sponsoring a candidate for priesthood at Bathery.

To my mind, His Grace Mar Severios was at that time sent by God to redeem and reactivate the Thiruvalla diocese, which was then under Administrator's rule, due to the illness of His Grace Mar Theophilose. The way he laboured tirelessly day in and day out for the Church, as did St. Paul, instilled in my mind worshipful admiration for him since then.

I will here recall only one instance to show his deep concern and readiness to help the not-so well placed of his people in whatever way he could. In the year 1941 when World war II was on, I was one of the few educated youths left unemployed at Ayroor. Due to the war, there was no possibility of going outside, either to Malayasia or Singapore, where many of our people from Ayroor and neighbouring areas had gone in search of employment. Added to the pain of unemployment and war, there was acute economic depression. Life was really hard Suddenly as a result of continued prayer and perseverence, and help from some well wishers, an opportunity for a job. by opening a non-departmental Anchal office (old Travancore State postal service) at Thadiyoor, near Ayroor, came my way. But there was a snag. Being a non-departmental office, the promoter of the proposed Anchal office had to furnish a security deposit of Rs 350/-in favour of the Superintendent of Anchal offices, and also guarantee a minimum income of Rs. 50/-per month to meet staff salaries. The sponsor also had to provide building accommodation and furniture for the office. Incidentally, the salary of the Anchal Master was only Rs 10/-per month, while the peons, who were from the Department, got Rs 20/-each per month.

The question of furnishing the Cash security was baffling us, as we had no money for the same As a last resort, I was sent to the Thiruvalla Bishop's House, which at that time was the present old building near the canteen of the Pushpagiri Hospital, to seek some assistance. I presented my difficulties to his Grace Mar Severios and craved his help. He gave me a patient hearing, and immediately called Mr. Philipose and instructed him to go.to the Thiruvalla Anchal office, and transfer Rs 350/- in favour of the State Anchal Superintendent, as security for the proposed ThadiyoorAnchaloffice (Theamount was refundableafterthreeyear) His grace also said that all postage stamps etc required for the Bishop's House can be supplied monthly from Thadiyoor Anchal office whenever required to make up the contracted income.


With his munificence as stated above, I started the Thadiyoor Anchal office in 1941 in a rented room in front of the N. M. S. High School, Thadiyoor, and continued as the Anchal Master till the beginning of 1943 when I left the place for better prospects I always remained grateful to His Grace for giving me a start in life.

**കവിത**

# ❁ അനുഗ്രഹിക്കൂ ❁

- ചെമ്പകത്താച്ചൻ

തിരുവല്ലാ പള്ളിയിൽ പള്ളികൊള്ളും വന്ദ്യ
സേവേറിയോസിൻ ജന്മശതാബ്ദി
ആനിക്കാട്ടുള്ളൊരു വാളക്കുഴി വീട്ടിൽ
ഒരു മഹൽ പൈതൽ ഭൂജാതനായി,
വൈദികനായ് ശ്രേഷ്ഠവൈദികനായ് പിന്നെ
നിരണം ഭദ്രാസന സാരഥിയായ്
സെന്റ് പോളിനെപോൽ പുനരൈക്യ ധീരനായ്
സത്യസഭയിൽ താൻ വേല ചെയ്തു.
പള്ളികൾ തീർത്തു പള്ളിക്കൂടങ്ങൾ തീർത്തു
നാടെങ്ങുമോടിയാ കർമ്മയോഗി
തിരുവല്ലാരൂപതാ മെത്രാപ്പോലീത്തയായ്
അരമന തീർത്തു മേരിഗിരിയിൽ
യജമാനൻ വന്നപ്പോൾ ഉണർവ്വുള്ള ഭൃത്യനായ്
കണ്ടു പ്രതിഫലം വാങ്ങാൻ പോയി
വലതുകരത്താലനുഗ്രഹിക്കൂ താതാ,
അവിടുത്തെ പ്രാർത്ഥന കോട്ടയാക.



****

www.malankaralibrary.com

# അഭിനവ സാവൂൾ

- ഫാ. ജയിക്കബ് വലിയപറമ്പിൽ

### *അൽപം ചരിത്രം*

**കേരളസഭാചരി**ത്രത്തിൽ സുവർണ്ണ ലിപികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള സുസ്മരണീയമായ ഒരു ചരിത്രസംഭവം ആണല്ലൊ, 1930 സെപ്ററംബർ 20-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടേയും മാർ തെയോഫിലോസ് തിരുമേനിയുടെയും മററു മൂന്നു വ്യക്തികളുടെയും നേതൃത്വത്തിൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം. രണ്ടു കൊല്ലങ്ങൾ കഴിഞ്ഞ് 1932 ജൂൺ 11-ാം തീയതി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന 11-ാം പീയൂസ് മാർപാപ്പ പുറപ്പെടുവിച്ച "Christo Pastorum Principi" എന്ന അപ്പസ്തോലിക് കൺസ്ററിററ്യൂഷനിലൂടെ തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും മലങ്കര സഭാചരിത്രത്തിൽ സ്ഥാനം കരസ്ഥമാക്കി.

1932 ജൂൺ 11ാം തീയതി 11-ാം പീയൂസ് മാർപാപ്പായാൽ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്ത ആയും, മാർ തെയോഫിലോസ് തിരുമേനി തിരുവല്ലാ രൂപതയുടെ മെത്രാനായും നിയമിക്കപ്പെട്ടു. അനാരോഗ്യംമൂലം അഞ്ചുകൊല്ലം മാത്രമേ തിരുവല്ലാ രൂപതയുടെ ഭരണസാരഥ്യം വഹിക്കുവാൻ മാർ തെയോഫിലോസ് തിരുമേനിക്ക് കഴിഞ്ഞുള്ളൂ. അനാഥമായ രൂപതാശിശുവിന്റെ സംരക്ഷണാഭാരം ഏറെറടുക്കാൻ അനുയോജ്യനായ ഒരു പിൻഗാമിയെ ജോസഫ് മാർ സേവേറിയോസ് തിരുമേനിയിൽ കണ്ടെത്താൻ കഴിഞ്ഞത് ദൈവപരിപാലനയുടെ പ്രത്യക്ഷഫലമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. 1937 നവംബർ 29-ാം തീയതിയാണ് നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത ആയിരുന്ന മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്.

### *രൂപതാ അഡ്മിനിസ്ട്രേററർ*

അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി 1938 ഒക്ടോബർ 8-ാം തീയതി തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേററർ ആയും, 1950-ൽ രൂപതയുടെ ആർച്ച് ബിഷപ്പ്- ബിഷപ്പ് എന്ന പ്രത്യേക പദവിയോടുകൂടെയും തിരുസിംഹാസനത്തിൽനിന്നും നിയമിക്കപ്പെട്ടു. സാമ്പത്തിക പ്രതിസന്ധിയുംപ്പെടെയുള്ള രൂപതയുടെ ബാലാരിഷ്ടതകളിൽ രൂപതയെ സമർത്ഥമായി നയിക്കുവാൻ മാർ സേവേറിയോസ് തിരുമേനി പ്രകടിപ്പിച്ച അസാമാന്യമായ ആത്മധൈര്യവും സഹനശക്തിയും കാര്യക്ഷമതയും സേവനതൽപരതയും വിസ്മയാവഹം തന്നെയായിരുന്നു എന്ന് പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല.

### *അഭിനവ സാവൂൾ*

കത്തോലിക്കാസഭയുമായുള്ള മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം ഓർത്തഡോക്സ് സഭാംഗങ്ങളിൽ കോളിളക്കം സൃഷ്ടിച്ചുവെങ്കിൽ, അതിൽ അത്ഭുതപ്പെടാനില്ല, അത് സ്വാഭാവികംമാത്രം. തനിക്ക് ബോദ്ധ്യപ്പെട്ട സത്യം മററുള്ളവരെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ തിരുമേനി അതീവ ശ്രദ്ധാലുവായിരുന്നു. ജന്മനാ ഓർത്തഡോക്സ് സഭാംഗമായിരുന്ന മാർ സേവേറിയോസ് തിരുമേനി ആ സഭാംഗമായിരുന്നപ്പോഴും, ഓർത്തഡോക്സ് വിശ്വാസം മുറുകെ പിടിക്കുകയും തീക്ഷ്ണതയോടുകൂടെ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സത്യാന്വേഷണതൽപരതയുടേയും പഠനത്തിന്റെയും ഫലമായി കത്തോലിക്കാവിശ്വാസത്തിന്റെ പവിത്രതയും മലങ്കരസഭയുടെ ആദിമചരിത്രവും അദ്ദേഹത്തിനു ബോദ്ധ്യമായതിന്റെ ഫലമായിട്ടാണ് പല പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും തൃണവല്ക്കരിച്ച് ആത്മവിശ്വാസത്തോടുകൂടെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. തുടർന്ന് ആ വിശ്വാസം പ്രചരിപ്പിക്കുന്നതിന് "ഒരഭിനവ സാവൂളിനെ"പ്പോലെ തിരുമേനി തീവ്രയത്നം ചെയ്തു. പ്രധാനാചാര്യന്റെ അറിവോടും സമ്മതത്തോടുംകൂടെ ക്രിസ്ത്യാനികളുടെ സങ്കേത

www.malankaralibrary.com

ങ്ങളെ തിരഞ്ഞുപിടിച്ച് അവരെ വേട്ടയാടിയിരുന്ന സാവൂളിന്റെ പൂർവ്വചരിത്രവും, ദമാസ്കസ്സിൽ അദ്ദേഹത്തിനുണ്ടായ ദിവ്യദർശനവും, മാനസാന്തരവും മാനസാന്തരത്തിനുശേഷമുള്ള പ്രവർത്തനങ്ങളും അപ്പസ്തോലപ്രവർത്തനങ്ങൾ ഒൻപതുമുതൽ ഇരുപത്തെട്ടുവരെയുള്ള അദ്ധ്യായങ്ങളിൽ നാം വായിക്കുന്നതല്ലെ? മാനസാന്തരത്തിനുശേഷമുള്ള സാവൂളിന്റെ പ്രവർത്തനശൈലിയോട് മാർ സേവേറിയോസ് തിരുമേനിയുടെ പ്രേഷിതപ്രവർത്തനങ്ങളെ ഉപമിക്കാവുന്നതാണ്.

### സുവിശേഷയോഗങ്ങൾ

പ്രതിവർഷം ജനുവരി 18 മുതൽ 25 വരെ ക്രൈസ്തവലോകം അഷ്ടദിനപ്രാർത്ഥനാവാരം ആചരിച്ചുവരുന്നുണ്ടല്ലൊ. രൂപതയൊട്ടുക്ക് അഷ്ടദിന പ്രാരത്ഥനാവാരം ആചരിക്കുന്നതിന് അഭിവന്ദ്യ തിരുമേനിതന്നെ നേതൃത്വം നല്കി. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ പ്രസ്തുത വാരാചരണം നടത്തി വന്ദ്യ തിരുമേനിതന്നെ മാതൃക കാട്ടി. പാളയംകോട് സെന്റ് സേവ്യേഴ്സ് കോളജ് പ്രഫസറും ഒരു ഭിക്ഷക്കാരനെപ്പോലെ പരമപരിത്യാഗിയായി ജീവിതം നയിച്ചുവന്ന ആളുമായ ബ്ര. പീററർ റെഡ്ഡി എം. എ; റവ. ഫാദർ ആൽബർട്ട് മുത്തുമലൈ എസ്. ജെ., റവ. ഡോക്ടർ പ്ലാസിഡ് പി.എച്ച്. ഡി; ഡി. ഡി; ഡി. സി. എൽ., റവ. ഫാ. തോമസ് മണ്ണഞ്ചേരി, ശ്രീ. വി. സി. ജോർജ് ബി എ. എൽ.ററി. തുടങ്ങിയവരായിരുന്നു അന്നത്തെ പ്രധാന പ്രസംഗകർ.

### കത്തോലിക്ക സാക്ഷ്യ സംഘം

ഇംഗ്ലണ്ടിൽ പ്രചാരത്തിലിരുന്ന ''കത്തോലിക്ക സാക്ഷ്യ സംഘം'' (സി-ഈ-ജി) അഭിവന്ദ്യതിരുമേനി രൂപതയിൽ സമാരംഭിച്ചു. അതിന്റെ ഡയറക്ടറായി നേതൃത്വം വഹിച്ചിരുന്നത് ദിവംഗതനായ ഡിസ്ട്രിക്റ്റ് ജഡ്ജി ശ്രീ. എ. പീലിപ്പോസ് എം. എ. ബി. എൽ. ആയിരുന്നു. റവ. ഡോക്ടർ പ്ലാസിഡിനെപ്പോലെയുള്ള സഭാപണ്ഡിതന്മാരുടെ നേതൃത്വത്തിൽ ഏതാനും അൽമായ നേതാക്കളെ പരിശീലിപ്പിക്കുകയും വിവിധകേന്ദ്രങ്ങളിലും മററും അവർ പോയി വിവാദപരമായ വിശ്വാസവിഷയങ്ങളെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. ഇതിനുംപുറമേ ഇടവകകൾതോറും പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ച്, അഭിവന്ദ്യ തിരുമേനിതന്നെ ആ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തിരുന്നു. റവ. ഡോക്ടർ പ്ലാസിഡിനെപ്പോലെയുള്ളവരായിരുന്നു മുഖ്യ പ്രസംഗകർ. പ്രസ്തുത യോഗങ്ങളിൽവച്ചുതന്നെ സംശയങ്ങൾക്ക് മറുപടി പറയുന്നതിനും സൗകര്യമുണ്ടാക്കിയിരുന്നു. പലരുടെയും സംശയങ്ങൾക്കു തൃപ്തികരമായ മറുപടി നല്കുന്നതിനും ഈ യോഗങ്ങൾ ഉപകരിച്ചു.

### "സത്യപ്രകാശം" ലഘുപത്രികകൾ

അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി സെക്രട്ടറി റവ. ഫാദർ മാത്യു നെടുങ്ങാട്ടിനോടൊപ്പം റോമിൽപോയി മാർപാപ്പാ തിരുമേനിയെ സന്ദർശിച്ചശേഷം, ചില യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ചു മടങ്ങി എത്തി. ഈ സന്ദർശനങ്ങൾക്കിടയിലായിരിക്കണം, തിരുമേനിയുടെ മനസിൽ ഒരാശയം ഉദിച്ചത്; ലണ്ടനിലെ കാത്തലിക് ട്രൂത്ത് സൊസൈററി (C. T. S.) യുടെ മാതൃകയിൽ ഒരു ലഘുലേഖാ പ്രസ്ഥാനം ആരംഭിക്കണമെന്ന് തിരുമേനി തീരുമാനിക്കുകയും അതിന്റെ ചുമതല ഈ ലേഖകനെ ഏല്പിക്കുകയും ചെയ്തു. ''സത്യപ്രകാശം'' എന്ന ശീർഷകത്തിൽ പ്രതിമാസം ഒരു ലഘുപത്രിക വീതം പ്രസിദ്ധപ്പെടുത്തിവന്നു. വിശ്വാസസംബന്ധമായ വിവിധ വിഷയങ്ങളെപ്പററി പണ്ഡിതന്മാരായ എഴുത്തുകാരെക്കൊണ്ട് എഴുതിച്ച് ആയിരക്കണക്കിനു ലഘുപത്രികകൾ ഇടവകകൾതോറും വിതരണം ചെയ്തു. പുനരൈക്യപ്പെട്ടവരെ വിശ്വാസത്തിലുറപ്പിക്കുന്നതിനും അന്ധകാരത്തിൽ തപ്പിത്തടയുന്നവരെ സുവിശേഷംവെളിച്ചത്തിലേക്കാനയിക്കുന്നതിനും ഈ ലഘുപത്രികകൾ കുറെയൊക്കെ സഹായിച്ചിട്ടുണ്ടെന്നു വിശ്വസിക്കാം.

### സന്തോഷാശ്രുക്കൾ പൊഴിച്ചു!

ഒരിക്കൽ പുഷ്പഗിരി മെത്രാസന മന്ദിരത്തിൽ (ഇന്ന് ആശുപത്രി കെട്ടിടം) ഒരു വൈദിക സമ്മേളനം നടന്നു; അഭിവന്ദ്യ സേവേറിയോസ് തിരുമേനി ആ സമ്മേളനത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു പ്രസംഗിക്കുകയായിരുന്നു. കത്തോലിക്ക സഭയുമായി പുനരൈക്യപ്പെടാൻ സാധിച്ചതിൽ തിരുമേനി അതീവ സന്തുഷ്

www.malankaralibrary.com

ടി പ്രകടിപ്പിച്ചു: ഈ മഹാഭാഗ്യം തനിക്ക് വളരെ നേരത്തേ ലഭിക്കാതെ പോയല്ലൊ എന്ന് ഓർത്ത് സങ്കടപ്പെടുകയും, സന്തോഷാശ്രുക്കൾ പൊഴിക്കുകയും ചെയ്തു; പെട്ടെന്ന് തൂവാലയെടുത്ത് കണ്ണീർ തുടയ്ക്കുകയും ചെയ്ത കാഴ്ച ഈ ലേഖകനെയും വികാരാധീതനാക്കി എന്നു പറഞ്ഞുകൊള്ളട്ടെ. പ്രസ്തുത സംഭവം ഈ ലേഖകൻ ഇന്നും സ്മരിക്കുന്നു.

### ദൈവാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സ്ഥാപനം

പുനരൈക്യപ്പെട്ടവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ, ചാപ്പലുകളായി ഉപയോഗിച്ചിരുന്ന താല്കാലിക ആരാധനാലയങ്ങൾക്കു പകരം പുതിയ ദൈവാലയങ്ങൾ പണികഴിപ്പിക്കേണ്ടി വന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടായിരുന്നുവെങ്കിലും അവയെല്ലാം തരണംചെയ്ത് കളമ്പാല, ചുങ്കപ്പാറ, ചെങ്ങരൂർ, എരുമേലി, പിറവം, പാമ്പാടി, കടമാങ്കുളം തുടങ്ങിയ സ്ഥലങ്ങളിൽ നവീന മാതൃകയിലുള്ള ദൈവാലയങ്ങൾ തിരുമേനി പണികഴിപ്പിച്ചു. ഒപ്പം വിവിധ സ്ഥലങ്ങളിൽ പുതിയ മിഷ്യൻ കേന്ദ്രങ്ങളും സമാരംഭിച്ചു.

ഓർത്തഡോക്സ് സഭയിലെ വൈദികനായിരുന്ന റവ. ഫാ. വി. ഓ. ജോസഫ് (വാളക്കുഴി) എം. ജി. എം. ഹൈസ്കൂളിലെ ഒരദ്ധ്യപകൻ കൂടെ ആയിരുന്നു. ആ നിലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അതീവ തൽപരനുമായിരിക്കുക സ്വാഭാവികമാണല്ലോ. തിരുവല്ലാ രൂപതയിൽ അന്ന് വിദ്യാലയങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. അഭിവന്ദ്യ തിരുമേനി തിരുവല്ലാ രൂപതയുടെ ചുമതല ഏറ്റെടുത്തതിനുശേഷം, രൂപതയുടെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ അതീവ ശ്രദ്ധചെലുത്തി. കോട്ടാങ്ങലിൽ (ചുങ്കപ്പാറ) അന്നുണ്ടായിരുന്ന ഒരു മിഡിൽ സ്കൂൾ ശ്രീ മണ്ണൂർ കൃഷ്ണൻ നായർ വക്കീലിൽ നിന്ന് വിലയ്ക്കുവാങ്ങി ഒരു ഹൈസ്ക്കൂളാക്കി ഉയർത്തി. ആ ദേശവാസികൾക്കും സമീപ പ്രദേശങ്ങളിലുള്ളവർക്കും വിജ്ഞാന വെളിച്ചം വിതറുന്ന ഒരു മികച്ച സരസ്വതി ക്ഷേത്രമായി പരിലസിക്കുന്നു. ചെങ്ങരൂർ സെൻറ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്കൂൾ, ഇരുവള്ളിപ്ര സെൻറ് തോമസ് ഹൈസ്കൂൾ, പിറവം സെൻറ് ജോസഫ്സ് ഹൈസ്കൂൾ, ആനിക്കാട് സെൻറ് മേരീസ് ഹൈസ്കൂൾ തുടങ്ങിയുള്ളവയും ഏതാനും പ്രൈമറി സ്കൂളുകളും സ്ഥാപിക്കുവാൻ കഴിഞ്ഞത് വിദ്യാഭ്യാസ വിചക്ഷണനായിരുന്ന അഭിവന്ദ്യ തിരുമേനിയുടെ അത്യദ്ധ്വാനത്തിൻെറ ഫലമായിട്ടാണെന്ന് ഭാവി തലമുറകൾ പ്രകീർത്തിക്കും.

### വിശ്രമരഹിതനായ പ്രേഷിതൻ

വിശ്രമം എന്നാൽ എന്താണെന്ന് അഭിവന്ദ്യ തിരുമേനി അറിഞ്ഞിരുന്നില്ല. ''ഒരു ഗോതമ്പുമണി നിലത്തു വീണ് അഴുകുന്നില്ലെങ്കിൽ, അത് ഫലം പുറപ്പെടുവിക്കുകയില്ല'' എന്ന വേദവാക്യം അദ്ദേഹം വൈദികരുടെ സമ്മേളനങ്ങളിൽ സാധാരണ പറയുക പതിവായിരുന്നു; അങ്ങനെ തിരുമേനി വൈദികരെ കർമ്മനിരതരും പ്രബുദ്ധരുമാക്കിയിരുന്നു.

പ്രമേഹ രോഗം മൂലം അവശനായിരുന്നുവെങ്കിലും ദീർഘയാത്രകൾ ചെയ്ത് രൂപതയുടെ വടക്കൻ പ്രദേശങ്ങളിലും മററും എത്തി മിഷ്യൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വന്നു. ഇത്തരത്തിലുള്ള ഒരു ദീർഘയാത്ര കഴിഞ്ഞ് മടങ്ങി വരുമ്പോഴാണ് തിരുമേനിക്ക് ഹൃദ്രോഗബാധയുണ്ടായതും തുടർന്ന് മരണമടഞ്ഞതും.

രണാങ്കണത്തിൽ ധീരധീരം പോരാടി വീരചരമമടയുന്ന ഒരു യോദ്ധാവിനെപ്പോലെ വിസ്തൃതമായ പ്രേഷിത രംഗത്തെ പ്രവർത്തനങ്ങൾക്കിടയിൽ വിശ്രമം അറിയാതെ കഠിനാദ്ധ്വാനം ചെയ്ത് 1955 ജനുവരി പതിനെട്ടിന് അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി ദിവംഗതനായി.

തിരുമേനിയുടെ ജന്മശതാബ്ദി സ്മരണ ആചരിക്കുന്ന ഈ വേളയിൽ പല കാര്യങ്ങളും ഇനിയും പറയുവാനുണ്ടെങ്കിലും, ലേഖന ദൈർഘ്യം ഭയന്ന് ലേഖകൻെറ സ്മരണയിൽ മുഴച്ചു നില്ക്കുന്ന ചിലതു മാത്രമേ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളു എന്ന് പ്രസ്താവിച്ചുകൊള്ളട്ടെ. അഭിവന്ദ്യ തിരുമേനിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു,

000

www.malankaralibrary.com

# മാർ സേവേറിയോസ് തിരുമേനി

*(1938 ജനുവരി 14ന് മലബാർ മെയിൽ പത്രത്തിൽ ഒരു യാക്കോബായക്കാരൻ എഴുതിയ ലേഖനം)*

സമ്പാ: **സോമൻ താഴമൺ**

**തിരുമേനിയുടെ** സഭാപരിവർത്തനം ഓർത്തഡോക്സ് സഭയിൽ പലർക്കും ചിന്തയ്ക്കും സഭയിൽ പൊതുവേ ഒരു സംസാരത്തിനും ഇടവരുത്തിയിരിക്കുകയാണല്ലൊ. തിരുമേനിയെ എനിക്ക് പന്ത്രണ്ടു വർഷത്തിൽ കൂടുതലായി പരിചയമുണ്ട്. ഇന്നത്തെ സഭയുടെ ഗതിയോടു വളരെ വിപരീതമായ ഒരു മനസ്ഥിതിയും വർത്തനവുമാണ് അന്നുമുതൽ അദ്ദേഹത്തിൽ കാണുവാൻ സാധിച്ചിട്ടുള്ളത്. വളേക്കുഴിയിൽ വി. ഒ. ജോസഫ് ശെമ്മാശനായിരുന്ന കാലത്തുതന്നെ ഒരു സത്യാന്വേഷിയായിരുന്നു. മിതഭാഷണമെന്നുള്ളത് അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമാണ്. അദ്ദേഹം എം. ജി. എം. ഹൈസ്ക്കൂളിൽ വളരെക്കാലം അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികളുടെ ആരാധനാപാത്രമായിട്ടാണു ആ കാലങ്ങൾ കഴിച്ചത്. സഭാപരിവർത്തനത്തെപ്പററിയുള്ള വാർത്ത മനോരമയിൽ വായിച്ചുകൊണ്ടിരുന്നപ്പോൾ എം. ജി. എം. ഹൈസ്കൂളിൽ താഴത്തെ ക്ലാസുമുതൽ പഠിച്ചു അവിടുത്തെ പഠനം പൂർത്തിയാക്കിയ രണ്ടു കോളേജു വിദ്യാർത്ഥികൾ എന്റെ അടുക്കൽ ഉണ്ടായിരുന്നു. ഈ വർത്തമാനം അവരെ വളരെ വേദനപ്പെടുത്തിയതായി ഞാൻ കണ്ടു. അതിൽ ഒരാൾ പറയുകയാണ്, ''സ്കൂളിൽ വച്ചു കാതോലിക്ക എൻസൈക്ലോപ്പീഡിയാ ഈ തിരുമേനി നിരന്തരം പരിശോധിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആ സഭയിലുള്ള തെററുകൾ കണ്ടുപിടിക്കാനായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. എതായാലും ധനമോ, മാനമോ മോഹിച്ചു തിരുമേനി കാതോലിക്ക സഭയിൽ ചേർന്നു എന്നു പറയുവാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ ഹൃദയശുദ്ധതയെപ്പററി എനിക്ക് അത്രമാത്രം ബഹുമാനമുണ്ട്. മാർ തെയോഫിലോസ് തിരുമേനി ബഥനിയുടെ ഗുരുവച്ചനായിരുന്ന കാലത്തു ഞാൻ ബഥനിപ്പള്ളിയിൽ അദ്ദേഹത്തിന്റെ അടുക്കൽ ശരിയായി കുമ്പസാരിച്ചിട്ടുണ്ട്. അതിനുശേഷം ഹൃദയം തുറന്നു പാപങ്ങൾ ഏററു പറഞ്ഞു കുമ്പസാരിച്ചിട്ടുള്ളതു ഇദ്ദേഹം അച്ചനായിരുന്നപ്പോൾ ഇദ്ദേഹത്തിന്റെ അടുക്കലാണ്. അതിനുവേണ്ടതായ സമയവും, പ്രേരണകളും സമാധാനവും ഇദ്ദേഹം തരുമായിരുന്നു. എം. ജി. എം. സ്കൂളിലെ പഠിത്തവും ഇദ്ദേഹവുമായുള്ള നിരന്തര സഹവാസവും വിട്ടതിൽപിന്നെ ശരിയായി കുമ്പസാരിക്കാൻ സാധിച്ചിട്ടില്ല''. കുമ്പസാരം, ഓർത്തഡോക്സ് സഭയിൽ ഉണ്ട്. എന്നാൽ ഇത് ആത്മപവിത്രീകരണത്തിന് പ്രധാന മാർഗ്ഗമായി സ്വീകരിക്കുന്നവർ വളരെ ചുരുങ്ങിയിരിക്കുന്നു. എന്നാൽ തിരുമേനിക്കു ശരിയായ കുമ്പസാരം വളരെ നിർബന്ധമുള്ള ഒരു വിഷയമായിരുന്നു. സൺഡേസ്കൂൾ അദ്ധ്യാപക സമാജം, മർത്തമറിയം സമാജനടത്തിപ്പുകാർക്കുള്ള യോഗങ്ങൾ മുതലായവയിൽ അദ്ധ്യക്ഷനായിരുന്ന് ഇദ്ദേഹം ചെയ്തിട്ടുള്ള പല പ്രസംഗങ്ങളും ഞാൻ കേട്ടിട്ടുണ്ട്. കുമ്പസാരം വിശുദ്ധ കുർബാന മുതലായവയിൽ സഭ കാണിക്കുന്ന അനാസ്ഥയെ കഠിനമായി എതിർക്കുമായിരുന്നു.

സഭയിൽ അനുസരണം പാലിക്കുന്നതിൽ വളരെ നിഷ്ക്കർഷ കാണിച്ചിരുന്നു. ഓർത്തഡോക്സ് സഭയ്ക്കു നഷ്ടപ്പെട്ട ഒരു കണ്ണി അതാണെന്നു അദ്ദേഹം വിശ്വസിച്ചിരുന്നു. കാതോലിക്കാ വിശ്വാസത്തിന്റെ ഏററം പ്രധാനമായ ലക്ഷണം അനുസരണമാണെന്നു പല ഉദാ

www.malankaralibrary.com


ഹരണങ്ങൾ കൊണ്ടും അദ്ദേഹം പഠിച്ചിട്ടുണ്ട്. ഇദ്ദേഹം ഒരു വലിയ പ്രാസംഗികനായി സഭയിൽ നടന്നിട്ടില്ല. എന്നാൽ സഭയെ പഠിപ്പിക്കാൻ കഴിവുള്ള ഒരു നല്ല ഗുരുഭൂതനാണെന്നു ഈ അവസരത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തിരുവല്ല ബഥനിപ്പള്ളിയോടു ചേർന്നുള്ള സ്കൂൾ കെട്ടിടത്തിൽ ഒരു മീററിംഗു മർത്തമറിയാം സമാജത്തിലെ നടത്തിപ്പുകാർക്കായി ഇദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തിയതിൽ മി. എൻ. ജി. കുര്യൻ എം. ഏ ബി. ഡി. ഒരു പ്രസംഗകനായിരുന്നു. മി. കുര്യൻ കാതോലിക്ക വിശ്വാസം എന്തെന്നു അറിയാവുന്ന ചുരുക്കം ചില പ്രസംഗകന്മാരിൽ ഒരാളും പരമതദ്വേഷം പ്രസംഗത്തിൽ പ്രകടിപ്പിക്കാത്തവനുമാണ്. അനുസരണം എന്നതിനെപ്പററി പറഞ്ഞുവന്നതിനിടയ്ക്കു പറയുകയാണ് "ബഹുമാനപ്പെട്ട അലക്സിയോസച്ചൻ ഇംഗ്ലണ്ടിലായിരുന്നപ്പോൾ പരിചയപ്പെട്ട ഒരാളും, ഇംഗ്ലണ്ടിൽ പ്രൊട്ടസ്ററന്റു സഭയിലെ ഒരു വലിയ എഴുത്തുകാരനുമായ ഒരാൾ (പേരു പറഞ്ഞു, ഞാൻ ഇപ്പോൾ ഓർക്കുന്നില്ല) ക്രിസ്തീയ സഭയിലെ അനുസരണത്തെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു. "കാതോലിക്ക സഭയുടെ അനുസരണം നാം കണ്ടുപഠിക്കേണ്ടതാണ്. എല്ലാ മെത്രാന്മാരും പോപ്പിനെ അനുസരിക്കുന്നു; എല്ലാ പട്ടക്കാരും മെത്രാന്മാരെ അനുസരിക്കുന്നു; എല്ലാ അൽമേനികളും പട്ടക്കാരെ അനുസരിക്കുന്നു. എത്ര ആകർഷണീയമായ ഒരു ഘടനയാണ് അതിനുള്ളത്". ഇതു പരമാർത്ഥമല്ലയോ? ഇതുപോലെയുള്ള ഒരു അനുസരണ സ്വഭാവമാണ് നമ്മുടെ സഭയിലും വളർന്നുവരേണ്ടത്. തുടർന്നു തിരുമേനിയും ഇതിനെ വളരെ ശക്തിപ്പെടുത്തി ഒരു പ്രസംഗം നടത്തി.

സഭയുടെ വിശ്വാസത്തിൽ നിന്നും ഒരു ചെറിയ അംശം പോലും മാററാൻ പാടില്ലെന്നുള്ള ദൃഢനിശ്ചയം ഇദ്ദേഹത്തിനുണ്ട്. 1110 മേടമാസത്തിൽ മദ്ധ്യതിരുവിതാംകൂറിൽ സുവിശേഷവേലയിൽ താല്പര്യമുള്ളവർക്കായി ഒരു ധ്യാനയോഗം തിരുമേനിയുടെ പ്രധാന ചുമതലയിൽ പരുമല സിമ്മനാരിയിൽ വച്ചു നടത്തിയതിൽ ഞാനും സംബന്ധിച്ചിരുന്നു. ധ്യാനയോഗം മൂന്നു ദിവസത്തേക്കുണ്ടായിരുന്നു. ധ്യാനഗുരുവും ഇദ്ദേഹം തന്നെയായിരുന്നു അവിടെ കൂടിയിരുന്ന നാല്പതോളം ആളുകൾക്കു ഭക്ഷണവും ഇദ്ദേഹം തന്നെ തന്നു. എന്റെ ആനന്ദകരമായ ദിവസങ്ങളായിരുന്നു അവ. പലരും കണ്ണീരോടെയായാണ് അവിടെ നിന്നുംപിരിഞ്ഞുപോയത്. പരസ്പരം പിരിയുവാൻ ഞങ്ങൾക്കു മനസില്ലായിരുന്നു.


സഭാവിശ്വാസത്തെയും കൂദാശകളെയുംപററി ക്ലാസുകളും ഉണ്ടായിരുന്നു. കൂദാശകളിൽ ഉള്ള പരിപൂർണ്ണ വിശ്വാസവും അതിന്റെ അപരിത്യാജ്യമായ ആവശ്യവും വളരെ വ്യക്തമായി പഠിപ്പിച്ചു. സുവിശേഷവേല തിരുമേനിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. അതു പ്രസംഗംമൂലം സാധിക്കണമെന്നുള്ളതിനേക്കാൾ സഭാംഗങ്ങളുടെ മാതൃകാപരമായ ജീവിതത്താൽ സാധിക്കേണ്ടതാണെന്നുള്ളതാണു ഇദ്ദേഹത്തിന്റെ ആദർശം. ഇങ്ങനെ കാതോലിക വിശ്വാസത്തിൽ ജനിച്ചു അതിൽവളർന്നു അതുതന്നെ തന്റെ രക്തത്തോടുകലർത്തി ജീവിക്കുന്ന തിരുമേനി കാതോലിക്കാ സഭയോടു പുനരൈക്യപ്പെട്ടെങ്കിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ അമിതമായി സന്തോഷിക്കയാണു വേണ്ടത്. നാം ബഹുമാനിച്ചും, ആരാധിച്ചും വന്ന മൂന്നു തിരുമേനിമാർ സഭയിൽനിന്നും പോയി. വൈരാഗ്യബുദ്ധിയോടുകൂടി ഇതിനെ വീക്ഷിക്കാതെ നമ്മുടെ കുറവെന്ത്, അതിനുള്ള പരിഹാരമെന്ത് എന്നു സഭയിലെ പ്രധാനന്മാരും ബഹുമാനപ്പെട്ട മേല്പട്ടക്കാരും ചിന്തിക്കേണ്ടതാണ്. പുരാതന വിശ്വാസങ്ങൾ ഉപേക്ഷിപ്പാൻ മനസില്ലാത്ത പാവപ്പെട്ട ഒരു ജനക്കൂട്ടം ഇന്നും സഭയിലുണ്ട്. നമ്മുടെ സഭയുടെ കാതലായ വിശ്വാസങ്ങൾക്കു ഇന്നു സഭയിൽ സ്ഥാനമില്ലെന്നു കണ്ട്, സഭാപരിവർത്തനം ചെയ്യുന്നെങ്കിൽ അതിശയമല്ലല്ലൊ. ⊙

www.malankaralibrary.com


# ചരിത്രരേഖകൾ....



മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ
പുനരൈക്യ സംഭവം നടുവിലേമുറിയിൽ ഫാ.
എൻ. ജി. കുറിയാക്കോസിൻെറ ഡയറിക്കുറിപ്പിൽനിന്ന്.



ST. MARY'S SYRIAN CHURCH

നിരണം ഭദ്രാസനാധിപനായിരിക്കുമ്പോൾ
നല്കിയ ഒരു കല്പന
(അദ്ദേഹത്തിൻെറ കൃത്യതയും, നിഷ്ഠയും
കാണിക്കുന്ന ഒന്ന്)




തെറ്റുകൾക്ക് പരിഹാരം ചെയ്യുന്ന പുണ്യവാൻ
(മംഗലപ്പുഴ സെമിനാരിയിലെ ശെമ്മാശന്മാർക്ക് അയച്ച ഒരു കത്ത്)


www.malankaralibrary.com



മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യ ദിനത്തെ സാഹസിക യാത്രയുടെ വിവരണം ശ്രീ. കയ്യാലത്ത് കെ. വി. ഏബ്രഹാമിന്റെ കൈപ്പടയിൽ (അദ്ദേഹം യാത്രസംഘത്തിൽ ഒരുവനായിരുന്നു)




സഹോദരങ്ങളോടെന്നും സ്നേഹം
(അനുജൻ ശ്രീ. മത്തച്ചന് 21-8-1108 (ME)ൽ ജോസഫ് റമ്പാൻ എഴുതിയ കത്ത്)



DIOCESE OF TIRUVALLA

സഹായികളോട് ഉറ്റ സ്നേഹം
(മേളാംപറമ്പിൽ ശ്രീ. ഉമ്മച്ചന് അയച്ച ഒരു കത്ത് (20-1-1953)



DIOCESE OF TIRUVALLA

പദവികൾ വിനയപ്പെടുവാനിടയാക്കണം
(പടിഞ്ഞാറെമണ്ണിൽ കുറിയാക്കോസ് ശെമ്മാശന് തിരുമേനി എഴുതിയ കത്ത്)

## ചരിത്ര പുരുഷനെക്കുറിച്ച്
## മാധ്യമങ്ങൾ....



Established in 1887 No. 197 ... No. T 73 M 4160

# ദീപിക

പുസ്തകം 68 | കോട്ടയം 1954 ഏപ്രിൽ 22 വ്യാഴം | ലക്കം 94

## തിരുവല്ലായിൽ ജൂബിലിയാഘോഷവും മെത്രാഭിഷേകവും.

വെസ്റ്റേൻഡ് വാച്ചുകൾ

എപ്പോഴും മിതമായ വിലയ്ക്കു കിട്ടുന്നതാണ്

ഇ. ജെ. അഗസ്റ്റിൻ,

വാച്ചു ഡീലർ

വട്ടപ്പള്ളി, ചങ്ങനാശേരി

പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം

സെക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി

മാർ സെവേരിയോസ് തിരുവല്ലാരൂപതയുടെ ആർച്ചു ബിഷപ്പ് — ബിഷപ്പ് തിരുമേനി

ഒരു സായൂജ്യവേള – മാർ സേവേറിയോസ് തിരുമേനിയുടെ പൗരോഹിത്യ രജത ജൂബിലിയും പിൻഗാമിയായ മാർ അത്തനാസിയോസിന്റെ പട്ടാഭിഷേകവും.

www.malankaralibrary.com

KOTTAYAM & PALAI

ദീപിക

M. I. PAUL SONS & M
UMBRELLA MANUF
Post Office R
TRICHUR

കോട്ടയം, 1955 ജനുവരി 19 ബുധനാഴ്ച

പുസ്തകം 69

# മാർ സെവേറിയോസ് തിരുമേനി കാലം ചെയ്തു

## ഇന്നലെ വൈകുന്നേരം 7. 45-ന്

## സഹായമെത്രാൻ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെയും മറ്റും സാന്നിദ്ധ്യത്തിൽ

തിരുവല്ലാ, ജനുവരി 18

തിരുവല്ലാ രൂപതയുടെ ആർച്ചുബിഷപ്പ് ജോസഫ് മാർ സെവേറിയോസ് തിരുമേനി (ജനു. 18—ചൊവ്വാഴ്ച) വൈകുന്നേരം 7.45-ന് ...



1894 ഏപ്രിൽ 7-ാം ...

ചങ്ങനാശേരി മെത്രാൻ തിരുമനസ്സിലെ അറിയിപ്പ്

## മൂന്നു പ്രമേയങ്ങൾക്കുകൂടെ സ്റ്റീയറിംഗ് കമ്മിററി തയാറാക്കി

(പി. ററി. ഐ) ... ജനു. 18

ഇന്നലെ തയാറാക്കപ്പെട്ട ... ഇന്നു മൂന്നു പ്രമേയങ്ങൾകൂടെ ... സ്റ്റീയറിംഗ് കമ്മിററിയുടെ ജോലി ഇന്നുകൊണ്ടു അവസാനിച്ചിരിക്കുന്നു.

---

Established in 1887 No. 1

ദീപിക

S.H. Book Stall

കോട്ടയം, 1955

# അന്ത്യയാത്ര

## ...മാർ സെവേറിയോസ് ... കബറടക്കം ഇന്നു

മാർ അത്തനാസ്യോസ് തിരുമേനി



കാലം ചെയ്ത തിരുമേനി

അന്ത്യോപചാര പ്രകടനം

S.M. ജീവനക്കാർക്ക് കൈതാറി കാക്കി യൂനിഫോറം

കബറടക്കശ്ശുശ്രൂഷ

---

മദ്യത്തെപ്പററി കമ്മിററിയിൽ വാദങ്ങൾ

# പൊലിഞ്ഞുപോയ ദീപം





വിലാപയാത്രയുടെ ഒരു ഭാഗം

www.malankaralibrary.com


Reg. M. No. 2393

വില 2ണ

# സഭാദീപം

പുസ്തകം 28 | 1130 മകരം 13 ... 1955 ജനുവരി 26 | ലക്കം 23

## തിരുവല്ലാമെത്രാൻ മാർ സേവേരിയോസ് തിരുമേനി കാലംചെയ്തു



ജീവചരിത്രം

പ്രശസ്തമായ സേവനം

1955 ജനുവരി 19 ... 5

## തിരുവല്ലാ ആർച്ച്ബിഷപ്പ മാർ സേവേറിയോസ് തിരുമേനി കാലംചെയ്തു

ജീവചരിത്രം



### ഇന്നലെ (ചൊവ്വാ) രാത്രി 7 3/4 മണിക്ക്

#### കബറടക്കം വ്യാഴാഴ്ച രാവിലെ 8 മണിക്ക്

(സ്വന്തം ലേഖകൻ)

തിരുവല്ലാ ജനു. 18


7) ...

1955 മാർച്ച് 10-ാം തീയതി ...


www.malankaralibrary.com



"നാം ദൈവസുതന്മാരാകാൻ
ആയുഷ്ക്കാലത്തിൽ ചൊല്ലിത്തന്ന
താതരെ ഓർക്കേണം..."




കബറിടം



ദുഃഖാർത്തരായ ബന്ധുമിത്രാദികൾ

www.malankaralibrary.com

# പരിധിയും പരിമിതിയുമില്ലാത്ത ആത്മാർപ്പണം

എം. എം. സൈമൺ കോട്ടൂർ

## ജീവിതത്തിൽ

ആദ്യമായിട്ടാണ് ഒരു മെത്രാപ്പോലീത്തായുടെ സമക്ഷം പ്രത്യക്ഷപ്പെടുന്നത്. വളരെയേറെ സങ്കോചത്തോടും ഭയത്തോടുംകൂടിയാണ് തിരുമേനിയുടെ മുറിയിലേക്കു ഞാൻ കടന്നുചെന്നത്. ചങ്ങനാശേരി എസ്. ബി. കോളേജിൽ പ്രവേശനം ലഭിക്കുന്നതിന് സഹായകരമായ ശുപാർശ കത്തിനു വേണ്ടിയാണ് ചെന്നതെന്ന് ഞാൻ ഉണർത്തിച്ചു. "നീ ഏതാണ്?" എന്നൊരു മറുചോദ്യം. ആ സ്വര മാധുരിയിൽ എന്റെ ഭയമെല്ലാം അലിഞ്ഞില്ലാതായി. എന്റെ ഇടവകയുടെ പേരും പിതാവിന്റെ പേരും ഞാൻ പറഞ്ഞു. "ഇവിടെ വരുന്ന എല്ലാവർക്കും ഞാനെഴുത്തു കൊടുക്കും. അതുപോലെ നിനക്കു തന്നാൽ മതിയോ?" ഉത്തരം കാത്തുനില്ക്കാതെ അദ്ദേഹം തുടർന്നു: "ഉടൻ തന്നെ നീ ആശ്രമത്തിൽ ചെന്ന് അവിടെ നിന്നും S. B. കോളജിൽ പഠിക്കുന്ന തെയോഫിലോസ് അച്ചനെ വിളിച്ചുകൊണ്ടുവരൂ. ഞാൻ അച്ചനെ ചുമതലപ്പെടുത്തിവിടാം". ഞാൻ അപ്രകാരം ചെയ്തു. തിരുമേനി എഴുത്ത് തന്ന് തെയോഫിലോസച്ചനെ കാര്യം ചുമതലപ്പെടുത്തി ചങ്ങനാശേരിയിലേക്കയച്ചു. വെറും ഉപചാരത്തിനുവേണ്ടി മാത്രം 'പിതാവേ' എന്ന് സംബോധന ചെയ്ത എനിക്ക് അദ്ദേഹത്തിൽ ഒരു യഥാർത്ഥ പിതാവിന്റെ സ്നേഹവാത്സല്യങ്ങൾ ആഴത്തിൽ അനുഭവിച്ചറിയുവാൻ ഇടയായി.

അടുത്തിടപെടുന്ന ആർക്കും അദ്ദേഹത്തിന്റെ ഹൃദയവിശാലത വ്യക്തമാകുമായിരുന്നു. ഒരു അനുഭവം. ഞങ്ങൾ കുറെ ആൾക്കാർ കൂടി കോട്ടൂരിൽ ഒരു റോഡു വെട്ടാൻ ശ്രമിച്ചു. കോട്ടൂർ ചെറുപുഷ്പം ഇടവക പള്ളിയും ഏകദേശം 750 മീററർ ദൂരെയുള്ള ശവക്കോട്ടയും തമ്മിൽ ബന്ധിപ്പിക്കാൻ ഉപകരിക്കുന്ന ഒരു റോഡായിരുന്നു. റോഡു നിർമ്മാണത്തിന് വളരെയധികം പ്രതിസന്ധികൾ ഉയർന്നുവന്നു. റോഡു നിർമ്മാണത്തിന് ഞങ്ങൾ ഇടവകയിൽ നിന്നും ഒരു സംഭാവന അഭ്യർത്ഥിച്ചു. എന്നാൽ പൊതുയോഗം ഞങ്ങളുടെ അപേക്ഷ നിരസിച്ചു. (അന്ന് ഒരു പത്തു രൂപയാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്) നിരാശരാകാതെ ഞങ്ങൾ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ കണ്ട് അപേക്ഷ സമർപ്പിച്ചു. അദ്ദേഹം നൂറുരൂപ തന്ന് ഞങ്ങളെ അനുഗ്രഹിച്ചു. ഇത്ര വലിയ ഒരു തുക ലഭിച്ചതറിഞ്ഞ് നാട്ടുകാർക്കെല്ലാം സന്തോഷവും ഉത്സാഹവുമായി. റോഡുവെട്ടിനുണ്ടായിരുന്ന സകല പ്രതിബന്ധങ്ങളും അതോടുകൂടി മാറുകയും ചെയ്തു. അദ്ദേഹം അന്നുകാണിച്ച ഔദാര്യം കോട്ടൂർ പ്രദേശത്തിന്റെ വികസനത്തിന് വഴി തെളിച്ചു.

കാലങ്ങൾക്കുശേഷം അഭിവന്ദ്യ തിരുമേനിയുടെ ജന്മനാട്ടിൽ അദ്ധ്യാപകനായി ജോലി ചെയ്യുവാൻ അവസരം ലഭിച്ചു. അദ്ദേഹത്തിന്റെ സഹോദരർ ഉൾപ്പെടെ വാളക്കുഴി കുടുംബത്തിലെ പല വ്യക്തികളുമായും ഇടപെടുവാൻ ഇടയായി. അപ്പോൾ മാത്രമാണ് തിരുമേനിയിലെ വിശാലഹൃദയത്തിന്റെ ഉറവിടം മനസിലാക്കുവാൻ സാധിച്ചത്.

ഒരു സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോഴാണ് അദ്ദേഹത്തെ ഞാൻ ആദ്യമായി കാണുന്നത്. താബോർ മലയിൽവച്ച് മറുരൂപപ്പെട്ട യേശുവിന്റെ മുഖത്തെപ്പററിയുള്ള സുവിശേഷ വിവരണമാണ് അപ്പോൾ എന്റെ മനസിൽ കടന്നുവന്നത്. 'അവന്റെ മുഖം സൂര്യനെപ്പോലെ ജ്വലിച്ചു' (മത്തായി 17/2). 'എനിക്ക് ഒരു പുഞ്ചിരി സമ്മാനിക്കുവാനുണ്ട് കാരണം ഞാൻ എല്ലാം ഉപേക്ഷിച്ചവനാണ്' എന്നുള്ള ആർഷഭാരത സന്യാസിയുടെ വച

www.malankaralibrary.com

ക്കുകളും എൻെറ മനോമുകുരത്തിലെത്തി. ഒരിക്കൽ കണ്ടാൽ മറക്കാനാവാത്ത മുഖഭാവം. ഒരിക്കൽ ഇടപെട്ടാൽ മായാത്ത വ്യക്തിത്വം. വശ്യമായ ശബ്ദവും, ഹൃദ്യമായ വാക്കുകളും, ഇമ്പമുള്ള ഗാനങ്ങളും ഉച്ചഭാഷിണി വിരളമായിരുന്ന അക്കാലത്ത് ദേവാലയത്തിനകത്താകമാനം നിറഞ്ഞു നിന്നിരുന്നു. തിരുമേനി മദ്ബഹായിൽ നിന്നുകൊണ്ട് ദിവ്യബലി അർപ്പിക്കുമ്പോൾ 'കർത്താവിൻെറ മഹത്വം ആലയത്തിൽ നിറഞ്ഞു നില്ക്കുന്ന' (എസക്കി 43/5) അനുഭവമാണ് എനിക്കുണ്ടായിട്ടുള്ളത്.

തിരുമേനി രൂപതാഭരണം ഏറ്റെടുക്കുന്ന കാലം രൂപതയെ സംബന്ധിച്ച് അർദ്ധ അനാഥത്വകാലമായിരുന്നു. 'അജപാലനം' എന്ന സംജ്ഞക്ക് അധിക അർത്ഥമാനങ്ങളുള്ളതായി അധികമാർക്കും അറിവില്ലാത്ത കാലം. പള്ളിപണിയും, ആളുകളെചേർക്കലും, വേദപാഠം പഠിപ്പിക്കലും, കണക്കെഴുത്തും കൂദാശകളുടെ പരികർമ്മം സംബന്ധിച്ച പ്രായോഗിക നിയമങ്ങൾ നല്കലുമാണ് അജപാലനം എന്നു കരുതിയിരുന്ന കാലം. ദൈവം ഒന്നെന്നും, ഒന്നായ ദൈവം മൂന്നെന്നും മററുമുള്ള ഗണിതശാസ്ത്രസങ്കല്പങ്ങളിൽ ത്രിത്വരഹസ്യവും ഒരു വ്യക്തി രണ്ടു സ്വഭാവങ്ങൾ എന്നിങ്ങനെയുള്ള ഫോർമുലാകളിൽ ക്രിസ്തുവിജ്ഞാനീയവും ഉടക്കിക്കിടന്ന കാലം. 'പാസ്ററർ' എന്നോ 'പാസ്ററൽ കൗൺസിൽ' എന്നോ കേട്ടിട്ടില്ലാത്ത കാലം. ബൈബിളിൽ രണ്ടു പുരോഹിത പാരമ്പര്യങ്ങളുണ്ടെന്ന് അറിഞ്ഞിരുന്നു തിരുമേനി. ദേവാലയ പുരോഹിത പാരമ്പര്യവും വിമോചന പ്രവാചകപാരമ്പര്യവും. ആദ്യത്തേത് ദേവാലയങ്ങൾ ആരാധനാനുഷ്ഠാനങ്ങൾ ഇവയ്ക്ക് ഊന്നൽ നല്കുമ്പോൾ രണ്ടാമത്തേത് വിമോചനത്തിനും വിശുദ്ധീകരണത്തിനും പ്രാമുഖ്യം കല്പിക്കുന്നു. രണ്ടിലും അഭിവന്ദ്യ തിരുമേനി ശ്രദ്ധിച്ചിരുന്നു. രൂപതയിലാകമാനം പള്ളികളും പ്രാർത്ഥനാലയങ്ങളും സ്ഥാപിക്കുന്നതിൽ ജാഗരൂഗനായിരുന്നു. അതേ സമയം 'ആരാധന ദൈവത്തിനു സ്വീകാര്യമാകുവാൻ ജനങ്ങൾക്കു ആശ്വാസത്തിനും, വിമോചനത്തിനും വഴിയൊരുക്കി' (ഏശയ്യാ 62/10). തല്ഫലമായി രൂപതയിലുടനീളം അനേക വിദ്യാഭ്യാസ സ്ഥാപനങ്ങളും, അവികസിത പ്രദേശങ്ങളിലെ ദരിദ്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങളും അഭ്യസ്തവിദ്യർക്കു ധാരാളം തൊഴിലവസരങ്ങളും ലഭ്യമാക്കി. സുവിശേഷത്തിലെ യേശുവിൻെറ യഥാർത്ഥ മുഖം ജനസാമാന്യങ്ങൾക്കു കാട്ടിക്കൊടുക്കുവാൻ പ്രസിദ്ധീകരണങ്ങളും സുവിശേഷസംഘങ്ങളും രൂപീകരിച്ചു. അങ്ങനെ ആ പുണ്യചരിതൻെറ വിശ്രമരഹിതമായ ജീവിതവും ഉദാരവും ഉത്സാഹപൂർണ്ണവുമായ സ്വയാർപ്പണയും ദൈവത്തിനും ദൈവമക്കൾക്കും വേണ്ടി പരിധിയും പരിമിതിയുമില്ലാത്ത ആത്മാർപ്പണമായിരുന്നു. ▱

## പ്രാർത്ഥനാ മനുഷ്യൻ

"... അഭിവന്ദ്യ പിതാവിൻെറ (മാർ സേവേറിയോസ് തിരുമേനി) ജീവിത വിശുദ്ധിയും പ്രാർത്ഥനാ ജീവിതവും നേരിട്ടു കണ്ടറിയുന്നതിനു ഈ കാലങ്ങളിൽ നമുക്കു ധാരാളം സൗകര്യം ലഭിച്ചു രാത്രിയുടെ അന്ത്യയാമങ്ങളിൽ അരമന ചാപ്പലിൽ പരിശുദ്ധ കുർബാനയുടെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തു പ്രാർത്ഥിക്കുന്നത് യാദൃശ്ചികമായി ചിലപ്പോൾ നാം കണ്ടിട്ടുണ്ട് ...... അസാധാരണ ക്ഷമയും സ്നേഹവുമുള്ള ആ വന്ദ്യ ദേഹം മററുള്ളവർക്ക് ഒരു തരത്തിലും വിഷമം വരുത്താതിരിക്കുന്നതിനു എപ്പോഴും ശ്രമിച്ചിരുന്നു. തിരുമേനിക്കു നേരിട്ട വിഷമങ്ങളെല്ലാം പുറത്തറിയിക്കാതെ സഹിക്കുന്നതിനുള്ള അനന്യ സാധാരണമായ കഴിവ് അവിടുത്തേക്കുണ്ടായിരുന്നു ....... വന്ദ്യ പിതാവിനോടു കൂടുതൽ അടുത്തു ഇടപെടുന്തോറും കൂടുതൽ ഭക്ത്യാദരവുകളാണ് അവിടുത്തെ നേർക്കു നമുക്കുണ്ടായിക്കൊണ്ടിരുന്നത്. അദ്ദേഹം ദീനദയാലുവും കരുണാമൂർത്തിയുമായിരുന്നു.... " (സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ — സ്മരണകൾ പുറം 5-7)

www.malankaralibrary.com

# ആനിക്കാടിന്റെ അഭിമാനമായ
# അഭിവന്ദ്യ മാർ സേവേറിയോസ്

- ഫാ. സ്ക്കറിയാ വട്ടമറ്റം -

**ആനിക്കാട്** ഗ്രാമത്തിന് എന്നെന്നും അഭിമാനിക്കാനും ആത്മനിർവൃതിയടയാനും ഓർമ്മിക്കാനും ഓമനിക്കാനുമുള്ള ഒരെയൊരു പേര് — അഭിവന്ദ്യ മാർ സേവേറിയോസ്. തിരുവല്ലാ M. G. M സ്ക്കൂളിലെ അദ്ധ്യാപകനായിരുന്നപ്പോഴും പാതിക്കാട്ടിന്റെ പ്രഗത്ഭനായ വികാരിയായിരുന്നപ്പോഴും ബ്രഹ്മവാർ മിഷനറി ആയിരുന്നപ്പോഴും നിരണം ഭദ്രാസന മെത്രാനായിരുന്നപ്പോഴും തിരുവല്ലാ രൂപതയുടെ ഭരണസാരഥി ആയിരുന്നപ്പോഴും മാർ സേവേറിയോസ് മെത്രാപ്പോലീത്ത ആനിക്കാടിന്റെ ഓമനയായിരുന്നു–നാട്ടുകാരുടെ പ്രിയപ്പെട്ട 'അയ്പച്ചനാ'യിരുന്നു – കുടുംബപാരമ്പര്യ നിയമം ലംഘിച്ചു കിട്ടിയ മാമ്മോദീസാപ്പേര്. ഇന്നും ആനിക്കാട്ടെ തലമൂത്ത കാരണവന്മാർ അവരുടെ പ്രിയപ്പെട്ട അയ്പച്ചനേപ്പറ്റി പറയുമ്പോൾ വാചാലരാകുന്നു. 96 വയസ്സുള്ള പാലമറ്റത്തിലെ ഫിലിഫ് സാർ അവരിലൊരാളാണ്. വാർദ്ധക്യത്തിന് കീഴടങ്ങാത്ത ശരീരവും മനസ്സുമുള്ള ഫിലിഫ് സാർ അയ്പച്ചന്റെ ബാല്യകാലം മുതലുള്ള സംഭവങ്ങൾ ഇന്നും വ്യക്തമായി ഓർത്തിരിക്കുന്നു. പാതിക്കാട്ട് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തിയതും മല്ലപ്പള്ളി സി. എം. എസ്. സ്ക്കൂളിൽ ഇംഗ്ളീഷ് പഠനം നടത്തിയതും. 1909 മാർച്ചുമാസം 14-ാം തീയതി പാതിക്കാട്ട് യാക്കോബായ പള്ളിയിൽ കൂടിയ പൊതുയോഗം കേവലം 15 വയസ് മാത്രം പ്രായമുള്ള അയ്പച്ചനെ വൈദികസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു.

ശെമ്മാശനായിരിക്കുമ്പോൾ തന്റെ കുടുംബത്തോടുള്ള പ്രതിബദ്ധത അദ്ദേഹത്തിന്റെ വാക്കുകളിൽ ''ഇതുപോലെയുള്ള ഈ ബന്ധം എന്റെ കുടുംബത്തോടുമുണ്ട്...ഞാൻ കുടുംബത്തിന്റെ ഒരു പൊതു സ്വത്തായിരിക്കുന്നതല്ലയോ നല്ലതെന്ന് എനിക്ക് തോന്നീട്ടുണ്ട്...'' സന്തോഷകരമായ കുടുംബചുറ്റുപാടുകളിൽ നിന്നും വന്ന ശെമ്മാശൻ അവിവാഹിതനായി ജീവിക്കുവാൻ തീരുമാനമെടുക്കുന്നത് 'കുടുംബത്തിന്റേയും മാതൃ ഇടവകയുടേയും' പൊതുസ്വത്താകുന്നതിനുവേണ്ടിയായിരുന്നു. ടോംസ്റ്റോയിയുടെ പ്രസിദ്ധമായ നോവൻ 'അന്നാകരെനീനാ' ആരംഭിക്കുന്നത്-'' Happy families are alike; every unhappy family is unhappy in its own way''. Happy family യിൽ നിന്നും വന്നതുകൊണ്ടാണ് ഇങ്ങനെ ഒരു പ്രതിബദ്ധത, അദ്ദേഹത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന തീരുമാനത്തിൽ ഉണ്ടായതെന്ന് വാളക്കുഴി കുടുംബത്തിനും ആനിക്കാടിനും അഭിമാനിക്കാം.

ആനിക്കാടിന്റേയും പാതിക്കാട്ടിന്റേയും ചിരകാലാഭിലാഷം സാധിതപ്രായമായ സുദിനമായിരുന്നു 1929 ജനുവരി 8-ാം തീയതി. മാതൃമാതുലനായ, മലങ്കര മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി ജോസഫ് ശെമ്മാശനെ പൗരോഹിത്യ പദവിയിലേയ്ക്കുയർത്തി. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിലാണ് ജോസഫ് കശ്ശീശ്ശാ നവപൂജാർപ്പണം നടത്തിയതും സ്വന്തം ഇടവകയുടെ വികാരിയായി സ്ഥാനമേറ്റതും. മൂന്നു വർഷവും മൂന്നു മാസവും സ്വന്തം ഇടവകയിൽ വികാരിയായിരുന്ന് ആനിക്കാടിന്റെ ആദ്ധ്യാത്മിക നവോത്ഥാനത്തിന് അദ്ദേഹം ബീജാവാപം നടത്തി. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ ''ഒരിടവക പട്ടക്കാരന്റെ ജോലിയുടെ മാഹാത്മ്യവും ദൈവതിരുമുമ്പാകെ അവർക്കുള്ള ഭയങ്കരമായ ഉത്തരവാദിത്വവും'' യഥോചിതം അദ്ദേഹം മനസ്സിലാക്കി. ഈ കാലഘട്ടത്തിൽ, കത്തോലിക്കാ സഭയെ എതിർക്കുന്നതിനുവേണ്ടി, കത്തോലിക്കാ സഭയിലെ സുപ്രധാന ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചുതുടങ്ങി. എന്നാൽ അവഗാഹമായ ഈ പഠനം ആനിക്കാടിന്റെ ആദ്ധ്യാത്മിക പുരോഗതിക്ക് കാരണഭൂത

www.malankaralibrary.com

മായി എന്നതാണ് വാസ്തവം. യാക്കോബായ സഭയിൽ നില നിന്നിരുന്ന പല അനാചാരങ്ങ ളും സ്വന്തം ഇടവകയിൽനിന്നും തൂത്തുമാററി. ഉദാ. വാളക്കുഴി കുടുംബത്തിനും കയ്യാലത്ത് കുടുംബത്തിനും പ്രത്യേകം അവകാശപ്പെട്ടിരുന്ന ''മേമ്പൂട്ട് കൈസ്ഥാനം'' അദ്ദേഹം റദ്ദുചെയ്തു. കത്തോലിക്കാ സഭയിൽ നിലനിന്നിരുന്ന പല രീതികളും അദ്ദേഹം സ്വന്തം ഇടവകയിൽ പ്രയോഗത്തിൽ വരുത്തി. പ്രത്യേക ദിവസങ്ങളിൽ ഒന്നിലധികം വി. കുർബാന അർപ്പിക്കുന്ന പതിവ് യാക്കോബായാ സഭയിൽ ഇദം പ്രഥമമായി ഏർപ്പെടുത്തിയത് ജോസഫച്ചനായിരുന്നു. ആണ്ടുവട്ടത്തിൽ അനേകം പ്രാവശ്യം വി. കുർബാന സ്വീകരിക്കുന്നതിന് ജനങ്ങൾക്ക് ഉത്തേജനം നല്കി.

ജോസഫച്ചൻ 1932 ഏപ്രിൽ 17-ാം തീയതി റമ്പാൻ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും 1933 മെയ്മാസം 25-ാം തീയതി മാർ സേവേറിയോസ് എന്ന അഭിധാനത്തിൽ നിരണം മുതലായ ഇടവകകളുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. നാലരവർഷക്കാലം ഓർത്തഡോക്സ് സഭയിൽ ഭരണം നടത്തിയ സേവേറിയോസ് തിരുമേനി 1937 നവംബർ 29-ാം തീയതി തിരുവനന്തപുരത്തെത്തി മാർ ഈവാനിയോസ് തിരുമേനിയുടെ സന്നിധിയിൽ വച്ച് വിശ്വാസ പ്രതിജ്ഞ ചെയ്ത് കത്തോലിക്ക സഭയിൽ ചേർന്നു. തിരുവല്ലാ രൂപതയുടെ ഭരണസാരഥ്യം ഏറെറടുക്കുന്നതിന് മുൻപുതന്നെ ജന്മനാടായ ആനിക്കാട്ട് ഒരു ദേവാലയം സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങൾ തിരുമേനി ആരംഭിച്ചു. ദേവാലയ സ്ഥാപനത്തിന് സ്ഥലം വാങ്ങുകയും കയ്യാലത്ത് ശ്രീ. K. V. മാത്യുവിന്റെ പേരിൽ 1938 സെപ്തംബർ 18-ാം തീയതി ദേവാലയ നിർമ്മിതിക്കാവശ്യമായ സർക്കാരനുവാദത്തിന് അപേക്ഷ നല്കുകയും ചെയ്തു. 1938 ഡിസംബർ 25-ാം തീയതി താൽക്കാലികമായി നിർമ്മിച്ച ഷെഡിൽ സേവേറിയോസ് തിരുമേനി ബഹു. മാരേട്ടച്ചന്റെയും ബ. ചിററക്കാട്ടച്ചന്റെയും സഹകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് ആനിക്കാട് ബേത്ലഹേം കത്തോലിക്കാ ഇടവകയ്ക്ക് ആരംഭമിട്ടു. രണ്ടു മാസംകൊണ്ട് ചാപ്പലിന്റെയും വൈദിക മന്ദിരത്തിന്റെയും പണി പൂർത്തിയാക്കുകയും ദൈവാലയത്തിന് പ്രഥമ വികാരിയായി പണ്ഡിതനും ഊർജ്ജസ്വലനുമായ ബ. ഏബ്രഹാം OIC അച്ചനെ നിയമിക്കുകയും ചെയ്തു. അവിടുന്നങ്ങോട്ടുള്ള ആനിക്കാട് ഇടവകയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അഭിവന്ദ്യ തിരുമേനി അതീവ ശ്രദ്ധാലു ആയിരുന്നു. ഇടവകയുടെ ആത്മീയ വളർച്ചയ്ക്ക് നേതൃത്വം കൊടുക്കുന്നതിനു വേണ്ടി വിശുദ്ധരും മാതൃകാ ജീവിതം നയിക്കുന്നവരുമായ വികാരിമാരെ പ്രത്യേകം തിരഞ്ഞെടുത്ത് സ്വന്തം ഇടവകയ്ക്ക് തിരുമേനി നല്കി.

ഇന്ന് ആനിക്കാട്ട് സ്ഥിതി ചെയ്യുന്ന മനോഹര ദൈവാലയത്തിന് 1951 ഫെബ്രു. 2-ാം നു അഭിവന്ദ്യ തിരുമേനി ശിലാസ്ഥാപനം നടത്തി. ബ. കുര്യൻ കുന്നങ്കേരിക്കളം അച്ചൻ തുടങ്ങിവച്ച ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചത് പിന്നീട് വികാരിയും സെൻറ് മേരീസ് ഹൈസ്കൂളിന്റെ പ്രധാനാദ്ധ്യാപകനുമായി നിയമിതനായ ബഹു. ഫിലിപ്പ് ഇരട്ടമാക്കിലച്ചനാണ്.

ആനിക്കാടിന്റെ തിലകക്കുറിയായ പുതിയ ദൈവാലയത്തിന്റെ കൂദാശ കർമ്മം അഭിവന്ദ്യ തിരുമേനി 1954 ജനുവരി 11-ാം തീയതി നിർവ്വഹിച്ചു. അന്ന് ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പായിരുന്ന കാവുകാട്ട് തിരുമേനിയും ബനഡിക്ററ് മാർ ഗ്രിഗോറിയോസ് തിരുമേനിയും പ്രസ്തുത കർമ്മത്തിൽ സഹകാർമ്മികരായിരുന്നു. ജന്മനാട്ടിലെ പുതിയ ദൈവാലയത്തിന്റെ പൂർത്തീകരണം തിരുമേനിയുടെ ഒരു സ്വപ്ന സാക്ഷാത്ക്കാരമായിരുന്നു.

അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് ഇടവകജനങ്ങൾ തിരുവല്ലാ കത്തീഡ്രൽ ദൈവാലയത്തിലെത്തി വി. കുർബാനയിൽ സംബന്ധിക്കുകയും തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥനാനിരതരാവുകയും ചെയ്യുന്നു- ആനിക്കാടിന്റെ പുണ്യ പുരുഷന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതിനുവേണ്ടി. തങ്ങളുടെ പ്രിയപ്പെട്ട പിതാവിന്റെ അംശവസ്ത്രങ്ങൾ പൊതുദർശനത്തിനായി ആനിക്കാട്ട് ദൈവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു- ഒരു യുഗപ്രഭാവന്റെ മരിക്കാത്ത ഓർമ്മകളേയും പേറിക്കൊണ്ട്.

ജന്മനാടിനുവേണ്ടി അഭിവന്ദ്യ സേവേറിയോസ് തിരുമേ

www.malankaralibrary.com

നി, വിദ്യാഭ്യാസ മേഖലയിൽ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. നിശാപാഠശാലയിൽ വിദ്യാഭ്യാസം ആരംഭിച്ച് പാണ്ഡിത്യവും പദവിയും നേടി അമേരിക്കൻ നീഗ്രോകളുടെ അനിഷേധ്യ നേതാവായിത്തീർന്ന ബുക്കർ T. വാഷിംഗ്ടൺ തന്റെ നാടിനും വംശത്തിനും വേണ്ടി ചെയ്ത വിദ്യാഭ്യാസ സേവനങ്ങളുമായി സമസ്ക്കരു പദവി പുലർത്തുന്നവയായിരുന്നു പിതാവിന്റെ സേവനങ്ങളും. നിരക്ഷരരായ നീഗ്രോകളുടെ ഉന്നമനത്തിനു വേണ്ടി നിശാപാഠശാലകൾ ആരംഭിച്ച വാഷിംഗ്ടൺ എഴുതി. "My own experience in the night-school gave me faith in the night- school idea with which in after years I had to do both at Hampton and Tuskgee". മഹാനായ വാഷിംഗ്ടണെപ്പോലെ, അദ്ധ്യാപകനായിരുന്ന തിരുമേനിയും വിദ്യാഭ്യാസത്തിലൂടെ ലഭിക്കാവുന്ന നേട്ടങ്ങളെക്കുറിച്ച് ശരിക്കും ബോധവാനായിരുന്നു. തിരുവല്ലാ M. G. M. ഹൈസ്കൂൾ കണ്ട പ്രഗത്ഭരായ അദ്ധ്യാപകരിൽ ഒരാളായിരുന്നു അഭിവന്ദ്യ തിരുമേനി. ക്രാന്തദർശിയായ അദ്ദേഹം ആനിക്കാടിന്റെ അഭ്യുന്നതിക്കായി 1950ൽ സ്വന്തം നാട്ടിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. പിതാവ് സ്ഥാപിച്ചതായ ഈ സരസ്വതി ക്ഷേത്രം കഴിഞ്ഞ 44 വർഷമായി ഈ നാടിന്റെ ഭദ്രദീപമായി നിലകൊള്ളുന്നു.

നാടിന്റെ സമഗ്രമായ പുരോഗതിക്ക് വാർത്താവിനിമയ മാർഗ്ഗങ്ങളുടെ പ്രാധാന്യം അഭിവന്ദ്യ പിതാവ് മനസ്സിലാക്കിയിരുന്നു. പ്രഗത്ഭനായ ശ്രീ. C. P. മാത്തനുമായുണ്ടായിരുന്ന പിതാവിന്റെ സുഹൃത് ബന്ധമാണ് ആനിക്കാട്ട് തിരുകുടുംബ ദൈവാലയത്തിനടുത്ത് ഒരു പോസ്റ്റോഫീസ് അനുവദിച്ച് കിട്ടുവാൻ കാരണമായത്. നാട്ടുക്കാരുടെ ക്ഷേമത്തിൽ തല്പരനായ അഭിവന്ദ്യ പിതാവ് പള്ളിയുടെ കെട്ടിടം തന്നെ പോസ്റ്റോഫീസിന്റെ നടത്തിപ്പിനു വേണ്ടി വിട്ടുകൊടുത്തു ഇന്നും ആനിക്കാട്ട് പോസ്റ്റോഫീസ് പള്ളിവക കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു.

ആനിക്കാടിന്റെ ആത്മീകവും ഭൗതീകവുമായ പുരോഗതിക്ക് വേണ്ടി അഭിവന്ദ്യ സേവേറിയോസ് തിരുമേനി ചെയ്ത സേവനങ്ങൾ, ആനിക്കാടിന്റെ മക്കൾ നന്ദിനിറഞ്ഞ മനസ്സോടു കൂടി ഓർക്കുന്നു. ആനിക്കാട്ട് ഒരു കോളേജ് സ്ഥാപിക്കുക എന്നത് പിതാവിന്റെ ഒരു സ്വപ്നമായിരുന്നു. ആ സ്വപ്നം പൂവണിയുന്നതിനു മുൻപ് ആനിക്കാടിന്റെ അഭിമാനമായിരുന്ന അഭിവന്ദ്യ പിതാവ് നിത്യതയിലേക്ക് പറന്നു പോയി. അഭിവന്ദ്യ പിതാവിന്റെ ജന്മശതാബ്ദിയാഘോഷ വേളയിൽ അദ്ദേഹത്തിന് ജന്മം നല്കിയ ആനിക്കാട് ഗ്രാമം ഹർഷ പുളകിതയാകുന്നു.

"If you do not serve, you injure others,
If you do, you injure your self
Ignorance of this dilemma is the death of the soul,
Freedom from this dilemma is eternal life".
[Anthony De Mellow]

□

### ※ മഹത്തായ ഒരു ജീവിതം ※

"....അറുപതു വർഷം ഒമ്പതു മാസം പതിനൊന്നു ദിവസം ഈ ലോകവാസം ചെയ്ത മാർ സേവേറിയോസ് തിരുമേനി, പതിനഞ്ചു വർഷം പ്രാരംഭ വിദ്യാഭ്യാസത്തിനായും മററും സ്വഭവനത്തിൽ മാതാപിതാക്കന്മാരുടെ പരിലാളനയിൽ വളർത്തപ്പെട്ടതിന്റെ ശേഷം 19 വർഷം 9 മാസം ശെമ്മാശ്ശനായും, 3 വർഷം 3 മാസം വൈദികനായും, 1 വർഷം 1 മാസം റമ്പാനായും, 4 വർഷം 6 മാസം മെത്രനായും, ഇപ്രകാരം 28 വർഷം 7 മാസം യാക്കോബായ സുറിയാനി സഭയിലും, റോമൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിന്റെ ശേഷം ഒരു വർഷം സ്വസ്ഥ വൃത്തിയെടുത്ത് ശക്തി സംഭരിച്ചു. അനന്തരം 16 വർഷം 2 മാസം മെത്രാനായി റോമൻ കത്തോലിക്കാ സഭയിലും സേവനം അനുഷ്ഠിച്ചു".

(വി. ഒ. വറുഗീസ്, മല്ലപ്പള്ളി, വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ- ജീവചരിത്ര സംക്ഷേപം).

www.malankaralibrary.com

# അഭിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലീത്താ സ്നേഹനിധിയായ പിതാവ്, തീക്ഷ്ണമതിയായ ഇടയൻ

ഫാ. കുറിയാക്കോസ് പടിഞ്ഞാറേ മണ്ണിൽ

തിരുവല്ലാ രൂപതയുടെ രണ്ടാമത്തെ വൈദികാദ്ധ്യക്ഷനും ഏവർക്കും പ്രിയംകരനും രൂപതയെ 1938 മുതൽ 1950 വരെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് എന്ന നിലയിലും 1950 മുതൽ 1955 വരെ ബിഷപ്പ് എന്ന നിലയിലും പാലിച്ചു വളർത്തിയ മോസ്റ്റ് റവ. ജോസഫ് മാർ സെവേറിയോസ് മെത്രാപ്പോലീത്തായുടെ (വാളക്കുഴി. മല്ലപ്പള്ളി) ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ അദ്ദേഹത്തെ കണ്ടും അറിഞ്ഞും അനുഭവിച്ചതായ ചില മധുരസ്മരണകൾ അയവിറക്കുന്നതു് ഉചിതമെന്നു കരുതുന്നു.

1946 ജൂൺമാസത്തിൽ വന്ദ്യ തിരുമേനി, ചെറുപുഷ്പഗിരി ഇൻഫന്റു മേരീസ് മൈനർ സെമിനാരിയിൽ ഒരു വൈദികവിദ്യാർത്ഥിയായി എന്നെ സ്വീകരിച്ചതുമുതൽ എന്റെ വൈദികപരിശീലനകാലാന്ത്യംവരെ-1955 ജനു. 18-ാം തീയതി ഇന്നാടിനെ മുഴുവൻ ദു:ഖത്തിലാഴ്ത്തിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ അപ്രതീക്ഷിതമായി മറഞ്ഞതുവരെയുള്ള അനേകമനേകം സ്മരണകൾ വിസ്മരിക്കാനാവാത്തവിധം ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. വന്ദ്യപിതാവിന്റെ അകമഴിഞ്ഞ സ്നേഹം അന്നുണ്ടായിരുന്ന വൈദികരേയും സന്യാസീ സന്യാസിനികളേയും വൈദിക വിദ്യാർത്ഥികളേയും ദൈവജനത്തേയും ഹഠാദാകർഷിച്ചിരുന്നു. ഒരു പിതാവിന് തന്റെ മക്കളോടെന്നതിനെക്കാൾ നിർമ്മലവും വിശ്വസ്തവും പരിശുദ്ധവും ആദരണീയവുമായിരുന്നു വന്ദ്യപിതാവിന്റെ സ്നേഹം. അന്ന് വൈദികവിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെ പഠനത്തിലും പരിശീലനത്തിലും ആരാധനാ ജീവിതത്തിലും സ്വഭാവ സംസ്കരണത്തിലും ഏറ്റവും നിസ്സാരമെന്നു തോന്നാവുന്ന കാര്യങ്ങളിൽപ്പോലും അതീവ ശ്രദ്ധാലുവായിരുന്നു ആ സ്നേഹപിതാവ്.

ഞങ്ങളുടെ താമസവും പ്രാർത്ഥനയും വി. കുർബ്ബാനയും എല്ലാമെല്ലാം വന്ദ്യ പിതാവിനോടൊന്നിച്ചായിരുന്നു. വീടിനേയും മാതാ പിതാക്കളേയും സ്വജനങ്ങളേയുംവിട്ട് വൈദികവിളി സ്വീകരിച്ച് ഇറങ്ങിത്തിരിച്ചത് വന്ദ്യപിതാവിനോടുകൂടെയുള്ള നിരന്തര സഹവാസത്തിൽ ആസ്വാദ്യജനകവും ആനന്ദകരവുമായി അനുഭവപ്പെട്ടിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കാലഘട്ടമായിരുന്നതിനാലും രൂപതയുടെ ബാല്യദശയായിരുന്നതിനാലും സാമ്പത്തികമായി വളരെയധികം അവശത, ഭക്ഷണം, താമസം ഇവയിൽപോലും അനുഭവിക്കേണ്ടിവന്ന അന്നത്തെ വൈദിക വിദ്യാർത്ഥികൾക്ക് സൗകര്യങ്ങൾ പരിമിതമായ ഒരു കുരയ്ക്കുള്ളിലുള്ള വാസം, ഇന്നത്തെ നിലയിൽ താരതമ്യേന ആയാസകരമായിരുന്നെങ്കിലും രുചിയുള്ളതായി അനുഭവപ്പെട്ടത് വന്ദ്യ സേവേരിയോസ് പിതാവിന്റെ വാൽസല്യം തുളുമ്പുന്ന പെരുമാറ്റവും മാതൃകയും മൂലമായിരുന്നു.

ഇന്നത്തെ പുഷ്പഗിരി ആശുപത്രിയുടെ അടുത്തുള്ള രണ്ടുനിലക്കെട്ടിടമായിരുന്നു അന്ന് അരമനയും ആഫീസും ഭക്ഷണശാലയുമെല്ലാം. അതിനു തൊട്ടടുത്തു കിഴക്കുഭാഗത്തുള്ള രണ്ടു മുറിയും ഒരു ചരിപ്പുമായിരുന്നു മൈനർ സെമിനാരി, വലിയ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പടിഞ്ഞാറുഭാഗത്ത് വന്ദ്യപിതാവിന്റെ മുറിയും വരാന്തയുമുൾപ്പെടെയുള്ള കിഴക്കുഭാഗം ചാപ്പലും അതിനിടയിൽ പരിമിതമായ സൗകര്യങ്ങളുള്ള ഒരു പാർലറും താഴെ നടുവിൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ മുറിയും മോൺ. മാത്യു നെടുങ്ങാട്ടിന്റെ മേൽനോട്ടത്തിൽ അരമന ആഫീസുകളുമെല്ലാമായി ഉപയോഗിച്ചിരുന്നു. രണ്ടു ബാച്ചിലായി മൂന്നു വൈദിക വിദ്യാർത്ഥികളും വേറെ ചുരുക്കം വൈദികാർത്ഥികളും ഉൾപ്പെട്ടതായി

www.malankaralibrary.com

രുന്ന അന്നത്തെ ഞങ്ങളുടെ മൈനർ സെമിനാരി. കുർമ്മബുദ്ധിയായിരുന്ന ബ. ജോസഫ് നിലപ്പനയച്ചൻ റെക്ടർ. സുറിയാനി മല്പാൻ ബ. തോമസ് മൂലമണ്ണിലച്ചൻ. വന്ദ്യ പിതാവ് അരമനയിലുള്ളപ്പോൾ ഞങ്ങളുടെകൂടെ വന്ന് വോളീബോൾ കളിക്കാനമെല്ലാം കൂട്ടമായിരുന്നു. തിരുമൂലബഥനി മഠത്തിൽ നിന്നും വൈദികരേയും വൈദികവിദ്യാർത്ഥികളേയും അളവററവിധം സ്നേഹിച്ചിരുന്ന അന്നത്തെ ബഥനിയിലെ മദർ ഹൂബാ വിശേഷ ദിവസങ്ങളിൽ വന്ദ്യപിതാവിനും ഞങ്ങൾക്കും വേണ്ടി കൊടുത്തയച്ചിരുന്ന വട്ടേപ്പവും കേക്കമെല്ലാം ഞങ്ങൾ ചാപ്പലിൽ നിന്നും പ്രാർത്ഥിച്ചിറങ്ങുന്ന സമയത്ത് ഞങ്ങളെ വന്ദ്യപിതാവ് വാൽസല്യത്തോടെ വിളിച്ച് മുറിച്ചുതന്നു തീററിക്കുന്ന പിതൃസഹജമായ സ്നേഹം അനുഭവിച്ചറിഞ്ഞവർ മറക്കുകയില്ല. ആരാധനാ വേളകളിൽ തെററു വരുത്തിയാൽ പിന്നീട് മുറിയിൽ വിളിച്ച് തിരുത്തിത്തരുന്ന രീതി എത്രയോ ഹൃദ്യമായിരുന്നു. വഴക്കപറഞ്ഞു് തിരുത്താനാണോ മഠത്തിൽ നിന്ന് കൊണ്ടുവന്ന അപ്പം മുറിച്ചുതരാനാണോ വിളിക്കുന്നതെന്ന് സംശയിച്ച് ചിലപ്പോൾ ഞങ്ങൾ സന്ദേഹിച്ചു നിന്നിട്ടുണ്ട്.

നിങ്ങളിൽ ആരാണ് ഏറ്റം വലിയ കൊതിയൻ എന്ന് പുഞ്ചിരിച്ചുകൊണ്ട് ചോദിച്ച് തന്നത്താൻ മുറിച്ച ഞങ്ങളുടെ കൈകളിലേല്പിച്ചിരുന്ന ഭക്ഷണസാധനങ്ങളുടെ രുചി ഇപ്പോഴും നാവിലൂറുന്നു. ഹൃദയത്തിൽ ആനന്ദം പകരുന്നു. തിരുത്തേണ്ടവ പറഞ്ഞു് ദേഷ്യത്തോടെ തിരുത്തുന്നതും സൗന്ദര്യം തുളുമ്പുന്ന ചിരിയോടെയായിരുന്നു. പള്ളികളിൽ വി. കുർബ്ബാനയ്ക്കു പോകുമ്പോഴും സുവിശേഷയോഗങ്ങൾക്കായി മിഷൻ പ്രദേശങ്ങളിൽ പോകുമ്പോഴും വിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വന്ദ്യപിതാവു് എത്രയോ ശ്രദ്ധാലുവായിരുന്നുവെന്ന് ഓർത്തുപോകയാണ്. ദീർഘയാത്രയിൽ കാറിലിരുന്നുകൊണ്ട് ഓറഞ്ചുപൊളിച്ച് കുഞ്ഞുമക്കളെന്നപോലെ വൈദികവിദ്യാർത്ഥികളായ ഞങ്ങൾക്കും പകുവയ്ക്കുന്ന ആ അനുഭവം ഒരിക്കലും ഹൃദയംനിറഞ്ഞ സ്നേഹത്തോടെയല്ലാതെ ഓർക്കാൻ വയ്യാ. ഞങ്ങളെക്കാൾ കൂടിയ സുഖസൗകര്യങ്ങളൊന്നും വന്ദ്യപിതാവിനുണ്ടായിരുന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ഇല്ലായ്മയിൽ സന്തോഷിക്കാനും ഞങ്ങളെ വന്ദ്യപിതാവ് പഠിപ്പിച്ചു. സ്നേഹം നിറഞ്ഞ പിതാവ് എന്ന പേരിന് തികച്ചും അർഹനായിരുന്ന സേവേറിയോസ് തിരുമേനി, വൈദികവിദ്യാർത്ഥിയായി മൈനർ സെമിനാരിയിലും മേജർ സെമ്മിനാരിയിലും പഠിച്ച കാലങ്ങൾ മുഴവൻ വന്ദ്യപിതാവിന്റെ സ്നേഹപൂർവ്വകമായ പരിപാലനയുടെ അനേകം അനുഭവങ്ങൾ ഈ ലേഖകനുണ്ടായിട്ടുണ്ട്. അന്നത്തെ സെമിനാരി ജീവിതത്തിൽ മേജർ സെമിനാരിയിൽ (ആലുവാ മംഗലപ്പുഴ) പ്രവേശിക്കുന്നതു് ജൂൺമാസത്തിലാണ്. വൈദികവസ്ത്രധാരണകർമ്മം ജൂലൈ 16 കർമ്മലമാതാവിന്റെ തിരുനാളിലുമാണ്. മഹായുദ്ധത്തിനുശേഷമുള്ള ആ സാഹചര്യത്തിൽ കുപ്പായത്തിനുള്ള നല്ല തുണികളൊന്നും കിട്ടുമായിരുന്നില്ല. കട്ടി വളരെയുള്ള Drill തുണിയോ ബ്ലീച്ച് ചെയ്യിട്ടില്ലാത്ത കോറത്തുണി വാങ്ങി അലക്കി വെളുപ്പിച്ച് എടുത്തോ, വേണമായിരുന്നു, അന്നു പുതിയതായി കുപ്പായം ഇടുന്നവർ കുപ്പായം തയ്പ്പിക്കേണ്ടത്. ഇതൊരു ബുദ്ധിമുട്ടും അഭംഗിയുമായിരുന്നുവെങ്കിലും വേറെ നിർവ്വാഹമില്ലായിരുന്നു. ഇവിടെയെങ്ങും കിട്ടാത്ത തുണിത്തരം എവിടെപ്പോയി ഞങ്ങൾക്കായി കരുതാനാണ് അഭിവന്ദ്യ സേവേറിയോസ് പിതാവ് അക്കാലത്തു് മദ്രാസിൽ ദിവ്യ കാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കാൻ പോയി തിരിച്ചെത്തിയപ്പോൾ അവിടെ നിന്നും മറക്കാതെ ഓർത്തു വാങ്ങിയ ഒരു കുത്തു് M. S എന്നു അറിയപ്പെടുന്ന തുണി എനിക്കു വാങ്ങികൊണ്ടുവന്നു തന്നതു് ഞാൻ എന്നും കുപ്പായം ഇടുമ്പോഴൊക്കെ സ്മരിക്കാറുണ്ട്. ആ ഒരു കുത്തു M. S. തുണി അഞ്ചു കുപ്പായത്തിനു ഉപകരിച്ചു. ആ ബാച്ചിൽ ഞാൻ മാത്രം ഉണ്ടായിരുന്നതുകൊണ്ട് തിരുമേനിയുടെ സന്മനസ്സിന്റെ ഭാഗ്യം എനിക്കാണ് ലഭിച്ചതു്. പഠനകാലമത്രയും ഞങ്ങളുടെ ഏററം ചെറിയ കാര്യങ്ങളിൽപ്പോലും സ്നേഹനിധിയായ പിതാവു് ശ്രദ്ധാലുവായിരുന്നു. 1955–മാർച്ചുമാസം 19–ാം തീയതി വി. യൗസേഫിന്റെ തിരുനാൾ (വന്ദ്യപിതാവിന്റെ നാമകാരണവിശുദ്ധൻ) ദിവസം എനിക്കു വൈദികപട്ടം നൽകാൻ അതിനു മുമ്പുള്ള ക്രിസ്തുമസ്സ് അവധിക്കാലത്തു് തീരുമാനിച്ച് എന്നെ വിളിച്ചുപറഞ്ഞു തീയതിയും സമയവും സ്ഥലവുമൊക്കെ. അവധികഴിഞ്ഞു് സെമിനാരിയിൽ പോകാൻ നേരം മുറിയിൽ വിളിച്ചുകയററി പട്ടത്തിന്റെ കുറി അടിക്കാൻ എന്നു പറഞ്ഞു് 100 രൂപ പോക്കററിൽ നിന്നും എന്നെ ഏല്പിച്ചതു് അത്ഭുതത്തോടെയാണ് ഞാൻ സ്നേഹപൂർവ്വം കൈപ്പററിയതു്. കാരണം അന്നത്തെ

www.malankaralibrary.com

100 രൂപ ഇന്നത്തെ പതിനായിരത്തിന്റെ വിലയുള്ളതായിരുന്നു. അന്നു ഒരു വൈദികനു് പ്രതിമാസം 100 രൂപ കിട്ടിയിരുന്നില്ല ശമ്പളമായി എന്നോർക്കുമ്പോഴാണു് ആ സ്നേഹദാനത്തിന്റെ വലിപ്പവും വിലയും ഓർക്കുന്നതു് 1955 ജനുവരിമാസം 17-ാംതീയതി രാത്രി വളരെ വൈകി മംഗലപ്പുഴ സെമിനാരിയുടെ അന്നത്തെ റെക്ടർ പെ. ബ. ഔറേലിയസു് ഒ. സി. ഡി. ഞാൻ അന്നു് അവിടെയുള്ള ശെമ്മാശ്ശന്മാരിൽ മൂത്തയാൾ ആയിരുന്നതുകൊണ്ടു് വിവരം തിട്ടപ്പെടാത്തതുകൊണ്ടു് എന്നോടുമാത്രം 'പരസ്യമാക്കേണ്ടാ സൂക്ഷ്മമായി വിവരം അറിയട്ടെ' എന്നുള്ള മുഖവുരയോടെ മാർ സേവേറിയോസ് കാലം ചെയ്തുവെന്നൊരു സ്ഥിരീകരിക്കാത്ത ദുഃഖവാർത്ത അറിയിച്ചു. ഞാൻ അന്നു രാത്രി ഉറങ്ങിയില്ല. വെളുപ്പിനു് കമ്മ്യൂണിറ്റി മുഴുവൻ പള്ളിയിൽ ധ്യാനത്തിനും വി. കുർബാനക്കുമായി വന്ന സമയം ബ. റെക്ടറച്ചൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. വിവരം പരസ്യമായി എല്ലാവരേയും വിളിച്ചറിയിച്ചു് സ്ഥിരീകരിച്ചു. അന്നു സെമിനാരി ചാപ്പലിൽ മലങ്കര സഭയിൽ നിന്നുള്ള 25-ലധികം ശെമ്മാശന്മാരുണ്ടായിരുന്നു. പെട്ടന്നനവേ കേട്ട ഈ ദുഃഖവാർത്തയുടെ ആഘാതത്തിൽ സ്വന്തം പിതാവു മരിച്ചാലെന്നപോലെ എല്ലാവരും ഉച്ചത്തിൽ വാവിട്ടു കരഞ്ഞുപോയി. മററു രൂപതകളിലെ ശെമ്മാശന്മാർക്കു ഇതു മനസിലാക്കാൻ കഴിഞ്ഞില്ല. കാരണം വന്ദ്യ സേവേറിയോസ് തിരുമേനിയുടെ സ്നേഹത്തിന്റെ അളവു് ഞങ്ങൾക്കാണു് കൂടുതലായി മുഴുവനായി അറിയാമായിരുന്നതു്. ഒരു രൂപതാദ്ധ്യക്ഷൻഎന്നതിലുപരി സ്വന്ത പിതാവു് മരിച്ചപോലെയുള്ള വേദനയായിരുന്നു രൂപതയ്ക്കുവേണ്ടി അവിടെ പഠിച്ചിരുന്ന വൈദിക വിദ്യാർത്ഥികൾക്കുണ്ടായതായ ആഘാതവും വേദനയും ദുഃഖഭാരവും. അതിരാവിലെ സെമിനാരിയിൽ നിന്നും ഞങ്ങളെല്ലാം യാത്ര തിരിച്ചു തിരുവല്ലായ്ക്കു്. വന്ദ്യ പിതാവിന്റെ മൃതശരീരം കാണാനും സംസ്കാരത്തിൽ സംബന്ധിക്കാനും തിരുവല്ലാ പട്ടണം കണ്ടിട്ടുള്ളതിൽ വലിയ ഒരു ജനക്കൂട്ടം ദുഃഖാർത്തരായ ജനങ്ങളുടെ കണ്ണുകളിൽ നിന്നും അണ പൊട്ടിയ വിധം ധാര ധാരയായി ഒഴുകിയ കണ്ണുനീരുകൊണ്ടു് പട്ടണത്തിലെ ഓരോ മണൽത്തരിയും നനഞ്ഞു കുതിർന്നു. വിലാപ യാത്രയും ശവസംസ്കാരവും ഏവരേയും കരളലിയിക്കുന്നതായിരുന്നു. ഇത്രയുമൊക്കെ എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു് മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടു് ജാതിമതഭേദമെന്നിയെ ജനസമൂഹം കാണിച്ച സ്നേഹം അദ്ദേഹത്തിന്റെ ഹൃദയം കവരുന്ന സ്നേഹത്തിന്റെ ഒരു പ്രകാശനമായിരുന്നുവെന്നു പറയാനാണു്. സ്നേഹനിധിയായ ആ പിതാവു് അന്നു ശാരീരികമായി ഇഹലോകവാസം വെടിഞ്ഞെങ്കിലും ഇന്നും ജനഹൃദയങ്ങളിൽ ഒരു സ്നേഹസ്തംഭമായി നിലകൊള്ളുന്നുവെന്നു് അനുഭവങ്ങൾ നിരത്തി അറിയിക്കാനാണു്. മാർ സേവേറിയോസ് പിതാവു് ഇന്നും നമ്മിൽ ജീവിക്കുന്നു. നിത്യം ജീവിക്കട്ടെ.

ഇനിയും വന്ദ്യ സേവേറിയോസ് പിതാവിന്റെ ഇടയനടുത്ത തീക്ഷ്ണതയെപ്പററിക്കൂടി രണ്ടു വാക്കു്. വിശ്രമമില്ലാതെ അദ്ദേഹം ജീവിതാന്ത്യംവരെ ഓടി. ഓട്ടത്തിനിടയ്ക്കു തന്നെ ഈ ലോകത്തോടു ശാരീരികമായി വിട പറഞ്ഞു. യാക്കോബായ സഭയിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും ആ സഭയിൽ വച്ചു് കാണിച്ച തീക്ഷ്ണതയെ വെല്ലുന്നതായിരുന്നു കത്തോലിക്കാ സഭാപ്രവേശനത്തിനുശേഷമുള്ള പ്രവർത്തനശൈലി. കത്തോലിക്കാ സഭാപ്രവേശനത്തിനുശേഷം പള്ളികൾ, സ്കൂളുകൾ മററു സ്ഥാപനങ്ങൾ ഇവ യാതൊരു സുഖവുമന്വേഷിക്കാതെ പട്ടിണി കിടന്നും അരിഷ്ടിച്ചുമുണ്ടാക്കിയ പണം ചെലവാക്കി പടുത്തുയർത്തി, എത്രയോപേരേ സഭാമക്കളാക്കിത്തീർത്തു. എത്രയോസ്ഥലങ്ങളിൽ സുവിശേഷഘോഷണം നടത്തി. ഒരു ക്രിസ്ത്യാനിക്കു് ഒരു മിഷനറിയാവാതിരിക്കാൻ സാദ്ധ്യമല്ല എന്നു് അവിടുന്നു പരസ്യമായി പ്രഖ്യാപിച്ചു. കത്തോലിക്കാ സാക്ഷ്യസംഘം (ഗിൽഡു്) എന്ന പ്രസ്ഥാനത്തിൽപ്പെട്ട അത്മായരും പ്രഗത്ഭരും പണ്ഡിതരും വിശുദ്ധരുമായ ഒരു വൈദിക ഗണവും തീക്ഷ്ണതയോടും ഈ രംഗത്തു് ആ വന്ദ്യ പിതാവിനോടൊത്തു പ്രവർത്തിച്ചിരുന്നു.

സുപ്രസിദ്ധ പണ്ഡിതന്മാരും പ്രശസ്തരുമായ വെരി റവ. ഡോ. പ്ലാസിഡ് C. M. I. (അന്നു് T. O. C. D.) മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി, Mgr. തോമസ് വടശ്ശേരി, Mgr. ജോൺ കച്ചിറമററം ഇവരെല്ലാം സുവിശേഷപ്രഘോഷണത്തിന്റെ മുൻ നിരയിലുണ്ടായിരുന്നു. അന്നു സഭയെ നഖശിഖാന്തം എതിർത്തിരുന്നവർക്കു് ഇവരെല്ലാം ഉരുളക്കുപ്പേരി എന്ന നിലയിൽ വാദമുഖങ്ങളെല്ലാം ഖണ്ഡിച്ചു പ്രഘോഷണം നടത്തിക്കൊണ്ടിരുന്നു. അന്നത്തെ ഒരു ചെറിയ സംഭവം

www.malankaralibrary.com

ഞാൻ ഓർത്തു പോകയാണ്, മാർ സേവേറിയോസ് ശൗലിൻെറ നിലയിൽനിന്നു് പൗലൂസായ അനുഭവം എടുത്തു കാട്ടാൻ. ഞാൻ ഒരു U. P. School വിദ്യാർത്ഥിയായി കത്തോലിക്കാ സഭാംഗമായി പുതുശ്ശേരി M. G. D. ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ പഠിക്കുന്ന കാലം. ഓർത്തഡോക്സ് സഭവക ആ സ്കൂളിൽ ആനിവേഴ്സറിക്ക് അദ്ധ്യക്ഷം വഹിക്കാൻ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന സേവേറിയോസ് മെത്രാപ്പോലീത്താ ക്ഷണിക്കപ്പെട്ടിരുന്നു.

സ്റ്റേജിൽ ഒരു കലാവിരുത് അദ്ദേഹം പ്രദർശിപ്പിച്ചു. അക്കാലം ആരർക്കുന്നംകാരൻ കെ. ററി. സ്കറിയാ ശെമ്മാശ്ശനേയും കൂട്ടികൊണ്ട് റോമ്മാ സഭക്കെതിരായി സേവേരിയോസ് മെത്രാപ്പോലീത്താ പ്രചരണം നടത്തുന്ന കാലമായിരുന്നു. ഒരു മേശയെടുത്തു തിരിച്ചിട്ട് മേശയുടെ കാലു നാലും മുകളിലാക്കി ഒരു ഷീററ മുകളിൽ വിരിച്ച് മൂടി ഒരു പ്ലേററിട്ടു മുകളിൽ കറക്കി ഗ്രാമഫോൺ അഥവാ സ്വനഗ്രാഹിയെന്നവിധം ഒരു വിദഗ്ദ്ധനായ കുട്ടിയെ ഷീററിനടിയിൽ മേശയ്ക്കുള്ളിൽ പിടിച്ചിരുത്തി കെ. റ്റി. സ്കറിയാ ശെമ്മാശ്ശൻെറ പ്രസംഗം 'റോമാ സഭയെ നിനക്കു രക്ഷയില്ല, നിനക്കു സുല്ല്', നിൻെറ പഠിപ്പിക്കൽ തെററ്, നിൻെറ സഭ സുല്ല്', നിങ്ങൾ തുപ്പൽതൊട്ട് മൂറോൻ നല്കുന്നവരാണ്', എൻസൈക്ലോപീഡിയായിൽ റോമാമാസഭയിൽ ഒരു പെൺപാപ്പാ, ഭരിച്ചുവെന്നുണ്ട്'' ഇത്യാദിവാഗ് ധോരണിയോടെ ദിഗന്തം പൊട്ടുമാറ് വിളിച്ചു പറയിപ്പിച്ചു. എന്നിട്ട് തിരുമേനിയും മററു ശ്രോതാക്കളും പ്രോൽസാഹിപ്പിച്ചുകൊണ്ട് കരഘോഷം. ഈ സംഭവം വന്ദ്യ തിരുമേനി തിരുവല്ലാ രൂപതാദ്ധ്യക്ഷനായശേഷം എന്നെ അഞ്ചാംപട്ടം തരാൻ (ഹൈവുസ് ദിക്കനോ പട്ടം) ഒരുക്കുന്ന വേളയിൽഞാൻ തിരുമേനിയെ കേൾപ്പിച്ചു അപ്പോൾ എന്നോട്, എൻെറ മോനെ, അന്നു് ഞാൻ ആ അറിവിൽ സുവിശ്വാസത്തോടെ(Bona fide) ചെയ്തതാണ്. ഇന്നു് ഞാനതിനെല്ലാം പരിഹാരം ചെയ്തു് പ്രാർത്ഥനയോടെ സത്യം ബോധ്യപ്പെട്ടപ്പോൾ അതീവ ശുഷ്ക്കാന്തിയോടു് പ്രവർത്തിക്കുന്നു എന്നു പറയുകയുണ്ടായി. പൗലൂസായി മാറിയ ശൗലിനെപ്പോലെ കത്തോലിക്കാസഭാ ജീവിതകാലമത്രയും തീക്ഷ്ണനായ ഒരിടയനായി അദ്ദേഹം കഴിച്ചുകൂട്ടി. ഓട്ടത്തിനിടയ്ക്കു പിതൃസന്നിധിയിലേക്കു പറന്നുപോയി.

പ്രാർത്ഥിക്കാൻ പുസ്തകങ്ങളിൽ നിന്നല്ല ഹൃദയം തുറന്നുള്ള ഇടപെടലുകളും സജീവമാതൃകകളും വഴിയായിരുന്നു വന്ദ്യപിതാവു് പഠിപ്പിച്ചതു് ആരാധനക്രമങ്ങളിലുള്ള തീക്ഷ്ണത സ്വർഗ്ഗീയാനുഭൂതികളിലേക്കു് പറന്നുയർന്നു് ദൈവസ്നേഹത്തിൽ നിർലീനനായി അനുകരിക്കാൻ പഠിപ്പിച്ചുകൊണ്ടായിരുന്നു. ഭരണകർത്താവെന്നുള്ളതിനെക്കാൾ ഒരു ഇടയനും വാൽസല്യം പങ്കുവയ്ക്കുന്ന പിതാവുമായിരുന്നു അദ്ദേഹം. ഒരു ആത്മീയ ഇടയൻെറ സവ്വസത്തയും പ്രകടമാവുന്നതു് സ്നേഹംമൂലം ഹൃദയം കവരുമ്പോഴാണല്ലോ.

സ്വന്തം വൈദികസ്ഥാനത്തെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവൻ മററുള്ളവരേയും ബഹുമാനിക്കുയും ആദരിക്കുകയും ചെയ്യുമെന്ന് വന്ദ്യപിതാവു പറയാറുണ്ട്. തിരുപ്പട്ടം കിട്ടിയ ഒരാളെപ്പോലും പേരുമാത്രം വിളിച്ചോ വീട്ടുപേരു മാത്രം ചൊല്ലിയോ വന്ദ്യപിതാവു് അഭിസംബോധന ചെയ്യുമായിരുന്നില്ല. ചെറിയ പട്ടങ്ങൾ (Minor Orders) ലഭിച്ചവരെപ്പോലും ശെമ്മാശ്ശാ എന്നു മാത്രമേ അഭിസംബോധന ചെയ്യുമായിരുന്നുള്ളു.

1953-ൽ പൗരസ്ത്യ സഭകളുടെ അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാങ്ങ് കേരളത്തിലെ പൗരസ്ത്യസഭകളിൽപ്പെട്ട രൂപതകൾ സന്ദർശിച്ചപ്പോൾ അഭിവന്ദ്യ സേവേറിയോസ് തിരുമേനിയോടൊത്തു് തിരുവല്ലാ രൂപതയിലെ പല പള്ളികളും സ്ഥാപനങ്ങളും സന്ദർശിച്ചു. അദ്ദേഹത്തിനു് നമ്മുടെ പിതാവായിരുന്ന മാർ സേവേരിയോസ് മെത്രാപ്പോലീത്തായോടുള്ള പ്രത്യേക വാത്സല്യത്തിന്റെ ഒരു പ്രത്യക്ഷ പ്രകടനമാണ് റോമിലെ പൗരസ്ത്യ സഭകൾക്കായുള്ള പൊന്തിഫിക്കൽ കോളേജിൽ (Oriental Institute for Oriental Studies, near Basilica, Maria Maggiore) ലോകമാസകലം ധാരാളം പൗരസ്ത്യ സഭാമേലദ്ധ്യക്ഷന്മാരുണ്ടെങ്കിലും അഭിവന്ദ്യ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മാത്രം ഒരു ഫോട്ടോ അവിടെ കർദ്ദിനാൾ തിരുമേനി കേരള പര്യടനം കഴിഞ്ഞു് തിരിച്ചെത്തിയപ്പോൾ സ്ഥാപിച്ചിട്ടുള്ളതു്. (Rome-ൽ പഠിക്കുന്ന കാലത്തു് ഈ വസ്തുത ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്)

അത്യുന്നത കർദ്ദിനാൾ ടിസറാങ്ങ് തിരുമനസ്സുകൊണ്ട് കേരളത്തിൽ സന്ദർശനം നടത്തിയ 1953-ലാണ് മംഗലപ്പുഴ സെമിനാരിയിൽവച്ച് അന്നത്തെ നവവൈദികരാകാനുള്ളവർക്കും പൂർണ്ണ ശെമ്മാശ്ശന്മാരാകാനുള്ളവർക്കും (New priests & Deacons) കർദ്ദിനാൾ തിരുമനസ്സിലെ തൃക്കയ്യാൽ പട്ടം സ്വീകരിക്കാനുള്ള അസുലഭ ഭാഗ്യമുണ്ടായതു്. അന്നു്

www.malankaralibrary.com

വൈദികനായി ബ. വറുഗീസ് കിളിച്ചിമല ശെമ്മാശനും ഡീക്കനായി ഈ ലേഖകനും അദ്ദേഹത്തിൽനിന്നും പട്ടം സ്വീകരിക്കയുണ്ടായി. അന്ന് തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മോസ്റ്റ് റവ. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ മേരിഗിരി അരമനയിൽനിന്നും 2—12—1953-ൽ സ്വന്തം കൈപ്പടയിൽ ഈ ലേഖകന്റെ പേരിൽ അയച്ചുതന്ന കത്ത് ഞാൻ ഇന്നും പൂജ്യമായി സൂക്ഷിക്കുന്നു. വന്ദ്യപിതാവിന്റെ വാത്സല്യാതിരേകത്തിന്റേയും വൈദികരോടും വൈദിക വിദ്യാർത്ഥികളോടുമുള്ള പരിഗണനയുടേയും സ്നേഹവായ്പ്പിന്റേയും പ്രത്യക്ഷോദാഹരണത്തിന് അതിന്റെ Photo Stat Copy ഇവിടെ ചേർക്കട്ടെ.

Diocese of Tiruvalla
The Most Rev. Joseph Mar Severios
Bishop of Tiruvalla
Marygiri
Tiruvalla P. O., S. India
2–12–1953

My dear Chemmachen,

ഒരു കർദ്ദിനാൾ തിരുമനസ്സിലെ തൃക്കയ്യാൽ പട്ടംഏല്ക്കുന്നത് വലിയ ഭാഗ്യമാണ്. ദൈവം ചെയ്തുതരുന്ന ഉപകാരങ്ങൾക്ക് നന്ദിയുള്ളവനായിരിക്കണം. പദവികളും സ്ഥാനമാനങ്ങളും എത്ര ഉയർന്നതു കിട്ടുന്നോ, അത്രയും വിനയമുള്ളവനായിരിക്കണം. നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്.

ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,

Mar Severios

(ഈ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് അന്യത്ര ചേത്തിട്ടുണ്ട്)

വൈദിക വിദ്യാർത്ഥികളായിരുന്ന ഞങ്ങളോട് എത്രമാത്രം താല്പര്യവും സ്നേഹവും ജന്മം നല്കിയ പിതാവിനെപ്പോലെ വന്ദ്യപിതാവിനുണ്ടായിരുന്നു എന്നുള്ളതിന് ഒരു മകുടോദാഹരണമാണ്, പ്രത്യക്ഷ ലക്ഷ്യമാണ് താഴെ ചേർക്കുന്ന കത്തിന്റെ ഫോട്ടോസ്റ്റാറ്റ്.

1954-ലായിരുന്നല്ലോ വന്ദ്യപിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി, തദവസരത്തിൽ ഞങ്ങളയച്ച പ്രാർത്ഥനാശംസകൾക്ക് വന്ദ്യ പിതാവ് ഞങ്ങൾക്കു നൽകിയ മറുപടി പൂർണ്ണരൂപത്തിൽ ഇതാ. ഒന്നര അണ വിലയുള്ള ഇൻഡ്യൻ തപാലിന്റെ ഇൻലൻഡ് പേപ്പറിൽ എഴുതിയ കത്താണിത്.

(ഈ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് അന്യത്ര ചേർത്തിട്ടുണ്ട്)

To.
Rev. Deacon Kuriakose Padinjaremannil
Apostolic Seminary
Alwaye

Marygiri,
Tiruvalla
9th Jan. '54

My dearly beloved Sons,

I appreciate very much your good wishes and prayers. I have many faults to be atoned for. Very little to observe a Jubilee except the number of 25 years.

Your Prayers and Sacrifice will help me. I thank you all for the same.

God bless you,
Mar Severios

To, My beloved Sons
in the Apostolic Seminary
Alwaye

ഈ സംഭവപരമ്പരകളും ഈ കത്തുകളും Original രേഖകളുമെല്ലാം 4 പതിററാണ്ടുകൾക്കു ശേഷവും പൂജ്യമായി സൂക്ഷിക്കാൻ എന്നെ പ്രേരിപ്പിച്ചത് സ്നേഹനിധിയായ വന്ദ്യപിതാവിന്റെ അഗാധമായ സ്നേഹവും വാൽസല്യവായ്പും അദ്ദേഹത്തിൽനിന്ന് പങ്കിട്ട് അനുഭവിച്ച മറക്കാത്ത കരുതലും വിളിച്ചോതുന്നതിനാണ്. അവിടുത്തെ ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ ഇതെല്ലാം വെളിച്ചത്തിൽ ആക്കാൻ ഇടയായത് ദൈവ പരിപാലനയായായി ഞാൻ കരുതുന്നു. സ്നേഹപിതാവിന്റെ പാദാരവിന്ദങ്ങളിൽ ഈ സ്നേഹോപഹാരത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ടും മലങ്കര സഭാതരു വന്ദ്യപിതാവിൽ നിന്ന് പരിശുദ്ധിയുടെ പരിമളവും മിഷൻ ചൈതന്യവും ആവോളം ആസ്വദിച്ച് സ്വായത്തമാക്കി വരുംതലമുറയെ വളർച്ചയിൽ നിന്ന് വളർച്ചയിലേക്കു നയിക്കുവാൻ ശക്തിപ്രാപിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും എന്റെ ഈ സാക്ഷ്യം ഞാൻ മലങ്കര മക്കൾക്കു മുമ്പാകെ സമർപ്പിക്കട്ടെ. സ്വർഗ്ഗത്തിൽ സർവ്വശക്തനായ പിതാവിന്റെ വലത്തു ഭാഗത്തിരുന്നു മലങ്കരസഭാ സാരഥികൾക്കും വൈദികർക്കും സന്യാസീസന്യാസിനികൾക്കും ദൈവജനത്തിനും അനുഗ്രഹങ്ങളും ശക്തിയും നൽകി നയിക്കട്ടെ.

www.malankaralibrary.com

# മലങ്കരസഭ ഇന്ന്

ഫാ: മത്തായി കടവിൽ O. I. C

## ആമുഖം

പുനരൈക്യ പ്രസ്ഥാനത്തെ ശക്തിയുക്തം എതിർക്കുകയും പിന്നീട് പുനരൈക്യത്തിനുവേണ്ടി ശക്തിയുക്തം പോരാടുകയും ചെയ്ത സേവേറിയോസ് മെത്രാപ്പോലീത്താ പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ ഒരു തേരാളിയായിരുന്നു. ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനത്തിന്റെ അധിപനായിരുന്ന അദ്ദേഹം നിരണം, പരുമല തുടങ്ങിയ പുണ്യസ്ഥലങ്ങളുൾപ്പെട്ട ഭദ്രാസനത്തിന്റെ ആധിപത്യമുപേക്ഷിച്ചാണ് കത്തോലിക്കാസഭയിലേക്ക് കടന്നുവന്നത്. പുനരൈക്യപ്പെട്ട ശേഷം തിരുവല്ലാ രൂപതയുടെ നേതൃത്വം സ്വീകരിച്ച സേവേറിയോസ് പിതാവ് പുനരൈക്യപ്രസ്ഥാനത്തെ വടക്കുകിഴക്കൻ മേഖലകളിലേക്ക് നയിച്ചു. പുനരൈക്യത്തോടെ രൂപം പ്രാപിച്ച മലങ്കര കത്തോലിക്കാ സഭയ്ക്കു ഒരു പുതിയ ഉണർവ്വ് പകരുവാൻ അദ്ദേഹത്തിനു വളരെയധികം സാധിച്ചിട്ടുണ്ട്. അദ്ദേഹം തിരുവല്ലാ രൂപതയുടെ മെത്രാനായിരുന്നു എന്നതിനേക്കാളുപരി പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ തേരാളിയും പോരാളിയുമെന്ന രീതിയിൽ അനുസ്മരിക്കപ്പെടേണ്ട വ്യക്തിയാണ്. മാർ ഈവാനിയോസ് പിതാവും, മാർ തെയോഫിലോസ് പിതാവും നൽകിയ പുനരൈക്യദർശനത്തിനു മിഴിവ് പകരുവാൻ വളരെയധികം അദ്ധ്വാനിച്ച സേവേറിയോസ് പിതാവിന്റെ ജന്മശതാബ്ദി വേളയിൽ മലങ്കരസഭയുടെ തന്നെ വളർച്ചയെക്കുറിച്ച് ചിന്തിക്കുന്നതു ഉചിതമായിരിക്കും. ഈ ലേഖനത്തിലൂടെ ഇന്നത്തെ മലങ്കര കത്തോലിക്കാ സഭയെ വരച്ചുകാണിക്കുന്നതിനുള്ള ശ്രമമാണ് നടത്തുക.

### അഞ്ചിൽനിന്നും......

മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരോടൊപ്പം 1930 സെപ്റ്റംബർ 20–ാം തീയതി കത്തോലിക്കാ സഭയിലേക്ക് ഓർത്തഡോക്സ് സഭയിൽനിന്നും പുനരൈക്യപ്പെട്ടവർ അഞ്ചുപേരായിരുന്നു. അതിനടുത്ത ദിവസങ്ങളിൽ കുറച്ചുപേർകൂടി പുനരൈക്യപ്പെട്ടു. ഓർത്തഡോക്സ് സഭ മുഴുവനായി കത്തോലിക്കാ സഭയിലേക്ക് ചേരുക എന്ന ആശയവുമായി മുന്നേറിയ പുനരൈക്യ ചർച്ചയുടെ അവസാനത്തിലാണ് ഇതു സംഭവിച്ചതു. തുടർന്ന് പുനരൈക്യപ്രസ്ഥാനത്തിനു തടയിടുവാൻ പലവിധത്തിലും ശ്രമങ്ങൾ നടക്കുകയും ചെയ്തു. അങ്ങനെ എതിർപ്പിലൂടെ മുന്നേറിയ ഈ പ്രസ്ഥാനം ദിവസങ്ങൾ കഴിയുംതോറും ഒരു വലിയ മുന്നേറ്റമായി മാറുകയായിരുന്നു. 64 വർഷം പിന്നിട്ട ഈ മുന്നേറ്റം ഇന്നൊരു വലിയ ശക്തിയായി മാറിയിരിക്കുകയാണ്. കത്തോലിക്കാ സഭയിലെ ഒരു വ്യക്തിഗതസഭ എന്ന നിലയിൽ ലോകത്തിലെ എല്ലാ സഭാവിഭാഗങ്ങളോടുമൊപ്പം നില്ക്കുന്ന മലങ്കര കത്തോലിക്കാ സഭ വളരെയധികം വളർന്നുകഴിഞ്ഞു. അഞ്ചു പിതാക്കന്മാർ മൂന്നു രൂപതകളിലും അതിനു പുറത്തുമുള്ള വിശ്വാസികൾക്കുവേണ്ട നേതൃത്വം നൽകുന്നു.

രൂപതകൾ:– തിരുവനന്തപുരം അതിരൂപത, തിരുവല്ലാ, ബത്തേരി രൂപതകൾ

പിതാക്കന്മാർ:- ബനഡിക്ട് മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ പീലക്സിനോസ്, സിറിൾ മാർ ബസേലിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, ലോറൻസ് മാർ അപ്രേം.

ഇടവകകൾ:– 

| | |
|---|---|
| തിരുവനന്തപുരം | 579 |
| തിരുവല്ലാ | 177 |
| സുൽത്താൻ ബത്തേരി | 98 |
| ആകെ | 844 |

വൈദികർ:– 

| | |
|---|---|
| തിരുവനന്തപുരം | 190 |
| തിരുവല്ല | 119 |
| സുൽത്താൻ ബത്തേരി | 59 |
| ബഥനി ആശ്രമം | 92 |
| മററുള്ളവർ | 12 |
| | 472 |

സന്യാസ സഹോദരന്മാർ:-

| | |
|---|---|
| ബഥനി ആശ്രമം | 10 |
| ഫ്രാൻസിസ്കൻ ബ്രദേഴ്സ് | 25 |
| | 35 |

സിസ്റ്റേഴ്സ്:-

| | |
|---|---|
| ബഥനി | 592 |
| ഡി. എം. | 532 |
| ഹോളി സ്പിരിറ്റ് | 83 |
| മററുള്ളവർ | 124 |
| | 1331 |

www.malankaralibrary.com

## രൂപതാതിർത്തികളും വിട്ട്

മലങ്കര കത്തോലിക്കാ സഭ മൂന്ന് രൂപതാതിർത്തികളുംവിട്ട് വളർന്നുകൊണ്ടിരിക്കുന്നു. ജോലിക്കും പഠനത്തിനുമായി ഇന്ത്യയിലും വിദേശത്തുമായി വളരെയധികം മലങ്കര മക്കൾ ഇതിനകം എത്തിപ്പറ്റിയിട്ടുണ്ട്. അവരുടെ ആദ്ധ്യാത്മീക കാര്യങ്ങൾ വേണ്ട വിധം നടത്തികൊടുക്കുവാൻ സാധിച്ചിട്ടില്ലായെങ്കിലും അവരുടെ കാര്യത്തിലും ശ്രദ്ധ ചെലുത്തുവാൻ ആരംഭിച്ചിട്ടുണ്ട്. രൂപതാതിർത്തിക്കു വെളിയിൽ ഇന്ത്യയിൽ എട്ടുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് 37 കേന്ദ്രങ്ങളിലായി ആരാധനയും മററു കാര്യങ്ങളും നടത്തിവരുന്നു. ഈ മിഷൻ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഇന്നില്ല. അതേ സമയം കഴിഞ്ഞ ആറു വർഷമായി നടന്നുവരുന്ന ബാഹ്യ കേരള മലങ്കര കൺവൻഷൻ ഇവർക്ക് ഒന്നിക്കുന്നതിനുള്ള വേദിയായി മാറിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം മുതൽ ബാഹ്യകേരള യുവജന കൺവൻഷനും പ്രത്യേകമായി ആരംഭിച്ചിട്ടുണ്ട്.

ഭാരതത്തിനു പുറത്ത് അമേരിക്കയിലും ഇന്ന് മലങ്കരസഭ വളർന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ എട്ടു സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് ഇപ്പോൾ പ്രവർത്തനം നടക്കുന്നു. അഞ്ചുവർഷത്തിലൊരിക്കൽ അമേരിക്കയിലെ ഇന്ത്യാക്കാർ ഒരുമിച്ചു കൂടുന്നതിനായി കൺവൻഷൻ ക്രമീകരിച്ചു വരുന്നു.

യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിലായി വളരെയധികം മലങ്കര മക്കൾ ഉണ്ടെങ്കിലും അവർക്കുവേണ്ടി പ്രത്യേകമായി ഒന്നും ചെയ്യുന്നതിന് ഇതുവരെയും സാധിച്ചിട്ടില്ല എന്നുള്ളതു് അക്ഷന്തവ്യമാണ്.

## വിശ്വാസ പരിശീലനം

### മലങ്കര മേജർ സെമിനാരി

മലങ്കര കത്തോലിക്കാ സഭക്ക് ഏറെ അഭിമാനിക്കാവുന്ന ഒന്നാണ് മലങ്കര മേജർ സെമിനാരി. ഒരു വ്യക്തിഗത സഭയെന്ന നിലയിൽ സഭയുടെ തനതായ പാരമ്പര്യങ്ങളും വിശ്വാസവും കാത്തു് സൂക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഇതുപകരിക്കുന്നു. സഭയിലെ മൂന്ന് രൂപതകളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾക്കു പുറമേ മററു രൂപതകളിൽ നിന്നുമുള്ള വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നു. തത്വശാസ്ത്രം, ദൈവശാസ്ത്രം വിഭാഗങ്ങളിലായി നല്ല ലൈബ്രറിയും മറ്റ് വളരെയധികം സൗകര്യങ്ങളുമുള്ള മേജർ സെമിനാരി ഒരു ഒന്നാംകിട സെമിനാരിയായി വളർന്നുകൊണ്ടിരിക്കുന്നു.

### ബഥനി വേദവിജ്ഞാന പീഠം

മറെറാരു പ്രധാന വൈദിക പരിശീലന കേന്ദ്രമാണ് പ്രസിദ്ധമായ പൂനാസെമിനാരിയോടു് ചേർന്നുള്ള ബഥനി വേദവിജ്ഞാനപീഠം. ബഥനി ആശ്രമ വൈദിക വിദ്യാർത്ഥികളുടെ പഠന കേന്ദ്രമായി ആരംഭിച്ച ഈ കേന്ദ്രം ഇപ്പോൾ പൂനാ സെമിനാരിയുടെ പൗരസ്ത്യ സഭാ വിജ്ഞാനീയ കേന്ദ്രമായി അറിയപ്പെടുന്നു. ബഥനി വേദവിജ്ഞാന പീഠത്തിൽ M. Th. പഠനത്തിനു അടുത്ത കാലത്തു് സൗകര്യം ലഭിച്ചിട്ടുണ്ട്.

### സീറി

കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെൻറ് എഫ്രേം എക്യുമിനിക്കൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്. സുറിയാനി ഭാഷാ പഠനത്തിനും, പൗരസ്ത്യ സഭാ വിജ്ഞാനീയത്തെക്കുറിച്ചും, പിതാക്കന്മാരെക്കുറിച്ചും ഗവേഷണം നടത്തുന്നതിനുള്ള സൗകര്യങ്ങളോടെ ആരംഭിച്ചിട്ടുള്ള സീറി എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഒരുപോലെ ഉപയോഗപ്പെടുത്തുന്ന ചുരുക്കം ചില സ്ഥാപനങ്ങളിൽ ഒന്നാണ്. വളരെയധികം അല്മായരുടെ വിശ്വാസ പരിശീലനത്തിനും ഇതു് സഹായകമായി പ്രവർത്തിക്കുന്നു. അടുത്ത കാലത്തു് മഹാത്മാഗാന്ധി യൂണിവേഴ്സിററിയുടെ സുറിയാനി ഭാഷാ പഠനകേന്ദ്രമായി ഇതിനെ ഉയർത്തിയിട്ടുണ്ട്.

## മാധ്യമരംഗം

മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയിൽ മാധ്യമങ്ങളുടെ പങ്ക് വളരെയായിരുന്നു. പുനരൈക്യത്തിൻെറ ആദ്യ നാളുകളിൽ എഴുതപ്പെട്ട പുസ്തകങ്ങളാണ് സഭയെ വളർത്തിയതുതന്നെ. വിശ്വാസ സംബന്ധമായ ചോദ്യങ്ങൾക്കു മറുപടിയും ആശയങ്ങൾ വിശദീകരിച്ചും എഴുതപ്പെട്ട പുസ്തകങ്ങൾ അനേകർക്ക് വിശ്വാസാവബോധം നൽകുന്നതിന് കാരണമായി. വളരെയധികം ഗ്രന്ഥകാരൻമാരും സഭയിലുണ്ടായിട്ടുണ്ട്. ആരംഭത്തിൽ വ്യക്തികളുടെ സ്വന്തമായ പരിശ്രമവും അദ്ധ്വാനവും വഴിയാണ് പുസ്തക പ്രസാധനം നടന്നിട്ടുള്ളതു്. ഇന്ന് പുസ്തക പ്രസാധനത്തിന് സഹായകമായ വിധത്തിൽ ബഥനി പബ്ളിക്കേഷൻസ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണ സമിതി ബഥനി ആശ്രമത്തിൻെറ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

www.malankaralibrary.com

പുസ്തകത്തെക്കാളുപരി ഇന്ന് ആളുകളെ ഏറെ സ്വാധീനിക്കുന്നത് ആനുകാലികങ്ങളാണ്. വളരെയധികം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്ന് മലങ്കര സഭയിലുണ്ട്.

## ക്രൈസ്തവ കാഹളം

1933–ൽ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാൻ ആരംഭിച്ച കാഹളമാണ് നമ്മുടെ സഭയിൽ ആദ്യം ആരംഭിച്ച ആനുകാലികം. അത് ഇപ്പിലപ്കാലത്ത് നിന്നുപോയി. വീണ്ടും 1941 ൽ സത്യസഭാ കാഹളം എന്ന പേരിൽ പുനപ്രസിദ്ധീകരിക്കപ്പെട്ടു. അത് വീണ്ടും നിന്നശേഷമാണ് ഇന്നു നാം കാണുന്ന ക്രൈസ്തവ കാഹളം 1960 മുതൽ നിലനിൽക്കുന്നത്. സഭയിൽ വളരെ സർക്കുലേഷനുള്ള കാലാകാലങ്ങളിൽ രംഗപ്രവേശം ചെയ്യപ്പെട്ട ആനുകാലീകം ആണ് കാഹളം.

## ഐക്യദീപം

1977–ൽ തിരുവല്ലാ രൂപത ആരംഭിച്ചതാണ് ഐക്യദീപം. വളരെ ഭംഗിയായി നമ്മുടെ പഠനങ്ങളെ ജനങ്ങളിലെത്തിക്കുവാൻ ഐക്യദീപത്തിനു കഴിയുന്നുണ്ട്. അടുത്ത കാലത്ത് കെട്ടിലും മട്ടിലും അത് നല്ല നിലവാരം പുലർത്തുന്നു.

## മലങ്കര വിളക്ക്

1978 ൽ തന്നെ തമിഴ് ഭാഷയിൽ ആരംഭിച്ച ഒരാനുകാലികം ആണ് മലങ്കര വിളക്ക്. മലങ്കര കത്തോലിക്കരിൽ മൂന്നിലൊരു ഭാഗം വരുന്ന തമിഴ് നാട്ടിലെ മലങ്കരക്കാരുടെ വിശ്വാസ വളർച്ചയിൽ ഇത് കാര്യമായ സ്വാധീനം ചെലുത്തുന്നു.

## മലങ്കര ബാലൻ

1969 മുതൽ തിരുവനന്തപുരം അതിരൂപതയിലെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലാരംഭിച്ച ഒരു ആനുകാലികമാണ് മലങ്കര ബാലൻ. സൺഡേസ്കൂൾ പഠിച്ചുകൊണ്ടിരിക്കുന്നവരെയും, പഠിപ്പിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനും വിശ്വാസത്തിൽ നിർത്തുന്നതിനും ഇതിനു് സാധിക്കുന്നു.

## ദി ഹാർപ്പ് ഓഫ് ദി സ്പിരിററ്

കോട്ടയം സീരിയിൽനിന്ന് അടുത്ത കാലത്തായി ആരംഭിച്ച ഒരാനുകാലികമാണ്. The Harp of the spirit. വളരെ ഗഹനമായ സഭാ പാരമ്പര്യങ്ങൾ പഠിപ്പിക്കുന്നതിനായി രംഗത്തു വന്നു.

## വചനസുമം

1988 മുതൽ പൂനാ ബഥനി സ്കോളാസ്റ്റികേററിൽനിന്നു പ്രസിദ്ധീകരിച്ചുപോരുന്ന പ്രസംഗകുറിപ്പുകളാണ് ഇതിലുള്ളത്. ഓരോ ഞായറാഴ്ചയിലെയും വേദവായനസ്സുനുസരിച്ചാണ് ഈ പ്രസംഗകുറിപ്പു തയ്യാറാക്കുന്നത്.

## മതബോധനരംഗം

മൂന്നു രൂപതയിലും വളരെ സജീവമായി പ്രവർത്തിക്കുന്ന മതബോധന കേന്ദ്രങ്ങൾ വഴി കുട്ടികൾക്ക് ആവശ്യമായ വിശ്വാസ പരിശീലനം നൽകി വരുന്നു. ഓരോ രൂപതയിലും വിശ്വാസപരിശീലനത്തിനു് അദ്ധ്യാപകരെ സഹായിക്കുന്നതിനു് അവർക്കുവേണ്ടി പ്രത്യേക ക്ലാസ്സുകളും മററും ക്രമീകരിക്കുന്നുണ്ട്. തിരുവനന്തപുരത്തെ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാൻ പാസ്റ്ററൽ എഡ്യുക്കേഷൻ സെൻററും, തിരുവല്ലായിലെ ശാന്തിനിലയവും, ബത്തേരിയിലെ സ്ത്രോതസ്സ് എന്നീ പഠനകേന്ദ്രങ്ങളും മററ് പ്രാദേശിക കേന്ദ്രങ്ങളും ഇതിനായി ഉപയോഗിച്ചു വരുന്നു.

ബാഹ്യകേരള മിഷനുകളിൽ പല സ്ഥലങ്ങളിലും വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ബഥനി വേദവിജ്ഞാനപീഠത്തിൽ തയ്യാറാക്കിയ നോട്ടുകൾ ഉപയോഗിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ അതാതു സ്ഥലങ്ങളിൽ നിലവിലുള്ള പുസ്തകം തന്നെയാണ് ഉപയോഗിക്കുന്നത്.

മലങ്കര കത്തോലിക്കാസഭയിലെ മതബോധന കമ്മീഷന്റെ ചുമതല നിർവഹിക്കുന്ന സിററം പിതാവ് മൂന്നു രൂപതയിലും നടന്നുകൊണ്ടിരിക്കുന്ന മതബോധന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ശ്രമിച്ചുവരുന്നു. മലങ്കര സഭയ്ക്ക് പൊതുവായ ഒരു മതബോധന ഗ്രന്ഥം തയ്യാറാക്കുന്നതിനും ശ്രമം നടക്കുന്നുണ്ട്. ഫാ. തോമസ് കോട്ടയിൽ ഇപ്പോൾ ഇതിന്റെ കോ-ഓർഡിനേററായി പ്രവർത്തിച്ചു പോരുന്നു.

## യുവജനപ്രസ്ഥാനം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് എന്ന പേരിൽ പ്രവർത്തിക്കുന്ന യുവജന സംഘടന സഭാതലത്തിൽ സംഘടിക്കപ്പെട്ടിട്ട് നാലു വർഷം കഴിഞ്ഞു. മൂന്നു രൂപതകളിലും ശക്തമായി പ്രവർത്തിക്കുന്നതോടൊപ്പം ബാഹ്യകേരള മിഷനുകളിലും ഇതു് സജീവമായി പ്രവർത്തിക്കുന്നു. ഒരു ഫെഡറൽ സംവിധാനത്തിൽ ഒന്നിപ്പിച്ചിട്ടുള്ള യുവജനപ്രസ്ഥാനം ഓരോ രൂപതയിലും മിഷൻകേന്ദ്രങ്ങളിലും സ്വതന്ത്രമായി പ്രവ

www.malankaralibrary.com

ത്തിക്കുന്നു. കോട്ടയം ചേതന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എം. സി. വൈ. എം. കേന്ദ്രസമിതിയാണ് ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനി ഇപ്പോൾ മലങ്കരസഭയുടെ യൂത്ത് കമ്മീഷൻ ചെയർമാനായി പ്രവർത്തിക്കുന്നു.

## സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

വികസനോൻമുഖ പ്രവർത്തനങ്ങളിലൂടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന രൂപതാ സാമൂഹ്യ പ്രസ്ഥാനങ്ങൾ സഭയുടെ ഏറ്റവും വലിയ ശക്തിയാണ്. വിവിധ സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ആളുകളുടെ ഇടയിലേക്ക് കടന്നുചെന്ന് പ്രവർത്തിക്കുന്നതിന് ഇത് നമ്മെ സഹായിക്കുന്നു. സഹോദര സ്നേഹം തൊട്ടനുഭവിക്കുന്നതിന് സഹായകമാം വിധത്തിൽ സംഘടിപ്പിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ വളരെയധികം കാര്യങ്ങൾ ചെയ്യുന്നതിന് സോഷ്യൽ സർവ്വീസ് സൊസൈററികൾക്ക് സാധിച്ചിട്ടുണ്ട്. വ്യക്തികളെ ഓരോരുത്തരെയും സഹായിക്കുന്നതിലുപരിയായി ഒരവബോധം നൽകുന്നതിന് ഈ പദ്ധതികൾക്ക് കഴിയുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വൈദിക ജീവിതകാലത്ത് അദ്ധ്യാപനവൃത്തി നടത്തിയിരുന്ന ഈവാനിയോസ് പിതാവും സേവേറിയോസ് പിതാവും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു നടത്തുന്നതിൽ വളരെയധികം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. വിദ്യാഭ്യാസത്തിലൂടെ ബുദ്ധിപരമായും നേതൃത്വപരമായും ആളുകളെ വളർത്തുന്നതിന് അവർ നടത്തിയ ശ്രമഫലമായി മലങ്കര കത്തോലിക്കാ സഭയിൽ വളരെയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കതും ഉന്നത നിലവാരം പുലർത്തുന്നതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരത്തേ മുതൽ നൽകിയിരുന്ന പ്രാധാന്യം ഇന്നും നൽകി വരുന്നുണ്ട്.

ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

**കോളേജുകൾ നാല്:**

മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം
സെന്റ് ജോൺസ് കോളേജ്, അഞ്ചൽ
പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി, ബഥനി ജൂനിയർ കോളേജ്, നൂജിബാൽ ത്തില, സൗത്ത് കാനറ

ട്രെയിനിംഗ് കോളേജ്:- 1 മാർ തെയോഫിലോസ് കോളേജ്, തിരുവനന്തപുരം.
ട്രെയിനിംഗ് സ്കൂൾ-2 തിരുവനന്തപുരം, മൈലപ്ര

| | |
|---|---|
| ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ | 17 |
| ഹൈസ്കൂളുകൾ | 38 |
| ഹയർ സെക്കന്ററി | 2 |
| I. S. C | 1 |
| സെൻട്രൽ സ്കൂൾ | 2 |
| U. P. | 43 |
| L. P. | 134 |
| പാരലൽ കോളേജ് (With min 1000 Students) | 2 |

ഇതിനെല്ലാം പുറമേ മദ്രാസിൽ ഒരു പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ പണികൾ പുരോഗമിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്തെ ഒരു പുതിയ കാൽവെയ്പായിരിക്കും അടുത്ത അദ്ധ്യയനവർഷത്തിൽ ആരംഭിച്ചേക്കാവുന്ന എഞ്ചിനീയറിംഗ് കോളേജ്.

## ആതുരശുശ്രൂഷ

ആതുരാലയരംഗത്ത് മലങ്കര സഭ ചെയ്തുകൊണ്ടിരിക്കുന്ന സംഭാവനകൾ വളരെയാണ്. രണ്ടായിരാമാണ്ടിൽ സമ്പൂർണ്ണ ആരോഗ്യം നടപ്പിൽ വരുത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാമങ്ങൾ തോറും ആരംഭിച്ചു നടത്തിയിട്ടുള്ള 'ശേലക്ഷംപേക്ക് ആരോഗ്യം' എന്ന പദ്ധതി വളരെ വിപ്ലവാത്മകമായ സംഭവമാണ്. ഇതിന്റെ ഭാഗമായി 417 ക്ലിനിക്കുകൾ തിരുവനന്തപുരം അതിരൂപതയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 30 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 10 ആശുപത്രികളും വരുന്നു.

തിരുവല്ലാ രൂപതയിൽ തിരുവല്ലായിലുള്ള പുഷ്പഗിരി ആശുപത്രി മദ്ധ്യതിരുവിതാംകൂറിലെ ഒന്നാംകിട ആശുപത്രിയാണ്. 20-ൽ പ്പരം ഡിപ്പാർട്ട്മെന്റുകളിലായി 65-ഡോക്ടർമാർ പ്രവർത്തിക്കുന്നു. ആശുപത്രിയിൽ സ്കാനിംഗ് സൗകര്യമുൾപ്പെടെ ചികിത്സാരംഗത്തെ ആധുനിക സംവിധാനങ്ങൾ പലതുമുണ്ട്. കൂടാതെ ഒരു നഴ്സിംഗ് സ്കൂളും ലബോറട്ടറി ട്രെയിനിംഗ് സ്കൂളും ഇതോടൊപ്പം പ്രവർത്തിക്കുന്നു. മലമ്പ്രദേശമായ വയനാടൻ മേഖല ഉൾപ്പെടുന്ന ബത്തേരി രൂപതയും ചികിത്സാ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് വളരെയധികം പ്രവർത്തിക്കുന്നു. 17 ക്ലിനിക്കുകൾ ഇപ്പോൾ ബത്തേരി രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്.

ബഥനി ആശ്രമത്തിന്റേതായി നാലാംചിറയിൽ പ്രവർത്തിക്കുന്ന ബഥനി പ്രകൃതി ചികിത്സാകേന്ദ്രം പ്രകൃതി ചികിത്സാ രംഗത്തെ വലിയ ഒരു പ്രസ്ഥാനമായി നിലകൊള്ളുന്നു. എല്ലാവിധ സൗകര്യങ്ങളോടുംകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും നഴ്സിംഗ് പരിശീലനവും നൽകിവരുന്നു, കൂടാതെ യോഗപരിശീലനവും

www.malankaralibrary.com

നൽകിവരുന്നു. ആശ്രമത്തിന്റെ ചുമതലയിൽ കൽക്കട്ടായിൽ ഒരു ഹോമിയോ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

## അനാഥർക്കും നിരാലംബർക്കുമായി

നിർദ്ധനരായ ആളുകൾക്ക് വേണ്ടിയുള്ള പ്രവർത്തനത്തിലും വളരെയധികം സ്ഥാനം സഭയിൽ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| അനാഥമന്ദിരങ്ങൾ— | 8 |
| അംഗവൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങൾ | 5 |
| വൃദ്ധമന്ദിരം | 4 |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൂടാതെ ഇടവകകളുടെയും വ്യക്തികളുടെയും നേതൃത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുമുണ്ട്. ഈ സംരംഭങ്ങൾ ഓരോന്നും ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്നതിന് ഓരോരുത്തരെയും സഹായിക്കുന്നു.

## കണക്കിനുമപ്പുറം

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം പ്രസക്തമായ കണക്കുകളും കാര്യങ്ങളുമാണ് ഇതിനകം ഉദ്ധരിച്ചത്. പുനരൈക്യത്തിന്റെ ആദ്യ നാളുകളിൽ 'റീത്തുകാർ' എന്ന ഓമനപേരും നൽകി അവഗണനാരൂപത്തിൽ നമ്മെ സമീപിച്ചവരുടെ ഇടയിൽ അഭിമാനത്തോടെ ഉയർന്നുനിൽക്കുവാൻ ഇതൊക്കെ നമ്മെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഒരു സ്വതന്ത്ര സഭയെന്ന നിലയിൽ അംഗീകരിക്കപ്പെടുകയും ഒരു പരിധിവരെ ആ രീതിയിൽ വളർത്തപ്പെടുകയും ചെയ്യപ്പെട്ടവരാണ് നാം. എന്നാൽ നമുക്ക് അവകാശപ്പെട്ട അധികാരവും അവസരങ്ങളും ഉപയോഗിച്ച് വളരുന്നതിന് നാം വേണ്ട വിധം ശ്രമിക്കുന്നുണ്ടോ എന്ന് ഒരു വിലയിരുത്തൽകൂടി നടത്തുന്നത് ഉചിതമായിരിക്കും.

## ഏകീകരണം

ഇന്ന് മലങ്കരസഭയുടെ പ്രവർത്തനങ്ങൾ രൂപതാതലത്തിൽ ഒരു പരിധിവരെ ഒററപ്പെട്ടു നിൽക്കുകയല്ലേ ചെയ്യുന്നത്. സഭാതലത്തിൽ ഒന്നിച്ച് പ്രവർത്തിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം പ്രധാനമായും രൂപതാതിർത്തികൾക്ക് പുറത്തുള്ള മലങ്കര മക്കളുടെ അജപാലന കാര്യത്തിൽ പ്രകടമാണ്. ഓരോ സ്ഥലങ്ങളിലും ആവശ്യത്തിനു ആളുകളെ അയയ്ക്കുന്നതിനോ, ആവശ്യമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനോ, പുതിയ സ്ഥലങ്ങളിലേക്ക് കടന്നു ചെല്ലുന്നതിനോ ഇതുനിമിത്തം സാധിക്കാതെ പോകുന്നു.

നമ്മുടെ ആരാധനകൾക്ക് ഒരേകീകൃതഭാവം നൽകുന്നതിനും, പൗരസ്ത്യ കാനോൻ നിയമത്തെ അടിസ്ഥാനമാക്കി മലങ്കരസഭയുടെ പ്രത്യേക നിയമങ്ങൾ രൂപപ്പെടുത്തുന്നതിനും, മതബോധന പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ശ്ലാഘനീയമാണ്. മലങ്കരസഭയ്ക്ക് പൊതുവായ സെമിനാരിയും, സഭാതലത്തിൽ സംഘടിപ്പിക്കപ്പെട്ട യുവജനപ്രസ്ഥാനവും നേട്ടമാണ്. എന്നാൽ ഒരു വ്യക്തിഗത സഭക്ക് അവകാശപ്പെട്ട സ്വയംശീർഷക സ്വഭാവത്തോടുകൂടിയ ഭരണസംവിധാനവും, ഭരണകേന്ദ്രവും ഉണ്ടെങ്കിൽ മാത്രമേ സഭയെ ഒന്നായി മുന്നോട്ടു കൊണ്ടുപോകുന്നതിനു സാധിക്കുകയുള്ളു. ഏകീകരിച്ചു മുന്നോട്ടു കൊണ്ടു പോകുന്നതിന് വരുന്ന കാലതാമസം വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നത് സഹോദരീ സഭയായ സീറോ-മലബാർ സഭയിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു.

## അല്മായ സംഘടന

ഇന്ന് മൂന്നു രൂപതകളിലും അല്മായർക്കുവേണ്ടി ഒരു പ്രത്യേക സംഘടന ഇല്ലായെന്നതു് ഖേദകരമാണ്. ഓരോ രൂപതകളിലും പരിമിതമായ സാഹചര്യങ്ങളിൽ പരിമിതമായ അവസരങ്ങൾ പ്രയോജനപ്പെടുത്തി അവർ പ്രവർത്തിച്ചു വരുന്നു. അതിനു് എന്തെങ്കിലും സംവിധാനം ചെയ്യേണ്ടതുണ്ട്.

## വൈദികസമ്മേളനം

വൈദികരുടെ പരിശീലനത്തിനായി ഒരു സെമിനാരി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും വൈദികർ തമ്മിലുള്ള കൂട്ടായ്മ വളർത്തുവാൻ സഹായകമായ വിധത്തിൽ നടത്തപ്പെടുന്ന വൈദിക സമ്മേളനങ്ങൾക്ക് ഒരു നിയതരൂപവും ഭാവവും നൽകുന്നതു് ഉചിതമായിരിക്കും.

## സന്യാസസമ്മേളനം

സന്യസ്തരെ ഏകോപിപ്പിക്കുന്ന സന്യാസ സമ്മേളനങ്ങൾക്കും ചില നിയതരൂപം ആവശ്യമാണ്. സിസ്റ്റേഴ്സിനു് പൊതുവായി ഒരു പ്രത്യേക പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതു് സഭയോടു ചേർന്നുള്ള അവരുടെ പ്രവർത്തനങ്ങൾക്ക് വളരെയധികം ഏകീകൃതഭാവം നൽകും.

## ഉപസംഹാരം

മിഷനറി വര്യനായിരുന്ന മാർ സേവേറിയോസ് തിരുമേനി മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയിൽ വളരെ നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ സഭയെ ശക്തിയോടെ മുമ്പോട്ടു കൊണ്ടുപോകത്തക്ക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കറിച്ച് ചിന്തിക്കുകയും അതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. ആ വിധത്തിലുള്ള ഒരു വളർച്ചയ്ക്കു് ഈ ശതാബ്ദി ആഘോഷങ്ങൾ കാരണമാകട്ടെ. ※

www.malankaralibrary.com

# മാർ സേവേറിയോസ് സ്മാരകങ്ങൾ

പുന്നൻ വാളക്കുഴി

വ്യക്തികളെയും സംഭവങ്ങളേയും പ്രസ്ഥാനങ്ങളേയും ആദരിക്കുവാനും സ്മരിക്കുവാനും സമൂഹം സ്മാരകങ്ങൾ തീർക്കുന്നു. സ്ഥാപനങ്ങളും, കെട്ടിടങ്ങളും സാഹിത്യസൃഷ്ടിയുമൊക്കെ സ്മാരകങ്ങളായി രംഗപ്രവേശനം ചെയ്യാറുണ്ട്. മുംതാസിന്റെ ഓർമ്മ അനശ്വരമാക്കുവാൻ ഷാജഹാൻ തീർത്ത താജ്മഹലും പുന്നപ്രയിലെ കൂട്ടക്കുരുതി വീണ്ടും ഓർമ്മയുടെ തീരത്തെത്തിക്കുന്ന രക്തസാക്ഷി മണ്ഡപവും കീറ്റ്സിന്റെ അകാല വിയോഗത്തിൽ മനം നൊന്തു കേണ ഷെല്ലിയുടെ ആത്മാലാപമായ "ഇൻ മെമ്മോറിയാമും" സ്മാരകങ്ങളുടെ ഗണത്തിൽ അനശ്വര മുത്തുകൾ തന്നെ, തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാനായിരുന്ന ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ സ്മരണ അനശ്വരമാക്കുന്ന സ്മാരകങ്ങൾ അനവധിയുണ്ട്. അറിവിനും അക്ഷരത്തിനും അദ്വിതീയ സ്ഥാനം നൽകിയ വിദ്യാഭ്യാസ വിചക്ഷണനായ തിരുമേനിയുടെ നാമത്തിലുള്ള പ്രധാന സ്മാരകങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അരമനയും ആതുര സേവന രംഗവും ഈ കർമ്മയോഗിയുടെ നാമം അനശ്വരമാക്കുന്നു.

## എം. എസ്. എം. ഐ. റ്റി. സി. പിറവം

ആയിരത്തിതൊള്ളായിരത്തി നല്പതുകളിൽ തൈക്കാട്ടിലച്ചന്മാരുടെ (പൗലോസച്ചൻ 1959; ജയിക്കബച്ചൻ—1978) പ്രേരണഫലമായി ക്രാന്തദർശിയായ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പന്ത്രണ്ട് ഏക്കറോളം ഭൂമി പിറവത്തു് വാങ്ങുകയുണ്ടായി. ബഥനി മഠം, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, ലോവർ പ്രൈമറി സ്കൂൾ, സെന്റ് മേരീസ് ബേത്‌ലഹേം ഇടവക എന്നിവ പ്രസ്തുത സ്ഥലത്തു് ദശാബ്ദങ്ങളായി പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഹൈസ്കൂൾ പിറവത്ത് വളർത്തുക അദ്ദേഹത്തിന്റെ വലിയ അഭിലാഷമായിരുന്നു. പിറവം സന്ദർശിക്കുമ്പോൾ പലപ്പോഴും സ്കൂൾ മുറിയിൽ അദ്ദേഹം താമസിക്കാറുണ്ടായിരുന്നു. സ്കൂളിന്റെ വളർച്ചയും കുട്ടികളുടെ നന്മയും ലക്ഷ്യമാക്കി ഒരു ബോർഡിംഗും സ്ഥാപിച്ചു. പ്രസ്തുത ബോർഡിംഗാണ് എം. എസ്സ്. എം. ഐ. റ്റി. സിയുടെ ജനനത്തിനു സ്ഥലം ഒരുക്കിയതു്, പ്രേഷിതവര്യനായ തിരുമേനിയുടെ സ്മാരകമായുള്ള I. T. C യാണ് മൂവാറ്റുപുഴ വൈദിക മേഖലയിലെ പ്രേഷിത പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം എന്നതു് അർത്ഥവത്തായിരിക്കുന്നു.

അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനി രൂപതാദ്ധ്യക്ഷനായിരുന്ന കാലത്താണ് (1978-'87) മല്ലപ്പള്ളിയിലും പിറവത്തും I T C കൾ രൂപമെടുത്തതു്. പിറവത്ത് ന്യൂനപക്ഷമായിരുന്ന മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ ചുമതല 1980-ൽ ബ. ചാക്കോ ഇലവുംപറമ്പിൽ അച്ചൻ ഏറ്റെടുത്തതോടുകൂടി മലങ്കര മക്കൾ പിറവത്തു് അവഗണിക്കാനാവാത്ത സമൂഹമായി മാറി. മാർ സേവേറിയോസ് മെമ്മോറിയൽ I T C അദ്ദേഹത്തിന്റെ മനസ്സിൽ രൂപപ്പെട്ടതാണ്. 1980-ൽ തന്നെ സ്വപ്നം സാക്ഷാത്കരിച്ചു. 36 കുട്ടികളോടുകൂടി ആരംഭിച്ച I T C ൽ ഇന്ന് അഞ്ച് ട്രേഡുകളിലായി 324 കുട്ടികൾ പഠിക്കുകയും ഇരുപതോളം അദ്ധ്യാപകർ പ്രവർത്തിക്കുകയും ചെയ്യുന്നു. മനോഹരവും സുസജ്ജവുമായ പഠന ശാലകളും കർമ്മ ശാലകളും ഒരുങ്ങിക്കഴിഞ്ഞു. ജന്മശതാബ്ദി വർഷം മനോഹരമായ ഒരു കപ്പേളയും I T C യിൽ ഉയർന്നു വരുന്നു. ഫാ. ചാക്കോ ഇലവുംപറമ്പിലിന്റെ നേതൃത്വം അഭിമാനകരമാണ്.

## സെന്റ് ജോസഫ്സ് ഐ. റ്റി. സി. മല്ലപ്പള്ളി

തന്റെ ജന്മനാട്ടിൽ മാർ സേവേറിയോസ് തിരുമേനിയ്ക്കൊരു മഹത്സ്മാരകം അതാണ് മല്ലപ്പള്ളി സെന്റ് ജോസഫ് I. T. C 1979 ൽ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജതജൂബിലി സ്മാരകം നിർമ്മിക്കുവാൻ രൂപതയാകമാനം ആവേശത്തോടെ സഹകരിച്ച് ഒരു തുക സമാഹരിച്ചു. പ്രസ്തുത സ്മാരകം മല്ലപ്പള്ളി വൈദികമേഖലയിലായിരിക്കട്ടെ എന്ന് മാർ യൂഹാനോൻ തിരുമേനി കല്പിച്ചു. അങ്ങനെയാണ് മാർ യൂഹാനോൻ പിതാവിന്റെ പൗരോഹിത്യ ര

www.malankaralibrary.com

ജതജൂബിലി സ്മാരകമായുള്ള I. T. C മല്ലപ്പള്ളി മേഖലയുടെ കേന്ദ്രസ്ഥാനത്തുതന്നെ വന്ന തു്. എളിമയുടെ പര്യായമായ മാർ യൂഹാനോൻ തിരുമേനി ഒരു കാര്യംകൂടി പറഞ്ഞു. 'ഞാൻ ജീവിച്ചിരിക്കുമ്പോഴ് എന്റെ പേരെഴുതി ഒരു സ്ഥാപനം ഉണ്ടാകുന്നതു് ഉചിതമല്ലാ, എനിക്കതിനോടു യോജിപ്പുമില്ല' I. T. C യ്ക്കു മാർ യൂഹാനോൻ ജൂബിലി മെമ്മോറിയൽ എന്നു് പേരിടാൻ നിവൃത്തിയില്ലാതായി. ഇനി എന്തു ചെയ്യും. I. T. C യുടെ സ്ഥാപകനായ ഫാ. ചെറിയാൻ രാമനാലിൽ മാർ യൂഹാനോൻ തിരുമേനിയെ സമീപിച്ചു. യൂഹാനോൻ തിരുമേനി നിർദ്ദേശിച്ചു. 'മല്ലപ്പള്ളി പ്രദേശം ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ ജന്മസ്ഥലമല്ലേ? എന്നെ ഞാനാക്കിയതിന്റെ പിന്നിലെ ഏററം വലിയ വ്യക്തി അദ്ദേഹമാണു്. അദ്ദേഹത്തെ ഓർക്കുവാൻ ഉതകുന്ന വിധത്തിലാകട്ടെ ഐ. ററി. സി. സ്ഥാപിക്കുന്നതു്''. അതിനായി മാർ യൂഹാനോൻ തിരുമേനിയുടെ നിർദ്ദേശാനുസരണമാണ് അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായ രീതിയിൽ രൂപപ്പെട്ടു വന്ന I T C യ്ക്കു് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ നാമം നൽകിയതു്. ''തൊഴിൽ പരിശീലിപ്പിക്കുന്ന സ്ഥാപനമല്ലേ' തൊഴിലാളികളുടെ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവിന്റെ നാമം ഏററം ഉചിതമായിരിക്കും. ഞാൻ ഏററം അധികം സ്നേഹിച്ചിരുന്ന എന്നെ അത്യധികം സ്നേഹിച്ചിരുന്ന മാർ സേവേറിയോസ് തിരുമേനിയോടുള്ള എന്റെ കടപ്പാടിന്റെ ഒരു സ്മാരകവും അദ്ദേഹത്തിന്റെ ജന്മനാട്ടിൽ അദ്ദേഹത്തിനൊരു ഉചിത സ്മാരകവുമായിരിക്കും'' മാർ യൂഹാനോൻ തിരുമേനി ബഹുമാനപ്പെട്ട ചെറിയാൻ രാമനാലിലച്ചനോടു പറഞ്ഞ വാക്കുകളാണിവ.

ഇന്നു് മല്ലപ്പള്ളി പ്രദേശത്തിന്റെ മൊത്തം ഒരു സാംസ്കാരിക കേന്ദ്രമാണു് സെൻറ് ജോസഫ്സ് I. T.C. 5 ട്രേഡുകളിലായി ഇരുന്നൂററിപത്തു് യുവാക്കൾ പരിശീലനം നേടുന്നു. പതിനെട്ടു് അദ്ധ്യാപകർ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നു. സ്ഥാപകനും തുടക്കം മുതൽ പ്രിൻസിപ്പലുമായ ബ. ചെറിയാൻ രാമനാലിൽ അച്ചന്റെ നേതൃത്വത്തിൽ I. T. C ഉത്തുംഗങ്ങളിലേക്കു കുതിച്ചുയർന്നു കൊണ്ടിരിക്കുന്നു. മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി വർഷത്തിൽ I. T. C.യിൽ ഒരു പുതിയ ബ്ലോക്കു കൂടി നിർമ്മാണത്തിലാണു്.

## എം. എസ്. എം. യു. പി. സ്കൂൾ, കടപ്ര–മാന്നാർ

പ്രേഷിത പ്രവർത്തനത്തിൽ വിദ്യാഭ്യാസ മേഖലയ്ക്കു് അതുല്യ സ്ഥാനം നൽകിയിരുന്ന അഭിവന്ദ്യ സേവേറിയോസ് മെത്രാപ്പോലീത്താക്കുചിത സ്മാരകം ഉന്നത വിദ്യാഭ്യാസ സ്ഥാപനം തന്നെ, സംശയമില്ല. അതിതുവരെ സാധിത പ്രായമായിട്ടില്ല. എങ്കിലും തന്റെ പാദസ്പർശത്താലും പ്രവർത്തന ചൈതന്യത്താലും ധന്യമാക്കപ്പെട്ട നിരണം പ്രദേശത്തു് 1964 ൽ മാർ സേവേറിയോസ് മെമ്മോറിയൽ അപ്പർ പ്രൈമറിസ്കൂറ് ഉടലെടുത്തു. കടപ്ര-മാന്നാർ ബഥനി മഠത്തോടു ചേർന്നുള്ള സ്കൂളിൽ 316 കുട്ടികൾ അഭ്യസനം നേടുന്നു. ബഹുമാനപ്പെട്ട ബഥനി സന്യാസിനികളുടെ സേവനമാണ് സ്കൂളിന്റെ ശക്തികേന്ദ്രം. ഇപ്പോഴത്തെ പ്രധാന അദ്ധ്യാപിക ശ്രീമതി തങ്കമ്മ ഏബ്രഹാം പത്തിപ്പറമ്പിലിന്റെ നേതൃത്വത്തിൽ പ്രഗത്ഭരായ ഒരു ഗണം അദ്ധ്യാപകർ അവിടെ പ്രവർത്തന നിരതരായിരിക്കുന്നു. സ്കൂളിനോടു ചേർന്നു് ബ. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു നേഴ്സറിസ്കൂളും ഹരിജൻ കത്തോലിക്കാ കുട്ടികൾക്കായി ഒരു ബോർഡിംഗും പ്രവർത്തിക്കുന്നു.

## പുഷ്പഗിരി ആശുപത്രി തിരുവല്ലാ

അഭിവന്ദ്യ തിരുമേനിയുടെ ആരംഭകാല പ്രവർത്തന കേന്ദ്രമായിരുന്ന 'ചെറുപുഷ്പഗിരി'. തന്റെ താമസം അവിടെ നിന്നു 'മേരിഗിരി' യിലേക്കു് മാററിയതിന്റെ പിന്നിൽ അദ്ദേഹത്തിനു പല ലക്ഷ്യങ്ങളുമുണ്ടായിരുന്നു. വിസ്തൃതമായ പുഷ്പഗിരികുന്നിൽ ഒരു വനിതാകോളജ്, അതുമൂലം തിരുവല്ലാ രൂപതയ്ക്കുണ്ടാകാവുന്ന ഉന്നതി ഇതെല്ലാം അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. തന്റെ അഭിലാഷം മൂർത്തരൂപം പ്രാപിക്കുന്നതിനു മുമ്പ് ആ കർമ്മയോഗി കർത്തൃസന്നിധി പൂകി. കേരളത്തിലെ ഒന്നാം കിട ആതുര ശുശ്രൂഷ കേന്ദ്രങ്ങളിലൊന്നായ പുഷ്പഗിരി ആശുപത്രി ഇന്നവിടെ വിരാജിക്കുന്നു. 'പുഷ്പഗിരി' കേരളത്തിനകത്തും പുറത്തും സുപരിചിതമായ നാമമാണിതു്. എന്നാൽ ഒരു ചരിത്ര സത്യം അധികമാരും അറിഞ്ഞിട്ടില്ല. 1960 മാർച്ച 13-ാം തീയതി ആശുപത്രിയുടെ ഒന്നാമത്തെ ബ്ളോക്കു് ഉദ്ഘാടനം

# അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി ബഥനിയുടെ ഒരു രക്ഷാധികാരി

ഫാ: പക്കോമിയോസ് O. I. C

## ശെമ്മാശൻ

ബഥനി മാസികയിലൂടെയാണ് വാളക്കുഴി ജോസഫ് ശെമ്മാശനെ ആദ്യം അറിയുന്നത്. ബിരുദധാരിയായ വാളക്കുഴി ജോസഫ് ശെമ്മാശനും സാഹിത്യകാരനായിരുന്ന പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനും ബഥനി മാസികയിൽ ലേഖനങ്ങൾ എഴുതുമായിരുന്നു. പുലിക്കോട്ടിൽ ജോസഫ് ശെമ്മാശന്റെ സഭാവിജ്ഞാനം സാഹിത്യാഭിരുചിയുള്ളവരെ സംതൃപ്തരാക്കിയിരുന്നു. വാളക്കുഴി ജോസഫ് ശെമ്മാശന്റെ സാധാരണ ഭാഷാശൈലിയിലുള്ള ലേഖനങ്ങൾ ആരാധനാനുഷ്ഠാനങ്ങൾക്കും ആദ്ധ്യാത്മിക ജീവിതത്തിനും പ്രോത്സാഹനം നൽകിയിരുന്നു. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചായിരുന്നു എഴുതിയിരുന്നത് അക്കാലത്തു സഭാമക്കൾക്ക് അതാവശ്യവുമായിരുന്നു.

സെറാമ്പൂർ കോളേജിൽ പഠിച്ചിരുന്ന വാളക്കുഴി ജോസഫ് ശെമ്മാശൻ അവിടെ പ്രൊഫസ്സറായിരുന്ന എം. എ. അച്ചന്റെ

ചെയ്തു അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായിട്ടാണ്. ഇന്ത്യയിലെ അന്നത്തെ പേപ്പൽ പ്രതിനിധി മോൺ. റവ. J. R. നോക്സ് പ്രസ്തുത ബ്ലോക്കിന്റെ പ്രതിഷ്ഠാ കർമ്മം നിർവ്വഹിക്കുകയും കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. താൻ കൈവച്ച സംരംഭങ്ങളെല്ലാം സമ്പൂർണ്ണ വിജയമാക്കുവാൻ വരം ലഭിച്ചിരുന്ന ആ പുണ്യപുരുഷന്റെ നാമത്തിൽ തുടക്കം കുറിച്ച ആശുപത്രി അതു സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ നാമത്തിൽ ഔന്നത്യങ്ങളുടെ കൊടുമുടി ഓരോന്നായി ചവിട്ടിക്കയറിക്കൊണ്ടിരിക്കുന്നു.

## മേരിഗിരി അരമന

തിരുവല്ലാ പട്ടണത്തിന്റെ തിലകക്കുറി കണക്കേ ഉയർന്നു നിൽക്കുന്ന മേരിഗിരി അരമന അദ്ദേഹത്തിന്റെ മാനസ പുത്രിയാണ്. ഈ ഒരു സ്ഥാപനം മാത്രം മതി അദ്ദേഹത്തിന്റെ സ്മരണ ചരിത്രത്തിൽ ശാശ്വതീകരിക്കാൻ. ഹൈന്ദവ സമുദായത്തിന്റെ വക ഒരു സ്കൂൾ കെട്ടിടമായിരുന്നു ഇന്നത്തെ മേരിഗിരി അരമനയുടെ പ്രധാന കെട്ടിടം. അതിൽ വേണ്ട മാററങ്ങൾ വരുത്തിയും കൂടുതൽ സൗകര്യങ്ങൾ ക്രമീകരിച്ചുമാണ് പുതിയ താമസസ്ഥലം അദ്ദേഹം ഒരുക്കിയത്. അദ്ദേഹത്തിനോടൊപ്പം സക്കറിയാസ് മാർ അത്താനാസിയോസ്, ഐസക് മാർ യൂഹാനോൻ എന്നീ പിതാക്കന്മാരും ഇപ്പോൾ ഭാഗ്യമോടെ രൂപതയെ നയിക്കുന്ന ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയും മേരിഗിരി കേന്ദ്രമാക്കിയാണ് രൂപതാഭരണം നിർവ്വഹിക്കുന്നത്.

## മാർ സേവേറിയോസ് സ്മാരക ഹാൾ

അഭിവന്ദ്യ തിരുമേനിയുടെ മാതൃ ഇടവകയായ അനിക്കാട് ബേത്ലഹേം തിരുക്കുടുംബ ഇടവകയോടു ചേർന്നു അദ്ദേഹത്തിന്റെ നാമം പേറി നില്ക്കുന്ന പാരീഷ് ഹാൾ ഇടവകജനങ്ങൾക്ക് ആ വന്ദ്യ പിതാവിനോടുള്ള സ്നേഹത്തിന്റെ പ്രതീകമാണ്. കുന്നിരിക്കൽ സ്ഥലത്തു ശില്പസുന്ദരമായി പണി തീർത്തിരിക്കുന്ന തിരുക്കുടുംബ ദേവാലയവും അതിന്റെ ഓരം ചാരി നില്ക്കുന്ന സ്മാരകഹാളും ഭാവി തലമുറയ്ക്കു ആ മഹാരഥനെ സ്മരിക്കുവാൻ മതിയായതു തന്നെ. ബഹുമാനപ്പെട്ട വടക്കേത്തലയ്ക്കൽ സഖറിയാസ് അച്ചൻ വികാരി ആയിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ഉത്സാഹവും നേതൃത്വവുമാണ് ഹാളിന്റെ നിർമ്മാണത്തിന്റെ പ്രേരകഹേതു.

വ്യക്തിപ്രഭാവം കൊണ്ടും വ്യക്തിബന്ധ മാധുര്യം കൊണ്ടും ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ വന്ദ്യ തിരുമേനിക്ക് ഏതൊരു ഭൗതിക സ്മാരകവും അപര്യാപ്തം തന്നെ.

'ഉതകണമെ നിൻ പ്രാർത്ഥന നിൻ ഓർമ്മയെ ബഹുമാനിച്ചോർക്കായ്'

www.malankaralibrary.com

(റവ. ഫാ. പി. റ്റി. ഗീവറുഗീസ് എം. എ.) ശിഷ്യനും ഉററമിത്രവുമായിരുന്നു. സഭയുടെ വളർച്ചയ്ക്കു് ഉന്നതവിദ്യാഭ്യാസമുള്ള വൈദികരും സമുദായത്തിന്റെ അഭിവൃദ്ധിക്കു് അഭ്യസ്തവിദ്യരായ അൽമേനികളും ഉണ്ടാകേണ്ടതു് ആവശ്യമാണെന്ന ബോദ്ധ്യത്തിൽ അനേകം യുവജനങ്ങളെ എം. എ. അച്ചൻ സെറാംപൂരിൽ കൊണ്ടുപോയി പഠിപ്പിച്ചിരുന്നു. സഭയുടെ സമുദ്ധാരണത്തിനു് സർവ്വസംഗ പരിത്യാഗികളായി ദൈവസേവനത്തിനു സ്വയം സമർപ്പിതരാകുന്ന സന്യാസികൾ ആവശ്യമാണെന്ന ബോദ്ധ്യത്തിൽ സ്വശിഷ്യരെ അതിനുവേണ്ടി പ്രോത്സാഹിപ്പിച്ചിരുന്നു. അങ്ങനെ ഏതാനും ശിഷ്യരുമായി എം. എ. അച്ചൻ ബഥനി ആശ്രമം സ്ഥാപിക്കുകയും സന്യാസജീവിതം ആരംഭിക്കുകയും ചെയ്തു. അപ്പോൾ ജോസഫ് ശെമ്മാശൻ ബഥനി ആശ്രമത്തിൽ ചേരുവാൻ സന്നദ്ധനായില്ലെങ്കിലും ബഥനിയുടെ ഒരു അഭ്യുദയകാംക്ഷിയായിരുന്നു.

## വൈദികൻ

തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്ന ശെമ്മാശൻ 1929 ജനുവരി 8-ാം തീയതി വൈദികാഭിഷേകം സ്വീകരിച്ചു. അതിനുശേഷം തിരുവല്ല ബഥനി പള്ളിയിൽ ആവശ്യാനുസരണം വന്നു് ദിവ്യബലി അർപ്പിക്കുമായിരുന്നു. നേരത്തേ മാസികയിലൂടെ ആരംഭിച്ച പരിചയം ഇങ്ങനെ നേരിട്ടുള്ള പരിചയത്തിനും സ്നേഹസഹവർത്തനത്തിനും സംഗതിയായി. 'ഇതാ കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ' യോഹ. (1:47). നഥാനിയേലിനെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ സാക്ഷ്യം ജോസപ്പച്ചനെ സംബന്ധിച്ച് സാർത്ഥകമായിരുന്നു. കുലീനകുടുംബജാതൻ, ബിരുദധാരി, ഗുരുഭക്തൻ, സമകാല വൈദികരിൽ പ്രമുഖൻ എന്നിങ്ങനെ പലവിധത്തിലും ജോസപ്പച്ചൻ പ്രസിദ്ധനായിരുന്നു. 'നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക' (പ്രഭാഷകൻ. 3:18) പ്രഭാഷകന്റെ പ്രബോധനം സ്വജീവിതത്തിൽ പ്രായോഗീകമാക്കുമാറു് അദ്ദേഹം വളരെ വിനീതനായിരുന്നു. ഏവക്കും ആദരണീയനുമായിരുന്നു ജോസപ്പച്ചൻ. അവശരിൽ അനുകമ്പയും ഔദാര്യവുമുള്ളവനായിരുന്നു, അദ്ദേഹം ആദർശ സമ്പന്നനായിരുന്നു. സൗമ്യത, സമഭാവന. സംഭാഷണ ചാതുര്യം, രഞ്ജകമനോഭാവം, ലാളിത്യം, ജീവിതവിശുദ്ധി എന്നീ സത്ഗുണങ്ങളുടെ ഉടമയുമായിരുന്നു. വായനയും പഠനവും അദ്ദേഹത്തിന്റെ 'ഹോബി'യായിരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പുരോഹിതന്മാർക്കു് ഉണ്ടായിരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുള്ള സത്ഗുണങ്ങളാൽ ജോസപ്പച്ചൻ അനുഗ്രഹീതനായിരുന്നു. 'അയാൾ ആതിഥേയ മര്യാദയുള്ളവനും സഭയെ സ്നേഹിക്കുന്നവനും പക്വമതിയും നീതിമാനും ഭക്തനും ആത്മനിയന്ത്രണവുമുള്ളവനായിരിക്കണം. ശരിയായ പ്രബോധനങ്ങളിലൂടെ മററുള്ളവരെ ആശ്വസിപ്പിക്കുവാനും എതിർക്കുന്നവരെ ശാസിക്കുവാനും കഴിയേണ്ടതിനു് അയാൾ വിശ്വാസപഠനങ്ങളെ മുറുകെ പിടിക്കണം'' (തീത്തോസ്. 1:8-9).

## മെത്രാൻ

1930-ൽ ബഥനി മെത്രാപ്പോലീത്ത മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന കത്തോലിക്കാ സഭ പുനരൈക്യത്തിലൂടെ ബഥനിയുമായുള്ള ജോസപ്പച്ചന്റെ ബന്ധം വേർതിരിവിനിടയാക്കി. മലങ്കര സഭയെ ഉദ്ധരിക്കുവാനുള്ള ഒരു നേർവഴിയായ പുനരൈക്യം ഒരു ആഘാതമായിട്ടാണ് ആ സഭാനേതൃത്വം കണ്ടതു്. അതിനു് പ്രതിവിധിയായി പ്രഗത്ഭരായ മൂന്നു വൈദികരെ മെത്രാൻമാരായി 1933-ൽ ഓർത്തഡോക്സ് സഭ വാഴിച്ചു. അതിൽ ഒരാൾ വാളക്കുഴി ജോസപ്പച്ചനായിരുന്നു. മാർ സേവേറിയോസ് എന്ന പേരാണ് അദ്ദേഹത്തിനു് നൽകപ്പെട്ടതു്. ബഥനിയുടെ അഭ്യുദയകാംക്ഷിയായിരുന്ന അദ്ദേഹം ബഥനി പ്രസ്ഥാനത്തിന്റെ (പുനരൈക്യത്തിന്റെ) ബദ്ധവിരോധിയായിത്തീർന്നു. അനേകം സ്ഥലങ്ങളിൽ യോഗം സംഘടിപ്പിച്ച് കത്തോലിക്കാ സഭക്കെതിരായി പ്രസംഗിക്കുകയും പ്രസംഗിപ്പിക്കുകയും ചെയ്തു. മാത്രമല്ല, വീടുകളിൽ കയറിയിറങ്ങി പുനരൈക്യപ്പെടുന്നവരെ പിന്തിരിപ്പിക്കുവാനും പരിശ്രമിച്ചിരുന്നു. പുനരൈക്യത്തെ പ്രതിരോധിക്കുവാൻ വേണ്ട തെളിവുകൾ കണ്ടെത്താൻ അദ്ദേഹം വായിക്കുകയും പഠിക്കുകയും ചെയ്തു. ഫലമോ നഥാനയേലിനേപ്പോലെ കാപട്യമില്ലാത്തവനായിരുന്നതിനാൽ സത്യം അദ്ദേഹം കണ്ടെത്തി. നഥാനിയേലിനെപ്പോലെ അതേററു പറയുവാൻ അദ്ദേഹം സന്നദ്ധനായി. താമസമെന്യേ സ്വഗുരുവായ മാർ ഈവാനിയോസിന്റെ അടുക്കൽ ഓടിയെത്തി. ഗുരു കരങ്ങൾ നീട്ടി ശിഷ്യനെ സ്വീകരിച്ചാശ്ലേഷിച്ചു. പുനരൈക്യ പ്രസ്ഥാനത്തോടു് പോരാടുവാനുള്ള പരിശ്രമം പുനരൈക്യപ്പെട്ടു് സഭയെ ആശ്ലേഷിക്കുവാൻ സംഗതിയായി. അതു് പരിശുദ്ധാത്മ പ്രേരിതമായ

www.malankaralibrary.com

ഒരു പരിവർത്തനവും വലിയ ഒരു പരിത്യാഗവുമായിരുന്നു.

തിരുമേനി യാക്കോബായ സഭയിൽ വലിയൊരു ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്നു. അവിടെ അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലുണ്ടായിരുന്നിടത്തോളം ജനങ്ങൾപോലും അന്നു് മലങ്കരഹൈയരാർക്കിയിലുണ്ടായിരുന്നില്ല. പള്ളികളും, പള്ളിക്കൂടങ്ങളും മററു സ്ഥാപനങ്ങളും പരിമിതം. ഇവയെക്കാളെല്ലാം തിരുമേനി വിലമതിച്ചതു് ''സത്യ''ത്തെയായിരുന്നു.

## പരിശുദ്ധാത്മാവിന്റെ നടത്തിപ്പ്

തിരുസഭയുടെ ആദ്യകാലത്തു് സഭയെ പീഡിപ്പിച്ച ശൗലിനെ മാനസാന്തരപ്പെടുത്തി തിരുസഭയുടെ തീക്ഷ്ണതയേറിയ ഒരു പ്രേഷിതനാക്കിയ പ്രകാരം, പുനരൈക്യത്തിന്റെ പ്രാരംഭത്തിൽ അതിനെതിരെ പോരാടിയ മാർ സെവേറിയോസ് മെത്രാപ്പോലീത്തായെ മാനസാന്തരപ്പെടുത്തി പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രേഷിതനാക്കിയതു് ദൈവത്തിന്റെ ദിവ്യ നടത്തിപ്പായിരുന്നു. തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മാർ തെയോഫിലോസ് തിരുമേനി രൂപതാ ഭരണം നടത്തുവാൻ സാധിക്കാത്തവിധം രോഗാവസ്ഥയിലായിരുന്നു. ജീവിക്കുന്ന ഒരു വിശുദ്ധനായി ജനങ്ങൾ ബഹുമാനിച്ചിരുന്ന തിരുമേനിയുടെ സൗഖ്യത്തിനുവേണ്ടി രൂപതയിലെല്ലാം സഭയൊന്നായി പ്രാർത്ഥിച്ചിരുന്നു. രോഗത്തിൽനിന്നുള്ള പൂർണ്ണമായ സൗഖ്യം നൽകുവാൻ ദൈവം തിരുമനസ്സായില്ല. മറിച്ചു് ഒരു പുണ്യാത്മാവിനു സാദൃശം, മ്ശിഹായുടെ സഹനത്തിൽ പങ്കാളിയാകുവാനുള്ള വരമാണ് ദൈവം അദ്ദേഹത്തിനു് നൽകിയതു്. മിശിഹായെ ഏററു പറഞ്ഞ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിന്റെ സഹനവും പീഡകൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും പീഡകരിൽ ഒരാളായ ശൗലിന്റെ മാനസാന്തരത്തിനു കാരണമായതുപോലെ, പുനരൈക്യത്തിന്റെ പ്രതിരോധിയായിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മാനസാന്തരത്തിനു് സംഗതിയാക്കിയെന്നു് കാണാവുന്നതാണ്. ആദ്യകാലസഭക്കു് ഒരു ശൗലിന്റെ മാനസാന്തരം സഭയുടെ വളർച്ചയ്ക്കു് ആവശ്യമായിരുന്ന പ്രകാരം പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭത്തിൽ എതിരാളിയായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ മാനസാന്തരം പുനരൈക്യത്തിന്റെ പുരോഗതിക്കു് ആവശ്യമായിരുന്നു. ഇതു് ദൈവത്തിന്റെ പരിപാലനയിൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പായിരുന്നു.

1937 നവംബർ 29-ാം തീയതി സഭയെ ആശ്ലേഷിച്ച തിരുമേനി, തനിക്കു് നൽകപ്പെട്ട ഏതാനം സ്വീകരണങ്ങളിലും പ്രസംഗങ്ങളിലും പങ്കെടുത്തതൊഴിച്ചാൽ ഒൻപതു മാസക്കാലം വായനയും പഠനവും പ്രാർത്ഥനയും വഴി പുനരൈക്യമാകുന്ന സഭൈക്യ പ്രവർത്തനത്തിനുവേണ്ടി തയ്യാറാകുകയും ദൈവാനുഗ്രഹം തേടുകയുമാണ് ചെയ്തിരുന്നതു്. 1938 ആഗസ്റ്റ് 29-ാം തീയതി തിരുവല്ലാ രൂപതാഭരണം ഭരമേല്പിക്കപ്പെട്ടതു മുതൽ പ്രേക്ഷിത പ്രവർത്തകനായി വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ തീക്ഷ്ണതയോടെ അക്ഷീണം അദ്ധ്വാനിച്ചിരുന്നു. രൂപതയിൽ പള്ളികളും സ്കൂളുകളും, മററു് സ്ഥാപനങ്ങളും ഓരോന്നോരോന്നായി പണിതുയർത്തുകയും ചെയ്തു. ഇടവകകളും മിഷനുകളും വികസിപ്പിച്ചതിനോടൊപ്പം വിശ്വാസികളെ ആദ്ധ്യാത്മികതയിലും ആരാധനാനുഷ്ഠാനങ്ങളിലും സജീവരാക്കുകയും ചെയ്തു. മാത്രമല്ല മലബാറിൽ കുടിയേറിപ്പാർത്തിരുന്ന മലങ്കര മക്കളുടെ അടുക്കലേക്കു അനാരോഗ്യത്തെ അവഗണിച്ചു് കൊണ്ടു് അവരെ അന്വേഷിച്ചു് പോവുകയുണ്ടായി. ശരീരക്ലേശം അനുഭവപ്പെട്ട തിരുമേനി തന്റെ ദൗത്യം നിറവേററി അരമനയിൽ തിരിച്ചെത്തി തന്റെ ഓട്ടം പൂർത്തിയാക്കുകയും ചെയ്തു.

## ബഥനിയുടെ രക്ഷാധികാരി

പുനരൈക്യ കാലത്തു ബഥനി ആശ്രമവും ആശ്രമസ്ഥരും വെണ്ണിക്കുളത്തായിരുന്നു. 1933ൽ ബഥനിആശ്രമം തിരുവനന്തപുരം നാലാഞ്ചിറയിലേക്കു് മാററപ്പെട്ടു തിരുവല്ലായിലും ബഥനിയാശ്രമവും ആശ്രമസ്ഥരും ഉണ്ടായിരിക്കണമെന്നു് ആവശ്യപ്പെട്ടതനുസരിച്ചു് 1935 മെയ് മാസത്തിൽ ആറു് ആശ്രമസ്ഥരെ തിരുവല്ലായിലേക്കു് അയയ്ക്കുകയും തോലശ്ശേരിയിൽ ബഥനി ആശ്രമം ആരംഭിക്കുകയും ചെയ്തു. അന്നത്തെ സാഹചര്യത്തിൽ ബഥനി തൽക്കാലം രൂപതാസമൂഹമായിരിക്കട്ടെ എന്നു് നിശ്ചയിച്ച എങ്കിലും ബഥനി ഒരു സമൂഹമായിരിക്കണമെന്നു് സമൂഹാംഗങ്ങൾ ആഗ്രഹിക്കുകയും അതിനുവേണ്ടി അധികാര സ്ഥാനങ്ങളിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു. 1938 ആഗസ്റ്റ് 29-ാം തീയതി സേവേറിയോസ് തിരുമേനി രൂപതാഭരണം ഭരമേൽക്കുമ്പോൾ

www.malankaralibrary.com

ബഥനി ഒരു ശ്രുപതാസമൂഹം എന്ന നിലയിലായിരുന്നു. അദ്ദേഹം ബഥനിസമൂഹത്തിന്റെ രക്ഷാധികാരിയും സംരക്ഷകനും ആയിത്തീർന്നു. ആശ്രമത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തിരുമേനി ഔദാര്യപൂർവ്വം സഹായിച്ചിരുന്നു. ആശ്രമം സന്ദർശിക്കുകയും ആവശ്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. ദിവ്യകർമ്മങ്ങൾ പ്രത്യേകിച്ച് സന്യാസപ്രതിഷ്ഠാകർമ്മങ്ങൾ മുതലായവ സസന്തോഷംവന്ന് നടത്തുമായിരുന്നു. 1944 ൽ വൈദികർ വർദ്ധിച്ചപ്പോൾ ഏതാനും മിഷൻ മന്ദിരങ്ങൾ ആരംഭിച്ചു. അപ്പോൾ ഒരു സുപ്പീരിയർ ജനറലിനെയും നിയമിച്ചു. 1948 ൽ സമൂഹത്തിന്റെ സംയോജനത്തിനുവേണ്ടിയുള്ള ആലോചനകൾക്ക് ഏതാനും വൈദികർ അനുകൂലിച്ചില്ല. അവർ ശ്രുപതാസമൂഹമായി നിൽക്കുവാൻ താല്പര്യപ്പെട്ടെങ്കിലും തിരുമേനി അത് അംഗീകരിച്ചില്ല. സമൂഹത്തിന്റെ സംയോജനത്തിനുള്ള തീരുമാനത്തിൽ സമൂഹസ്ഥാപകനായ മാർ ഈവാനിയോസ് പിതാവിനോട്, ജനറലേറ്റ് സ്ഥാപനത്തിലും ഇൻറർ ഡയോസിസ് സമൂഹത്തിനനുയോജ്യമായ നിയമനിർമ്മാണത്തിലും പൂർണ്ണമായി സഹകരിച്ചു. അങ്ങനെ സമൂഹസംയോജനം സഫലമാകുകയും ചെയ്തു. തുടർന്നും സമൂഹത്തിന്റെ വളർച്ചയെ സഹായിക്കുകയും ചെയ്തിരുന്നു. 1953ൽ സമൂഹത്തിൽ ഒരു വിസിറ്റർ നിയമിക്കപ്പെട്ടപ്പോൾ അദ്ദേഹത്തോട് സഹകരിച്ച് തിരുവല്ലാ ശ്രുപതയിൽ ഒന്നു രണ്ടു ആശ്രമങ്ങളും ആരംഭിക്കുവാൻ തീരുമാനിച്ചു. ബഥനിയുടെ ആരംഭത്തിലെ അഭ്യുദയകാംക്ഷി അല്പകാലത്തേക്ക് അകന്നെങ്കിലും പിന്നീട് ശ്രുപതാസമൂഹത്തിന്റെ അധികാരിയും സംയോജിക്കപ്പെട്ട സമൂഹത്തിന്റെ സംരക്ഷകനും രക്ഷാധികാരിയും ആയിരുന്നു.

## മെത്രാപ്പോലീത്താ


മലങ്കര ഹയരാർക്കിയുടെ പ്രഥമ മെത്രാപ്പോലീത്തായും തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പുമായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് 1953–ജൂലൈ 15–ാം തീയതി കാലംചെയ്തു. അതിനശേഷം, മലങ്കര ഹയരാർക്കിയുടെ മെത്രാപ്പോലീത്തായും ആർച്ചുബിഷപ്പുമായി അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി അംഗീകരിക്കപ്പെട്ടു. അങ്ങനെ അദ്ദേഹം മലങ്കര കത്തോലിക്കാസഭയുടെ ദ്വിതീയ മെത്രാപ്പോലീത്തായായി. സ്വ അസ്ഥാനത്തിൽ തന്നെയുള്ള ഈ സ്ഥാനാരോഹണം അസാധാരണമായ ഒരു സംഭവമാണ്. പരിശുദ്ധ സിംഹാസനത്തിന് മാർ സേവേറിയോസ് തിരുമേനിയുടെ പേരിലുള്ള മതിപ്പും ആദരവുമാണിത് തെളിയിക്കുന്നതു്.

1955 ജനുവരി 18-ാംതീയതി മാർ സേവേറിയോസ് തിരുമേനി കാലം ചെയ്യുന്നതുവരെ ഈ സ്ഥാനം അലങ്കരിച്ചിരുന്നു.


## ജൻമശതാബ്ദി

1994 അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയും ബഥനിയുടെ പ്ലാറ്റിനം ജൂബിലിയും ഒത്തുവന്നതു് ദൈവത്തിന്റെ മുൻനിശ്ചയമെന്നു കരുതി ദൈവത്തിനു കൃതജ്ഞതാസ്തോത്രം സമർപ്പിക്കുന്നു. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയാൽ ബഥനി വളർന്നുകൊണ്ടിരിക്കുന്നു. തിരുമേനി ഒരു പുണ്യവാനായി പ്രശോഭിക്കട്ടെയെന്നാണ് ബഥനിയുടെ പ്രാർത്ഥന. അഭിവന്ദ്യ സേവേറിയോസ് തിരുമേനി, സ്വർഗ്ഗത്തിൽ സ്വഗുരുവായിരുന്ന മാർ ഈവനിയോസ് പിതാവിനോടും തന്റെ മുൻഗാമിയായിരുന്ന മാർ തെയോഫിലോസ് തിരുമേനിയോടും കൂടെ ബഥനിയുടെ സംരക്ഷകനും ഒരു രക്ഷാധികാരിയുമാണ്. ആ പുണ്യപിതാക്കന്മാരുടെ മാദ്ധ്യസ്ഥം ബഥനിയെ വളർത്തട്ടെ, പുനരൈക്യത്തെ പ്രോത്സാഹിപ്പിച്ച് മലങ്കരസഭയെ വലുതാക്കട്ടെ, അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

# കുരിശുമല ആശ്രമസ്ഥാപകൻ



ഫ്രാൻസിസ് ആചാര്യ



ബീഡ് ഗ്രിഫിത്ത്സ്

"സഹോദരന്മാരേ, മനുഷ്യരുടെ പാപത്തെക്കുറിച്ച് ഭയപ്പെടരുത്. അവന്റെ പാപത്തിലും അവനെ സ്നേഹിക്കണം. ദൈവസ്നേഹത്തിന്റെ അടയാളം അതാണ്. ഉദാത്തസ്നേഹമാണ് ദൈവത്തിന്റെ സമസ്ത സൃഷ്ടികളെയും സ്നേഹിക്കുക. ലോകത്തിലെ സകലത്തെയും, അതിലെ ഓരോ മണൽത്തരിയെയും സ്നേഹിക്കുക. ഇലകളെയും പൂക്കളെയും സൂര്യനെയും ചന്ദ്രനെയും സ്നേഹിക്കുക, ജീവജാലങ്ങളെ മുഴുവൻ സ്നേഹിക്കുക, താരാഗണ കളെ സ്നേഹിക്കുക. ഓരോന്നിനെയും സ്നേഹത്തിൽ നിന്ന് ഒഴിവാക്കരുത്. സമസ്തവും സ്നേഹത്തിലാകുമ്പോൾ ദൈവിക രഹസ്യങ്ങളിലേക്ക് നമുക്ക് ചുഴിഞ്ഞിറങ്ങാം. ഒരിക്കൽ കണ്ടെത്തിയാൽപ്പിന്നെ കൂടുതൽ കൂടുതൽ അതിന്റെ ഉള്ളിലേക്ക് നമുക്ക് നടന്നു കയറാം. അങ്ങനെ ലോകം മുഴുവനെയും സമാശ്ലേഷിക്കുന്ന സ്നേഹം കൊണ്ട് നിറയാം."

www.malankaralibrary.com

# നമ്മെ നയിച്ച പിതാക്കന്മാർ

ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ

**മഹത്‌വ്യക്തി**കളെ കേന്ദ്രമാക്കിയാണല്ലോ ചരിത്രം ഉടലെടുക്കുക. അവരുടെ പ്രവർത്തനശൈലികളും നടപടിക്രമങ്ങളും സമൂഹത്തിന്റെ ശൈലികളും പാരമ്പര്യങ്ങളുമായി മാറുന്നു. ലോകത്തിന്റെയും, രാഷ്ട്രങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ ഇതു വ്യക്തമാകും. ഏതൊരു സംസ്ക്കാരത്തിന്റെയും ആശയത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയുമെല്ലാം പിന്നിൽ പ്രഗത്ഭമതികളെ കാണുവാൻ സാധിക്കും. സാഹചര്യങ്ങളെയും സംഭവങ്ങളെയും വ്യക്തികൾ ദീർഘവീക്ഷണത്തോടെ വിനിയോഗിച്ചതിന്റെ ഫലമായാണ് പ്രസ്ഥാനങ്ങളും ചരിത്രവും ഉടലെടുക്കുക. മനുഷ്യപ്രയത്നത്തിന്റെ ഉദാത്തമായ ആത്മാവിഷ്ക്കാരമാണ് പാരമ്പര്യങ്ങളായി നാം അംഗീകരിച്ചിരിക്കുന്നത്.

മലങ്കര കത്തോലിക്കാസഭയുടെ ചരിത്രവും പല ഉന്നതരായ ദൈവമനുഷ്യരുടെ ദൈവനടത്തിപ്പിന്റെയും ദൈവാനുഭവത്തിന്റെയും ആഴമായ ദർശനത്തിന്റെയും ഫലമായ പ്രയാണത്തിന്റെ ചരിത്രമാണ്. മൺമറഞ്ഞ മഹാരഥന്മാരുടെ ത്യാഗോജ്ജ്വലമായ സമർപ്പണം സഭയെ പോററിവളർത്തുകയായിരുന്നു. മലങ്കര സഭാചരിത്രത്തിൽ അപ്രകാരമുള്ള അനേകം വന്ദ്യപിതാക്കന്മാരും, വൈദികശ്രേഷ്ഠരും, അത്മായ നേതാക്കളുമുണ്ട്. സഭയും ചരിത്രവും അവരോടു കടപ്പെട്ടിരിക്കുന്നു. കാലം ചെയ്ത പിതാക്കന്മാരിലൂടെ സഭയ്ക്കു ലഭ്യമായ ചരിത്രത്തിലൂടെയുള്ള ഒരു ഓട്ടപ്രദക്ഷിണമാണ് ഈ ലേഖനം.

### *ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ*

ഭാരത ന്യൂമാൻ എന്നറിയപ്പെടുന്ന പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിലേക്കുതന്നെ ആദ്യം കടന്നുചെല്ലാം. വിവിധ അഭിനാമത്താൽ അംഗീകൃതനായിരുന്ന അഭിവന്ദ്യ പിതാവിന്റെ പേരുകളത്രയും അദ്ദേഹത്തിന്റെ വൈവിദ്ധ്യമാർന്ന വ്യക്തിത്വത്തിന്റെയും ജീവിതരംഗങ്ങളുടെയും മുഖമുദ്രകളായിരുന്നു. ചരിത്ര വിദ്യാർത്ഥിയുടെ മുൻപിൽ ഒരു പക്ഷെ പണിക്കരു ശെമ്മാശൻ, എം.എ. ശെമ്മാശൻ, എം. എ. അച്ചൻ, എം. ഡി. സെമ്മിനാരി പ്രിൻസിപ്പൽ, സെറാമ്പൂർ കോളേജ് പ്രൊഫസർ, ബഥനി ആശ്രമ സ്ഥാപകൻ. ആബോ ഗീവർഗീസ്, ബഥനി മെത്രാൻ, ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തുടങ്ങിയ സംജ്ഞകൾ ഒരു ജീവിതത്തിന്റെ വിവിധ ഘട്ടങ്ങൾ മാത്രമായിരിക്കും. എന്നാൽ ഇത് ഒരു വ്യക്തിത്വത്തിന്റെയും ഒരു പ്രസ്ഥാനത്തിന്റെയും വിവിധ മുഖങ്ങളാണ്.

മാവേലിക്കരയുള്ള പണിക്കരുവീട്ടിൽ തോമ്മാ പണിക്കരുടേയും അന്നാമ്മയുടേയും മകനായി 1882 സെപ്തംബർ 8-ാം തീയതിയാണ് ഗീവർഗീസ് ജനിച്ചത്. കളരി വിദ്യാഭ്യാസത്തിനുശേഷം അടുത്തുള്ള CMS ഇംഗ്ലീഷ് സ്ക്കൂളിൽ ചേരുകയും പിന്നീട് Govt. സ്ക്കൂളിലേക്ക് മാറുകയും ചെയ്തു. അതിനുശേഷം പഴയ സെമ്മിനാരിയിൽ താമസിച്ച് എം. ഡി. സെമ്മിനാരി ഹൈസ്ക്കൂളിൽ പഠിക്കുവാൻ തുടങ്ങി. കോട്ടയം CMS College ലും തുടർന്ന് മദ്രാസ് ക്രിസ്ത്യൻ കോളേജിലും പഠിച്ചു. പഠനം കഴിഞ്ഞു തിരികെ വന്ന പി. ററി. ഗീവർഗീസ് ശെമ്മാശൻ എം. ഡി. സെമ്മിനാരി പ്രിൻസിപ്പലായി നിയമിതനായി. 1908 ആഗസ്ററ് 15-ാം തീയതി പരുമല സെമിനാരിയിൽവച്ച് ശെമ്മാശന് വട്ടശേരിൽ മാർ ദിവന്ന്യാസിയോസ് തിരുമേനി വൈദികപട്ടം നൽകി. അധികം താമസിയാതെ സെറാമ്പൂർ കോളജിലേക്ക് ഉദ്യോഗാർത്ഥം പോയി. തുടർന്നുള്ള വന്ദ്യപിതാവിന്റെ ജീവിതം പ്രധാനമായും സമുദായോദ്ധാരണപരമായിരുന്നു. ഈ മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുവാനായിട്ടാണ് അദ്ദേഹം ബഥനി ആശ്രമവും മഠവും സ്ഥാപിച്ചത്. 1925

www.malankaralibrary.com

മകരമാസം 15-ാം തീയതി തിരുമൂലപുരം പള്ളിയിൽ വച്ച് അദ്ദേഹത്തിന് റമ്പാൻ പട്ടം നൽകുകയുണ്ടായി. നിരണത്തു വച്ച് നടന്ന കാതോലിക്കാ വാഴ്ചയ്ക്ക് പിറേറന്ന് (1925, മെയ് 1) ബഥനിയുടെ ഗീവർഗീസ് റമ്പാനെ മാർ ഈവാനിയോസ് എന്നപേരിൽ മെത്രാനായി അഭിഷേചിച്ചു. യാക്കോബായ സഭയിലെ പ്രഗത്ഭനായ മാർ ഈവാനിയോസ് സഭയിൽ സമാധാനവും ആത്മിക ഉയർച്ചയും ഉതകുന്ന പദ്ധതികൾ സ്വരുക്കൂട്ടുന്നതിൽ സദാ ശ്രദ്ധാലുവായിരുന്നു. പ്രാർത്ഥനയും, തപസും, പഠനവും, പ്രവർത്തനവും അതിനായി അദ്ദേഹം അവലംബിച്ചു. ഇതെല്ലാം അദ്ദേഹത്തെയും യാക്കോബായ സഭ നേതൃത്വത്തെ മുഴുവനും കൊണ്ടെത്തിച്ചത് കത്തോലിക്കാ സഭയുമായുള്ള ഐക്യം എന്ന ആശയത്തിലേക്കാണ്. ഈ ദൈവനടത്തിപ്പിനെ അദ്ദേഹം അനുധാവനം ചെയ്തു. കലപ്പയിൽ കൈവച്ചിട്ട് പിന്നോട്ടു നോക്കുക ദൈവികമല്ലല്ലോ. ഇവിടെ തന്റെ ജീവിതത്തിലെ രണ്ടാംഘട്ടം തുടങ്ങുന്നു. 1930 സെപ്തംബർ 20-ാം തീയതിയിലെ പുനരൈക്യ സംഭവത്തോടുകൂടി മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഒരു അദ്ധ്യായം അവസാനിക്കുകയായിരുന്നു. T. S. Eliot ന്റെ ഭാഷയിൽ "In my Beginning is my end and is my End is my Beginning". അതെ, ഈ അവസാനം ഒരു തുടക്കത്തിന്റെ ആരംഭവുമായിരുന്നു. 1932 ൽ പതിനൊന്നാം പീയൂസ് മാർ പാപ്പായെ സന്ദർശിക്കുവാനും അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിനിൽവച്ചു നടന്ന 23-ാം ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിക്കുവാനും തിരുമേനി യാത്രയായി. ഇംഗ്ലണ്ട് സന്ദർശിച്ചു തിരികെയെത്തുമ്പോൾ റോമിൽവച്ച് മലങ്കര ഹൈരാർക്കിക്ക് ആവശ്യംവേണ്ട അനുവാദവും അദ്ദേഹംവാങ്ങിയിരുന്നു. ഓർത്തഡോക്സ് സഭയിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാനായിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യമായിരുന്നു (1937 നവംബർ 27). തുടർന്നുണ്ടായ മറെറാരു പ്രധാന സംഭവം.

മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്ക് കടന്നുചെല്ലുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ഗവൺമെൻറ് അധികാരികളിൽനിന്നും പ്രൈവററ് മാനേജുമെൻറിനെതിരായി ഉണ്ടായ നീക്കങ്ങളെ അദ്ദേഹം ശക്തിയുക്തം എതിർക്കുകയും പരാജയപ്പെടുത്തുകയും ചെയ്തിരുന്നു. സുറിയാനി ഭാഷയ്ക്ക് പാഠ്യപദ്ധതിയിൽ ലഭിച്ച അംഗീകാരം അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ്. തന്റെ ഇരുപത്തിരണ്ടു വർഷത്തെ അതിരൂപതാഭരണകാലത്ത് 78 പ്രൈമറി സ്കൂളുകളും, 18 മിഡിൽ സ്കൂളുകളും 15 ഹൈസ്കൂളുകളും 2 ട്രെയിനിംഗ് സ്കൂളുകളും ഒരു കോളേജും അദ്ദേഹം സ്ഥാപിച്ചു.

1947 ജൂൺ മാസത്തിൽ ഒട്ടാവാ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുവാൻ പോകുന്ന വഴിക്കാണ് അദ്ദേഹം അമേരിക്കയും അറബ് രാജ്യങ്ങളും സന്ദർശിച്ചത്. ഈ യാത്രാവേളയിൽ അദ്ദേഹം UNO സന്ദർശിക്കുകയും സാൻഫ്രാൻസിസ്ക്കോ സർവ്വകലാശാലയിൽ നിന്നും LLD ബിരുദം ഏററുവാങ്ങുകയും ചെയ്തു. മൂന്ന് സന്യാസ സമൂഹങ്ങൾ (S. I. C., O. I. C., D. M.) സ്ഥാപിക്കുകവഴി മാർ ഈവാനിയോസ് പിതാവ് മലങ്കര മക്കളുടെ ആത്മീയ ജീവിതത്തിന് ഒരു ശക്തികേന്ദ്രം ഉറപ്പിക്കുകയായിരുന്നു. തന്റെ അമേരിക്കൻ പര്യടനവേളയിൽതന്നെ രോഗത്തിന്റെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ കണ്ടിരുന്നു ഒരു പിൻഗാമിയെ വാഴിക്കുവാൻ അദ്ദേഹത്തിന് അധികം ആലോചിക്കേണ്ടിയിരുന്നില്ല. അങ്ങനെ 1953 ജനുവരി 29-ാം തീയതി പുതിയതായി പണിതുകൊണ്ടിരുന്ന കത്തീഡ്രലിന്റെ തറയിൽ കെട്ടിയുയർത്തിയ അലങ്കരിച്ച പന്തലിൽവച്ച് റവ. ഫാ. ബനഡിക്ട് M. A. O. I. C. യെ തന്റെ പിൻഗാമിയായി, 'മാർ ഗ്രീഗോറിയോസ്' എന്നപേരിൽ അഭിഷേചിച്ചു. 1953 ജൂലൈ മാസം 15-ാം തീയതി ഒരു കാലഘട്ടം യവനികയ്ക്കുള്ളിലേക്ക് മറഞ്ഞു. ഇന്നും അദ്ദേഹത്തിന്റെ കബറിടം അനേകർക്ക് ആശ്വാസവും പ്രത്യാശയും പകരുന്നതോടൊപ്പം വിസ്മയകരവും അത്ഭുതകരവുമായ ആ ജീവിതം ലക്ഷങ്ങൾക്ക് പ്രചോദനവും പ്രേരണയുമായി നിലകൊള്ളുന്നു.

### *യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ*

ബഥനി ആശ്രമത്തിൽ ആശ്രമഗുരുവായി അറിയപ്പെട്ടിരു

www.malankaralibrary.com

ന്ന ഗുരുവച്ചൻ, മാർ തെയോഫിലോസ് തിരുമേനി, കോട്ടയത്തിനടുത്ത് ഒളശയിൽ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകന്റെയും അച്ചാമ്മയുടെയും മകനായി 1891 ഫെബ്രുവരി 26-ാം തീയതിയാണ് ജനിച്ചത്. ഒളശയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്നു പഠിച്ചു. തുടർന്ന് അവിടെത്തന്നെ അദ്ധ്യാപകനായി ജോലി ആരംഭിച്ചു. ഒളശ ഇടവകാംഗങ്ങളുടെ താല്പര്യപ്രകാരം, വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി ശെമ്മാശപട്ടം നൽകി. എം.എ. അച്ചന്റെ സഹായിയായി പ്രവർത്തിച്ചുവന്ന യാക്കോബ് ശെമ്മാശൻ 1919 ൽ പെരുനാട് മുണ്ടൻമലയിൽ ആശ്രമജീവിതം ആരംഭിച്ചു. 1920 ൽ പെന്തിക്കോസ്തിദിനത്തിൽ സന്യാസപ്രതിജ്ഞ എടുത്ത ശെമ്മാശൻ 1924 ൽ വൈദികനായി അഭിഷിക്തനായി. യാക്കോബച്ചന്റെ മാതൃകാപരമായ ജീവിതം അദ്ദേഹത്തെ മെത്രാനായി ഉയർത്തുവാൻ പ്രേരകമായി. 1929 ൽ ഗീവർഗീസ് മാർ ബസേലിയോസ് കാതോലിക്കാബാവാ ബഥനിയുടെ എപ്പിസ്ക്കോപ്പായായി ഇദ്ദേഹത്തെ അഭിഷേചിച്ചു. അങ്ങനെ മാർ ഈവാനിയോസ്, മെത്രാപ്പോലീത്തായായും മാർ തെയോഫിലോസ് ബഥനി മെത്രാനായും അംഗീകരിക്കപ്പെട്ടു. ഈ സന്ദർഭത്തിലാണ് പുനരൈക്യത്തെപ്പററി കാര്യമായ ആലോചനകൾ നടന്നത്. റോമിൽനിന്നും പുനരൈക്യത്തിന് അനുകൂലമായ മറുപടി ലഭിച്ചപ്പോൾ മററെല്ലാ മെത്രാൻമാരും പിൻവാങ്ങിയിട്ടും മാർ തെയോഫിലോസ് തിരുമേനി തീരുമാനത്തിൽ ഉറച്ചുതന്നെ നിന്നു. അങ്ങനെ 1930 സെപ്തംബർ 20-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയോടുകൂടി സഭയിലേക്ക് പുനരൈക്യപ്പെടുവാൻ അദ്ദേഹവും ഉണ്ടായിരുന്നു. തിരുവല്ലായ്ക്കടുത്ത് ഒരു ഹൈന്ദവ സ്നേഹിതന്റെ ഭവനത്തിലാണ് അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനങ്ങൾ തിരുവല്ലാ രൂപതയിൽ സമാരംഭിച്ചത്. പരിശുദ്ധ സിംഹാസനത്തിൽ നിന്നും തിരുവല്ലാ രൂപതയുടെ മെത്രാനായി 1932 ൽ തെയോഫിലോസ് തിരുമേനിയെ നിയമിച്ചു. ഇപ്പോഴത്തെ പുഷ്പഗിരി ആശുപത്രി സ്ഥിതിചെയ്യുന്നതിനടുത്ത് ചെറുപുഷ്പഗിരി എന്ന ഇരുനിലകെട്ടിടത്തിൽ താമസിച്ചുകൊണ്ടാണ് പിതാവ് രൂപതാ ഭരണം നടത്തിവന്നത്. 1933 ൽ വിദേശ പര്യടനത്തിനു പുറപ്പെടുകയും റോമിൽ 11-ാം പീയൂസ് മാർപാപ്പായെ സന്ദർശിക്കുകയും തുടർന്ന് യൂറോപ്പിൽ പല രാജ്യങ്ങളും സന്ദർശിക്കുകയും ചെയ്തു. 1934, നവംബർ 24-ാം തീയതിയാണ് പുതിയ അരമന കൂദാശ ചെയ്യുന്നത്. തുടർന്ന് പല പള്ളികൾ, സെൻറ് ജോസഫ്സ് പ്രസ്, സ്ക്കൂളുകൾ ഇവ സ്ഥാപിക്കുവാൻ പിതാവ് വളരെ പരിശ്രമിച്ചു. സത്യവിശ്വാസ പ്രചരണത്തിനായി 'സാക്ഷ്യസംഘം' എന്നപേരിൽ ഒരു സംഘടനയ്ക്കും തിരുമേനി രൂപം നൽകി. അധികം കഴിയുന്നതിനുമുമ്പ് പിതാവ് രോഗിയാവുകയും പിന്നീട് വിശ്രമജീവിതം ആരംഭിക്കുകയും ചെയ്തു. സദാ സന്തോഷവാനായും വേദനകളേയും രോഗത്തെയും പ്രത്യാശയോടെ സ്വീകരിക്കുന്നവനായും കാണപ്പെട്ട പിതാവ്, 'മാലാഖായ്ക്കടുത്തവൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. മോൺ. വാച്ചാപറമ്പിലച്ചന്റെയും അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെയും നേതൃത്വത്തിൽ തിരുവല്ലാ രൂപതയുടെ വളർച്ചയിൽ തെയോഫിലോസ് തിരുമേനി സംതൃപ്തനായിരുന്നു. 1956 ജൂൺ 26-ാം തീയതി തന്റെ 65-ാമത്തെ വയസിൽ വന്ദ്യ തിരുമേനി ദൈവതൃക്കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിച്ചു.

### ജോസഫ് മാർ സേവേരിയോസ് മെത്രാപ്പോലീത്താ

മാർ സേവേരിയോസ് പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള ഈ സ്മരണികയിൽ അദ്ദേഹത്തിന്റെ ജീവചരിത്രം അന്യത്ര സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവിടെ വളരെ ചുരുങ്ങിയ ഒരു വിവരണത്തിനു മാത്രമേ സാംഗത്യമുള്ളു. മല്ലപ്പള്ളിയ്ക്കടുത്ത് ആനിക്കാട് വാളക്കുഴിയിൽ ഉമ്മൻ അക്കമ്മ ദമ്പതികളുടെ മകനായി 1894 ഏപ്രിൽ 7-ാം തീയതി അദ്ദേഹം ജനിച്ചു. പാതിയ്ക്കാട് ഇടവക വക എം. ഡി. സ്ക്കൂളിലും തുടർന്ന് സി. എം. സ്. മിഡിൽ സ്ക്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൃശ്ശിനാപ്പള്ളിയിൽ എസ്. പി. ജി. കോളേജിൽ പഠനം നടത്തി. തുടർന്ന് തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി. 1929 ജനുവരി 8-ാം

www.malankaralibrary.com

തീയതി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി. 1932 ഏപ്രിൽ 17-ാം തീയതി യൗസേപ്പ് അച്ചനെ റമ്പാനായും മെയ് 25 ന് മെത്രാനായും അഭിഷേചിച്ചു. 1937 നവംബർ 23-ാം തീയതിയാണ് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയെ ആശ്ലേഷിച്ചത്. 1938 നവംബർ 20-ാം ന് തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും 1950 ൽ രൂപതാ മെത്രാനായും നിയമിക്കപ്പെട്ടു. 1954ൽ സഹായമെത്രാനായി മാർ അത്തനാസിയോസ് തിരുമേനിയെ അഭിഷേചിച്ചു. 1955 ജനുവരി 18-ാം തീയതിയാണ് വന്ദ്യപിതാവ് ഭാഗ്യമരണം പ്രാപിച്ചത്.

### തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്താ

കോട്ടയത്തിനടുത്ത് ചിങ്ങവനത്തെ തേർവാലടി കുടുംബത്തിൽ തൊമ്മൻ കുരുവിളയുടെയും, പള്ളം ഒററത്തൈക്കൽ നൈത്തിയമ്മയുടെയും ദ്വിതീയ മകനായി 1884 ജനുവരി 4-ാം തീയതി തോമസ് ജാതനായി. പള്ളം CMS സ്ക്കൂളിലും കോട്ടയം CMS കോളേജിലും പഠനം പൂർത്തിയാക്കിയപ്പോൾ അദ്ദേഹത്തിനു ശെമ്മാശുപട്ടം ലഭിച്ചു. തുടർന്ന് ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനിയിൽനിന്നും 28-ാം വയസിൽ വൈദികപട്ടം സ്വീകരിച്ചു. സഭാചരിത്രപഠനത്തിലൂടെ സത്യസഭയെപ്പററി ബോധ്യം വരികയാൽ ഒററത്തൈക്കൽ തോമസച്ചനും മററ് ചിലരും കോട്ടയം ക്നാനായ രൂപതയിൽ ചേർന്നു. ഈ കാലയളവിലാണ്, കൃത്യമായി പറഞ്ഞാൽ 1921 ജൂലൈ 5 നാണ്, അന്ത്യോക്യൻ ആരാധനക്രമം ക്നാനായ കത്തോലിക്കരിൽ പുനരൈക്യപ്പെട്ടവർക്ക് ഉപയോഗിക്കുവാൻ അനുവാദം ലഭിച്ചത്. ക്നാനായ യാക്കോബായ സഭയിലെ മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ പുത്തൻകൂർ വിഭാഗത്തിലെ പ്രഗത്ഭനായ ക്നാനായ പട്ടക്കാരൻ എന്നനിലയിൽ ഇദ്ദേഹത്തെ ആ സ്ഥാനത്തേക്ക്, നിർദ്ദേശിക്കപ്പെട്ടു. വളരെയധികം സമ്മർദ്ദത്തിന്റെ ഫലമായി അവസാനം വഴങ്ങുകയും, 1926 നവംബർ 11 ന് ജറുശലേമിൽ വച്ച്, അന്ത്യോക്യായിലെ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മലങ്കര യാക്കോബായസഭയുടെ മെത്രാനായി ഇദ്ദേഹത്തെ മാർ ദിയസ്ക്കോറസ് എന്നപേരിൽ വാഴിക്കുകയും ചെയ്തു. അഭിവന്ദ്യ ദിയസ്ക്കോറസ് തിരുമേനി 1927 മുതൽ 1939 വരെ ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ താമസിച്ച് സഭാ ഭരണം നടത്തി. ഏക സത്യസഭയെപ്പററിയുള്ള തന്റെ ബോദ്ധ്യം മറച്ചുവയ്ക്കുവാനോ അടക്കിവക്കുവാനോ നിഷ്ക്കളങ്കനായ ആ പിതാവിന് കഴിയുമായിരുന്നില്ല. തിരികെ വന്നാൽ അനുഭവിക്കേണ്ടിവരുന്ന ഏകാന്തതയെപ്പററി പിതാവിന് നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. 1939 നവംബർ 12 ന് തിരുവനന്തപുരത്ത് മാർ ഈവാനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ വിശ്വാസ പ്രതിജ്ഞ ചെയ്ത് വീണ്ടും മാതൃസഭയിലേക്ക് മടങ്ങിവന്നു. തുടർന്ന് മാർ തെയോഫിലോസ്, മാർ സേവേറിയോസ് തിരുമേനിമാരോടുകൂടി തിരുവല്ലായിൽ ചെറുപുഷ്പഗിരിയിൽ താമസമാക്കി. തന്റെ അന്ത്യകാലം തിരുമൂലപുരത്താണ് അദ്ദേഹം ചിലവഴിച്ചത്. 1943 ഫെബ്രുവരി 21-ാം തീയതി പിതാവ് അന്തരിച്ചു. പിതാവിന്റെ അഭീഷ്ടപ്രകാരം തിരുമൂലപുരം പള്ളിയിൽതന്നെയാണ് ഭൗതികാവശിഷ്ടം കബറടക്കിയിരിക്കുന്നത്. ഇന്ന് അനേകായിരങ്ങൾ ആ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുകയും അനുഗൃഹീതരാവുകയും ചെയ്യുന്നു.

### സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ

1908 ഫെബ്രുവരി 19 ന് തിരുവല്ലായ്ക്കടുത്ത് തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ കുടുംബത്തിൽ ചെറിയാന്റെയും സാറാമ്മയുടെയും സീമന്തപുത്രനായി ചെറിയാൻ (ഉണ്ണിക്കുഞ്ഞ്) ജനിച്ചു. തിരുവല്ല എം. ജി. എം., കോട്ടയം എം. ഡി. എന്നീ സ്ക്കൂളുകളിൽ പഠനം പൂർത്തിയാക്കി. സ്വപിതാമഹന്റെ സഹോദരനായ പോളച്ചിറയ്ക്കൽ കൊച്ചീപ്പൻ തരകനുമൊന്നിച്ച് കോട്ടയത്തു ബാങ്കു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 12 വർഷക്കാലം തുടർന്ന ഈ പ്രവർത്തന കാലത്തിനിടയ്ക്ക് ഒരു സ്നേഹിതനിൽനിന്നു കിട്ടാനിടയായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിച്ചുകൊണ്ടിരുന്നു. അതേതുടർന്ന് 6 വർഷത്തോളം കത്തോലിക്കാ സഭയെപ്പററി കൂലങ്കഷമായി പഠിച്ചു. ഒരു തീരുമാനമെടുക്കുന്നതിന് അന്ന് വിജയപുരം രൂപതയുടെ വികാരിജനറാളായിരുന്ന പരേതനായ ഫാ. കർമ്മെ

ലൂസിനെ സമീപിച്ചു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് മലങ്കര റീത്തിൽ ചേരുവാൻ തീരുമാനിച്ചു. ഒരു വൈദികനായിത്തീർന്ന് കത്തോലിക്കാസഭയെ സേവിക്കണമെന്നായിരുന്നു ചെറിയാന്റെ മോഹം. തിരുവല്ലാ രൂപതയ്ക്ക് പ്രത്യേകം മൈനർ സെമിനാരി ഇല്ലാതിരുന്ന അക്കാലത്ത് തിരുവല്ലായ്ക്കു വേണ്ടി തിരുവനന്തപുരം മൈനർ സെമിനാരിയിൽ ചേർന്നു. കോതമംഗലം രൂപതയുടെ പ്രഥമ ബിഷപ്പായിരുന്ന അഭിവന്ദ്യ പോത്തനാംമൂഴി തിരുമേനിയായിരുന്നു മൈനർ സെമിനാരി റെക്ടർ. മൈനർ സെമിനാരിപഠനം പൂർത്തിയാക്കി സുറിയാനിയിലും ലത്തീനിലും പ്രാവീണ്യം സമ്പാദിച്ച ബ്ര. ചെറിയാൻ ഫിലോസഫി പഠനത്തിനായി ആലുവാ അപ്പസ്തോലിക്ക് സെമിനാരിയിലും അതിനുശേഷം തിയോളജി പഠനത്തിനായി സിലോണിലെ കാൻഡി പേപ്പൽ സെമിനാരിയിലും അധികൃതർ അയച്ചു. ഒരു 'ലേററ് വൊക്കേഷനായി' (പ്രായം ചെന്നു കഴിഞ്ഞുള്ള ദൈവവിളി) കരുതപ്പെട്ടിരുന്ന ബ്രദർ ചെറിയാൻ സെമിനാരി ജീവിതത്തോടു ഭംഗിയായി പൊരുത്തപ്പെട്ടുപോയെന്നു മാത്രമല്ല, സ്വജീവിതാനുഭവത്തിൽനിന്നു ലഭിച്ച ലോകപരിചയം മററുള്ളവർക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ഉപയോഗിക്കുകയും ചെയ്തു. 1946 ഓഗസ്ററ് 24ന് കാൻഡി പേപ്പൽസെമിനാരിയിൽവച്ച് 38-ാം വയസിൽ ചെറിയാൻ ശെമ്മാശൻ വൈദികപട്ടം സ്വീകരിച്ചു. അന്നത്തെ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ ആയിരുന്ന മാർ സേവേറിയോസ് തിരുമേനി വെച്ചൂച്ചിറ എരുമേലി എന്നീ മിഷ്യൻ സ്റേറഷനുകളുടെ ചുമതല ഏൽപ്പിച്ചു. പുതിയ മിഷനറിയുടെ പ്രവർത്തനങ്ങളിൽ സന്തോഷം തോന്നിയ മാർ സേവേറിയോസ് തിരുമേനി അദ്ദേഹത്തെ വെണ്ണിക്കുളം പള്ളിയുടെ വികാരിയാക്കി. അവിടെയിരുന്നുകൊണ്ട് സമീപപ്രദേശമായ തെള്ളിയൂരിൽ ഒരു മിഷ്യൻ ആരംഭിക്കുകയും പള്ളി പണിയിക്കുകയും ചെയ്തു. കുന്നംകുളം ബഥനിമഠം, ഹൈസ്കൂൾ ഇവ കേന്ദ്രമാക്കിയുള്ള മിഷ്യനിലേക്കാണ് പിന്നീട് നിയമിച്ചത്. 1954 ഫെബ്രുവരിയിൽ മാർ സേവേറിയോസ് തിരുമേനിയുടെ സഹായമെത്രാനായി ഫാ. ചെറിയാൻ നിയുക്തനായി. 1954 ഫെബ്രുവരി 27-ന് റമ്പാനായും ഏപ്രിൽ 22 ന് മെത്രാനായും സേവേറിയോസ് തിരുമേനി അദ്ദേഹത്തെ വാഴിച്ചു. തിരുവനന്തപുരം അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ ആയിരുന്ന ബനഡിക്ട് മാർ ഗ്രീഗോറിയോസും തൃശൂർ ബിഷപ്പ് മാർ ജോർജ് ആലപ്പാട്ട് തിരുമേനിയും മെത്രാഭിഷേകത്തിൽ സഹകാർമ്മികരായിരുന്നു. മാർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും മാർ അത്താനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും ഒന്നിച്ചാണ് തിരുവല്ലായിൽവച്ചു നടന്നത്. ഇന്ത്യയിലെ അന്നത്തെ ഇന്റർനുൺഷ്യോ മോൺ. മാർട്ടിൻലൂക്ക് ഉൾപ്പെടെ അനേകം വൈദികമേലദ്ധ്യക്ഷന്മാർ ഈ ചടങ്ങിൽ പങ്കെടുത്തു. 1955 ജനുവരി 18 ന് സേവേറിയോസ് തിരുമേനി കാലംചെയ്തു. രൂപതയുടെ അഡ്മിനിസ്ട്രേററായി തെരഞ്ഞെടുക്കപ്പെട്ട മാർ അത്താനാസിയോസ് പിതാവിനെ 1955 ജനുവരി 20 ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറററായി റോം നിയമിച്ചു. 1955 ജനുവരി 27 ന് തിരുവല്ലാ രൂപതയുടെ മെത്രാനായി മാർ അത്താനാസിയോസ് പിതാവ് നിയമിതനായി.

സാമ്പത്തികമായി ഞെരുക്കം അനുഭവപ്പെട്ടിരുന്ന രൂപതയ്ക്ക് ഭദ്രത ഉണ്ടാക്കുവാൻ അദ്ദേഹം അക്ഷീണം പരിശ്രമിക്കുകയുണ്ടായി. നിരവധി മിഷൻ കേന്ദ്രങ്ങൾ, പള്ളികൾ, മലബാർ, മൈസൂർ പ്രദേശങ്ങളിലേക്കുള്ള സഭയുടെ മുന്നേററം, പുതിയ ബത്തേരി രൂപതയ്ക്കായുള്ള ക്രമീകരണങ്ങൾ എല്ലാം വന്ദ്യപിതാവിന്റെ പ്രവർത്തനങ്ങളുടെ ഫലമാണ്. വൈദികർക്കുവേണ്ടി പ്രൊവിഡന്റ് ഫണ്ട്, വൈദിക മന്ദിരം, ഇവ ക്രമീകരിച്ചത് വന്ദ്യ പിതാവുതന്നെ. നിർദ്ധന കുട്ടികൾക്കായുള്ള വിദ്യാഭ്യാസസഹായം, വിവാഹ സഹായപദ്ധതി, ഭവന നിർമ്മാണം ഇങ്ങനെ അദ്ദേഹത്തിന്റെ സാമൂഹ്യ പ്രവർത്തനരംഗം നീണ്ടുപോകുന്നു. കുരിശുമല ആശ്രമവും ഹോളിസ്പിരിററ് സിസ്റേറഴ്സിന്റെ ആസ്ഥാനവും പിതാവ് അംഗീകാരം നൽകി സ്ഥാപിച്ചതാണ്. അനേക പ്രാവശ്യം വിദേശപര്യടനം നടത്തിയ വന്ദ്യപിതാവ് ജർമ്മനിയിലേക്ക് അനേകരെ ഉദ്യോഗാർത്ഥം അയക്കുകയുണ്ടായി. മാർ പീലക്സിനോസ് പിതാവ് കത്തോലിക്കാ സഭയോട് പുന

www.malankaralibrary.com

രൈക്യപ്പെട്ടത് വന്ദ്യപിതാവിന്റെ കാലയളവിലായിരുന്നു. പ്രേഷിത രംഗത്ത് അവിസ്മരണീയനാണ് വന്ദ്യപിതാവ്. തിരുവല്ലാ ശാന്തിനിലയം (പാസ്റ്ററൽ സെൻറർ) പുഷ്പഗിരി ആശുപത്രി, പുതിയ കത്തീഡ്രൽ ദേവാലയം, പള്ളിമലയിലെ സ്നേഹസദൻ തുടങ്ങി നിരവധി സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളാണ്. രൂപതയുടെ മുഖപത്രമായ ഐക്യദീപം വന്ദ്യ പിതാവിന്റെ കാലത്താണ് ആരംഭിച്ചത്. യുവദീപം, KCSL, വിവിധ ഭക്തസംഘടനകൾ തുടങ്ങിയവ പിതാവിനോട് കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത പിതാവ് രൂപതയിൽ പാസ്റ്ററൽ കൗൺസിൽ, വൈദിക സെനററ് എന്നിവയ്ക്കു രൂപം നൽകി. കേരളത്തിൽ ആദ്യമായി ഈ സമിതികൾക്ക് രൂപം നൽകിയത് പിതാവാണ്. സഭയുടെ വളർച്ചയിൽ ദത്തശ്രദ്ധനായിരുന്ന പിതാവ്, അവസാന കാലത്ത് ബത്തേരി രൂപതയുടെ രൂപീകരണത്തെപ്പററി വളരെ ശ്രദ്ധാലുവായിരുന്നു. എന്നാൽ അത് യാഥാർത്ഥ്യമായി കാണുവാൻ സാധിക്കാതെ 1977 സെപ്തംബർ 28-ാം തീയതി വൈകിട്ട് 7.20 ന് പിതാവ് നിത്യലോകത്തേക്കു യാത്രയായി.

### ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ

തിരുവല്ലാ രൂപതയുടെ നാലാമത്തെ മെത്രാനായിരുന്ന ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ എറണാകുളം ജില്ലയിലെ വെളിയനാട് കൂട്ടപ്ളാക്കിൽവർക്കിയുടെയും മറിയാമ്മയുടെയും മകനായി 1930 ജൂലൈ 1-ന് ജനിച്ചു. മാങ്ങിടപ്പള്ളി എൽ. പി. സ്കൂളിലും എം. കെ. എം. യു. പി. സ്കൂളിലും പഠനം കഴിഞ്ഞ് പിറവം സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി എസ്. എസ്. എൽ. സി. പാസ്സായ ഐസക്കിനെ മാർ സേവേറിയോസ് തിരുമേനി സ്വന്തം കാറിൽ തന്നോടൊപ്പം തിരുവല്ലാ അരമനയിലേക്ക് കൊണ്ടുവരികയായിരുന്നു, മൈനർ സെമിനാരിയിൽ ചേർക്കുവാൻ. മൈനർ സെമിനാരി പഠനത്തിനുശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും റോമിലെ പ്രൊപ്പഗാന്താ കോളെജിലാണ് പഠിച്ചത്. എന്നാൽ അവിടെവച്ച് അദ്ദേഹം ഗുരുതരമായ രോഗത്തിന് അടിമപ്പെടുകയുണ്ടായി. റോമിലെ ഗ്രീഗോറിയൻ സർവ്വകലാശാലയിലും അദ്ദേഹം പഠിക്കുകയുണ്ടായി. 1954 ഡിസംബർ 7-ാം നു ഐസക് ശെമ്മാശൻ പൗരോഹിത്യം സ്വീകരിച്ചു കർദ്ദിനാൾ പി. എസ്. മോണ്ടിയാണ് റോമിൽ അദ്ദേഹത്തെ പുരോഹിതനായി അഭിഷേചിച്ചത്. 1978 ഡിസംബർ 28 നാണ് ഫാ. ഐസക്, മാർ യൂഹാനോൻ എന്ന പേരിൽ മെത്രാനായി അഭിഷിക്തനാകുന്നത്. 1987-ഏപ്രിൽ 28-ാം തീയതി വന്ദ്യപിതാവ് നിര്യാതനാവുമ്പോൾ 100 മാസം മാത്രം രൂപതയെ നയിച്ച ഒരു പിതാവിന്റെ വേർപാടിനെയാണ് ദൈവജനം വേദനയോടെ ഏററുവാങ്ങിയത്. ഹ്രസ്വമായ ഒരു കാലം കൊണ്ട് സ്നേഹധനനായ പിതാവെന്ന ആഴമായ ഒരു ബന്ധമാണ് തിരുമേനി സഭയിൽ ആർജ്ജിച്ചത്. ആത്മീക മേഖലയിൽ എന്നപോലെ സാമൂഹിക വിദ്യാഭ്യാസ രംഗങ്ങളിലും തനതായ സംഭാവന ചെയ്യുവാൻ കുറഞ്ഞ കാലംകൊണ്ടു തന്നെ വന്ദ്യപിതാവിന് സാധിച്ചു. തിരുവല്ലാ സെൻറ് ജോൺസ് കോളജിന്റെ സ്ഥാപനം, തിരുവാണിയൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, മണർകാട് സ്കൂൾ വാങ്ങിയത്, നിരവധി ഇംഗ്ളീഷ് മീഡിയം സ്കൂളുകളുടെ ആരംഭം തുടങ്ങിയവയെല്ലാം ഈ ഹ്രസ്വകാലത്ത് നടപ്പാക്കുകയുണ്ടായി. മല്ലപ്പള്ളിയിലും പിറവത്തും സ്ഥാപിച്ച ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻററുകൾ തൊഴിൽ മേഖലയിലെ പിതാവിന്റെ കരുതലിന്റെ സ്മാരകങ്ങളാണ്. ക്രൂശിതന്റെ പാതയിലൂടെ തളരാതെ, അന്ത്യം വരെ വേദനയുടെ താഴ്വരയിലൂടെ തന്നെ ആ വന്ദ്യപിതാവ് യാത്ര ചെയ്തു. വന്ദ്യപിതാവിന്റെ ഇളയ സഹോദരൻ ഫാ. ജേക്കബ് കൂട്ടപ്ളാക്കിൽ ഇന്ന് രൂപതയിൽ ശുശ്രൂഷ നടത്തുന്നു എന്നത് പ്രത്യേക പ്രസ്താവ്യമാണ്.

കാലം ചെയ്ത വന്ദ്യ പിതാക്കന്മാരുടെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം, അവരുടെ കാലടികളെ പിന്തുടരുവാൻ സഭാതനയർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. വന്ദ്യപിതാക്കന്മാരുടെ ചരിത്രത്തിലേക്കുള്ള ഈ എത്തിനോട്ടം ഇപ്രകാരമുള്ള ഒരു പുനർ സമർപ്പണത്തിന് ഉപകരിക്കട്ടെയെന്ന് ആശിക്കുന്നു.

www.malankaralibrary.com

# മാർ സേവേറിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച ഇടവകകൾ

**ബാബു കല്ലുങ്കൽ**

**ദൈവീക** പദ്ധതി പ്രകാരം 1930 സെപ്തം. 20 ന് അഞ്ച് പേരിലാരംഭിച്ച് ആവേശത്തോടെ മുന്നേറിക്കൊണ്ടിരുന്ന പുനരൈക്യ പ്രസ്ഥാനത്തെ ശ്ലാഘിച്ചുകൊണ്ട് പരിശുദ്ധ 11-ാം പീയൂസ് മാർപ്പാപ്പാ മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപിച്ചു. തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ സാമന്ത രൂപതയും ആയി സഭ വളർന്നുകൊണ്ടിരുന്നു പുത്തൻകൂർ സമുദായത്തിന്റെ ശക്തിദുർഗ്ഗമായ മധ്യതിരുവിതാംകൂറിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കൾ അനുഭവിക്കേണ്ടിവന്ന എതിർപ്പുകൾക്ക് ചരിത്രം സാക്ഷിയാണ്. ഇളം ചെടിക്ക് തിളച്ച വെള്ളം കണക്കെ ഈ എതിർപ്പുകളും കൂനിൻമേൽ കുരുവെന്നപോലെ തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ രോഗവും രൂപതയുടെ വളർച്ചയെ മുരടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് കാലാകാലങ്ങളിൽ ന്യായാധിപന്മാരെയും, പ്രവാചകന്മാരെയും, പുരോഹിതന്മാരെയും നല്കി നടത്തിയ ജീവനുള്ള ദൈവം തിരുവല്ലാ രൂപതയുടെ ദുർഘട ഘട്ടത്തിൽ തീക്ഷ്ണനായ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ സത്യസഭയിൽ ഉയർത്തി പ്രേഷിത പ്രവീണനായ അദ്ദേഹം രൂപതയുടെ ഭരണ സാരഥ്യം ഏറ്റെടുത്തതു മുതൽ (1938 ഒക്ടോബർ 8) ഇടവകകളുടെയും, മിഷനുകളുടെയും, സ്ഥാപനങ്ങളുടെയും എണ്ണം വർദ്ധിക്കുവാൻ തുടങ്ങി. തന്റെ ബന്ധു ബലവും വ്യക്തി ബന്ധവും പ്രവർത്തന ശൈലിയും ശത്രുശരങ്ങളുടെ മുനയൊടിക്കുവാനും ശത്രുക്കളെ മിത്രങ്ങളാക്കുവാനും പോരുന്നതും ആയിരുന്നു.

ഇന്ന് തിരുവല്ലാ രൂപതയുടെ 177 പള്ളികളിൽ ഏതാണ്ട് മൂന്നിലൊന്ന് കൃത്യമായി പറഞ്ഞാൽ 44 എണ്ണം (ഞാൻ ഈ ലേഖനത്തിൽ ഉപയോഗിക്കുന്ന സ്ഥിതി വിവര കണക്കുകൾ 1993 94 ലെ സീറോ മലങ്കര കത്തോലിക്കാ സഭയിലെ ഡയറക്ടറിയിൽ നിന്നാണ്) അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ പ്രയത്ന ഫലമാണ്. പ്രസ്തുത പള്ളികളെ സംബന്ധിച്ചുള്ള ഒരു സംക്ഷിപ്ത പഠനത്തിനാണ് എന്റെ ശ്രമം. സമയ പരിമിതിയും രേഖകൾ ലഭിക്കുവാനുള്ള വൈഷമ്യവും മലയാളിക്ക് സഹജമായ ചരിത്രാവബോധക്കുറവും വേണ്ടത്ര വ്യക്തവും കൃത്യവുമായ വസ്തുകകൾ ലഭിക്കുന്നതിന് വൈഷമ്യം ഉളവാക്കി. എങ്കിലും എന്റെ തപസ്യയ്ക്ക് താരാട്ട് പാടുകയും രേഖകൾ നല്കുകയും ചെയ്തവർ അനവധിയാണ്. ലഭ്യമായ രേഖകളിൽ ഊന്നി നിന്നുകൊണ്ട് സേവേറിയോസ് തിരുമേനി തുടക്കം കുറിച്ച ഇടവകകളെക്കുറിച്ച് മേഖല തിരിച്ചുള്ള ഒരു അവതരണം.

## മല്ലപ്പള്ളി മേഖല

പുനരൈക്യ പ്രസ്ഥാനത്തിന് ബാലികേറാ മലയായിരുന്ന മല്ലപ്പള്ളിയും പരിസര പ്രദേശങ്ങളും മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തോടുകൂടി അതിന്റെ ഉത്തമ വിളഭൂമിയായി മാറി. മാർ സേവേറിയോസ് തിരുമേനിയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത ഒരു വലിയ ജനവിഭാഗവും അദ്ദേഹത്തിന്റെ ബന്ധുജനങ്ങളും അദ്ദേഹത്തെ അനുധാവനം ചെയ്തു.

ആനിക്കാട് ബേത്ലഹേം ഹോളി ഫാമിലി (1938), ചെങ്ങരൂർ സെന്റ് ജോർജ് (1939), പുന്നവേലി സെന്റ് ജോർജ്ജ് (1939), ചുങ്കപ്പാറ സെന്റ് ജോർജ് (1939), പനയമ്പാല സെന്റ് സ്റ്റീഫൻസ് (1940), മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് സേവ്യർ (1948), മുക്കൂർ സെന്റ് ജോസഫ്സ് (1950) എന്നീ ഇടവകകൾ അദ്ദേഹത്തിന്റെ സ്വന്തം നാട്ടിലെ നിത്യ സ്മാരകങ്ങളാണ്.

തദ്ദേശ വാസികളായ ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായിരുന്നവരുടെയും, മല്ലപ്പള്ളി, ചെങ്ങരൂർ, ആനിക്കാട് പ്രദേശ

www.malankaralibrary.com

ങ്ങളിൽ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു മുൻപ് പുനരൈക്യപ്പെട്ടവരുമായ അനേകരുടെ പ്രാർത്ഥനയും പ്രയത്നവും ഈ ഇടവകകളുടെ രൂപീകരണത്തിന് അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട്. എണ്ണം കൊണ്ടും വണ്ണം കൊണ്ടും ഇന്നും തിരുവല്ലാ രൂപതയിലെ ശക്തമായ ഇടവകകളാണ് ഇവ.

## റാന്നി മേഖല

സേവേറിയോസ് മെത്രാപ്പോലീത്തായുടെ വരവിനു മുൻപ് റാന്നി മേഖലയിലെ പ്രവർത്തനം അയിരൂർ, കരിമ്പനാംകുഴി, എരുമേലി എന്നീ കേന്ദ്രങ്ങളിൽ ഒതുങ്ങി നിന്നിരുന്നു. എന്നാൽ സ്മര്യ പുരുഷന്റെ പ്രേഷിത തീക്ഷ്ണത കളമ്പാല സെന്റ് ആന്റണീസ് (1940), പൂഴിക്കുന്ന് തിരുഹൃദയം (1942), വെച്ചൂച്ചിറ സെന്റ് കുര്യാക്കോസ് (1947), ചെത്തോങ്കര ക്രിസ്തുരാജ (1953) തേക്കുംങ്കൽ സെന്റ് തോമസ് (1953) പ്ലാങ്കമൺ സെന്റ് ജോസഫ്സ് (1954) എന്നീ ഇടവകകളുടെ രൂപീകരണത്തിനും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഹേതുവായി.

ബഹുമാനപ്പെട്ട ഡൊമിനിക് തോട്ടാശ്ശേരിൽ അച്ചന്റെ (ചങ്ങനാശ്ശേരി അതിരൂപതാ മിഷൻ ഡയറക്ടർ) പ്രേഷിത പ്രവർത്തനഫലമായി അയിരൂർ പ്രദേശത്ത് സത്യ സഭയെ ആശ്ലേഷിച്ചവർ അനേകരാണ്. അവരുടെ സാക്ഷ്യവും പ്രവർത്തനവും ആണ് പിന്നീട് റാന്നി മേഖലയിൽ മാർ സേവേറിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെ സുഗമമാക്കിയ സുപ്രധാന സംഭവം.

## വെണ്ണിക്കുളം മേഖല

പുനരൈക്യപ്രസ്ഥാനത്തിന്റെ തുടക്ക നാളുകളിൽ തന്നെ പ്രൊട്ടസ്റ്റന്റ് സഭകൾക്ക് മുൻതൂക്കമുള്ള കുമ്പനാട്ടും പരിസര പ്രദേശങ്ങളിലും സത്യ വിശ്വാസ ദൂതുമായി കടന്നു വരുവാനുള്ള പല ശ്രമങ്ങളും നടന്നിട്ടുണ്ട്. ശക്തമായ എതിർപ്പുകൾ കാരണം അവയൊന്നും ഫലമണിഞ്ഞില്ല. പെരുനാട്-ബഥനി വിട്ടിറങ്ങിയ തപോധനൻമാർക്ക് അഭയം അരുളി അനുഗ്രഹീതമായ വെണ്ണിക്കുളവും മാരാമൺ, പുല്ലാട്, ഇരവിപേരൂർ എന്നീ സ്ഥലങ്ങളും പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രവർത്തന കേന്ദ്രങ്ങളായിരുന്നു. എങ്കിലും മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു ശേഷമാണ് ഇവ ശക്തമാകുന്നതും സമീപ പ്രദേശങ്ങളിൽ പുതിയ ഇടവകകൾ രൂപം കൊള്ളുന്നതും. കുറിയന്നൂർ സെന്റ് ജോസഫ്സ് (1939), കുമ്പനാട് സെന്റ് പോൾസ് (1942), കുമ്പളാംതാനം സെന്റ് മേരീസ് (1948), തെള്ളിയൂർ സെന്റ് ഫ്രാൻസിസ് സേവ്യർ (1953) ഇവ പ്രൊട്ടസ്റ്റന്റ് - തീയിൽ കുരുത്ത് വാടാതെ വളരുന്ന വടവൃക്ഷങ്ങൾ തന്നെ.

## കോട്ടയം മേഖല

പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ മീനടം, കൊല്ലാട് എന്നീ ഇടവകകൾ രൂപപ്പെട്ടു എങ്കിലും കോട്ടയം മേഖലയിൽ സഭയ്ക്കു വേണ്ടത്ര അറിവോ അംഗീകാരമോ ലഭ്യമായിരുന്നില്ല. എന്നാൽ മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം കാററ് മാറിവീശുവാനും പുതിയതായി അനേകം ഇടവകകൾ രൂപപ്പെടുവാനും ഇടയാക്കി. യാക്കോബായക്കാരിൽ നിന്നും സർ. സി. പി. രാമസാമിഅയ്യരുടെ ഭരണകൂടത്തിൽ നിന്നും അനേകം പീഢനങ്ങൾ ഏൽക്കേണ്ടിവന്നിട്ടും, കീച്ചാൽ ചെറുപുഷ്പം (1940) പാമ്പാടി സെന്റ് മേരീസ് (1940) അമയന്നൂർ സെന്റ് മേരീസ് (1941) തിരുവഞ്ചൂർ സെന്റ് പീററർ ആന്റ് സെന്റ് പോൾസ് (1947) മുണ്ടക്കയം സെന്റ് ജോസഫ്സ് (1952) ചിററടി സെന്റ് ജോർജ്ജ് (1953) കളത്തിപ്പടി ചെറുപുഷ്പം (1953) വാകത്താനം സെന്റ് തോമസ് (1953) എന്നീ ഇടവകകൾ സ്ഥാപിക്കുകയും, മലങ്കര കത്തോലിക്കാ സഭ കോട്ടയം മേഖലയിൽ അവഗണിക്കാനാവാത്ത ശക്തിയായി രൂപപ്പെടുന്നതിന് ആവശ്യമായ അടിത്തറ പാകുകയും ചെയ്തു.

## തിരുവല്ല മേഖല

പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പള്ളികൾ ജനമദ്ധ്യത്തിലേക്കും, ഗ്രാമാന്തരങ്ങളിലേയ്ക്കും കടന്നു ചെല്ലേണ്ടത് അത്യന്താപേക്ഷിതമാണെന്ന് മാർ സേവേറിയോസ് തിരുമേനികരുതിയിരുന്നു. അതിൻപ്രകാരം താൻ രൂപതാഭരണം ഏറെറടുത്ത ആദ്യ നാളുകളിൽതന്നെ തിരുവല്ലായുടെ പ്രാന്തപ്രദേശങ്ങളിൽ അദ്ദേഹം പള്ളികൾ സ്ഥാപിച്ചു. കല്ലിശേരി സെന്റ് തോമസ് (1938) കോട്ടൂർ ചെറുപുഷ്പം (1938) പാണ്ടനാട് സെന്റ് തോമസ് (1939) വേങ്ങൽ സെന്റ് മേരീസ് (1942) ഇവ അദ്ദേഹത്തിന്റെ വികേന്ദ്രീകരണ പ്രേ

ക്ഷിത ശൈലിയുടെ ഉദാഹരണങ്ങളാണ്.

## നിരണം മേഖല

നിരണം ഭദ്രാസനാധിപനായിരുന്ന സേവേറിയോസ് തിരുമേനി നിരണം മേഖലയിലുള്ള പുനരൈക്യ പ്രവർത്തനങ്ങളെ ശക്തിയോടെ എതിർത്തിരുന്നു. പുനരൈക്യത്തിന്റെ വീരസന്താനങ്ങൾ ആയിരുന്ന നടുവിലേമുറിയിൽ ബഹു. എൻ. ജി. കുര്യാക്കോസ് അച്ചനും, മേളാം പറമ്പിൽ ശ്രീ ഉമ്മച്ചനും, സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും, സഹിച്ച ത്യാഗങ്ങളും സഭാചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞു. പുനരൈക്യത്തിനു ശേഷം നിരണം മേഖലയിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തുവാൻ ഇവർ രണ്ടുപേരും സേവേറിയോസ് തിരുമേനിക്ക് ശക്തിദായകരായിരുന്നു.

പുളിക്കീഴ് സെന്റ് ജോർജ് (1939) കല്ലുങ്കൽ സെന്റ് ജോർജ് (1953) മാന്നാർ വെസ്റ്റ് സെന്റ് കാതറൈൻ (1955) എന്നീ ഇടവകകൾ തിരുമേനിയുടെ പ്രേക്ഷിത പ്രവർത്തനം മൂലം ആണ് രൂപപ്പെട്ടത്.

കല്ലുങ്കൽ, പുളിക്കീഴ് ഇടവകകളുടെയും അതിനോടനുബന്ധിച്ചുള്ള സെമിത്തേരികളുടെയും രൂപീകരണത്തിൽ മേളാം പറമ്പിൽ ശ്രീ. എം. ഒ. വർഗീസ് വഹിച്ചിട്ടുള്ള ത്യാഗപൂർവ്വമായ പങ്ക് വിസ്മരിക്കാവുന്നതല്ല.

## മൂവാററുപുഴ മേഖല

പ്രഗൽഭരായ വൈദികരുടെ പുനരൈക്യം കൊണ്ടും കർമ്മലീത്താ മിഷ്യനറിമാരുടെ പ്രവർത്തനം കൊണ്ടും പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽതന്നെ ഏതാനും മിഷനറി കേന്ദ്രങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ യാക്കോബായ കേന്ദ്രങ്ങളിൽ കടന്നു കയറി പ്രവർത്തിച്ചെങ്കിൽ മാത്രമെ പുനരൈക്യ പ്രസ്ഥാനത്തിന് വളർച്ചയുണ്ടാകൂ എന്ന് തിരുമേനി വിശ്വസിച്ചിരുന്നു. ഈ ചിന്തയുടെ ഫലമായിട്ടാണ് മൂവാററുപുഴ മേഖലയിൽ ഇന്നു കാണുന്ന ഇടവകകളിൽ പലതും രൂപപ്പെട്ടത്.

പിറവം സെന്റ് മേരീസ് / ബേത്‌ലഹേം (1939), വെളിയനാട് സെന്റ് പോൾസ് (1942) നെല്ലിമററം സെന്റ് സെബാസ്ററ്യൻ (1942) വെങ്ങോല സെന്റ് മേരീസ് (1943) വാളകം സെന്റ് തോമസ് (1944) ചാത്തമററം സെന്റ് ജോർജ് (1949) പുതുപ്പനം സെന്റ് തോമസ് (1950) കളമ്പൂർ സെന്റ് ബ്ലാസിയൂസ് (1952) പെരുവ സെന്റ് തോമസ് (1952) കീഴില്ലം സെന്റ് തോമസ് (1953) ഇവയെല്ലാം യാക്കോബായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചത് മാർ സേവേറിയോസ് തിരുമേനിയുടെ ദീർഘവീക്ഷണം തന്നെ.

## കുന്ദംകുളം മേഖല

കുന്ദംകുളം മേഖലയിൽ വലിയ വളക്കൂറുള്ള പ്രേഷിത മണ്ണ് അദ്ദേഹം കണ്ടിരുന്നു. എന്നാൽ സാഹചര്യവും സമയക്കുറവും അവിടെ അധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് അദ്ദേഹത്തെ അനുവദിച്ചില്ല. യാക്കോബായ ശക്തി ദുർഗ്ഗമായ ആർത്താററ് (1939) ൽ ഒരു മിഷൻ കേന്ദ്രം അദ്ദേഹം സ്ഥാപിച്ചു. 1950 ൽ ചേലക്കര സെന്റ് തോമസ് ഇടവകയും സ്ഥാപിച്ചു. കുന്ദംകുളം മേഖലയിലെ പ്രവർത്തന സാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് കുന്ദംകുളം കേന്ദ്രമാക്കി ഒരു പുതിയ ഭദ്രാസനം എന്ന ആശയം പോലും അദ്ദേഹം മനസ്സിൽ താലോലിച്ചിരുന്നുവെന്ന് അദ്ദേഹവുമായി അടുത്തിടപെട്ടിട്ടുള്ളവർ സാക്ഷ്യപ്പെടുത്തുന്നു.

"പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ച് ചിന്തിക്കാത്ത മണിക്കൂറും പുനരൈക്യത്തിന് വേണ്ടി പ്രവർത്തിയ്ക്കാത്ത സമയവും നഷ്ടമായി കരുതണം" എന്ന് 1954 ലെ വൈദികരുടെ വാർഷിക ധ്യാനത്തിൽ പറഞ്ഞ തിരുമേനിയുടെ ജീവിതം ഒരു വലിയ പ്രേഷിതന്റേതായിരുന്നുവെന്ന് വ്യക്തമാണ്. ഈ പാത നമുക്കും അനുകരണീയം.

ഈ ലേഖനം തയ്യാറാക്കുന്നതിൽ ഉപയോഗിച്ച രേഖകൾ.


1 ഫാ. പോൾ തെക്കേക്കര, മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനം. [ദശ വർഷ സ്മാരകം] തിരുവല്ല. 1940.

2 എസ്. തോമസ് അയിരൂർ പുനരൈക്യസാഹ്യം S. H. ലീഗ് ആലുവ 1939.

3 പി. ഉമ്മൻ, മേളാംപറമ്പിൽ തോപ്പിൽ, എന്റെ പൂർവ്വ സ്മരണകൾ, തിരുവല്ലാ 1953.

4 ഫാ. ജോൺ കച്ചിറമററം, പുനരൈക്യ സ്മരണാകിരണങ്ങൾ. തിരുവല്ലാ 1950

5 ഫാ. തോമസ് ഇഞ്ചിക്കലോടി, "സത്യസഭാ കാഹളം" വിശേഷാൽ പ്രതി. തിരുവനന്തപുരം 1948.

www.malankaralibrary.com

6 വി. ഒ. വർഗീസ്, വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. മല്ലപ്പള്ളി, 1957.

7 വി. ഒ. വർഗീസ്, ബേത്ലഹേംകത്തോലിക്കാപള്ളി ആദ്യകാല ചരിത്രം. മല്ലപ്പള്ളി 1966.

8 ആനിക്കാട് ബേത്ലഹേം തിരുക്കുടുംബ ഇടവക സുവർണ്ണജൂബിലി സ്മരണിക, 1988.

9 കുമ്പനാട് സെൻറ് പോൾസ് ഇടവക സുവർണ്ണജൂബിലി സ്മരണിക 1992.

10 സെൻറ് മേരീസ് കാതോലിക് ചർച്ച്, വേങ്ങൽ ഗോൾഡൻ ജൂബിലി സുവനീർ 1992

11 ശ്രീ. പീററർ കീച്ചാലിൽ, ആർച്ചു ബിഷപ്പ് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. തിരുവല്ലാ, 1994.

12 സെൻറ് ജോർജ് കത്തോലിക് ചർച്ച് ചെങ്ങരൂർ ഗോൾഡൻ ജൂബിലി സുവനീർ 1991.

13 ഐക്യദീപം, 1979, ലക്കം 6. പുസ്തകം 3.

14 സീറോ മലങ്കര കാത്തലിക് ഡയറക്ടറി 1993-94.

ooo

*Best Compliments:-*

BETHANY CONVENT

***Nangiarkulangara***

www.malankaralibrary.com

# ബസീലിയൻ സിസ്റ്റേഴ്സ്

കത്തോലിക്കാ സഭാ സമൂഹത്തിലെ ബൈസന്റയിൻ റീത്തിൽ സ്ഥാപിക്കപ്പെട്ട ഒരു സന്യാസിനി സമൂഹമാണിത്. 1920 നോടു അടുത്ത കാലത്ത് ഫാ. നീലോ ബോർജിയാ സഹോദരിമാരായ ഹെലൻ റപ്പെറെല്ലി, ആഗനസ് റപ്പെറെല്ലി എന്നിവരിലും പരിശുദ്ധാത്മാവിന്റെ പ്രേരണയുണ്ടായി; ലൗകീകാരൂപിയിൽ മുഴുകിക്കഴിയുന്ന സമൂഹത്തോട് എങ്ങനെ പ്രവാചികമായി പ്രത്യുത്തരിക്കാം എന്നവർ പ്രാർത്ഥനാപൂർവ്വം പര്യാലോചിച്ചു. ഹെലനും ആഗ്നസും, മക്രീനാ, എവുമേലിയ എന്നീ സന്യാസ നാമങ്ങൾ സ്വീകരിച്ച്, പുതിയൊരു സന്യാസിനീ സമൂഹത്തിന് രൂപം കൊടുത്തു. അതിന് 1930 ആഗസ്റ്റിൽ പ. സിംഹാസനം അന്തിമമായ അംഗീകാരവും കൊടുത്തു.

നവജാതമായ ഈ സമൂഹം പ്രഥമമായും ശ്രദ്ധതിരിച്ചത്, കുടിയേറ്റം മൂലം ഇറ്റാലിയൻ പൗരരായിത്തീർത്ത അൽബേനിയാക്കാരുടെ കാര്യത്തിലേക്കാണ്. പിന്നീട് അൽബേനിയായിലും, യൂഗോസ്ലാവിയായിലും ശാഖകൾ സ്ഥാപിക്കപ്പെട്ടു. എല്ലായിടത്തും വ്യാപകമായിക്കൊണ്ടിരുന്ന നിരീശ്വരത്വത്തിന്റെയും ഭൗതികവാദത്തിന്റെയും നടുവിൽ ജീവിക്കുന്ന ദൈവത്തിന് സജീവ സാക്ഷികളായിരിക്കുവാൻ ധാരാളം സഹോദരികൾ നാടും കൂടും വിട്ടിറങ്ങി.

കൂടാതെ സഭൈക്യത്തിനുവേണ്ടി നിരന്തരമായും പ്രാർത്ഥിക്കുകയും പ്രവർത്തിക്കയും ചെയ്യുക, പാശ്ചാത്യ സഭയുടെയും പൗരസ്ത്യ സഭയുടെയും നടുവിൽ ഒരു കണ്ണിയായിരിക്കുക, ഇവയെല്ലാമാണ് ഈ സമൂഹത്തിന്റെ വിളിയും വരദാനവും. ആരാധന ക്രമവും ദൈവവചന ധ്യാനവുംവഴി ദൈവീക പദ്ധതിക്ക് അനുദിനം മറുപടി പറയാൻ ഈ സമൂഹം ശ്രദ്ധിക്കുന്നു. ദാരിദ്ര്യം, അനുസരണം, കന്യാത്വം എന്നീ സുവിശേഷോപദേശങ്ങളും ബൈസന്റയിൻ സഭയുടെ ആത്മീയതയും തമ്മിലും, ധ്യാനവും പ്രവർത്തനവും തമ്മിലും കൂട്ടിയിണക്കിയ ഒരു ജീവിതശൈലിയാണ് ഞങ്ങളുടേത്. പ്രധാനമായും ബൈസന്റയിൻ റീത്തുകാരുടെയിടയിലാണ് ഈ സന്യാസിനീ സമൂഹത്തിന്റെ പ്രധാന സേവന രംഗമെങ്കിലും, മറ്റെല്ലാ റീത്തുകളോടും ആവശ്യമായ തുറവി പുലർത്തുന്നു. അതുകൊണ്ടാണല്ലോ മദ്ധ്യ കേരളത്തിലെ തിരുവല്ലാ കേന്ദ്രമാക്കി ഈ സമൂഹത്തിന്റെ ഒരു ശാഖ രണ്ടു വർഷം മുമ്പ് ആരംഭിക്കാനിടയായത്. ഇക്കാര്യത്തിൽ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ ഗീവറുഗീസ് മാർ തിമൊത്തെയോസ് തിരുമേനിയുടെ പിതൃനിർവ്വിശേഷമായ വാത്സല്യവും കരുതലും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. തിരുവല്ലാ കത്തീഡ്രൽ വികാരി വെരി റവ. ഫാദർ ഏബ്രഹാം കാക്കനാട്ടിന്റെ അശ്രാന്ത പരിശ്രമം മൂലമാണ് തിരുവല്ലാ പട്ടണത്തിൽ ഞങ്ങളുടെ സമൂഹത്തിന് വേരുറപ്പിക്കുവാൻ സാധിച്ചത്. അച്ചൻ ഇന്നും ഞങ്ങൾക്ക് ആത്മീയമായ നേതൃത്വം തൽകി, ഞങ്ങളുടെ ബഹുമുഖമായ വളർച്ചയിൽ ശ്രദ്ധിക്കുന്നുണ്ട്. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാ സമൂഹത്തോടും ഞങ്ങൾക്കുള്ള നന്ദി ആഗാധമാണ്. ഈ ഇടവകയുടെ ആരാധനയിലും സാമൂഹ്യവും, സംസ്കാരികവുമായ എല്ലാ പരിപാടികളിലും ഞങ്ങൾ പങ്കാളികളാണ്. സഭയുടെ നാഥനായ കർത്താവ് ഞങ്ങളെ കൈപിടിച്ചു നടത്തുകയും വളർത്തുകയും ചെയ്യുമാറാകട്ടെ.

ഈ സമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്ന ഉദ്ദേശ ശുദ്ധിയും, സ്വഭാവ ശ്രേഷ്ഠതയും, ത്യാഗമനോഭാവവുമുള്ള യുവതികളിൽനിന്ന് അപേക്ഷക്ഷണിക്കുന്നു. ചേരുന്നവർ P.D.C യോ, ഉയർന്ന മാർക്കോടുകൂടി S. S. L. C പാസ്സായിട്ടുള്ളവരോ ആയിരിക്കണം.

ബന്ധപ്പെടുക:-

Sr. Maria Deborah Luzzi
Basilian Sisters
Paliekara
Tiruvalla 689 101
Phone: 04736 - 23871

www.malankaralibrary.com

# തിരുവല്ലാ രൂപത - ഒരു വിഹഗവീക്ഷണം

ജയിക്കബ് എം. എബ്രഹാം

'ക്രിസ്റ്റോ പാസ്റ്റോറും പ്രിൻസിപ്പി' (Christo Pastorum Principi) എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെ 1932 ജൂൺ 11 ന് തിരുവല്ലാ രൂപത സ്ഥാപിതമായി. പിന്നിട്ട 61 സംവത്സരങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ സഭാമക്കൾക്ക് ചാരിതാർത്ഥ്യവും ഭാവിയിലേക്ക് ഉററുനോക്കുമ്പോൾ തികഞ്ഞ പ്രതീക്ഷയുമാണ് മനസിൽ വിരിയുന്നത്. രൂപതയുടെ ദ്വിതീയ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി വേളയിൽ രൂപതയുടെ പ്രവർത്തനങ്ങളെ ഹ്രസ്വമായി വിലയിരുത്തുന്നത് അവസരോചിതമായിരിക്കുമെന്ന് കരുതുന്നു.

കേരളത്തിലെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ റവന്യൂ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന രൂപതയ്ക്ക് അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ ഭാഗങ്ങളിലും ഭരണാധികാരമുണ്ട്. 1988 ഓഗസ്ററ് 8-ാം തീയതി അഭിഷിക്തനായ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ രൂപതയുടെ 5-ാമത്തെ സാരഥിയായി അജപാലനം നടത്തുന്നു. അപ്പസ്തോലനായ വി. യോഹന്നാൻ ശ്ലീഹായും വി. കൊച്ചുത്രേസ്യായും രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരാണ്.

### പാസ്ററൽ കൗൺസിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 1968 ജൂലൈ 30-ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ ആദ്യത്തെ അജപാലന സമിതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ആദ്യത്തെ സമിതിയിൽ 54 അംഗങ്ങളാണുണ്ടായിരുന്നത്. ഫാ. കുറിയാക്കോസ് പടിഞ്ഞാറേമണ്ണിൽ പ്രഥമ സെക്രട്ടറിയായിരുന്നു. ഉപദേശക സമിതി എന്ന സ്വഭാവത്തോടുകൂടി പ്രവർത്തിക്കുന്നുവെങ്കിലും സഭാ പ്രവർത്തനങ്ങളുടെ ജനാധിപത്യ അടിത്തറ ഭദ്രമാക്കുവാൻ കൗൺസിൽ പ്രവർത്തനം ഏറെ സഹായിക്കുന്നു. സജീവമായി പ്രവർത്തിക്കുന്ന നിലയിലുള്ള അജപാലനസമിതി രൂപതയിലെ 9-ാമത്തു സമിതിയാണ്. 3 വർഷം കാലാവധിയുള്ള സമിതി പുനസംഘടിപ്പിക്കപ്പെട്ടത് 1992 ജൂൺ 11 നാണ്. കൗൺസിൽ അംഗങ്ങളുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| 9 മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അത്മായ പ്രതിനിധികൾ | 36 |
| നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ (അത്മായർ) | 5 |
| എക്സ് ഒഫിഷ്യോ അംഗങ്ങൾ (വൈദികർ) | 3 |
| മേഖലാ വികാരിമാർ | 9 |
| വൈദിക സെനററിന്റെ പ്രതിനിധികൾ | 13 |
| പ്രസ്ഥാനങ്ങളുടെ ഡയറക്ടറന്മാരും പ്രസിഡണ്ടുമാരും | 16 |
| രൂപതയിലെ വിവിധ സന്യാസ സഭകളുടെ പ്രതിനിധികൾ | 8 |
| ആകെ | 90 |

കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അത്മായ പ്രതിനിധികളിൽ 2 പേർ വനിതകളാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

### മതബോധന രംഗം

മതബോധന രംഗത്ത് പ്രാരംഭം മുതല്ക്കേ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി ചരിത്ര വസ്തുതകൾ ബോദ്ധ്യപ്പെടുത്തുന്നു. മോൺ. വടശേരി രൂപം നല്കിയ വേദോപദേശ പാഠാവലി കുട്ടികളുടെ മതബോധനത്തിന് ഉപയോഗിച്ചിരുന്നു. ഇതോടൊപ്പം മുതിർന്നവർക്കായി പ്രത്യേകം മതപഠന ക്ലാസുകൾ നടന്നിരുന്നു. ഈ രംഗത്തെ പ്രവർത്തനങ്ങൾ ക്രമീകൃതമാകുവാൻ (organised) സഹായിച്ചത് പാസ്ററൽ & കാറക്കേററിക്കൽ സെൻററിന്റെ സ്ഥാപനമാണ്. ശാന്തിനിലയം എന്ന പേരിൽ ഈ സ്ഥാപനം 1975-ൽ സ്ഥാപിതമായി. സമ്മർ ക്യാമ്പ് എന്ന പേരിൽ അവധിക്കാലത്തു നടത്തിയിരുന്ന പഠ

www.malankaralibrary.com

നപരിപാടി മതബോധനരംഗത്തെ സജീവമാക്കി. 1989 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടന്നുവരുന്ന 'ജീസസ് ക്യാമ്പ്' മതബോധനരംഗത്ത് പുതിയ ചലനങ്ങളുണ്ടാക്കുവാൻ സഹായമായിട്ടുണ്ട്. ഇപ്പോൾ രൂപതാതലത്തിൽ നടത്തുന്ന 'ബൈബിൾ കലോത്സവം' എല്ലാവരെയും ആകർഷിച്ചിട്ടുള്ളതായി കാണുന്നു. ഡിസ്ട്രിക്റ്റ് തലത്തിൽ മതബോധന പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ചതിന്റെ ഭാഗമായി ഡിസ്ട്രിക്റ്റ് ഡയറക്ടർ, പ്രൊമോട്ടേഴ്സ്, ഡി. സെക്രട്ടറി എന്നിവർക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നു. മിഷൻ കേന്ദ്രങ്ങൾ ഉൾപ്പെടെ 157 സ്ഥലങ്ങളിൽ ക്ലാസുകൾ നടക്കുന്നു. 9 മേഖലകളിലായി 1050 അദ്ധ്യാപകരും 7083 കുട്ടികളും ഉണ്ട്. പരീക്ഷകൾ ചിട്ടയായി നടത്തുന്നതിനും മററുമായി കേന്ദ്രഓഫീസ് പ്രവർത്തിക്കുന്നു. രൂപതാ ഡയറക്ടറായി ഫാ. തോമസ് കോട്ടയിൽ സേവനം അനുഷ്ഠിക്കുന്നു. ശാന്തിനിലയത്തിന്റെ മാതൃകയിൽ രൂപതയിൽ പീച്ചിയിൽ ദർശനാ പാസ്ററൽ സെൻററും കട്ടപ്പനയിൽ ജ്യോതിസ് പാസ്ററൽ സെൻററും പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽ വിവിധ പഠന പരിശീലന പരിപാടികൾ നടന്നുവരുന്നു.

### സാമൂഹ്യ സേവന രംഗം

സാമൂഹ്യ സേവന രംഗത്തെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈററിയാണ്. ഇത് 1972 ൽ രജിസ്ററർ ചെയ്യപ്പെട്ടു. കേവലം സാമ്പത്തിക സഹായം എന്ന പഴയ രീതി മാററി കാലാനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ ഈ സൊസൈററി ശ്രദ്ധിക്കുന്നു. വരുമാനം വർദ്ധിപ്പിക്കാനുതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ കഴിയുന്നതുമായ ഒട്ടു വളരെ പ്രവർത്തന മേഖലകൾ ഇന്നു നിലവിലുണ്ട്. ബോധവല്ക്കരണ തലത്തിൽ വളരെയധികം പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. നിയമബോധനം, ആരോഗ്യം വിദ്യാഭ്യാസം, പരിസ്ഥിതി ബോധവല്കരണം, മദ്യം-മയക്കു മരുന്ന് ഇവയ്ക്കെതിരെയുള്ള പ്രചരണം എന്നിവയാണ് പ്രധാനപ്പെട്ടവ. ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പരിപാടികളാണ് ഏറെറടുക്കുന്നത്. വിവിധ പദ്ധതികളുടെ ലഘുവിവരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനസൗഭാഗ്യ പദ്ധതി | – ആരോഗ്യ വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, നിയമ ബോധനം. |
| ജീവവർദ്ധിനി | – അവിവാഹിതരായ സ്ത്രീകൾക്കു വേണ്ടിയുള്ള 6 മാസത്തെ പരിശീലനം. |
| ശിശു സദൻ | – നേഴ്സറി സ്കൂളുകൾ |
| ഗൃഹലക്ഷ്മി | – ഹോം നേഴ്സിംഗ് പരിശീലനം |
| അന്ത്യോദയ | – ഭവന നിർമ്മാണരംഗത്തെ പ്രവർത്തനങ്ങൾ |
| സ്വയം തൊഴിൽ കണ്ടെത്തൽ | – പലിശരഹിത വായ്പകൾ, ബാങ്കുകളുടെ സഹകരണത്തിൽ ഏറെറടുക്കുന്ന പദ്ധതികൾ |

വില്ലേജ് സാനിട്ടേഷൻ പ്രോഗ്രാം

വെള്ളപ്പൊക്ക ദുരിതാശ്വാസവും, പുനരധിവാസവും

അനുബന്ധ സ്ഥാപനങ്ങൾ

ഹോളി ഫാമിലി ഹോം സയൻസ് ഇൻസ്ററിട്ട്യൂട്ട്

കൗൺസിലിംഗ് സെൻറർ

കരിയർ ഇൻഫർമേഷൻ സെൻറർ

### കമ്മ്യൂണിക്കേഷൻ & മീഡിയാ സെൻറർ

സൊസൈററിയുടെ കീഴിൽ 30 ക്രഡിററ് യൂണിയനുകളും 25 മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നു. ക്രേന്ദ ഡയറക്ടറായി ഫാ. വർഗീസ് വള്ളിക്കാട്ടും പ്രോജക്ട് ഓഫീസറായി ശ്രീ ജോസും സേവനം നടത്തുന്നു. സാമൂഹ്യ സേവന രംഗത്തെ മറെറാരു പ്രധാന പരിപാടിയാണ് സേവ് എ ഫാമിലി പ്രോഗ്രാം (SAFP). 500 കുടുംബങ്ങൾക്ക് പ്രതി മാസ പെൻഷൻ, വിവിധയിനം വായ്പാ പദ്ധതികൾ, വിവാഹ സഹായം, കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം, ഭവന നിർമ്മാണ സഹായം എന്നിവ ഇതിന്റെ പരിപാടികളിൽപെടുന്നു. ഹരിജൻ ക്രൈസ്തവർക്കുവേണ്ടിയുള്ള 2 ബോർഡിംഗ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഡയറക്ടറായി ഫാ. സൈമൺ പുളിയങ്കീഴ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

### വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസ രംഗത്ത് അഭിവന്ദ്യ സേവേറിയോസ് മെത്രാപ്പോലീത്താ ശക്തമായ അടിത്തറ പാകി. ഇന്ന് നിലവിലുള്ള സ്കൂളുകളിലധികവും അദ്ദേഹത്തിന്റെ കാലത്ത് സ്ഥാപിച്ചവയാണ്. പില്ക്കാലത്ത് ഈ രംഗത്ത് ഇത്രയും തീക്

www.malankaralibrary.com

ഷ്ണമായ പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് പരാതികൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ രൂപതയിലെ സ്ഥാപനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്. ശിക്ഷണത്തിലും അച്ചടക്കത്തിലും എല്ലാ സ്ഥാപനങ്ങളും മുൻപന്തിയിൽത്തന്നെ നിലകൊള്ളുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഘുവിവരണം.

| | അദ്ധ്യാപകർ | വിദ്യാർത്ഥികൾ |
|---|---|---|
| സെൻറ് ജോൺസ് പാരലൽ കോളേജ് തിരുവല്ല | 36 | 1460 |
| മാർ സേവേറിയോസ് മെമ്മോറിയൽ ഐ. ററി. സി പിറവം | 23 | 321 |
| സെൻറ് ജോസഫ് ഐ. ററി. സി. മല്ലപ്പള്ളി | 18 | 210 |
| സെൻറ് പോൾസ് ഹൈസ്കൂൾ വെളിയനാട് | 36 | 700 |
| സെൻറ് ജോർജ് ഹൈസ്കൂൾ ചുങ്കപ്പാറ | 36 | 700 |
| സെൻറ് ജോസഫ് ഹൈസ്കൂൾ പിറവം | 29 | 541 |
| സെൻറ് മേരീസ് ഹൈസ്കൂൾ ആനിക്കാട് | 29 | 561 |
| സെൻറ് തോമസ് ഹൈസ്കൂൾ തിരുമൂലപുരം | 23 | 500 |
| സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ തിരുവാണിയൂർ | 28 | 600 |
| ബഥനി കോൺവൻറ് ഗേൾസ് ഹൈസ്കൂൾ കുന്ദംകുളം | 23 | 515 |
| സെൻറ് തെരേസാസ് ബഥനി കോൺവൻറ് ഹൈസ്കൂൾ ചെങ്ങരൂർ | 34 | 932 |
| ഇൻഫൻറ് ജീസസ് ബഥനി കോൺവൻറ് ഹൈസ്കൂൾ മണർകാട് | 37 | 927 |

ഇവ കൂടാതെ 7 അപ്പർ പ്രൈമറി സ്കൂളുകൾ, 21 എൽ. പി. സ്കൂളുകൾ, 9 പ്രീ-പ്രൈമറി സ്കൂളുകൾ, 2 സെൻട്രൽ സ്കൂളുകൾ എന്നിവയും പ്രവർത്തിക്കുന്നു. കോർപ്പറേററ് മാനേജരായി ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ സേവനം അനുഷ്ഠിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ പൊതുവേദിയായ 'ററീച്ചേഴ്സ് ഗിൽഡ്' രൂപതാ തലത്തിൽ 2 മേഖലകളായി പ്രവർത്തിക്കുന്നു. ഇതിൻെറ ആഭിമുഖ്യത്തിൽ വിവിധ പഠന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രസിഡണ്ടായി ശ്രീ. പി. എം. ജോർജ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

### ഫാമിലി അപ്പസ്തോലേററ്

രൂപതാ സുവർണ്ണജൂബിലി വർഷത്തിലാണ് (1982) ഫാമിലി അപ്പസ്തോലേററ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഫാ. ചെറിയാൻ താഴമൺ പ്രഥമ ഡയറക്ടറായിരുന്നു. കുടുംബവർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന 1994 ൽ ഫാമിലി അപ്പസ്തോലേററിൻെറ പ്രസക്തി വലുതാണ്. രൂപതാ തലത്തിലും മേഖലാ തലത്തിലും ഇടവകതലത്തിലും വിവിധ കർമ്മപരിപാടികൾ ഏറെറടുത്തു നടത്തുന്നതിനു പദ്ധതിയുണ്ട്. ഒരു ഇടവക ഒരു വീട്, തൊഴിലധിഷ്ഠിത പരിശീലന പരിപാടി, കൗൺസിലിംഗ് ക്യാമ്പുകൾ, ഹോം നേഴ്സിംഗ് പ്രോഗ്രാം എന്നിവയാണ് പ്രത്യേക പരിപാടികളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇടവകകളിൽ പിതൃവേദി, മാതൃവേദി എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

രൂപതാതലത്തിലുള്ള പരിപാടികൾ

കുടുംബരക്ഷക സെമിനാർ

ഗൃഹവിജ്ഞാന സമ്മേളനം

നേഴ്സസ് മീററ്

### മേഖലാതലം

ഗൃഹസ്ഥാശ്രമ സെമിനാർ

സായുജ്യ സെമിനാർ

ഇടവകദർശൻ സമ്മേളനം

### ഇടവകതലം

കുടുംബ പ്രതിഷ്ഠാദിനം

ഫാമിലി ഫെസ്ററ്

കുടുംബദർശൻ പ്രോഗ്രാം

പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത് ഫാ. ചെറിയാൻ മാമ്പ്രക്കുഴിയാണ്.

### മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് (എം. സി. വൈ. എം.)

1968 ഫെബ്രുവരി 28-ാം തീയതി പൗരസ്ത്യ തിരുസംഘത്തിൻെറ ഡീൻ അത്യുന്നത കർദ്

www.malankaralibrary.com

ദിനാം ഫൂസ്ററൻ ബർഗാണ് രൂപതയിലെ യുവജന പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. കേരള കത്തോലിക്കാസഭയിൽതന്നെയും ആദ്യമായി യുവജനപ്രസ്ഥാനം രൂപംകൊണ്ട രൂപതകളിലൊന്നാണ് തിരുവല്ലാ രൂപത. എം.സി.വൈ. എം. എന്ന പേരിൽ ഈ സംഘടന പ്രവർത്തനം ആരംഭിച്ചിട്ട് 25 വർഷങ്ങൾ പിന്നിട്ടുകഴിഞ്ഞു. 'ക്രിസ്തുവിലൂടെ നവയുഗത്തിലേക്ക്' എന്ന മുദ്രാവാക്യം സ്വീകരിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥൻ വി. തോമസ് മൂർ ആണ്. കേരള കത്തോലിക്കാ യുവജനപ്രസ്ഥാനവുമായി (കെ. സി. വൈ. എം.) അഫിലിയേററു ചെയ്ത് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1994 വർഷത്തെ മുദ്രാവാക്യം 'യുവജനങ്ങൾ നീതിദൂതുമായ്' എന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തി വിവിധ കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. രൂപതയിലെ 9 മേഖലകളിലായി 177 ഇടവകകളിൽ യൂണിററുകൾ ഉണ്ട്. രൂപതയിലെ മുഴുവൻ ഭവനങ്ങളെയും യൂണിററുകളെയും ബന്ധിപ്പിച്ചു നടത്തുന്ന കുടുംബദർശൻ - 94 ഈ വർഷത്തെ മറെറാരു പ്രധാന പരിപാടിയാണ്. 15 നും 35 നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്കാണ് അംഗത്വം നല്കുന്നത്. ഫാ. മത്തായി കടവിൽ O. I. C., ഫാ. ഐസക് പറപ്പള്ളിൽ എന്നിവർ ഡയറക്ടേഴ്സും ശ്രീ. ഏബ്രഹാം വർഗീസ് പ്രസിഡൻറായും ശ്രീ. റെജി എം. എം. സെക്രട്ടറിയായും നേതൃത്വം നല്കിവരുന്നു. എം. സി. വൈ. എം. ഭാരവാഹികളായിരുന്ന അഡ്വ. വി. വി. ഷാജി, ജേക്കബ് എം. ഏബ്രഹാം, ഷിബു വർഗീസ്, അഡ്വ. ഏബ്രഹാം എം. പട്ട്യാനി, ജോൺ പി. മാത്യു, നിഷബെററ്സി തോമസ് എന്നിവർ കെ.സി.വൈ. എം. ഭാരവാഹികളായും പ്രവർത്തിച്ചിട്ടുണ്ട്. മുൻവർഷത്തെ ജനറൽ സെക്രട്ടറി വി. സി. ജോർജുകുട്ടി ഇപ്പോൾ കെ. സി. വൈ. എം. വൈസ് പ്രസിഡണ്ടാണ്.

### സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി

1833 ൽ ഫ്രെഡറിക് ഒസാനം എന്ന ഇരുപതുകാരൻെറ നേതൃത്വത്തിൽ പാരീസിൽ ആരംഭിച്ച ഈ സാർവ്വദേശീയ സംഘടന ക്രിസ്തീയ ഉപവിയുടെ മഹത്തായ സാക്ഷ്യമായി രൂപതയിൽ പ്രവർത്തിക്കുന്നു. 1951 ൽ ആദ്യമായി തിരുമൂലപുരത്ത് ഒരു കോൺഫ്രൻസ് സ്ഥാപിതമാകുകയും 1959 ൽ തിരുവല്ലാ സെൻട്രൽ കൗൺസിൽ രൂപീകൃതമാകുകയും ചെയ്തു. 1951 ൽ തിരുമൂലപുരത്ത് എംസി. റോഡ് സൈഡിൽ വിൻസൻറ് ഡി പോൾ സംഘടനയ്ക്ക് രൂപത ചിലവിൽ ഇരുമുറി കെട്ടിടം പണിതു നൽകിയത് മാർ സേവേറിയോസ് തിരുമേനിയായിരുന്നു. പ്രസ്തുത കെട്ടിടം തിരുവല്ലാ സെൻട്രൽ കൗൺസിൽ ആസ്ഥാനമായി വളർന്നു. തിരുമൂലപുരം പള്ളിവക കുരിശടി പണിയാനായി പിൽക്കാലത്ത് പ്രസ്തുത കെട്ടിടം പൊളിച്ചുമാററി കൊടുക്കുകയും പകരം പള്ളിവക സ്ഥലത്ത് വിൻസൻറ് ഡി പോൾ കേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. അന്ന് മാർ സേവേറിയോസ് തിരുമേനി കാണിച്ച പൈതൃകമായ സമീപനമാണ് തിരുവല്ലാ രൂപതയിൽ സെൻറ് വിൻസൻറ് ഡി പോൾ സൊസൈററി ഇത്രമാത്രം വളർന്നുവരുവാൻ ഇടയാക്കിയത്. രൂപതയിൽ തിരുമൂലപുരത്തിനുശേഷം സൊസൈററി സ്ഥാപിതമായത് ആനിക്കാട് ഇടവകയിലാണെന്നുള്ളതും തിരുമേനിക്ക് സാധുജന പ്രവർത്തനത്തോടുണ്ടായിരുന്ന സമീപനത്തിന് തെളിവാണ്. 1993 ൽ രൂപതയിൽ 88 കോൺഫ്രൻസുകളും 8 പർട്ടിക്കുലർ കൗൺസിലുകളും നിലവിലുണ്ട്. പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുത്ത് അവർക്ക് കഴിയുന്നത്ര സഹായം നൽകുകയെന്നതാണ്. അടിസ്ഥാനപ്രവർത്തനശൈലി. ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം, തൊഴിൽ സഹായം, ഭവനനിർമ്മാണസഹായം, വസ്ത്രസഹായം, ഇടവകപ്രവർത്തനങ്ങളിലുള്ള സഹായം ഇവ മററു പ്രവർത്തനങ്ങളാണ്. ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യൂണിററുകൾ കോൺഫ്രൻസും ഡിസ്ട്രിക്ററ്തലത്തിൽ പ്രവർത്തിക്കുന്നവ പർട്ടിക്കുലർ കൗൺസിലും, രൂപതാതലത്തിൽ പ്രവർത്തിക്കുന്നവ സെൻട്രൽ കൗൺസിലും ദേശീയ തലത്തിൽ നാഷണൽ കൗൺസിലും, അന്തർദേശീയ തലത്തിൽ കൗൺസിൽ ജനറൽ എന്നപേരിലും അറിയപ്പെടുന്നു. എല്ലാ തലങ്ങളിലും പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നത് തികച്ചും ജനാധിപത്യ രീതിയിൽ രഹസ്യബാലററു മുഖേനയാണ്. തിരുവല്ലാ സെൻട്രൽ കൗൺസിലിന്റെ പരിധി വരുന്ന കോൺഫ്രൻസുകൾ കഴിഞ്ഞ വർഷം 381 കുടുംബങ്ങളെ ദത്തെടുത്ത് സഹായിക്കുക്കുകയു 40161 സന്ദർശനങ്ങൾ നടത്തുകയും

www.malankaralibrary.com

ചെയ്തിട്ടുണ്ട്. 'രഹസ്യപ്പിരിവ്' എന്നപേരിൽ അംഗങ്ങൾ നല്കുന്ന സംഭാവനയും ഉപകാരികളിൽനിന്നും കിട്ടുന്ന സംഭാവനയുമാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. കഴിഞ്ഞ വർഷത്തെ ആകെ വരുമാനം 501714 രൂപയും ചെലവ് 460234 രൂപയുമായിരുന്നു. തിരുവല്ലാ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ശ്രീ. അലക്സാണ്ടർ പി. വറുഗീസ് നാഷണൽ പ്രോജക്ട് ഓഫീസറായും പ്രവർത്തിക്കുന്നു. സംഘടനയുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. മാത്യു കരിമ്പിലാണ്.

മേൽവിവരിച്ച പ്രസ്ഥാനങ്ങളോടൊപ്പം ലീജിയൻ ഓഫ് മേരി, കെ.സി.എസ്.എൽ., ഹരിജൻ കത്തോലിക്കാ മഹാസഭ എന്നിവയും രൂപതയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ കുറെക്കൂടി വ്യാപകമാക്കേണ്ടതുണ്ട്.

*പ്രസിദ്ധീകരണരംഗം*

രൂപതയുടെ ഔദ്യോഗിക ജിഹ്വയായി 'ഐക്യദീപം' മാസിക 1978 ൽ പ്രസിദ്ധീകരണം ആരംഭിച്ചു. ഇന്ന് ക്രൈസ്തവ മാസികകളിൽ മുൻപന്തിയിൽതന്നെയാണ് ഇതിന്റെ സ്ഥാനം. വിവിധ പ്രസ്ഥാനങ്ങളുടെ മുഖപത്രമായികൂടി പ്രസിദ്ധീകരിക്കുന്ന ഐക്യദീപം കൂടുതൽ പ്രചാരണം നേടിയെടുത്തുകൊണ്ടിരിക്കുന്നു. ഫാ. ചെറിയാൻ താഴമൺ ചീഫ് എഡിറ്ററും ശ്രീ. കെ. ജെ. പീറ്റർ മാനേജിംഗ് എഡിറ്ററുമാണ്.

രൂപതയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മുകളിൽ വിവരിച്ച വസ്തുതകൾ അപൂർണ്ണമാണെന്നതാണു സത്യം. എഴുതിയതിനേക്കാൾ കൂടുതൽ എഴുതാത്തതായിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭയ്ക്ക് ഇനി നിറവേറ്റുവാനുള്ള ചുമതലകൾ അനവധിയാണ്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിന് നമുക്കൊന്നിച്ച് പരിശ്രമിക്കാം.

Best Compliments From:–

★ PALATHARA FASHION JEWELLERS ★

| Alleppey | Pathanamthitta | Punalur |
|---|---|---|
| PHONE : 60109 | PHONE : 2517 | PHONE : 2849 |

Associates: Palathara's Jewells and Watches

PATHANAMTHITTA


www.malankaralibrary.com

# മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്

# വൈദീക പട്ടം സ്വീകരിച്ചവർ

| | പേര് | തീയതി | സ്ഥലം |
|---|---|---|---|
| 1 | ഫാ. ജയിക്കബ് വഴുതലക്കാട്ട് | 26-12-1939 | സെൻറ് ജോൺസ് കത്തീഡ്രൽ |
| 2 | ഫാ. ചെറിയാൻ പൗവ്വത്തിക്കുന്നേൽ | 26-12-1939 | ,, |
| 3 | ഫാ. കുര്യൻ കുന്നംകേരിക്കളം | 26-12-1939 | ,, |
| 4 | ഫാ. സക്കറിയാസ് ഐരാററപ്പടവിൽ | 26-12-1939 | ,, |
| 5 | ഫാ. തോമസ് പണ്ടിപ്പള്ളിൽ | 29-12-1940 | ,, |
| 6 | ഫാ. കുറിയാക്കോസ് തളിയച്ചിറ | 26-12-1941 | സെൻറ് ജോസഫ്സ് ചാപ്പൽ, പിറവം |
| 7 | ഫാ. മാത്യു പെരുമ്പള്ളി | 26-12-1941 | ,, |
| 8 | ഫാ. മാത്യു വടക്കേമുറി | 21-12-1942 | സെൻറ് ജോൺസ് കത്തീഡ്രൽ |
| 9 | ഫാ. ജയിക്കബ് വലിയപറമ്പിൽ | 21-12-1942 | ,, |
| 10 | ഫാ. അലക്സാണ്ടർ അറയ്ക്കപ്പടവിൽ | 21-12-1943 | ,, |
| 11 | ഫാ. പോത്തം തെയോഫിലോസ് മലയിൽ | 26-12-1944 | ദിവ്യരക്ഷക ആശ്രമം തിരുവല്ല |
| 12 | ഫാ. ജോൺ ക്രിസോസ്റ്റം O. I. C. | 26-12-1944 | ,, |
| 13 | ഫാ. ജയിംസ് താന്നിയ്ക്കൽ | 19- 3-1950 | സെൻറ് ജോൺസ് കത്തീഡ്രൽ |
| 14 | ഫാ. ആൻഡ്രു പുത്തൻപറമ്പിൽ | 18- 3-1951 | ചെറുപുഷ്പഗിരി ചാപ്പൽ, തിരുവല്ല |
| 15 | ഫാ. ജോൺ മേളാംപറമ്പിൽ | 27- 1-1951 | സെൻറ് ജോൺസ് കത്തീഡ്രൽ |
| 16 | ഫാ. കുരുവിള പാറക്കടവിൽ | 26-12-1952 | ,, |
| 17 | ഫാ. ആൻറണി കാരാട്ട് | 26-12-1952 | ,, |
| 18 | ഫാ. അലക്സാണ്ടർ പയ്യംപള്ളിൽ | 26-12-1952 | ,, |
| 19 | ഫാ. എബ്രഹാം പള്ളിപ്പുറത്തുശേരിൽ | 26-12-1952 | ,, |

www.malankaralibrary.com



www.malankaralibrary.com

# ജന്മശതാബ്ദിയാഘോഷ കമ്മറ്റിയംഗങ്ങൾ

## രക്ഷാധികാരി



അഭിവന്ദ്യ ഗീവർഗീസ്
മാർ തീമൊത്തെയോസ്

## ജനറൽ കൺവീനർ




റവ. ഫാ. തോമസ്
കൊടിനാട്ടുംകുന്നേൽ

## പ്രോഗ്രാം ആൻഡ് റിസപ്ഷൻ




ഫാ. ഏബ്രഹാം കാക്കനാട്ട്



ശ്രീ. ജേക്കബ് എം. ഏബ്രഹാം

## പബ്ലിസിറ്റി



ഫാ. മത്തായി കടവിൽ O.I.C.




ശ്രീ. ഏബ്രഹാം പാലത്തിങ്കൽ

## ലിറ്റർജി



ഫാ. മാത്യു കരിമ്പിൽ.



ഫാ. പീറ്റർ കോച്ചേരി



ഫാ. ഐസക്ക് പറപ്പള്ളിൽ

## ഫിനാൻസ്




ഫാ. ഏബ്രഹാം
കരിമ്പനാമണ്ണിൽ

## സുവനീർ




ഫാ. ചെറിയാൻ താഴമൺ



ശ്രീ. മോഹൻ പി. തോമസ്

## തീർത്ഥാടനം



ഫാ. ബഹനാൻ ചെറുപാലത്തിൽ



ശ്രീ. എം. ഒ. വർഗീസ്


## ഭക്ഷണം



ഫാ. തോമസ് കോട്ടയിൽ



ഫാ. പൗലോസ് കിഴക്കനേടത്ത്



ശ്രീ. ബാബു കല്ലുങ്കൽ

www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ് ജന്മശതാബ്ദി ആഘോഷങ്ങൾ 1994 ഏപ്രിൽ 4, 5, 6

## കമ്മററിയംഗങ്ങൾ

*രക്ഷാധികാരി :* ഗീവർഗീസ് മാർ തീമോത്തെയോസ്

*ജനറൽ കൺവീനർ:* വെരി റവ. ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ

### I *പ്രോഗ്രാം & റിസപ്ഷൻ*

1. ഫാ. ഏബ്രഹാം കാക്കനാട്ട് *(കൺവീനർ)*
2. ശ്രീ. ജേക്കബ് എം. ഏബ്രഹാം *(ജോ: കൺവീനർ)*
3. ശ്രീ. വർഗീസ് കരിപ്പായിൽ
4. അഡ്വ. വി. വി. ഷാജി

### II *പബ്ലിസിററി, ലൈററ് & സൗണ്ട്*

1. ഫാ. മത്തായി കടവിൽ O. I. C. *(കൺവീനർ)*
2. ശ്രീ. ഏബ്രഹാം പാലത്തിങ്കൽ *(ജോ. കൺവീനർ)*
3. ശ്രീ. അലക്സ്കുര്യൻ
4. ബാബു പുന്നക്കാടൻ
5. ശ്രീ. ബിജു ററി. ഈപ്പൻ

### III *സ്മരണിക*

ഫാ. ചെറിയാൻ താഴമൺ *(കൺവീനർ)*
പ്രൊഫ. മോഹൻ പി. തോമസ് *(ജോ. കൺവീനർ)*
ഫാ. അലക്സാണ്ടർ പയ്യമ്പള്ളിൽ
ഫാ. മത്തായി കടവിൽ O. I. C.
സി. ജിയോവാനി S. I. C.
ശ്രീ. കെ. ജെ. പീററർ
ശ്രീ. ഷിബു വർഗീസ്
ശ്രീ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. M. O. വർഗീസ്
ശ്രീ. V. A. പുന്നൻ വാളക്കുഴി
ശ്രീ. ബാബു കല്ലുങ്കൽ
ശ്രീ. എം. എം. റെജി

www.malankaralibrary.com

## IV ഫിനാൻസ്

ഫാ. ഏബ്രഹാം കരിമ്പനാമണ്ണിൽ (കൺവീനർ)
ഫാ. ഏബ്രഹാം കാക്കനാട്ട്
ഫാ. ചെറിയാൻ താഴമൺ

## V ലിററർജി

ഫാ. മാത്യു കരിമ്പിൽ (കൺവീനർ)
ഫാ. പീററർ കോച്ചേരി (ജോ. കൺവീനർ)
ഫാ. ഐസക്ക് പറപ്പള്ളിൽ

## VI ഭക്ഷണം & താമസം

ഫാ. തോമസ് കോട്ടയിൽ (കൺവീനർ)
ഫാ. പൗലോസ് കിഴക്കനേടത്ത് (ജോ. കൺവീനർ)
ശ്രീ. ബാബു കല്ലുങ്കൽ
സി. ഗെരേത്തി
സി. റോസ് മേരി O S S
സി. ഡൊമിനിക്ക് S. I. C.
സി. അൻമരിയാ D. M.

## VII തീർത്ഥാടനം

ഫാ. ബഹനാൻ ചെറുപാലത്തിൽ (കൺവീനർ)
ശ്രീ. M. O. വർഗീസ് (ജോ. കൺവീനർ)
ഫാ. ചെറിയാൻ രാമനാലിൽ
ഫാ. ജോൺ ഇരുമേട
ഫാ. സ്ക്കറിയാ വട്ടമററം
ഫാ. വർഗീസ് മനയ്ക്കലേത്ത്
ഫാ. വർഗീസ് വള്ളിക്കാട്ട്
ശ്രീ. ഏബ്രഹാം വർഗീസ്
ശ്രീ. ഷാജി തേലപ്പുറത്ത്
ശ്രീ. വി. എം. തോമസ്
ശ്രീ. കെ. എം. ഗീവർഗീസ്
ശ്രീ. അനിൽ കയ്യാലാത്ത്
ശ്രീ. ബാബു കുര്യൻ പടിഞ്ഞാറേക്കുററ്
ശ്രീ. കെ. സി. ചാക്കോ
ശ്രീ പി. വി. ജോസ് ഓലിക്കമുറി
ശ്രീ ജോൺ പി. മാത്യു
ശ്രീ. തോമസ് തൈപ്പറമ്പിൽ
ശ്രീ. വി. ഒ. ജോർജ്

www.malankaralibrary.com

# ജന്മശതാബ്ദിയാഘോഷങ്ങൾ

## 1994 ഏപ്രിൽ 4, 5, 6, തീയതികളിൽ

### മാർ സേവേറിയോസ് നഗർ (സെന്റ് ജോൺസ് കത്തീഡ്രൽ) തിരുവല്ല



## പരിപാടികൾ

### 1994 ഏപ്രിൽ 4 തിങ്കൾ

*പ്രാർത്ഥനാദിനം*

(എല്ലാ ഇടവകകളും പ്രാർത്ഥനാദിനമായും, ആശ്രമങ്ങൾ, കോൺവെന്റുകൾ എന്നിവിടങ്ങൾ പ്രത്യേക ആരാധനാദിനമായും ആചരിക്കുന്നു )

### 1994 ഏപ്രിൽ 5 ചൊവ്വ

8.00 a. m. വിശുദ്ധ കുർബാന

മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മസ്ഥലമായ ആനിക്കാട്ടുള്ള ബേത്ലഹേം പള്ളിയിൽ **അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി** യുടെ കാർമ്മികത്വത്തിൽ

9.00 a. m. ആനിക്കാട്ടുനിന്നും തിരുവല്ലാ കത്തീഡ്രൽ ദേവാലയത്തിലെ വന്ദ്യപിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്ര ആരംഭിക്കുന്നു.

*ഉത്ഘാടനം* : **അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി**

10.00 a. m. ***സിമ്പോസിയം***

സ്ഥലം : ***സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല***

*മോഡറേറ്റർ*: അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ

***"ക്രൈസ്തവ വിദ്യാഭ്യാസം - മലങ്കര സഭയുടെ വിളിയും ദൗത്യവും"***

(Prof Antony Eapen,
Principal, Mar Ivanios College, Trivandium)

COFFEE BREAK

11.00 a. m. ***"മലങ്കര സഭയുടെ സഭൈക്യ ദൗത്യവും മിഷൻപ്രവർത്തനവും"***

(Mr. Alexander Jacob I. P. S.
Principal, Police Training College, Trivandrum)

11.45 a. m. ***"സിറിയൻ യാക്കോബായ സഭയും കത്തോലിക്കാസഭയും തമ്മിലുള്ള സമീപനം- പ്രസക്തിയും പ്രശ്നങ്ങളും"***

(Rev. Fr. Kuriakose Moolayil, Secretary, Ecumenical Commission, Syrian Jacobite Church)

LUNCH

www.malankaralibrary.com



2.00 p. m. *"പുതിയ എക്യുമെനിക്കൽ ഡയറക്ടറി-*
*നവീനമായ കാഴ്ചപ്പാടുകളും സമീപനങ്ങളും"*
(Rev. Dr. Geevarghese Panicker, SEERI, Kottayam)

2.45 p. m. ചർച്ച, അവലോകനം

5.00 p. m. തിരുവല്ലായിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് സ്വീകരണം, വിശുദ്ധ കുർബാനയുടെ വാഴ്‌വ്, കബറിങ്കൽ ധൂപപ്രാർത്ഥന

## 1994 ഏപ്രിൽ 6 ബുധൻ

8.30 a. m. **മോസ്റ്റ് റവ. ബെനഡിക്ട്**
**മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
**യുടെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ**
**വി. സമൂഹബലി**
(മലങ്കര സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ബഹു. വൈദികരും ചേർന്ന്)

പ്രസംഗം : **മോസ്റ്റ് റവ. പൗലോസ്**
**മാർ പീലക്സിനോസ് മെത്രാപ്പോലീത്താ**

10.30 a. m. മാർ സേവേറിയോസ് ജന്മശതാബ്ദി സ്മാരക മന്ദിരത്തിന്റെ (Renewal Centre) അടിസ്ഥാന ശിലയുടെ ആശീർവ്വാദം.
കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ചവിളമ്പ്

11.00 a. m. **പൊതുസമ്മേളനം**

*പ്രാർത്ഥനാഗാനം*

*സ്വാഗതം :* **മോസ്റ്റ് റവ. ഗീവർഗീസ്**
**മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ**
(തിരുവല്ലാ രൂപതാദ്ധ്യക്ഷൻ)

*അദ്ധ്യക്ഷ പ്രസംഗം :* **മോസ്റ്റ് റവ. മാർ ജോസഫ്**
**പൗവ്വത്തിൽ** (പ്രസിഡന്റ്,
കാതലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യ)

*ഉത്ഘാടനം :* ശ്രീ. പി. പി. തങ്കച്ചൻ
(കേരള നിയമസഭയുടെ ബഹു. സ്പീക്കർ)

*അനുസ്മരണപ്രസംഗവും സ്മരണികയുടെ പ്രകാശനവും :*
***മോസ്റ്റ് റവ. ബെനഡിക്ട്***
***മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ***

*അനുസ്മരണഗാനം :*

*അനുസ്മരണപ്രസംഗങ്ങൾ :*
***മോസ്റ്റ് റവ. സിറിൽ***
***മാർ ബസേലിയോസ് മെത്രാപ്പോലീത്താ***
**റവ. ഫാ. വർഗീസ് കിളിച്ചിമല**
**ശ്രീ. ചെറിയാൻ തരകൻ പോളച്ചിറയ്ക്കൽ**
**ശ്രീ. റോമി ഈപ്പൻ വാളക്കുഴി**

*കൃതജ്ഞത :* **മോൺ. തോമസ് കൊടിനാട്ടുംകുന്നേൽ**
(ജനറൽ കൺവീനർ)

പാപ്പാമംഗളം

www.malankaralibrary.com

# ലേഖകരെകുറിച്ച്....

## ഫാ. തോമസ് കൊടിനാട്ടും കുന്നേൽ




ജനനം 1951 ജൂലൈ 24. മാതാപിതാക്കൾ കൊടിനാട്ടുംകുന്നേൽ കോരുതും മറിയാമ്മയും. ഇടവക കോട്ടൂർ ചെറുപുഷ്പം. സ്കൂൾ വിദ്യാഭ്യാസം കോട്ടൂർ എൽ.പി. സ്കൂൾ മുണ്ടിയപ്പള്ളി സി.എം.എസ്. യു. പി. സ്കൂൾ, കുന്നന്താനം എൻ.എസ്. എസ്.ഹൈസ്കൂൾ എന്നിവിടങ്ങളിലും വൈദിക പഠനം തിരുവല്ല മൈനർ സെമിനാരിയിലും മംഗലാപുരം സെൻറ്ജോസഫ്സ് സെമിനാരിയിലും പൂർത്തിയായി. 1976 ഏപ്രിൽ 10 ന് കോട്ടൂർ പള്ളിയിൽ വച്ച് സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ പഠനം നടത്തിഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടി.

തിരുവല്ല രൂപതയിലെനെടുമ്പ്രം, തലവടി തെക്ക്, തലവടി വടക്ക്, അഞ്ചൽപെട്ടി, ഓണക്കൂർ, തച്ചമം, അമ്പാടുഭാഗം, പ്ലാങ്കമൺ, തേക്കുങ്കൽ,വേങ്ങൽ, പെരിങ്ങര ഇടവകകളിൽ വികാരിയായും റാന്നി ഡിസ്ട്രിക്റ്റ് വികാരിയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. മേരിഗിരി അരമന മിനിസ്റ്റർ, സെൻറ്ജോസഫ്സ് പ്രിൻറിംഗ് ഹൗസ് മാനേജർ, യുവദീപം, കെ.സി.എസ്.എൽ.ഫാമിലി അപ്പസ്സ്റ്റൊലേറ്റ് എന്നിവയുടെ രൂപതാ ഡയറക്ടർ, ഐക്യദീപം പത്രാധിപർ, വൈദിക സെനറ്റ്, പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. എസ്.ബി. കോളേജിൽ അദ്ധ്യാപകനായിരുന്ന അദ്ദേഹം

## ഫാ. അലക്സ് പയ്യമ്പള്ളി

1113 തുലാം 7-ന് ജനിച്ചു. ചെങ്ങരൂർ പയ്യമ്പള്ളിൽ ഏബ്രഹാമും, റാഹേലമ്മയും മാതാപിതാക്കൾ. സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. പിന്നീട് ഉദ്യോഗം രാജിവച്ച് സെമിനാരിയിൽ പ്രവേശിച്ചു. തിരുവല്ലാ മൈനർ സെമിനാരി, വടവാതൂർ അപ്പോസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി. 1972 ജനുവരി 5-ാം തീയതി ചെങ്ങരൂർ സെൻറ് ജോർജ്ജ് പള്ളിയിൽ വച്ച് സഖറിയാസ്



മാർ അത്തനാസിയോസ് തിരുമേനിയിൽനിന്നും വൈദികാഭിഷേകം സ്വീകരിച്ചു. മാന്നാർ പടിഞ്ഞാറ്, പെരിങ്ങര, പുളിക്കീഴ്, മുണ്ടുകുഴി, ഇരവിപേരൂർ, മാരാമൺ, പൂവത്തൂർ എന്നിവിടങ്ങളിൽ വികാരിയായി ശുശ്രൂഷചെയ്തു. ഇപ്പോൾ കുറിയന്നൂർ ഇടവകയിൽ സേവനം ചെയ്യുന്നു. കേരള സഭയിലെ അറിയപ്പെടുന്ന ഒരു ധ്യാന പ്രസംഗകനായ അദ്ദേഹം സായൂജ്യ സരണി, ആന്തരികസൗഖ്യം, കൃപാജീവിതം, തിരുവചനധ്യാനം രോഗശാന്തിക്ക്, സ്തോത്ര പ്രാർത്ഥന തുടങ്ങിയ ആധ്യാത്മിക ഗ്രന്ഥങ്ങളും അഭയം,ബലി, എന്നീ നാടകങ്ങളും വിശ്വരൂപം (മലയാളം, തമിഴ്) സ്വർഗ്ഗീയ ഗായകൻ ആബാ പിതാവേ, കാലം കാത്തിരുന്ന കാരുണ്യവാൻ, മിശിഹാ ചരിത്രം1, മിശിഹാചരിത്രം11, പ്രസംഗങ്ങൾ എന്നീ കാസറ്റുകളും, അനേകം ലഘു ലേഖനങ്ങളും, പ്രസിദ്ധികരിച്ചിട്ടുണ്ട്. വേർഡ് ഓഫ് ഗോഡ് പബ്ലിക്കേഷൻസ് എന്ന പ്രസിദ്ധീകരണ വിഭാഗവും വേർഡ് ഓഫ് ഗോഡ് കാസറ്റ് ക്ലബ് എന്നിവയും അദ്ദേഹം നടത്തുന്ന സ്ഥാപനങ്ങളാണ്.

1993 ഒക്ടോബറിൽ രൂപതാ വികാരി ജനറളായി നിയമിതനായി.

## ഫാ. പ്ലാസിഡ് O.I.C.



പത്തനംതിട്ടയ്ക്കടുത്ത് മേക്കൊഴൂരിൽ തോംബിലടി മുറിയിൽ ചെറിയാൻെറയും മറിയാമ്മയുടെയും മകനായി മത്തായി (പ്ലാസിഡ്) ജനിച്ചു. പ്രാഥമിക പഠനത്തിനുശേഷം 1966-ൽ ബഥനി ആശ്രമത്തിൽ ചേർന്നു. തിരുവനന്തപുരത്ത് സന്യാസ പരിശീലനം പൂർത്തിയാക്കിയ ശേഷം 1968-ലാണ് വ്രതവാഗ്ദാനം ചെയ്തത്. പൂനാ സെമിനാരിയിൽ നിന്നും തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചശേഷം 1976-ൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

തിരുവല്ലാ രൂപതയിലെ കല്ലിശ്ശേരി, കോട്ടൂർ തുടങ്ങിയ ഇടവകകളിൽ വികാരിയായിരുന്നു. തിരുവല്ലാ ബഥനി ബുക്ക് സെൻറർ സ്ഥാപക മാനേജർ, ബഥനി പബ്ലിക്കേഷൻസ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പ്ലാസിഡച്ചൻ ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ നിന്നും ബിരുദവും മദ്രാസ് സർവകലാശാലയിൽനിന്നും ഇൻഡ്യൻ ഫിലോസഫിയിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. തുടർന്നു മലങ്കര മേജർസെമിനാരി, ബഥനി ദൈവ വിജ്ഞാനകേന്ദ്രം എന്നിവിടങ്ങളിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള സഭയിൽ അറിയപ്പെടുന്ന ഒരു ധ്യാനഗുരു കൂടിയായ പ്ലാസിഡച്ചൻ കല്ലാർ ധ്യാനകേന്ദ്രത്തിൻെറ ഡയറക്ടറായി പ്രവർത്തിക്കുന്നു.

ജ്ഞാനദാസ് എന്ന തൂലികാ നാമത്തിൽ ഒരു ഡസനിലധികം കവിതാ സമാഹാരങ്ങളും ശിലാപുരാണം എന്ന പേരിൽ ഒരു നാടക പുസ്തകവും മറ്റനേകം ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ജീവചരിത്ര ഗ്രന്ഥങ്ങളും അച്ചൻ രചിച്ചിട്ടുണ്ട്.

## ഫാ. ജോൺ ബോസ്കോ, കുറ്റിയിൽ. O.I.C.

1937 ഒക്ടോബർ 28-ാംതീയതി കറ്റാനത്ത് കുറ്റിയിൽ തോമസിൻെറയും ശോശാമ്മയുടെയും മകനായി ജനിച്ചു. ഫിലിപ്പ് എന്ന് മാമോദീസാപേര്. പോപ്പ് പയസ് XI സ്കൂളിൽ പഠനം പൂർത്തിയാക്കി 1955-ൽ ബഥനിയിൽ ചേർന്നു. തിരുവനന്തപുരത്ത് നൊവിഷ്യറ്റ് പൂർത്തിയാക്കി 1957-ൽ വ്രതവാഗ്ദാനം നടത്തി. വൈദികപഠനം പൂനാ സെമിനാരിയിൽ. 1965 ഒക്ടോബർ 3-ാംതീയതി പൂനാ ബിഷപ്പ് വില്യം ഗോമസിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.




www.malankaralibrary.com

തിരുവല്ലാ രൂപതയിലെ തോട്ടഭാഗം, തച്ചമം, അമ്പാട്ടുഭാഗം എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ നടത്തിയിട്ടുണ്ട്. റോമിലെ തെരേസിയാനുമിൽ നിന്ന് 1978-ൽ ആദ്ധ്യാത്മിക ശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി.

പൂനാ ബഥനി സ്കൊളാസ്റ്റിക്കേറ്റിൽ റെക്ടറും ആദ്ധ്യാത്മിക പിതാവുമായിരുന്നു. പത്തുവർഷം ബഥനി നൊവിസ് മാസ്റ്ററായിരുന്നു. ഇപ്പോൾ വെങ്ങോല കേന്ദ്രമായി പ്രവർത്തിക്കുന്ന അച്ചൻ ബഥനി സന്യാസ സമൂഹത്തിന്റെ കൗൺസിലർ ജനറൽ കൂടിയാണ്.

●

## ഫാ. മത്തായി കടവിൽ O.I.C.



ജനനം 1963 ഡിസംബർ 31-ാംതീയതി എറണാകുളം ജില്ലയിൽ രാമമംഗലത്ത്. മാതാപിതാക്കൾ കടവിൽ മാത്യുവും അന്നമ്മയും. താമ്മാനിമറ്റം പൂതൃക്ക എന്നീ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1979-ൽ ബഥനി ആശ്രമത്തിൽ ചേർന്നു. ആലുവായിൽ തപോവനത്തിൽ നവ സന്യാസ പരിശീലനം പൂർത്തിയാക്കി 1981 മെയ് 15-ന് വ്രതവാഗ്ദാനം ചെയ്തു. വൈദിക പഠനം പൂനാ സെമിനാരിയിൽ 1989 ഒക്ടോബർ 9-ാംതീയതി ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

പ്രഥമ നിയമനം തിരുവല്ലാ ആശ്രമത്തിൽ വൈദിക വിദ്യാർഥികളുടെ അസിസ്റ്റൻറ് റെക്ടറായിട്ടായിരുന്നു. തുടർന്ന് ബഥനിബുക്ക് സെൻറർ മാനേജരായി നിയമിക്കപ്പെട്ടു.

## ഫാ. അലക്സാണ്ടർ പയ്യംപള്ളിൽ



ജനനം 1926 ജൂൺ 20. ജന്മദേശം ചെങ്ങരൂർ. മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കി. തിരുവല്ല മൈനർ സെമിനാരി, ആലുവ അപ്പസ്റ്റോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം നടത്തി. 1952 ഡിസംബർ 26-ാം തീയതി മാർസേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. കടമാൻകുളം, കല്ലൂപ്പാറ, വെച്ചൂച്ചിറ, ഇടത്തിക്കാവ്, വെണ്ണിക്കുളം, വാലാങ്കര, കാഞ്ഞിരപ്പാറ, കോയിപ്പുറം, നെടുമ്പ്രം, അമിച്ചകരി, പുറമറ്റം, തച്ചമം, കല്ലുങ്കൽ, ഓതറ തുടങ്ങിയ ഇടവകകളിൽ വികാരിയായി ശുശ്രൂഷിച്ചിട്ടുണ്ട്.

രൂപതാ പാസ്റ്ററൽ കൗൺസിൽ, അഡ്മിനിസ്ട്രേഷൻ കൗൺസിൽ, രൂപതാ കൗൺസിൽ, കാത്തലിക് ഹോസ്പിറ്റൽ ഓഫ് ഇൻഡ്യാ എക്സിക്യൂട്ടീവ് ബോർഡ് മെമ്പർ, ഡയറക്ടർ എന്നീ നിലകളിൽ ദൈവജനത്തിന് സേവനം ചെയ്തിട്ടുണ്ട്. രൂപതയിൽ മതബോധന മണ്ഡലം ലീജിയൻ ഓഫ് മേരി എന്നിവയുടെ രൂപതാ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററായും ഓതറ ഇടവകയുടെ വികാരിയായും ശുശ്രൂഷ ചെയ്യുന്നു.

---

ഇപ്പോൾ മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് തിരുവല്ലാ രൂപതാ ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ് ഡയറക്ടർ, ബഥനി മിഷൻ ബോർഡ് സെക്രട്ടറി, തലവടി സൗത്ത് സെൻറ് മേരീസ് ഇടവക വികാരി എന്നീ നിലകളിൽ ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നു.

●

●

## ഫാ. ചെറിയാൻ താഴമൺ

ജനനം 1953 മാർച്ച് 12. പിതൃകുടുംബം അയിരൂർ. പകലോമറ്റം താഴമൺ. മാതൃകുടുംബം കോട്ടൂർ മേത്തിലാറ്റിൽ. മാതാപിതാക്കൾ ചെറിയാൻ ശോശാമ്മ. സ്കൂൾ വിദ്യാഭ്യാസം കാഞ്ഞീറ്റുകര ശ്രീശാരദാ വിലാസം എൽ.പി.സ്കൂളിലും, എസ്.എൻ.ഡി.പി.ഹൈസ്കൂളിലും. കോളേജ് പഠനം ചങ്ങനാശ്ശേരി സെൻറബർക്ക്മെൻസ്, തിരുവല്ല ടൈറ്റസ് സെക്കൻഡ്, കളമശ്ശേരി രാജഗിരി കാനഡയിൽ ആൻറഗണിഷ് സെൻറ്ഫ്രാൻസിസ് സേവ്യർ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ. സെമിനാരി പ്രവേശനം 1968 ജൂൺ 19. വൈദികപഠനം തിരുവല്ല മൈനർസെമിനാരി. കാർമൽഗിരിപൊൻറിഫിക്കൽ കോളേജ്, ആലുവ, മംഗലപ്പുഴ പൊൻറിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ. ആദ്യപട്ടങ്ങൾ സക്കറിയാസ് മാർ അത്തനാസിയോസും ശെമ്മാശ്പട്ടം പൗലോസ് മാർ പിലക്സിനോസും വൈദികപട്ടം ഐസക് മാർ യൂഹാനോനും



നല്കി. വൈദികാഭിഷേകം 1979 ജനുവരി 1 ന്

തിരുവല്ല സെൻറ്ജോൺസ് കത്തീഡ്രലിൽ. പ്രഥമദിവ്യബലിയർപ്പണം ജനുവരി 2 ന് അയിരൂർ സെൻറ് പാട്രിക്സ് പള്ളിയിൽ. വികാരിയായി ശുശ്രൂഷിച്ചിട്ടുള്ള ഇടവകകൾ: പുന്നവേലി, നൂറോമ്മാവ്, പുതുപ്പള്ളി, വാകത്താനം, പുളിക്കീഴ്(2 പ്രാവശ്യം)നിരണം കിഴക്ക്, (2 പ്രാവശ്യം) നിരണം പടിഞ്ഞാറ്(2 പ്രാവശ്യം) തിരുവൻവണ്ടൂർ, പാണ്ടനാട്, വാളക്കുഴി, കുരിശുമുട്ടം, ചിറ്റടി, കോരുത്തോട്, മുണ്ടക്കയം, എറണാകുളം(2 പ്രാവശ്യം) കളമശ്ശേരി, ആനിക്കാട്, മഞ്ഞത്താനം, പനയമ്പാല, മുണ്ടുകുഴി, കുമ്പനാട്, (2 പ്രാവശ്യം) പൂവത്തൂർ (2 പ്രാവശ്യം) ഫാമിലി അപ്പോസ്റ്റേലേറ്റ് എം.സി.വൈ.എം., സാമൂഹ്യ പ്രവർത്തനവകുപ്പ് എന്നിവയുടെ രൂപതാ ഡയറക്ടറായിരുന്നു. രൂപതാ വൈദിക സെനറ്റ് പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ അംഗമായും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായും പ്രവർത്തിച്ചു. ആനിക്കാട്,വെളിയനാട് ഹൈസ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ പൂവത്തൂർ, കുമ്പനാട് ഇടവകകളിൽ വികാരി, തിരുമൂലപുരം സെൻറ്തോമസ് ഹൈസ്കൂൾ അദ്ധ്യാപകൻ, ഐക്യദീപം മാസികയുടെ മുഖ്യപത്രാധിപർ.

●

## ഫാ. ഏബ്രഹാം പനയ്ക്കാമിറ്റം

നിരണം വലിയപള്ളി ഇടവകയിൽ പനയ്ക്കാമിറ്റം ബഹുമാനപ്പെട്ട പി.എ.തോമസ് അച്ചന്റെ



മകനായി 1935 ജൂലൈ 26 ന് ജനിച്ചു. വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. നിരണം സെൻറ് മേരീസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി.കോളേജ്, ഇൻഡോർ ക്രി

www.malankaralibrary.com

സ്റ്റ്യൻ കോളേജ്, മദ്രാസ് മെർട്ടൻ ട്രയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബിരുദവും ബിരുദാനന്തരബിരുദവും വിദ്യാഭ്യാസ വിഷയത്തിൽ പ്രത്യേക പരിശീലനവും നേടി. അമേരിക്കയിലെ വിർജീനിയ സർവ്വകലാശാലയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി.

ദീർഘനാൾ അദ്ധ്യാപകനായി ശുശ്രൂഷ ചെയ്തിരുന്നു 1991 മാർച്ചിൽ വിരമിച്ചു. നിരണം, അമേരിക്ക, ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങളിൽ ഇടവകവികാരിയായി സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ നിരണം ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്നു.

●

## ഫാ. കുറിയാക്കോസ് പടിഞ്ഞാറേമണ്ണിൽ



**തി**രുവല്ലാ രൂപതയിലെ കടമാൻകുളം തിരുഹൃദയ ഇടവക. പടിഞ്ഞാറേമണ്ണിൽ തോമസ്സിൻെറയും അന്നമ്മയുടേയും ഇളയ മകനായി 1927 മെയ് മാസം 6-ാം തീയതി ജനിച്ചു. പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭനാളുകളിൽത്തന്നെ കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടു. ദൈവവിളികൊണ്ട് അനുഗ്രഹിതമായ കടമാൻകുളം ഇടവകയിൽ നിന്നുള്ള ആദ്യത്തെ രൂപതാ വൈദികനാണ്.

പ്രാഥമിക വിദ്യാഭ്യാസം പുതുശ്ശേരി സൗത്ത് പ്രൈമറി സ്കൂളിലും, തുരുത്തിക്കാട് ഗവൺമെൻറ് സ്കൂളിലും, ഹൈസ്കൂൾ തിരുവനന്തപുരം പട്ടം എസ്. എസ്. എം. (ഇന്നത്തെ സെൻറ് മേരീസ്) ഇരവിപേരൂർ സെൻറ്ജോൺസ് എന്നിവിടങ്ങളിലായി പൂർത്തിയാക്കി. 1946-ൽ എസ്. എസ്. എൽ. സി. പാസായി. മൺമറഞ്ഞ ഫാ. എബ്രഹാം ഒ.ഐ.സി പിതൃസഹോദരനും ഫാ. സെലസ്റ്റിൻ ഒ.ഐ.സി പിതൃസഹോദര പുത്രനുമാണ്. 1946-48 കാലം തിരുവല്ലാ ചെറുപുഷ്പഗിരി ഇൻഫൻറ് മേരീസ് മൈനർ സെമിനാരിയിലും 1948-1955 കാലം ആലുവാ മംഗലപ്പുഴ സെമിനാരിയിലും വൈദികപഠനം പൂർത്തിയാക്കി. സബ് ഡീക്കൻ പട്ടം വരെ അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനിയും പൂർണ്ണ ശെമ്മാശുപട്ടം അത്യുന്നത കർദ്ദിനാൾ എവുജിൻ ടിസറാങ്ങും (1954-ൽ) 1955 മാർച്ച് 19-ാം തീയതി സെൻറ് ജോൺസ് കത്തീഡ്രലിൽ വച്ച് സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി പ്രഥമമായി വൈദികപട്ടവും നല്കി. മാർച്ച് 20-ന് സ്വന്ത ഇടവകയിൽ പ്രഥമ ബലിയർപ്പിച്ചു.


വൈദികനായശേഷം തിരുവല്ലാ മേരിഗിരി അരമനയിലേക്ക് മാറ്റപ്പെട്ടിരുന്ന മൈനർ സെമിനാരിയിൽ ലത്തീൻ പ്രൊഫസറായും തുടർന്ന് റെക്ടറായും സേവനം ചെയ്തു. മല്ലപ്പള്ളി, സെൻറ് ഫ്രാൻസിസ് സേവ്യർ (1955 - 1958) തോട്ടഭാഗം സെൻറ് മേരീസ്, കോട്ടൂർ ചെറുപുഷ്പം (1958-1964) കുമ്പളന്താനം, കുരിശുമുട്ടം എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തതിനുശേഷം പൗരസ്ത്യ സഭകളുടെ കാനൻ നിയമങ്ങൾ സംബന്ധിച്ച ഉപരിപഠനത്തിനായി റോമിലെ ഓറിയൻറൽ പൊന്തിഫിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ ചേർന്ന് പഠനം പൂർത്തിയാക്കി 1966 സെപ്റ്റംബറിൽ തിരിച്ചെത്തി ബിഷപ്പിൻെറ സെക്രട്ടറി, രൂപതാ ചാൻസിലർ, സാമൂഹ്യപ്രവർത്തന വകുപ്പ് ഡയറക്ടർ രൂപതാ കൗൺസിലംഗം (1967-1977) വൈദിക സെനറ്റംഗം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ലീജിയൻ ഓഫ് മേരി രൂപതാ ഡയറക്ടർ, തിരുവല്ലാ വൈദികമേഖലാ വികാരി എന്നീ ജോലികൾ നിർവഹിച്ചു.

ചെത്തോങ്കര, ഇടമുറി, കരികുളം, മാന്നാർ സെൻറ് മേരീസ്, മാന്നാർ കാതറൈൻസ്, തള്ളിയൂർ, കാഞ്ഞീറ്റുകര, തിരുമൂലപുരം, ഓതറ, പനയമ്പാല ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ഇപ്പോൾ പുറമറ്റം സെൻറ്മേരീസ് പള്ളി വികാരിയായി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു.

1974 മുതൽ അഞ്ചുവർഷത്തേയ്ക്ക് പൗരസ്ത്യ സഭകളുടെ കാനൻ നിയമ പരിഷ്കരണത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷനിൽ സീറോ മലങ്കര കത്തോലിക്കാ സഭയെ പ്രതിനിധീകരിക്കുന്ന ഒരംഗമായിരുന്നു. യൂറോപ്യൻ രാജ്യങ്ങളും വിശുദ്ധനാടും സന്ദർശിച്ചിട്ടുണ്ട്.

●

## പവ്വത്ത് വല്ല്യപ്പൻ



**കൈ**പ്പട്ടൂർ പവ്വത്ത് വീട്ടിൽ ഉണ്ണിയുടെ മകനായി 1870-ൽ ജനിച്ചു. കൈപ്പട്ടൂർ യാക്കോബായ പള്ളി പണിയിച്ചത്. ഈ വല്ല്യപ്പൻെറ പിതാവും നാട്ടുകാരും ചേർന്നാണ്. സുറിയാനി തമിഴ് ഭാഷകൾ പ്രത്യേകം പഠിച്ചു. സുറിയാനിയിൽ നല്ല പരിജ്ഞാനമുണ്ടായിരുന്നു. മത കാര്യങ്ങളിൽ അതീവ തല്പരനായിരുന്നു. ശീമക്കാരും നാട്ടുകാരുമായി കൈപ്പട്ടൂർ വന്നിട്ടുള്ള ബാവാമാരും മെത്രാന്മാരും പവ്വത്തു ഭവനം സന്ദർശിക്കാതെ പോയിട്ടില്ല. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി, പത്രോസ് പാത്രിയർക്കീസ് ബാവാ, അബ്ദുള്ള പാത്രിയർക്കീസ് ബാവാ, വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്, ബസേലിയോസ് കാതോലിക്കാ ബാവാ മുതലായവർ അക്കൂട്ടത്തിൽപെടും.

വല്ല്യപ്പനും വട്ടശ്ശേരിൽ തിരുമേനിയും പൂവത്തൂരച്ചനും കൂടി പല സുറിയാനി ഗീതങ്ങളും മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

1915 മുതൽ വല്ല്യപ്പൻ തടിക്കച്ചവടത്തിനു പാണ്ടിദേശത്ത് പോയിരുന്നു. തൂത്തുക്കുടിയിൽ താമസിച്ചിരുന്ന കാലത്താണ് കത്തോലിക്കാ സഭയുമായി ബന്ധപ്പെടുന്നതും സഭയിലേക്ക് ആകർഷിക്കപ്പെട്ടതും. നാട്ടിലെത്തി പന്തളത്ത് താമസിച്ചിരുന്ന സുറിയാനി കർമ്മലീത്താ വൈദികർ മുഖാന്തിരം കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനിയിൽനിന്ന് കല്പന വാങ്ങി 1923-ൽ 15 വീടുകൾ ഉൾപ്പെടെ കത്തോലിക്കാ സഭയിൽ ചേർന്നു. വകയാറ്റിൽ വാടകയ്ക്ക് എടുത്തിരുന്ന വീട്ടിൽവച്ച് ബൽജിയംകാരൻ ഫാദർ ജോൺ മേരിയാണ് സഭയിൽ ചേർന്നത് അദ്ദേഹത്തിൻെറ ഭവനാങ്കണത്തിൽ അനേക സുവിശേഷയോഗങ്ങൾ നടത്തിയിട്ടുണ്ട്. അനേക കുടുംബങ്ങളെ സത്യസഭാ കൂട്ടായ്മയിലേക്ക് നയിക്കുവാൻ ദൈവകരങ്ങളിൽ ഉപാധിയായിട്ടുണ്ട് വല്ല്യപ്പൻ.

●

## റവ. ഫാദർ ജേക്കബ് വലിയപറമ്പിൽ

**എ**ടത്വാ സെൻറ് ജോർജ് ഇടവക വലിയപറമ്പിൽ ചാണ്ടി മാത്യുവിൻെറയും അന്നമ്മയുടെയും ദ്വിതീയ പുത്രനായി 1913 ജൂലൈ 13-ാം



തീയതി ജനിച്ചു. എടത്വാ സെൻറ് അലോഷ്യസ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1935-ൽ ആലുവാ സെൻറ് ജോസഫ്സ് അപ്പസ്തോലിക്ക് സെമിനാരിയിൽ ചേർന്ന് വൈദികപഠനം പൂർ

www.malankaralibrary.com

രുന്നു) ആലപ്പുഴ മാതാ, ചുങ്കപ്പാറ ക്രിസ്തുരാജാ എന്നീ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആരംഭഘട്ടങ്ങളിൽ ഹെഡ്മിസ്ട്രസായി സേവനമനുഷ്ഠിച്ചു.

1982 മുതൽ ചെങ്ങരൂർ സെൻറ് തെരേസാസ് ഹൈസ്കൂളിൽ അദ്ധ്യാപികയായി ജോലി നോക്കുന്ന സിസ്റ്റർ, ബഥനി സന്യാസിനീ സമൂഹത്തിൽ സുപ്പീരിയറായും പ്രൊവിൻഷ്യൽ കൗൺസിലറായും ചുമതല വഹിച്ചിട്ടുണ്ട്. 1985-ൽ സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റിൻെറ ഭാഗമായി നടത്തിയ "ഫാമിലി കൗൺസലിംഗ് സൈക്കോളജി" കോഴ്സ് പൂർത്തിയാക്കാൻ അവസരം ലഭിച്ചിട്ടുള്ള സിസ്റ്റർ രൂപതയിലെ ആവശ്യപ്പെടുന്ന ഇടവകകളിൽ ദമ്പതികൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി സംഘടിപ്പിക്കുന്ന സെമിനാറുകളിൽ ക്ലാസുകൾ എടുക്കുകയും മതപഠന ക്ലാസിൽ പഠിപ്പിക്കുകയും രൂപതയുടെ മാസികയായ "ഐക്യദീപത്തിൽ" 'കുടുംബവേദി' എന്ന പംക്തിയിൽ എഴുതുകയും ചെയ്തു വരുന്നു. ഇപ്പോൾ ചെങ്ങരൂർ സെൻറ് തെരേസാസിൽ അദ്ധ്യാപനം തുടരുന്ന സിസ്റ്റർ ബഥനി സന്യാസിനി സമൂഹത്തിൻെറ അസിസ്റ്റൻറ് ജനറലായും ചുമതല വഹിക്കുന്നു.

## ശ്രീ. പീറ്റർ കീയ്യാലിൽ



1946 മെയ് 29-നു മുളന്തുരുത്തിക്കടുത്ത് വെട്ടിക്കൽ എന്ന സ്ഥലത്ത് കീയ്യാലിൽ ശ്രീ. യാക്കോബിൻെറയും ശ്രീമതി അന്നാമ്മയുടെയും മകനായി ശ്രീ. കെ. ജെ. പീറ്റർ ജനിച്ചു. യാക്കോബായ സഭയിൽ അംഗമായിരുന്ന അദ്ദേഹം ചെറുപ്പം മുതൽ തന്നെ സ്വന്ത ഇടവകയിൽ അൾത്താര ശുശ്രൂഷകനായും സൺഡേ സ്കൂൾ അധ്യാപകനായും ദൈവവേല ചെയ്തിരുന്നു. 1970 ജൂലൈ 4-ന് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടു. വെട്ടിക്കൽ സെൻറ് മേരീസ് കത്തോലിക്കാ ഇടവകയുടെ ഉദയവും അന്നുതന്നെ. ഈ ഇടവകയുടെ രൂപീകരണത്തിൽ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. പാരീഷ് കൗൺസിൽ അംഗം, ട്രസ്റ്റി, സൺഡേ സ്കൂൾ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, വിൻസൻറ് ഡീ പോൾ സൊസൈറ്റി അംഗം എന്നീ നിലകളിൽ ഇടവകയിൽ പ്രവർത്തിച്ചിട്ടുണ്ട്. പി.ഒ.സി.യിലെ രണ്ടുവർഷത്തെ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കി രൂപത മതബോധന സെക്രട്ടറിയായി ശാന്തി നിലയത്തിൽ ദീർഘകാലം സേവനം ചെയ്തു. ഐക്യദീപം മാസികയുടെ ആരംഭം മുതൽ പ്രസാധകനായും മാനേജിംഗ് എഡിറ്ററായും ഇപ്പോൾ മാനേജരായും ജോലി ചെയ്യുന്നു. ഐക്യദീപത്തിലും മറ്റു ചില ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലും ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 1975-ൽ റോമിൽ നടന്ന "വേൾഡ് എൻകൗണ്ടർ ഓഫ് മിഷനറി കാറ്റ്ക്കിസ്റ്റ്" സെമിനാറിൽ തിരുവല്ലാ രൂപതയെ പ്രതിനിധീകരിച്ച് സംബന്ധിക്കുവാനും പരി. പിതാവിനെ ദർശിക്കുവാനും വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുവാനും സാധിച്ചു. രൂപത പാസ്റ്ററൽ കൗൺസിൽ അംഗമായും എം.സി.വൈ.എം. രൂപത ആനിമേറ്ററായും ഇരുന്നിട്ടുണ്ട്. ഇപ്പോൾ സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസിൻെറ ചുമതല വഹിക്കുന്നു. ശ്രീ. പീറ്ററിൻെറ ഭാര്യ ശ്രീമതി സി. ഇ. ഏലിയാമ്മ കുമ്പനാട് ചെമ്പനാൽ കുടുംബാംഗവും തിരുവാണിയൂർ സെൻറ് ഫിലോമിനാസ് ഹൈസ്കൂളിലെ അദ്ധ്യാപികയുമാണ്. നീന, നിജോ, റിജോ എന്നിവർ മക്കളും.

## ഫാ. ചെറിയാൻ മാമ്പ്രക്കുഴി



കല്ലൂപ്പാറ മാമ്പ്രക്കുഴി ഏബ്രഹാമിൻെറയും കുമ്പനാട് - കടപ്ര, പുളിക്കക്കുഴി അന്നമ്മയുടെയും മകൻ. ജനനം 1958 മെയ് മാസം 25-ന്. കടമാൻകുളം തിരുഹൃദയ ഇടവകാംഗം. പുതുശ്ശേരി എൽ. പി. സ്കൂൾ, പുതുശ്ശേരി എം.ഡി.എച്ച്. ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ പഠനം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ പഠനം തുടർന്നു. 1975 ജൂൺ 14-ന് വൈദികപഠനത്തിന് തിരുവല്ലാ രൂപതയിൽ ചേർന്നു. തിരുവല്ലാ മൈനർ സെമിനാരി, കർമ്മലഗിരി സെൻറ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയ 1985 ഡിസംബർ 30-ന് തിരുവല്ലാ ഭദ്രാസന ദേവാലയത്തിൽ വച്ച് വൈദികാഭിഷേകം സ്വീകരിച്ചു. പിറ്റേദിവസം മാതൃ ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

സെൻറ് ജോൺസ് കത്തീഡ്രലിൽ വികാരി, ഫാ. ജോർജ് ചുണ്ടേവാലേലിൻെറ (ഇപ്പോൾ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ) അസിസ്റ്റന്റായി അജപാലന ജീവിതം ആരംഭിച്ചു. നിരണം ഈസ്റ്റ്, പുളിക്കീഴ്, കാനം, നെടുമാവ്, കട്ടപ്പന, മുളകരമേട്, കോമ്പയാർ എന്നിവിടങ്ങളിൽ വികാരിയായും മേരിഗിരി അരമനയിൽ മിനിസ്റ്റർ, കറുവാക്കുളം തോട്ടം മാനേജർ, കുമളി വൈദിക ജില്ലാ വികാരി എന്നീ നിലകളിലും രൂപതയെ സേവിച്ചു. ഇപ്പോൾ നെടുമ്പ്രം, തലവടി വടക്ക് ഇടവകകളുടെ വികാരിയായും ഫാമിലി അപ്പസ്റ്റോലേറ്റ് രൂപതാ ഡയറക്ടറായും ശുശ്രൂഷ ചെയ്യുന്നു.

## എം.ഒ. വർഗീസ് മേളാംപറമ്പിൽ

ജനനം 1917 മാർച്ച് 24. മാതാപിതാക്കൾ മേളാംപറമ്പിൽ ഉമ്മച്ചനും മറിയാമ്മയും. രണ്ടു സഹോദരരും നാലു സഹോദരിമാരും. പ്രൈമറി വിദ്യാഭ്യാസം പൊടിയാടി സർക്കാർ സ്കൂളിൽ. ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിൽ. അവിടെ വാളക്കുഴി ജോസഫ് അച്ചൻെറ ശിഷ്യനായിരുന്നു. ഇൻറർമീഡിയറ്റ് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽനിന്ന് ധനതത്വ ശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി.

1931-ൽ സകുടുംബം പുനരൈക്യപ്പെട്ടു. അന്നു മുതൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിൻെറ ധീര ഭടന്മാരിലൊരുവനാണദ്ദേഹം. 1940 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്നു. 1958 മുതൽ 1969 വരെ പുഷ്പഗിരി ആശുപത്രി ഡയറക്ടർ ബോർഡ് അംഗമായിരുന്നു. നഴ്സിംഗ് സ്കൂളിൻെറ സ്ഥാപനത്തിനായി മുൻകൈ എടുത്തു. പല പ്രാവശ്യം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്നു. തിരുവല്ലാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സ്ഥാപകരിൽ ഒരാളാണ്. പ്രസിഡൻറായും ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. 1967-ൽ റോമിൽവച്ചു നടന്ന മൂന്നാം സാർവദേശീയ അത്മായ കോൺഗ്രസിലും 1969-ൽ ബാംഗ്ലൂരിൽവച്ചു നടത്തിയ ദേശീയ സെമിനാറിലും



www.malankaralibrary.com

മലങ്കര സഭയുടെ പ്രതിനിധിയായി സംബന്ധിച്ചു.

മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യ പ്രക്രിയയിൽ സഹോദരൻ ശ്രീ. എം. ഒ. പുന്നനോടൊപ്പം ദൂതനായി വർത്തിച്ചിരുന്നു. "ദൈവത്തിൻെറ ജനം മനുഷ്യൻെറ തീർത്ഥയാത്രയിൽ" എന്ന ശീർഷകത്തിൽ ഒരു ലഘു പത്രിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പിതാവിനോടൊപ്പം വ്യാപാര, വ്യവസായ, തോട്ടം മേഖലകളിൽ വ്യാപൃതനായിരുന്നു. മേളാംപറമ്പിൽ എന്ന നാമം ഇന്ന് കേരളത്തിലെ വാണിജ്യ മേഖലയിൽ സുപരിചിതമാണ്. വിമോചന സമരത്തിൽ തിരുവല്ലാ മണ്ഡലത്തിൻെറ നേതാവായിരുന്നു. മദ്ധ്യ തിരുവിതാംകൂർ കരിമ്പു കർഷക സഹകരണ സംഘത്തിൻെറയും അസോസിയേഷൻെറയും സ്ഥാപകാംഗവും അനേകവർഷം പ്രസിഡൻറും സെക്രട്ടറിയുമായിരുന്നു. പുളിക്കീഴ് പഞ്ചസാര ഫാക്ടറിയുടെ ഡയറക്ടർ ബോർഡ് അംഗം, അഖില കേരള കത്തോലിക്കാ കോൺഗ്രസിൻെറ വർക്കിംഗ് കമ്മറ്റി മെംബറും തിരുവല്ലാ വൈ.എം.സി.എ.യുടെ പ്രാരംഭകാലം മുതൽ അടുത്തകാലം വരെ ഡയറക്ടർ ബോർഡ് അംഗവുമായിരുന്നു.

ചങ്ങനാശ്ശേരി തിരുത്തി മുള്ളംകുഴി മാത്യുവിൻെറ മകൾ ചിന്നമ്മയാണ് സഹധർമ്മിണി. രണ്ട് പുത്രന്മാരും അഞ്ച് പുത്രിമാരുമുണ്ട്. പുത്രന്മാർ ശ്രീ. ഫ്രാൻസിസ് ഉമ്മനും മാത്യ വർഗീസും കുടുംബ വക വ്യാപാര വ്യവസായ സംരംഭങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്തുന്നു. റമ്പാൻ ജോൺ മേളാംപറമ്പിൽ ഇളയ സഹോദരനാണ്.

●

## പുന്നൻ വാളക്കുഴി



**മാ**ർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മൂത്ത സഹോദര പുത്രൻ. ജനനം 1944 മാർച്ച് 15. മാതാപിതാക്കൾ വാളക്കുഴി വലിയ പുരയിടത്തിൽ ഏബ്രഹാമും മറിയാമ്മയും. സ്കൂൾ വിദ്യാഭ്യാസം ആനിക്കാട് സെൻറ് മേരീസ് എൽ. പി. സ്കൂളിലും ഹൈസ്കൂളിലും. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽനിന്നും ബിരുദം കരസ്ഥമാക്കി. ഇരുപത്തിമൂന്നു വർഷം കേന്ദ്ര സർക്കാർ സർവീസിൽ ഭാരതത്തിൻെറ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്തു. ഇപ്പോൾ ജോലിയിൽനിന്നും വിരമിച്ച് നാട്ടിൽ സ്വന്തം ബിസിനസ് നടത്തുന്നു. സഭാ കാര്യങ്ങളിലും നാടിൻെറ വികസന പ്രവർത്തനങ്ങളിലും അതീവ താല്പര്യത്തോടെ പ്രവർത്തിക്കുന്നു. തിരുവല്ലാ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, മല്ലപ്പള്ളി വൈസ് മെൻസ് ക്ലബ് പ്രസിഡൻറ് എന്നീ നിലകളിൽ ഇപ്പോൾ സേവനം ചെയ്യുന്നു. ആനിക്കാട് ഇടവകയിലെ ബഹുമുഖ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ട്. ഇടവക സുവർണ്ണ ജൂബിലി സ്മരണിക കമ്മറ്റിയുടെ കൺവീനറായിരുന്നു.

ഭാര്യ ശ്രീമതി തങ്കമ്മ പുന്നൻ തിരുവല്ലാ രൂപതാ സാമൂഹ്യ പ്രവർത്തന വകുപ്പിനോടും കുടുംബക്ഷേമ പ്രവർത്തന വകുപ്പിനോടും സഹകരിച്ച് പ്രവർത്തിക്കുന്നു. ബഥനി മഠത്തിലെ ബ. സിസ്റ്റർ ഇസബല്ലാ സഹോദരിയാണ്.

●

## ഫാ. സ്കറിയാ വട്ടമറ്റം



**കാ**ഞ്ഞിരപ്പള്ളിക്കടുത്ത് പഴയിടത്ത് 1952 ഒക്ടോബർ 5-ന് ജനിച്ചു. ജനനംകൊണ്ട് ചങ്ങനാശ്ശേരി രൂപതാംഗം (ഇന്ന് കാഞ്ഞിരപ്പള്ളി). പിതാവ് വട്ടമറ്റത്തിൽ ജോസഫ്. മാതാവ് കുന്നപ്പള്ളിൽ ഏലിയാമ്മ. സ്കൂൾ പഠനം ചാത്തൻതറ എൽ. പി. സ്കൂളിലും, കൊല്ലമുള മരിയ ഗൊരെത്തി യു. പി. സ്കൂളിലും വെച്ചൂച്ചിറ സെൻറ് തോമസ് ഹൈസ്കൂളിലും പൂർത്തിയാക്കി.

1968 ജൂൺ 19-ാംതീയതി സെമിനാരിയിൽ ചേർന്നു. തിരുവല്ലാ മൈനർ സെമിനാരി, പൂനാ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പഠനം പൂർത്തിയാക്കി. 1979 ജൂലൈ 26 ന് അഞ്ചലിപ്പ വി. പയസ് X ഇടവകയിൽ വച്ച് ഐസക് മാർ യൂഹന്നാൻ മെത്രാപ്പോലീത്തായിൽ നിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. അന്നു തന്നെ നവപൂജർപ്പണം നടത്തി.

ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും, തിരുവല്ലാ ടൈറ്റസ് സെക്കൻഡ് കോളജിൽനിന്ന് എഡ്യൂക്കേഷനിൽ ബിരുദവും നേടി. തിരുവല്ല സെൻറ് ജോൺസ് കോളജ്, തിരുവാണിയൂർ സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപനം നടത്തി. തിരുവൻവണ്ടൂർ (2 പ്രാവശ്യം) പാണ്ടനാട് (2 പ്രാവശ്യം) നിരണം കിഴക്ക്, നിരണം പടിഞ്ഞാറ്, വെട്ടിക്കൽ, നിറാം മുകൾ എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ നടത്തിയിട്ടുണ്ട്.

രൂപതാ വൈദിക സെനറ്റ്, പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ അംഗമാണ്. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമാണ്. നൂറോന്മാവ്, ആനിക്കാട് ഇടവകളിൽ വികാരിയായും ആനിക്കാട് സെൻറ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപകനായും ഇപ്പോൾ പ്രവർത്തിക്കുന്നു.

●

## ഫാ. ചെറിയാൻ രാമനാലിൽ



**പ്ലാ**ങ്കമൺ സെൻറ് ജോസഫ് ഇടവകാംഗം. 1935 നവംബർ 18-ന് ജനനം. മാതാപിതാക്കൾ അയിരൂർ രാമനാലിൽ വർഗ്ഗീസ്സും കല്ലൂപ്പാറ കുരിക്കാട്ട് അന്നമ്മയും. വലിയകുന്നം സെൻറ് മേരീസ് ഹൈസ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1953-ൽ മാതാപിതാക്കളോടൊപ്പം മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാ സഭയിലേയ്ക്കു ചേർത്തു. 1955-ൽ സെമിനാരിയിൽ ചേർന്നു. തിരുവല്ല മൈനർ സെമിനാരി, പൂനാ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം നിർവ്വഹിച്ചു. 1964 ഡിസംബർ 2-ാം തീയതി ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു.


തത്വശാസ്ത്രത്തിലും വൈദികശാസ്ത്രത്തിലും ബിരുദവും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

വയനാട്ടിലും നീലഗിരിയിലെ ഗൂഡലൂർ, ഉപ്പട്ടി പ്രദേശങ്ങളിലുമായി അജപാലന ശുശ്രൂഷ ആരംഭിച്ചു. ഗൂഡലൂർ കർഷകസമരത്തിൻെറ ആരംഭക പോരാളികളിൽ അഗ്രഗണനീയനാണ്. കുമളി, ചെങ്ങരൂർ, കുന്നന്താനം, കടമാൻകുളം, കല്ലൂപ്പാറ, നൂറോന്മാവ് എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. എം.സി.വൈ.എം രൂപതാ ഡയറക്ടർ, വൈദികസെനറ്റ് അംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മല്ലപ്പള്ളി സെൻറ് ജോസഫ് ഐ.റ്റി.സി, കമ്പൂട്ടർ സെൻറർ, എഫേത്താ പ്രൊഡക്ഷൻ സെൻറർ, വികാസ് വസ്ത്രനിർമ്മാണ യൂണിറ്റ് ഇവയുടെ സ്ഥാപകനും നിയന്ത്രാവുമാണ്.

www.malankaralibrary.com

ഇപ്പോൾ മല്ലപ്പള്ളി വൈദിക ജില്ലാ അദ്ധ്യക്ഷൻ, മല്ലപ്പള്ളി, മഞ്ഞത്താനം ഇടവകകളുടെ വികാരി, ഐ.റ്റി.സി.പ്രിൻസിപ്പൽ രൂപതാ കൗൺസിൽ അംഗം എന്നീ തലങ്ങളിൽ ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നു.

## ഫാ. പക്കോമിയോസ് O.I.C.



**1908** നവംബർ 8-ാം തീയതി അയിരൂർ ചെമ്പകത്തിനാൽ മത്തായിയുടെയും ഏലിയാമ്മയുടെയും മകനായി യോഹന്നാൻ (സന്യാസനാമം പക്കോമിയോസ് ) ജനിച്ചു. അയിരൂർ എം.റ്റി. സ്കൂളിലും, വലിയകുന്നം സെൻറ് മേരീസ് ഇംഗ്ലീഷ് സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1929 ജനുവരി 30-ന് പെരുനാട് ബഥനിയിൽ ചേർന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടും മറ്റ് സഹോദരങ്ങളോടുമൊപ്പം കത്തോലിക്കാസഭയിൽ ചേർന്നു. സന്യാസ പരിശീലനത്തിനു ശേഷം 1932 ഏപ്രിൽ 7-ാം തീയതി വ്രതവാഗ്ദാനം ചെയ്തു. 1933 മുതൽ 1937 വരെ തിരുവനന്തപുരം സെൻറ് എഫ്രേം സെമിനാരി, തിരുവല്ല ദിവ്യരക്ഷകൻ ബഥനി ആശ്രമം എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1937 ജൂലൈ 25-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

നാല്പത്തിനാലു വർഷം തിരുവല്ലാ രൂപതയിലും പതിമൂന്നു വർഷം തിരുവനന്തപുരം അതിരൂപതയിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 1938-ൽ തിരുവല്ലാ സെൻറ്ജോൺസ് കത്തീഡ്രലിൽ പ്രോ വികാരിയായി താമസിക്കുമ്പോഴാണ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ജോസഫ് മാർ സേവേറിയോസ് തിരുമേനിക്ക് തിരുവല്ലാ രൂപതയുടേതായ സ്വീകരണം കത്തീഡ്രൽ അങ്കണത്തിൽ നല്കപ്പെട്ടത്.

ബഥനി രൂപതാ സമൂഹമായിരുന്നപ്പോൾ തിരുവല്ലായിൽ സുപ്പീരിയർ, സുപ്പീരിയർ ജനറൽ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സമൂഹം പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ടശേഷം ദീർഘകാലം പ്രൊക്കുറേറ്റർ ജനറലും, കൗൺസിലർ ജനറലും ആയി ശുശ്രൂഷ ചെയ്തിട്ടുണ്ട്. 1968 മുതൽ 1986 വരെ 18 വർഷം കോട്ടയത്തായിരുന്നപ്പോൾ 12 വർഷം കോട്ടയം വൈദികജില്ലയുടെ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. 1980-ൽ പുനരൈക്യ സുവർണ്ണജൂബിലി ആഘോഷം കോട്ടയത്തുവച്ച് നടത്തുവാനുള്ള നിർദ്ദേശം അദ്ദേഹം 1979-ൽ കളത്തിപ്പടി ആശ്രമത്തിൽ വിളിച്ചുകൂട്ടിയ മേഖലാ വൈദികസമ്മേളത്തിലാണ് ഉണ്ടായത്. ജൂബിലി ആഘോഷങ്ങളുടെ വേദി, പന്തൽഅലങ്കാരം എന്നിവയുടെ ക്രമീകരണ ചുമതല അദ്ദേഹം വഹിച്ചിരുന്നു.

മാർതെയോഫിലോസ് തിരുമേനിയുടെ ജീവചരിത്രമുൾപ്പെടെ വളരെയധികം രചനകൾ നടത്തിയിട്ടുണ്ട്.


85 വയസ്സ് കഴിഞ്ഞ പക്കോമിയസ് അച്ചൻ ഇപ്പോൾ തിരുവല്ലാബഥനി ആശ്രമത്തിൽ സമൂഹജീവിതം നയിക്കുന്നു.

## വി. കിളിച്ചിമല



“അന്നംപാലേ കുടിച്ചിട്ടു,” “പുലരിപ്പൂക്കൾ,” “വി.ജോൺ വിയാനി,” “വി. ബർണദീത്താ,” “മോൺ. വടശ്ശേരി,” “മാർ ഈവാനിയോസ്, ഒരു പഠനം,” “ആദർശ ദീപങ്ങൾ,” “രജതരശ്മികൾ,” “വിശ്രമവും വിചിന്തനവും,” “എക്യൂമെനിസം,” “ഐക്യത്തിൻെറ വിളി,” “അന്ത്യോക്യയോ റോമയോ,” “കണ്ണുതുറപ്പിച്ച വട്ടിപ്പണം,” “70 വർഷം പുസ്തക പ്രസാധനം” തുടങ്ങി പന്ത്രണ്ടോളം കൃതികളുടെ കർത്താവാണ് ഫാ. വറുഗീസ് കിളിച്ചിമല. “വി. ജോൺ വിയാനി,” “വി. ബർണദീത്താ” എന്നിവ പല പതിപ്പുകൾ ഇറക്കിയിട്ടുള്ളവയും “മോൺ വടശ്ശേരി” സ്കൂൾ ലൈബ്രറിക്ക് അംഗീകരിച്ചിട്ടുള്ളതുമാണ്. മലങ്കര സഭൈക്യ പ്രസ്ഥാനത്തിൻെറ പ്രസക്തി വെളിപ്പെടുത്തുന്നതും ആവശ്യം വായിച്ചിരിക്കേണ്ടതുമായ കൃതികളത്രേ “മാർ ഈവാനിയോസ് ഒരു പഠനം,” “എക്യുമെനിസം,” “മോൺ. വടശ്ശേരി” എന്നിവ. എസ്. എച്ച്. ലീഗ് ഡയറക്ടർ, പ്രേഷിത കേരളം പത്രാധിപർ എന്നീ തസ്തികകളിൽ ഇരുന്നിട്ടുള്ള ഫാ. കിളിച്ചിമല ആലുവാ സെമിനാരിയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. “മാർ സേവേറിയോസും മോൺ. വടശ്ശേരിയും” എന്ന ലേഖനത്തിലൂടെ മലങ്കരസഭൈക്യപ്രസ്ഥാനത്തിൻെറ അന്തസ്സത്ത തലനാരിഴ വിടാതെ ലേഖകൻ പരിശോധിക്കുന്നു.

## ഫാ. മാത്യു ചെമ്പോത്തിനാൽ



**അ**യിരൂർ സെൻറ് പാട്രിക്സ് ഇടവക. ചെമ്പോത്തിനാൽ മാത്യുവിൻെറയും, റേച്ചലിൻെറയും മകൻ. 1934 ഒക്ടോബർ 30-ന് ജനിച്ചു. തടിയൂർ എൻ.എസ്സ്.എസ്സ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1949-ൽ പുനരൈക്യപ്പെട്ടു. തിരുവല്ല മൈനർ സെമിനാരി, കാൻഡി,പൂനാ, എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി. 1959 ഒക്ടോബർ 3-ന് പൂനാ ബിഷപ്പ് ആൻഡ്രൂ ഡിസൂസയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. ചങ്ങനാശ്ശേരി എസ്സ്.ബി കോളജ്, റോമിലെ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ഉപരിപഠനം പൂർത്തിയാക്കി. ആനിക്കാട്, കവിയൂർ, കോട്ടൂർ, നിരണം, പടിഞ്ഞാറ്, തലവടി നോർത്ത് എന്നിവിടങ്ങളിൽ അസിറ്റൻറ് വികാരിയായും, പുളിക്കീഴ് വികാരിയായും പള്ളിമല സ്നേഹസദനിൽ ചാപ്ലെയിനായും ശുശ്രൂഷചെയ്തു. മേരിഗിരി അരമന മിനിസ്റ്റർ, മൈനർ സെമിനാരി പ്രൊഫസർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. സുറിയാനിയിൽ അഗാധപാണ്ഡിത്യം ഉള്ള അദ്ദേഹം ശ്ഹീമോ നമസ്ക്കാരം ഉൾപ്പെടെ അനേകം സുറിയാനി ഗീതങ്ങളും പ്രാർത്ഥനാ ശുശ്രൂഷകളും സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജിമ ചെയ്തിട്ടുമുണ്ട്. അനേകം കവിതകളും ലഘു നാടകങ്ങളും കാസറ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## വി.ജോർജ് ഇരുമേട

**1926** ജൂൺ 29 ന് ജനനം. മാതാപിതാക്കൾ ഇരുമേട വർഗീസും ശോശാമ്മയും. വിദ്യാഭ്യാസം പുതുശ്ശേരി സ്കൂൾ, മല്ലപ്പള്ളി സി.എം.എസ്. സ്കൂൾ തേവര എസ്.എച്ച് കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രയിനിംഗ് കോ

www.malankaralibrary.com

ളേജ് എന്നിവിടങ്ങളിൽ. പുതുശ്ശേരി എം. ജി.ഡി. ഹൈസ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. വാഴൂർ സെൻറ്പോൾസ്, കുണ്ടറ എം.ജി.ഡി. എന്നീ ഹൈസ്കൂളുകളിൽ പ്രധാനാദ്ധ്യാപകനായി ജോലി നോക്കി. സാംബിയായിൽ ചിലുണ്ടല സെക്കൻററി സ്കൂളിൽ ജോലി നോക്കി. 1982 മുതൽ ചങ്ങനാശ്ശേരി കേന്ദ്രമാക്കി സെൻറ് പോൾസ് കോച്ചിംഗ് സെൻറർ നടത്തുന്നു.




തിരുവല്ല രൂപതയിൽ കെ.സി.എസ്. എൽ. രൂപീകരിക്കുന്നതിന് നേതൃത്വം നല്കി. 1953 മുതൽ 1962 വരെ സംസ്ഥാനജനറൽ സെക്രട്ടറി, വൈസ്പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ലീജിയൻ ഓഫ് മേരി ചെങ്ങരൂർ ഏരിയ സെക്രട്ടറി, പി.എസ്.റ്റി.എ. തിരുവല്ല ഡിസ്ട്രിക്റ്റ് സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഡിസ്ട്രിക്റ്റ് സ്കൗട്ടസ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഫാ.ജോൺ ഇരുമേട എം.എഡ്. സഹോദരനുംസിസ്റ്റർ ഇഗ്നേഷ്യസ് എസ്.ഐ.സി., സിസ്ററർ അനൺഷ്യേറ്റ് എസ്.ഐ.സി. എന്നിവർ സഹോദരികളുമാണ്.

●

## എം.എം. റെജി

കുന്നന്താനം പുത്തൻപറമ്പിൽ മത്തായിയുടെയും മറിയാമ്മയുടെയും മകൻ. ജനനം 1971 ഏപ്രിൽ



2. കുന്നന്താനം മലമ്പാറയ്ക്കൽ എൽ.പി.സ്കൂൾ, കുന്നന്താനം എൻ.എസ്സ്.എസ്സ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി എൻ.എസ്സ്.എസ്സ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി. രൂപതയിലെ സജീവ യുവജനപ്രവർത്തകൻ, എം.സി.വൈ.എം. മല്ലപ്പള്ളി മേഖലാ പ്രസിഡൻറായിരുന്നു. ഇപ്പോൾ എം.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി, കെ.സി.വൈ.എം സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ മൂന്നു വർഷമായി ഐക്യദീപം മാസികയുടെ സർക്കുലേഷൻ മാനേജർ എന്ന നിലയിൽ ജോലിചെയ്യുന്നു.

●

## മോൺ. മാത്യു നെടുങ്ങാട്ട്

1914 ഏപ്രിൽ 27-ാം തീയതി എറണാകുളം ജില്ലയിലെ കാവക്കാട്ടുള്ള നെടുങ്ങാട്ട് ഐപ്പ്-റോസ ദമ്പതികളുടെ പുത്രനായി ജനിച്ചു. കാൻഡി പേപ്പൽ സെമിനാരിയിലെ പരിശീലനത്തിനുശേഷം 1914 ആഗസ്റ്റ് 24 ന് വൈദികപട്ടം സ്വീകരിച്ചു.



1943 മുതൽ മാർസേവേരിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും തുടർന്ന് മേരിഗിരി അരമന പ്രൊക്യൂറേറ്റർ, സെൻറ്ജോസഫ് പ്രസ്മാനേജർ, മൈനർസെമിനാരി പ്രൊഫസർ, കോർപ്പറേറ്റ് മാനേജർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, ചാൻസിലർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1953-ൽ തിരുവല്ല രൂപതയുടെ വികാരി ജനറളായി ഉയർത്തപ്പെട്ടു. 1977, 78, കാലങ്ങളിൽ ബിഷപ്പിൻെറ അഭാവത്തിൽ രൂപതാ അഡ്മിനിസ്ട്രേറ്ററായിരുന്നു. ബഹു. അച്ചൻെറ നിസ്തുല സേവനങ്ങളെ ബഹുമാനിച്ചുകൊണ്ട് 1968-ലും 1981 ലും പരിശുദ്ധപിതാവ് അദ്ദേഹത്തിന് പ്രത്യേകപദവി നല്കി. (1968-ൽ domestic prelate,1971-papel chamberlain

1979-ൽ പുതുതായി രൂപംകൊണ്ട ബത്തേരി രൂപതയുടെ വികാരി ജനറളായി നിയമിതനായ ബഹു. അച്ചൻ 1981 -മുതൽ ബത്തേരി മൈനർ സെമിനാരി റെക്ടർ, രൂപതാ ചാൻസിലർ, കത്തീഡ്രൽ വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. തിരുവല്ല രൂപതയിൽ ഇരവിപേരൂർ, പാണ്ടനാട്, പുളിക്കീഴ്, വേങ്ങൽ, കുന്നംകുളം, തിരുവല്ല സെൻറ് ജോൺസ് കത്തീഡ്രൽ എന്നീ പള്ളികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

●

## സോമൻ താഴമൺ



ജനനം 1957 നവംബർ 29. ഇടവക കുമ്പളന്താനം സെൻറ്മേരീസ്. മാതാപിതാക്കൾ താഴമൺ മാത്യുവും തങ്കമ്മയും. വിദ്യാഭ്യാസം വെള്ളിയറ എം.ഡി.എൽ.പി. സ്കൂൾ, വലിയകുന്നം സെൻറ് മേരീസ് ഹൈസ്കൂൾ, റാന്നി സെൻറ്മേരീസ് കോളേജ്. കൊച്ചി പാസ്റ്ററൽ ഓറിയൻേറഷൻ സെൻററിൽ പ്രത്യേകപരിശീലനം നേടി. കഴിഞ്ഞ് പതിനഞ്ചു വർഷമായി തിരുവല്ല രൂപതാ സാമൂഹ്യക്ഷേമവകുപ്പിൽ പ്രവർത്തിക്കുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം. കുമ്പളന്താനം എം.സി.വൈ. എം. യൂണിറ്റിൻെറ സ്ഥാപക പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ഷേർളി സ്കൂൾ അദ്ധ്യാപികയാണ്. നീതു, ഗീതു എന്നീ രണ്ടു മക്കളുണ്ട്.

●

## ബാബു കല്ലുങ്കൽ

ജനനം 1962 ജൂലൈ 19-ാം തീയതി. മാതാപിതാക്കൾ കല്ലുങ്കൽ ചേര്യാപറമ്പിൽ മത്തായി തോമസും മറിയാമ്മയും. ഇരുവെള്ളിപ്ര ഹൈസ്കൂൾ, ചെങ്ങന്നൂർ ഗവൺമെൻറ് ഐ.റ്റി. ഐ. എന്നിവിടങ്ങളിൽ പഠനം നടത്തി. പുഷ്പഗിരി ആശുപത്രിയിൽ ജോലി ചെയ്യുന്നു.



രൂപതയിലെ യുവജനപ്രസ്ഥാനത്തിൻെറ സജീവപ്രവർത്തകനാണ്. എം.സി.വൈ.എം രൂപതാ ട്രഷറർ, പാസ്റ്ററൽ കൗൺസിൽ അംഗം, കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് അംഗംഎന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി എം.സി. വൈ .എം. നിരണം മേഖലാ പ്രസിഡണ്ടാണ്. കല്ലുങ്കൽ ഗ്രാമവികസനസമിതി പ്രസിഡണ്ട്, ശ്രുതി ബാലജനസഖ്യം രക്ഷാധികാരി, എന്നീ നിലകളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. സജീവരാഷ്ട്രീയ പ്രവർത്തകൻ കൂടിയാണ്. ജസ്സിയാണ് ഭാര്യ. ബെൻസി, ബെനീഷ എന്നീ രണ്ടു കുട്ടികളുണ്ട്. ●